പിതാവിൻ പക്കലേക്കു് — 6




# എല്ലാം ക്രിസ്തുവിൽ നിറവേറുന്നു

# എല്ലാം ക്രിസ്തുവിൽ നിറവേറുന്നു

ആറാം ക്ലാസ്സ്

DHARMARAM COLLEGE LIBRARY, BANGALORE.
34027
H48
K13

P. O. C. PUBLICATIONS, NO. 10.

Nihil Obstat — Very Rev. Fr. Dominic, O. C. D.,
and
Rev. Fr. John Kunnappally

Imprimatur — Cardinal Joseph Parecattil, Abp. of Ernakulam
Dr. Joseph Attipetty, Abp. of Verapoly
Dr. Benedict Mar Gregorios, Abp. of Trivandrum
Dr. Mathew Kavukatt, Abp. of Changanacherry

Date — May 1, 1969

Published — by Pastoral Orientation Centre, Kerala - India

Copyright — (c) 1969 Pastoral Orientation Centre, Kerala - India

All Rights Reserved. No part of this book may be reproduced in any form without permission, in writing, from the publisher.

Printed — at The Orient Litho Press, Sivakasi

പിതാവിൻപക്കലേയ്ക്ക്—VI

# എല്ലാം ക്രിസ്തുവിൽ നിറവേറുന്നു

ആറാം ക്ലാസ്സ്

## TEXT BOOK COMMITTEE

Mrs. Annie Thayil, B.A., B.L.
Mgr. Emmanuel Lopez
Fr. G. C. Teelar
Fr. John Kunnappally
Fr. John Vallamattom, L.D., Ph.D.
Fr. Joseph Kannath, (Diploma-Lumen Vitae)
Mr. Kurian Vempeni, B.O.L.
Fr. Mathai Malencharuvil
Fr. Mathew Nadakkal
Fr. Sebastian Thuruthel, M.A.
Miss Thressiakutty, (Diploma-Munich)
Fr. Xavier Cherupallikkatt, M.A.

P. O. C. PUBLICATIONS No. 10

"പിതാവിൻപക്കലേയ്ക്കു°"

# Catechetical Text Book Series for All Kerala

## Sponsored by

| Diocese | Bishop | Diocesan Catechism Director |
|---|---|---|
| 1) Ernakulam | His Em. Cardinal Joseph Parecattil | Fr. Joseph Kottakkal |
| 2) Verapoly | Most Rev. Dr. Joseph Attipetty | Mgr. E. Lopez |
| 3) Trivandrum | Most Rev. Dr. Benedict Mar Gregorios | Fr. Mathai Malencharuvil |
| 4) Changanacherry | Most Rev. Dr. Mathew Kavukatt | Fr. Mathew Nadakal |
| 5) Quilon | Rt. Rev. Dr. Jerome Fernandez | Fr. Alphonse Thundil |
| 6) Trichur | Rt. Rev. Dr. George Alappatt | Fr. Antony Anthikatt |
| 7) Kottayam | Rt. Rev. Dr. Thomas Tharayil<br>Rt. Rev. Dr. K. Kunnacherry | Fr. Kuriakose Mialil |
| 8) Calicut | Rt. Rev. Dr. Aldo Maria Patroni, S. J. | Fr. J. Pulikodan S. J. |
| 9) Vijayapuram | Rt. Rev. Dr. Ambrose Abasolo, O. C. D. | Fr. Antony Vazhappilly |
| 10) Palai | Rt Rev. Dr. Sebastian Vayalil | Fr. Thomas Purayidom |
| 11) Cochin | Rt. Rev. Dr. Alexander Edezhath | Fr. J. Kalapura-ckal |
| 12) Alleppey | Rt. Rev. Dr. Michael Arattukulam | Mgr. Reynolds Purackal |
| 13) Tiruvalla | Rt. Rev Dr. Zacharias Mar Athanasios | Fr. Alex Payyampalli |
| 14) Trivandrum | Rt. Rev. Dr Peter B. Pereira | Fr. Augustine Xavier |
| 15) Tellicherry | Rt. Rev. Dr. Sebastian Valloppilly | Fr. George Valiamattam |
| 16) Kothamangalam | Rt. Rev. Dr. Mathew Pothanamuzhi | Fr. John Vallamattom |

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| | ആമുഖം | i |
| 1. | ദൈവവചനം | 1 |
| 2. | സൃഷ്ടി | 8 |
| 3. | മനുഷ്യൻെറ നന്ദികേട് | 13 |
| 4. | പാപത്തിൻെറ ഫലങ്ങൾ | 18 |
| 5. | വിളിക്കപ്പെട്ട ജനം | 23 |
| 6. | ദൈവത്തിൻെറ പദ്ധതി | 29 |
| 7. | മോശ | 36 |
| 8. | വാഗ്ദാനഭൂമിയിലേക്ക് | 42 |
| 9. | സീനായിലെ ഉടമ്പടി | 47 |
| 10. | യഹോവയുടെ ജനം | 53 |
| 11. | ദൈവം കാനാൻദേശം നൽകുന്നു | 59 |
| 12. | ഇസ്രായേലിന് ഒരു രാജാവ് | 65 |
| 13. | മേച്ചിൽസ്ഥലത്തുനിന്നൊരു രാജാവ് | 71 |
| 14. | പ്രവാചകന്മാർ സംസാരിക്കുന്നു | 78 |
| 15. | ദൈവം ഇസ്രായേൽജനതയെ ശുദ്ധീകരിക്കുന്നു | 84 |
| 16. | ദൈവജനത്തെ തിരികെ കൊണ്ടുവരുന്നു | 91 |
| 17. | ഒരമ്മയും ഏഴുമക്കളും | 97 |
| 18. | മഹത്തായ സുകൃതമാതൃകകൾ | 103 |
| 19. | പ്രഭാതം വിടരുന്നു | 110 |
| 20. | സമയം സമാഗതമായി | 113 |
| 21. | ക്രിസ്തു പുതിയ ആദം | 120 |
| 22. | ക്രിസ്തു വലിയ പ്രവാചകൻ | 126 |
| 23. | ക്രിസ്തു പുതിയ ഉടമ്പടിക്കു മുദ്രവയ്ക്കുന്നു | 133 |
| 24. | ദൈവരാജ്യം ഭൂമിയിൽ | 140 |
| 25. | ക്രിസ്തുവിൽ ദൈവജനം ഒന്നാകുന്നു | 146 |
| 26. | പുതിയ ആകാശം പുതിയ ഭൂമി | 151 |

# ആമുഖം

ഇതുവരെയുള്ള എല്ലാ പുസ്തകങ്ങളിലും ബൈബിളിൽനിന്നു് അനേകം ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുണ്ടു്. എന്നല്ല, ഓരോ പാഠത്തിലും ഉദ്ധരിച്ചിട്ടുള്ള വിശുദ്ധലിഖിതവാക്യങ്ങൾതന്നെയാണു് അതിൽ പഠനവിഷയമാകുന്ന തത്വങ്ങൾക്കു് അടിസ്ഥാനം. എങ്കിലും ആ ഉദ്ധരണങ്ങളിൽ യാതൊരു പൂർവ്വാപരക്രമവും പാലിച്ചിട്ടില്ല. അതുകൊണ്ടു് അവ ബൈബിളിന്റെ ഒരു സമഗ്രരൂപം നല്കുന്നില്ല.

ഈ ആറാംപുസ്തകമാകട്ടെ, ദൈവത്തിന്റെ രക്ഷാകരചരിത്രത്തെ, ബൈബിളിൽ കാണുമ്പോലെ, ആദിതൊട്ടന്ത്യംവരെ അനുക്രമമായി നമുക്കു വിവരിച്ചുതരുന്നു. അതാണു് ഈ പുസ്തകത്തിന്റെ വൈശിഷ്ട്യവും.

ഇതിൽ അതിമനോജ്ഞങ്ങളായ അനേകം വേദപുസ്തകവാക്യങ്ങളുണ്ടു്. ആഴമേറിയ ആദരവോടെവേണം അവ വായിക്കുക. കാരണം അവ എഴുതപ്പെട്ട ദൈവവചനമാണു്. അവയിൽ, സ്വർഗ്ഗത്തിലെ സനാതനസൗഭാഗ്യത്തിൽ നമ്മെ പങ്കുകാരാക്കാനുള്ള ദൈവത്തിന്റെ പദ്ധതിയുടെ ചരിത്രം നാം വായിച്ചറിയുന്നു; ദൈവം നമുക്കൊരു രക്ഷകനെ വാഗ്ദാനം ചെയ്യുന്നതും, തന്റെ പുത്രനെ അയച്ചുകൊണ്ടു് ആ വാഗ്ദാനം നിറവേററുന്നതും നമ്മുടെ പഠനവിഷയമാകുന്നു. ദൈവികജീവൻ സ്വീകരിച്ച തന്റെ മക്കളാകുവാൻ ദൈവം ബൈബിളിലൂടെ നമ്മെ ക്ഷണിക്കുന്നു. ദൈവം നമുക്കോരോരുത്തർക്കുമായി നല്കുന്ന സന്ദേശമാണു ബൈബിൾ. അതിനാൽ, വിദ്യാർത്ഥികൾ പൂർവ്വാധികം ശ്രദ്ധയോടും ആദരത്തോടുംകൂടെ ഈ പുസ്തകം പഠിക്കാൻ താൽപര്യപ്പെടണം.

മാതാപിതാക്കന്മാർ ബൈബിൾപാരായണത്തിൽ ഉത്സുകരായിരിക്കണം. ആ മാതൃക മക്കൾക്കു പ്രചോദനപ്രദമായിരിക്കും. ഈ ആറാംപുസ്തകം വായിക്കുകയും വിശ്രമവേളകളിൽ ചർച്ചാവിഷയമാക്കുകയും ചെയ്യുന്നതുകൊള്ളാം. അതുവഴി, ദൈവവചനത്തിനു പ്രത്യുത്തരം നല്കാനുള്ള പരിശീലനം എളുപ്പത്തിൽ പ്രദാനംചെയ്യാം. ദൈവവചനം നമ്മെ ക്രിസ്തുവിന്റെ പൂർണ്ണതയിലേയ്ക്കു നയിക്കും. ഈ പുസ്തകം നന്നായി ഗ്രഹിക്കുന്നതിനും ഇതിനെപ്പററി ചർച്ചകൾ നടത്തുന്നതിനും ഇതിന്റെ അദ്ധ്യാപകസഹായി വളരെ ഉപകരിക്കും.

‘പിതാവിൻപക്കലേയ്ക്കു്’’ എന്ന പൊതുശീർഷകത്തിൽ ‘പാസ്റ്ററൽ ഓറിയെൻറേഷൻ സെൻറർ’ പ്രസിദ്ധീകരിക്കുന്ന ആറാമത്തെ പുസ്തകമാണു്, ‘‘എല്ലാം ക്രിസ്തുവിൽ നിറവേറുന്നു’’. ഈ ഗ്രന്ഥപരമ്പര On Our Way Series എന്ന പ്രശസ്ത വേദപാഠപുസ്തകങ്ങളുടെ അനുകരണമാണു്.

കേരളത്തിലെ മൂന്നു റീത്തുകളിലുമുള്ള അഭിവന്ദ്യപിതാക്കന്മാരുടെ പ്രോത്സാഹനവും പ്രബുദ്ധരായ പലരുടേയും പ്രയത്നവും ഫലമണിഞ്ഞതാണു് ഈ ഗ്രന്ഥപരമ്പര. പോരായ്മകൾ ഇവയിൽ വന്നിരിക്കാം. ചൂണ്ടിക്കാട്ടിയാൽ ആദ്യത്തെ അവസരത്തിൽ അവ പരിഹരിച്ചുകൊള്ളാം. ടെക്സ്റ്റ്ബുക്കു കമ്മിററിയിൽ പേരില്ലാത്തവരെങ്കിലും നിശ്ശബ്ദമായ സേവനത്തിൻെറ പ്രതീകങ്ങളായ, പലരുടേയും ത്യാഗപൂർവ്വകമായ പ്രയത്നം ഇതിൻെറ പിന്നിലുണ്ടു്. നിർദ്ദേശങ്ങൾ നല്കിയും ഗാനങ്ങൾ * തന്നും സഹകരിച്ച എല്ലാവരോടും ഞങ്ങൾക്കു കടപ്പാടുണ്ടു്, നന്ദിയുണ്ടു്. ഈ ഗ്രന്ഥപരമ്പര കേരളത്തിലുടനീളം ഒരു നവചൈതന്യം പ്രദാനംചെയ്യുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. നമ്മുടെ വളരുന്ന തലമുറയെ വചനമായ ക്രിസ്തുവിലൂടെ സ്നേഹനിധിയായ പിതാവിങ്കലേയ്ക്കു നയിക്കുന്നതിനു് പരിശുദ്ധാത്മാവിൻെറ പ്രകാശം നമുക്കു പ്രാർത്ഥിക്കാം.


എന്നു്,

കമ്മിററിക്കുവേണ്ടി

ഫാ. ജോസഫ് കണ്ണത്തു്

P. O. C.,
19–3–1969

* 2, 15, 21, 24, 26 പാഠങ്ങളിലെ പാട്ടുകൾ—ശ്രീ ഉലകംതറ M. A.
23—ഫാദർ ആബേൽ, C. M. I.
25—ഫാദർ ഫോസ്റ്റിൻ കപ്പൂച്ചിൻ.




പഴയ നിയമകാലത്തെ
സമീപ പൂർവ്വദേശങ്ങൾ


# 1

## ദൈവവചനം

''വിശുദ്ധഗ്രന്ഥം മുഴുവൻ ദൈവനിവേശിതമാണ്. പഠിപ്പിക്കാനും ശാസിക്കാനും തെററുകഠം തിരുത്താനും നീതി അഭ്യസിപ്പിക്കാനും, അങ്ങനെ ദൈവത്തിൻെറ മനുഷ്യനെ പരിപൂർണ്ണനും സൽപ്രവൃത്തികഠംക്കു കഴിവുററവനും ആക്കാനും അതുപകരിക്കുന്നു.''

(2 തിമ. 3: 16)

ദൈവത്തിൻെറ സവിശേഷമായ പ്രേരണയനുസരിച്ച് എഴുതപ്പെട്ട ഗ്രന്ഥമാണു ബൈബിഠം. വിശുദ്ധ ഗ്രന്ഥമെന്ന് നാമതിനെ വിളിക്കുന്നു. കാരണം, അതു് ദൈവത്തിൻെറ വചനമാണ്. അതിലൂടെ ദൈവം നമ്മോടു സംസാരിക്കുന്നു.



ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിൻേറയും അവിടുത്തെ രക്ഷാകരപദ്ധതിയുടേയും മനോഹരമായ കഥയാണു ബൈബിഠം.

ദൈവികജീവനിൽ പങ്കുചേർന്നു് സ്വർഗ്ഗത്തിലെ നിത്യാനന്ദം അനുഭവിക്കുവാൻ ദൈവം ബൈബിളിലൂടെ നമ്മെ ക്ഷണിക്കുന്നു. ഈശോമിശിഹാവഴി നമുക്കു രക്ഷ കിട്ടും. ഈ സദ്‌വാർത്തയും ബൈബി

ളിലുണ്ട്. ദൈവമക്കളായി ജീവിച്ചുകൊണ്ട്, ദൈവികജീവനിൽ പങ്കുകാരാവാനുള്ള ദൈവത്തിൻെറ ക്ഷണം സ്വീകരിക്കേണ്ടതെങ്ങനെയെന്നും ബൈബിൾ നമുക്കു വിശദമാക്കിത്തരുന്നു.

എഴുതപ്പെടുന്നതിനു വളരെമുമ്പേതന്നെ ദൈവവചനം പ്രസംഗിക്കപ്പെട്ടിരുന്നു. പ്രത്യേകം തിരഞ്ഞെടുത്ത ആളുകൾവഴി ക്രമേണ ദൈവവചനം എഴുതപ്പെടുകയുണ്ടായി. അങ്ങനെ പലപ്പോഴായി എഴുതിയിട്ടുള്ളവയുടെ സമാഹാരമാണു ബൈബിൾ.

ദൈവംതന്നെയാണ് ബൈബിളിൻെറ കർത്താവ്. ദൈവം നേരിട്ട് എഴുതുകയല്ല ചെയ്തത്. അവിടുന്ന് പ്രത്യേകം ആളുകളെ തിരഞ്ഞെടുത്തു; അവർക്കു പരിശുദ്ധാത്മാവിൻെറ പ്രേരണനൽകി; അവർ ദൈവത്തിൻെറ സന്ദേശം നമുക്കായി എഴുതി. എഴുതുന്നതിൽ ഓരോ ഗ്രന്ഥകാരനും ദൈവത്തിൻെറ തുടർച്ചയായുള്ള സഹായം ലഭിച്ചിരുന്നു. അവർ എഴുതിയതാവട്ടെ സ്വന്തം ശൈലിയിലും ഭാഷയിലും. ഇതുകൊണ്ടാണ്, ബൈബിളിൽ പല ശൈലികൾ നാം കാണുന്നത്. എഴുപത്തിരണ്ടുപുസ്തകങ്ങളുടെ സമുച്ചയമാണ് ബൈബിൾ. വളരെക്കാലംകൊണ്ടാണവ എഴുതപ്പെട്ടത്. നാം അറിഞ്ഞിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്ന സത്യങ്ങളാണ് അവയുടെ ഉള്ളടക്കം.

''എഴുതപ്പെട്ടിട്ടുള്ള സമസ്തവും നമ്മുടെ പഠനത്തിനായിട്ടാണ് എഴുതപ്പെട്ടത്; അതായത്, വിശുദ്ധഗ്രന്ഥം നൽകുന്ന ആശ്വാസവും സ്ഥൈര്യവുംവഴി നമുക്ക് പ്രത്യാശയുണ്ടാകാൻവേണ്ടി.''

(റോമ. 15:4)

ബൈബിളിന് രണ്ടു ഭാഗങ്ങളുണ്ട്– പഴയനിയമവും പുതിയ നിയമവും. രക്ഷകനായ ക്രിസ്തുവിൻെറ ആഗമനത്തിനുമുൻപ് എഴുതപ്പെട്ട പുസ്തകങ്ങളെ പഴയ നിയമം എന്നു വിളിക്കുന്നു. ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിൻെറ ആരംഭചരിത്രമാണ് ഈ പുസ്തകങ്ങളിലെ പ്രതിപാദ്യം. ദൈവത്തിൻെറ അനന്തമായ ശക്തി, ഒരു രക്ഷകനെ വാഗ്ദാനംചെയ്തുകൊണ്ട് ദൈവം നമ്മോടു കാണിച്ച കരുണ ഇവയും നാം ഈ പുസ്തകങ്ങളിൽ കാണുന്നു.

ഒരു പ്രത്യേക ജനതയെ ദൈവം തിരഞ്ഞെടുത്ത് രക്ഷകനെ സ്വീകരിക്കുവാൻ അവരെ ഒരുക്കുന്നതും ഇതിൽ വിവരിച്ചിട്ടുണ്ട്. പലതരത്തിൽപ്പെട്ട പുസ്തകങ്ങളുണ്ട്, പഴയ നിയമത്തിൽ: പ്രബോധകകഥകൾ, ചരിത്രം, പ്രാർത്ഥനാഗീതങ്ങൾ, പ്രവചനങ്ങൾ, നിയമങ്ങൾ, സുഭാഷിതങ്ങൾ എന്നിങ്ങനെ. പഴയനിയമഗ്രന്ഥകാരന്മാരിൽ കൂടുതൽ അറിയപ്പെടുന്നവർ മോശ, ദാവീദ്, ഇസയാസ് എന്നിവരാണ്.

നമ്മുടെ ദിവ്യരക്ഷകന്റെ ആഗമനത്തിനുശേഷം എഴുതപ്പെട്ടതാണ് പുതിയനിയമം. ക്രിസ്തുവിൽ എങ്ങനെ ദൈവത്തിന്റെ വാഗ്ദാനം നിറവേറി എന്ന് പുതിയനിയമം വിവരിക്കുന്നു. അതിലെ സുവിശേഷഗ്രന്ഥങ്ങളുടെ ഉള്ളടക്കം നമ്മുടെ നിത്യരക്ഷയെ സംബന്ധിച്ച സദ്‌വാർത്തകളാണ്; സഭയുടെ പ്രാരംഭചരിത്രവും ആദിമക്രിസ്ത്യാനികളെ പഠിപ്പിക്കുവാൻ എഴുതപ്പെട്ട ലേഖനങ്ങളുമാണ് പുതിയ നിയമത്തിലെ മററു പുസ്തകങ്ങളിൽ. അവസാനത്തേതു് ഒരു പ്രവചനഗ്രന്ഥമാണ്. അതു ലോകാവസാനത്തിൽ വിധിയാളനായി വരുന്ന ക്രിസ്തുവിനെപ്പററി പ്രതിപാദിക്കുന്നു.

പുതിയനിയമഗ്രന്ഥകാരന്മാർ നമുക്കു കൂടുതൽ പരിചിതരാണ്. കാരണം, അവർ നമ്മുടെ കാലത്തോടു കുറേക്കൂടി അടുത്തുള്ളവരായതുതന്നെ. അവരെപ്പററി കൂടുതൽ പറഞ്ഞുകേട്ടിട്ടുണ്ട്. മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ, പത്രോസ്, യാക്കോബ്, പൗലോസ് എന്നിവരാണ് അവരിൽ ചിലർ.

ബൈബിൾ അത്ര എളുപ്പത്തിൽ മനസ്സിലാക്കാവുന്ന ഗ്രന്ഥമല്ല. അതിലടങ്ങിയിരിക്കുന്ന വേദസത്യങ്ങൾ പലതും വിശദീകരിച്ചുകിട്ടിയെങ്കിലേ നമുക്കു മനസ്സിലാവൂ. വിശുദ്ധലിഖിതങ്ങളുടെ അർത്ഥം വിശദീകരിച്ചുകൊടുക്കുന്നതിനു ക്രിസ്തുനാഥൻ അപ്പസ്തോലന്മാരെ (സഭയെ) ആണ് നിയോഗിച്ചിരിക്കുന്നതു്. ''നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും എന്റെ സുവിശേഷം അറിയിക്കുവിൻ. വിശ്വസിച്ചു മാമ്മോദീസ സ്വീകരിക്കുന്നവൻ രക്ഷപ്രാപിക്കും. വിശ്വസിക്കാത്തവൻ കുററക്കാരനായി വിധിക്കപ്പെടും'' (മർക്കോ. 16:15, 16). പുതിയനിയമത്തിൽ അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിൽ കാണുന്ന സംഭവത്തിൽ നിന്നു മനസ്സിലാക്കാം, സഭയ്ക്കാണ് ക്രിസ്തുനാഥൻ വിശദീകരണാധികാരം കൊടുത്തിരിക്കുന്നതെന്ന്.

''എത്യോപ്യയിലെ കാൻറകു് മഹാരാജ്ഞിക്കു് ഒരു മന്ത്രിയുണ്ടായിരുന്നു. രാജ്ഞിയുടെ ഖജനാവു സൂക്ഷിപ്പുകാരൻകൂടിയായിരുന്നു അദ്ദേഹം. ഒരിക്കൽ അദ്ദേഹം ജെറൂസലത്തു പോയി ദൈവാരാധന നടത്തിയിട്ടു മടങ്ങിപ്പോരുകയായിരുന്നു. ഒരു രഥത്തിലായിരുന്നു യാത്ര. യാത്രാവേളയിൽ ഇസയാസ് ദീർഘദർശിയുടെ പ്രവചനഗ്രന്ഥം വായിച്ചു കൊണ്ടിരുന്നു. അപ്പോൾ ശ്ലീഹന്മാരിൽ ഒരാളായ പീലിപ്പോസിനോടു പരിശുദ്ധാത്മാവ് കല്പിച്ചു ''ആ പോകുന്ന രഥത്തിന്റെ കൂടെ നീയും പോവുക.'' അതു കേട്ട് പീലിപ്പോസ് ഓടി അടുത്തെത്തി. അപ്പോൾ ആ എത്യോപ്യൻമന്ത്രി ഇസയാസിന്റെ പ്രവചനങ്ങൾ വായിക്കുന്നതു കേട്ടു. ''അങ്ങ് വായി

ക്കുന്നതു് എന്തെങ്കിലും മനസ്സിലാകുന്നുണ്ടോ?'' പീലിപ്പോസ് അദ്ദേഹത്തോടു ചോദിച്ചു. ''ആരെങ്കിലും പറഞ്ഞുതരാതെ എങ്ങനെ എനിക്കു മനസ്സിലാകും?'' എന്നു പറഞ്ഞുകൊണ്ട് അയാൾ വളരെ താൽപര്യത്തോടെ പീലിപ്പോസിനെ ക്ഷണിച്ചു, രഥത്തിൽ കയറിയിരിക്കാൻ. പീലിപ്പോസ് ക്ഷണം സ്വീകരിച്ചു. പീലിപ്പോസ് നമ്മുടെ കർത്താവായ ഈശോമിശിഹായെപ്പററി അദ്ദേഹത്തോടു് പ്രസംഗിച്ചുതുടങ്ങി. അങ്ങനെ യാത്രചെയ്യുമ്പോൾ വെള്ളമുള്ള ഒരു സ്ഥലത്തു് അവർ ചെന്നെത്തി. ''ഇതാ ഇവിടെ വെള്ളമുണ്ടല്ലോ; ഞാൻ മാമ്മോദീസാ സ്വീകരിക്കാൻ വല്ല തടസ്സവുമുണ്ടോ?'' എന്നു് ആ എത്യോപ്യൻ പീലിപ്പോസിനോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു: ''നീ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നുവെങ്കിൽ അങ്ങനെയാകാം.'' ''ഈശോമിശിഹാ ദൈവത്തിൻെറ പുത്രനാകുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു.'' എന്നു് അയാൾ അപ്പോൾ പ്രഖ്യാപിച്ചു. രഥം നിറുത്തി ഇരുവരും — പീലിപ്പോസും എത്യോപ്യനും — വെള്ളത്തിലിറങ്ങി. പീലിപ്പോസ് അയാൾക്കു് മാമ്മോദീസ നൽകുകയും ചെയ്തു. (നട. 8: 27–38)




ആ എത്യോപ്യൻ വായിച്ചുകൊണ്ടിരുന്ന വിശുദ്ധഗ്രന്ഥഭാഗത്തിൻെറ അർത്ഥം വിശദീകരിച്ചുകൊടുക്കുന്നതുവരെ അയാൾക്കു് അതു മനസ്സിലായിരുന്നില്ല. കാര്യം ഗ്രഹിച്ചപ്പോൾ അയാൾ വിശ്വാസത്തിൻെറ വെളിച്ചം സ്വീകരിക്കുകയും ജ്ഞാനസ്നാനം ആവശ്യപ്പെടുകയും ചെയ്തു. പീലിപ്പോസ് എത്യോപ്യനെ ജ്ഞാനസ്നാ

നപ്പെടുത്തി. അങ്ങനെ അയാം ദൈവത്തിൻെറ ഒരു ഓമൽസന്താന മായിമാറി.

സജീവവിശ്വാസത്തോടെ നാം ദൈവവചനം സ്വീകരിച്ചാൽ അതു ദൈവാനുഗ്രഹത്തിൻെറ ദാനം നൽകി നമ്മെ നിത്യജീവിത ത്തിലേയ്ക്കു നയിക്കും. തിരുസ്സഭ പഠിപ്പിക്കുന്നതുപോലെ ബൈബി ളിൻെറ അർത്ഥം സ്വീകരിക്കുകയും തദനുസൃതം ജീവിക്കുകയും ചെ യ്യുന്നുവെങ്കിൽ നാം ദൈവത്തിൻെറ വിശ്വസ്തസന്താനങ്ങളായിത്തീ രും. മററുള്ളവർക്കു സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി കാണിച്ചുകൊടുക്കു വാൻ നമുക്കു സാധിക്കുകയും ചെയ്യും.

**ഓർമ്മിക്കാൻ**

1. ആരാണ് ദൈവികജീവിതത്തിൽ പങ്കുചേരാൻ നമ്മെ ക്ഷണിക്കുന്നത്?
2. ബൈബിൾ, അഥവാ, വിശുദ്ധലിഖിതം എന്താകുന്നു?
3. വിശുദ്ധ ഗ്രന്ഥം നമ്മോടെന്തു പറയുന്നു?
4. ബൈബിളിന് എത്ര വിഭാഗങ്ങളുണ്ട്? ഏതെല്ലാം?
5. പഴയനിയമം എന്താകുന്നു?
6. പുതിയനിയമം എന്താകുന്നു?






## പഴയനിയമഗ്രന്ഥങ്ങൾ

| | |
|---|---|
| 1 ഉൽപത്തി | 24 ഉത്തമഗീതം |
| 2 പുറപ്പാട്ട് | 25 വിജ്ഞാനം |
| 3 ലേവ്യർ | 26 പ്രഭാഷകൻ |
| 4 സംഖ്യ | 27 ഇസയാസ് |
| 5 ആവർത്തനം | 28 ജെറെമിയാസ് |
| 6 ജോഷ്വാ | 29 വിലാപങ്ങൾ |
| 7 ന്യായാധിപന്മാർ | 30 ബാറൂക്ക് |
| 8 റൂത്ത് | 31 എസെക്കിയേൽ |
| 9 I രാജാക്കന്മാർ | 32 ദാനിയേൽ |
| 10 II രാജാക്കന്മാർ | 33 ഓസി |
| 11 III രാജാക്കന്മാർ | 34 യോവേൽ |
| 12 IV രാജാക്കന്മാർ | 35 ആമോസ് |
| 13 I ദിനവൃത്താന്തം | 36 അബ്ദിയാസ് |
| 14 II ദിനവൃത്താന്തം | 37 ജോനാസ് |
| 15 I എസ്ദ്രാസ് | 38 മിക്കെയാസ് |
| 16 II എസ്ദ്രാസ് | 39 നാഹും |
| 17 തോബിയാസ് | 40 ഹബക്കുക്ക് |
| 18 യൂദിത്ത് | 41 സെഫോണിയാസ് |
| 19 എസ്തേർ | 42 അഗേവൂസ് |
| 20 ജോബ് | 43 സഖറിയാസ് |
| 21 സങ്കീർത്തനങ്ങൾ | 44 മലാക്കിയാസ് |
| 22 സുഭാഷിതങ്ങൾ | 45 I മക്കബായർ |
| 23 സഭാപ്രസംഗകൻ | 46 II മക്കബായർ |

## പുതിയനിയമഗ്രന്ഥങ്ങൾ

1 മത്തായി
2 മർക്കോസ്
3 ലൂക്കാ
4 യോഹന്നാൻ
5 നടപടി
6 റോമാക്കാർ
7 I കൊറീന്ത്യർ
8 II കൊറീന്ത്യർ
9 ഗലാത്തിയർ
10 എഫേസൂസുകാർ
11 ഫിലിപ്പിയാക്കാർ
12 കൊലോസിയാക്കാർ
13 I തെസലോണിയക്കാർ
14 II തെസലോണിയക്കാർ
15 I തിമോത്തി
16 II തിമോത്തി
17 തീത്തൂസ്
18 ഫിലെമോൻ
19 ഹെബ്രായർ
20 യാക്കോബ്
21 I പത്രോസ്
22 II പത്രോസ്
23 I യോഹന്നാൻ
24 II യോഹന്നാൻ
25 III യോഹന്നാൻ
26 യൂദാ
27 വെളിപാട്

## പ്രവർത്തിക്കാൻ

താഴെപ്പറയുന്ന സങ്കീർത്തനവാക്യം ഞാൻ പഠിക്കും:

''കർത്താവേ, അങ്ങയുടെ വചനം നിത്യം നിലനിൽക്കുന്നു; സ്വർഗ്ഗംപോലെ അതു സുസ്ഥിരമാണ്. അങ്ങയുടെ വിശ്വസ്തത തലമുറതലമുറതോറും നിലനിൽക്കുന്നു.'' (സങ്കീ. 118:89;90)



# 2

# സൃഷ്ടി



ഈ ഭൂമി എന്നു് എങ്ങനെ ഉണ്ടായി എന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ആകാശത്തിലെ അതിമനോഹരങ്ങളായ കാഴ്ചകൾ കണ്ടു നിങ്ങൾ അത്ഭുതംകൊണ്ടിട്ടുണ്ടോ? ഇക്കാണായ ജനമെല്ലാം എവിടെനിന്നു വന്നുവെന്നു് നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ?

തലമുറകളായി മനുഷ്യർ ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നു; ഉത്തരമന്വേഷിക്കുന്നു; ദൈവം നൽകിയ ബുദ്ധിയുടെ വെളിച്ചമുപയോഗിച്ചു്, ഭാഗികമായെങ്കിലും ഉത്തരം കണ്ടെത്തുന്നു. മനുഷ്യരുടെ നിരന്തരമായ പഠനത്തിൻെറ ഫലമായി അറിവിൻെറ എത്രയെത്ര പുതിയ മേഖലകൾ തുറന്നുവരുന്നു.

പ്രപഞ്ചത്തെ സംബന്ധിക്കുന്ന ശാസ്ത്രീയമായ ചോദ്യങ്ങൾക്കെല്ലാം കൃത്യമായ ഉത്തരം നാം ബൈബിളിൽ തേടരുതു്. കാരണം, ബൈബിൾ ഒരു ശാസ്ത്രഗ്രന്ഥമല്ല. ദൈവമെങ്ങനെ പ്രപഞ്ചത്തെ സൃഷ്ടിച്ചുവെന്നു പഠിപ്പിക്കുകയല്ല, ദൈവമാണു് ജീവൻേറയും ശക്തിയുടേയും ഉറവിടമെന്ന അടിസ്ഥാനസത്യം നമ്മിലുറപ്പിക്കുകയാണു് ബൈബിൾ ചെയ്യുക. നാം ദൈവത്തിൽനിന്നു വരുന്നെന്നും ദൈവം നമ്മെ തന്നിലേയ്ക്കു വിളിച്ചിരിക്കുന്നുവെന്നും ബൈബിൾ പഠിപ്പിക്കുന്നു.

ഉൽപത്തിയാണു് ബൈബിളിലെ ഒന്നാമത്തെ പുസ്തകം. അതിൽ പ്രപഞ്ചസൃഷ്ടിയെപ്പററി വിവരിച്ചിരിക്കുന്നു. എത്ര അനായാസമാണു് ദൈവം വിശ്വത്തെ സൃഷ്ടിച്ചതു്! അവിടുന്നു് ഒരു വാക്കു് ഉച്ചരിച്ചു— ''ഉണ്ടാവട്ടെ.'' എല്ലാം അവിടുത്തെ തിരുമനസ്സുപോലെ ആ നിമിഷം ഉണ്ടായി.

''ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി രൂപരഹിതവും ശൂന്യവും, ആഴം അന്ധകാരാവൃതവുമായിരുന്നു. ജലത്തിൽ ദൈവാത്മാവു പ്രവർത്തിച്ചു. 'പ്രകാശം ഉണ്ടാകട്ടെ' എന്നു് ദൈവം അരുൾചെയ്തു പ്രകാശം ഉണ്ടായി. വെളിച്ചം നന്നായിരിക്കുന്നു എന്നു് ദൈവം കണ്ടു. പ്രകാശത്തെ അന്ധകാരത്തിൽ നിന്നവിടുന്നു് വേർതിരിച്ചു. പ്രകാശത്തെ പകലെന്നും അന്ധകാരത്തെ രാത്രിയെന്നും അവിടുന്നു വിളിച്ചു. അങ്ങനെ സന്ധ്യയായി, ഉഷസ്സായി. ഒന്നാംദിവസം.

''ദൈവം വീണ്ടും അരുൾചെയ്തു: 'ജലങ്ങളെ തമ്മിൽ വേർതിരിക്കുവാൻ ജലങ്ങളുടെ മദ്ധ്യേ ഒരു വിതാനമുണ്ടാകട്ടെ.' അപ്രകാരംതന്നെ സംഭവിച്ചു. ദൈവം ഒരു വിതാനമുണ്ടാക്കി. അതിനു കീഴുള്ള ജലങ്ങളെ മുകളിലുള്ളവയിൽനിന്നു വേർതിരിച്ചു. അവിടുന്നു് ആ വിതാനത്തിനു് ആകാശം എന്നു പേരിട്ടു. അങ്ങനെ സന്ധ്യയായി, ഉഷസ്സായി. രണ്ടാംദിവസം.

''ആകാശത്തിനുകീഴുള്ള ജലങ്ങൾ ഒരിടത്തു വന്നുചേരുകയും വരണ്ട സ്ഥലം പ്രത്യക്ഷപ്പെടുകയും ചെയ്യട്ടെ' എന്നു് ദൈവം അരുൾചെയ്തു. അപ്രകാരം സംഭവിച്ചു. വരണ്ട സ്ഥലത്തെ ഭൂമിയെന്നും ഒന്നിച്ചുകിടന്ന ജലത്തെ സമുദ്രമെന്നും ദൈവം വിളിച്ചു. അവ നന്നായിരിക്കുന്നു എന്നു ദൈവം കണ്ടു. വീണ്ടും ദൈവം അരുൾചെയ്തു: 'തൃണങ്ങളും വിത്തുകൾ ഉണ്ടാകുന്ന സസ്യങ്ങളും വിത്തുള്ള കനികൾ കായ്ക്കുന്ന ഫലവൃക്ഷങ്ങളും ഭൂമി മുളപ്പിക്കട്ടെ.' അപ്രകാരം സംഭവിച്ചു. അവ നന്നായിരിക്കുന്നു എന്നു് ദൈവം കണ്ടു. അങ്ങനെ സന്ധ്യയായി, ഉഷസ്സായി. മൂന്നാം ദിവസം.

''ദൈവം കല്പിച്ചു: 'പകലും രാത്രിയും വേർതിരിക്കുന്നതിനു് ആകാശവിതാനത്തിൽ ദീപങ്ങൾ ഉണ്ടാകട്ടെ. അവ കാലങ്ങളും ദിവസങ്ങളും വർഷങ്ങളും നിർണ്ണയിക്കുന്നതിനുള്ള അടയാളങ്ങളായിരിക്കട്ടെ.' അപ്രകാരംതന്നെ സംഭവിച്ചു. അങ്ങനെ സന്ധ്യയായി, ഉഷസ്സായി. നാലാംദിവസം.

''വീണ്ടും ദൈവം അരുൾചെയ്തു: 'ജലങ്ങൾ ജീവജാലങ്ങളെക്കൊണ്ടു നിറയുകയും പക്ഷികൾ ഭൂമിക്കുമുകളിൽ ആകാശമണ്ഡലത്തിൻ കീഴ് പറന്നു നടക്കുകയും ചെയ്യട്ടെ.' അപ്രകാരംതന്നെ സംഭവിച്ചു.....അങ്ങനെ സന്ധ്യയായി, ഉഷസ്സായി. അഞ്ചാം ദിവസം.

'കന്നുകാലികളും ഇഴജന്തുക്കളും വന്യമൃഗങ്ങളുമടങ്ങുന്ന എല്ലാത്തരം ജീവജാലങ്ങളേയും ഭൂമി പുറപ്പെടുവിക്കട്ടെ' എന്നു് ദൈവം കല്പിച്ചു. അപ്രകാരംതന്നെ സംഭവിച്ചു.....

''ദൈവം വീണ്ടും അരുൾചെയ്തു: 'നമ്മുടെ സാദൃശ്യത്തിലും ഛായയിലും നമുക്കു മനുഷ്യനെ ഉണ്ടാക്കാം. സമുദ്രത്തിലെ മത്സ്യങ്ങളുടേയും, വായുവിലെ പക്ഷികളുടേയും, കന്നുകാലികളുടേയും, സമസ്തവന്യമൃഗങ്ങളുടേയും, ഇഴഞ്ഞുനടക്കുന്ന എല്ലാ ഇഴജന്തുക്കളുടേയുംമേൽ അവനു് ആധിപത്യമുണ്ടായിരിക്കട്ടെ'. ദൈവം മനുഷ്യനെ തൻെറ ഛായയിൽ സൃഷ്ടിച്ചു. തൻെറ സാദൃശ്യത്തിൽത്തന്നെ അവിടുന്നു് അവനെ സൃഷ്ടിച്ചു. പുരുഷനും സ്ത്രീയുമായി അവിടുന്നു് അവരെ സൃഷ്ടിച്ചു.

ദൈവം അവരെ അനുഗ്രഹിച്ചു: ''നിങ്ങൾ പെരുകി വർദ്ധിക്കുവിൻ; ഭൂമിയിൽ നിറഞ്ഞു് അതിനെ കീഴടക്കുവിൻ, സമുദ്രത്തിലെ മത്സ്യങ്ങളുടേയും, വായുവിലെ പക്ഷികളുടേയും, കന്നുകാലികളുടേയും, ഭൂമിയിൽ ഇഴയുന്ന ജന്തുക്കളുടേയുംമേൽ ആധിപത്യം വഹിക്കുവിൻ.''

''താൻ ഉണ്ടാക്കിയ സമസ്തവും വളരെ നന്നായിരിക്കുന്നു എന്നു് ദൈവം കണ്ടു. അങ്ങനെ സന്ധ്യയായി, ഉഷസ്സായി. ആറാം ദിവസം.'' (ഉൽപത്തി 1: 1–31)

ദൈവം ലോകത്തെ എങ്ങനെ സൃഷ്ടിച്ചു എന്നു കൃത്യമായി നമുക്കു് അറിഞ്ഞുകൂടാ. അവിടുന്നു നേരിട്ടു് എല്ലാം സൃഷ്ടിച്ചു എന്നുവരാം; അല്ലെങ്കിൽ ദൈവം ആരംഭവും ആദ്യചലനവും കൊടുത്ത പ്രകൃതിനിയമങ്ങളുടെ – ശക്തികളുടെ – പ്രവർത്തനഫലമായി ഉണ്ടായതാണു് ഇക്കാണായ പ്രപഞ്ചമെന്നും വരാം. ദൈവം ഒഴികെ എല്ലാററിനും ആരംഭമുണ്ടു്. എല്ലാററിൻേറയും സ്രഷ്ടാവും കർത്താവുമായ ദൈവംമാത്രമാണു നിത്യൻ.

''പർവ്വതങ്ങാം നിർമ്മിക്കപ്പെടുന്നതിനുമുമ്പ്, ഭൂമിയും ഭൂഗോളവും ഉൽഭൂതമാകുന്നതിനുംമുമ്പ്, അനാദിമുതൽ അങ്ങു നിത്യദൈവമാകുന്നു.'' (സങ്കീ. 89 : 2)

ദൈവം സൃഷ്ടിച്ചിട്ടുള്ളതെല്ലാം നല്ലതാകുന്നു. ഏതെങ്കിലുംവിധത്തിൽ അതു് അവിടുത്തെ പരിപൂർണ്ണത പ്രകടിപ്പിക്കുന്നു. ''ആകാശം ദൈവത്തിൻെറ മഹത്വം വർണ്ണിക്കുന്നു; വാനവിതാനം അവിടുത്തെ കൈവേലയ്ക്കു സാക്ഷ്യം വഹിക്കുന്നു.'' (സങ്കീ. 18 : 1)

ദൈവം ആദത്തേയും ഹവ്വയേയും സ്വന്തം ഛായയിൽ സൃഷ്ടിച്ചു. അവിടുന്നു് അവരെ ഇക്കാണാവുന്ന സകലത്തിൻേറയും യജമാനന്മാരാക്കി. ദൈവം ആദത്തേയും ഹവ്വയേയും അനുഗ്രഹിച്ചു; തൻെറ ദൈവികജീവനിൽ അവരെ പങ്കുകാരാക്കി. അതുമൂലം അവർ ദൈവത്തിൻെറ മക്കളും സ്വർഗ്ഗത്തിന്നവകാശികളുമായി. ''പൂർവ്വദിക്കിൽ ഏദെനിൽ ദൈവം ഒരു തോട്ടമുണ്ടാക്കി. താൻ നിർമ്മിച്ച മനുഷ്യനെ ദൈവം അവിടെ വസിപ്പിച്ചു. കാണാൻ ഭംഗിയുള്ളതും ഭക്ഷിക്കാൻ നല്ലതുമായ എല്ലാത്തരം വൃക്ഷങ്ങളും ദൈവമായ കർത്താവു് മണ്ണിൽനിന്നു പുറപ്പെടുവിച്ചു. ജീവൻെറ വൃക്ഷവും നന്മതിന്മകളെ സംബന്ധിക്കുന്ന വിജ്ഞാനത്തിൻെറ വൃക്ഷവും തോട്ടത്തിൻെറ മദ്ധ്യത്തിൽ മുളപ്പിച്ചു.'' (ഉൽപത്തി 2 : 8, 9)

ആദത്തിനും ഹവ്വയ്ക്കും ദൈവം മററനുഗ്രഹങ്ങളും നൽകിയിരുന്നു. അവർക്കു മരണമുണ്ടാകയില്ലായിരുന്നു. രോഗത്തിൽനിന്നും ക്ലേശങ്ങളിൽനിന്നും അവർ വിമുക്തരായിരുന്നു. ദുരാഗ്രഹങ്ങാംക്കെതിരായി അവർക്കു സമരംചെയ്യേണ്ടതുമില്ലായിരുന്നു.

## ഓർമ്മിക്കാൻ

1. ആകാശത്തിൻേറയും ഭൂമിയുടേയും സ്രഷ്ടാവു് ആരാകുന്നു?
2. നമ്മുടെ ആദിമാതാപിതാക്കന്മാർക്കു് ദൈവം നൽകിയ ഏററവും വിശിഷ്ടമായ ദാനം എന്താകുന്നു?
3. നമ്മുടെ ആദിമാതാപിതാക്കന്മാർക്കു് ദൈവം നൽകിയ മററു ചില ദാനങ്ങാം ഏവ?

## പാടാൻ

സകലലോകവും ചമച്ച ദൈവമേ,
സകലവും കാക്കും ബലവാനേ,
പകലും രാത്രിയും ഗഗനവും പാരും
നിറയുന്നു നിൻെറ മഹിമകാം.

നിഖില വിജ്ഞാനനിധിയും നീയല്ലോ
നിരഘശുദ്ധിതൻ നിലയമേ,
നിഴലുമാദിയുമറുതിയുമെന്ന്യേ
നിറകതിർ തൂകും കതിരോനേ.

നരകുലത്തിനു കരുണയാൽ നീത-
ന്നരുളി നിത്യമാം തവ ജീവൻ.
മഹിതസ്നേഹമേ മടിയെന്ന്യേ ഞങ്ങൾ
മഹിയിൽ നിൻ പാദം പ്രണമിക്കാം.

## പ്രവർത്തിക്കാൻ

താഴെ പറയുന്ന വാക്കുകൾ ഉപയോഗിച്ചു പൂരിപ്പിക്കുക —

അനന്തൻ, സർവ്വനന്മസ്വരൂപി, സർവ്വശക്തൻ, നിത്യൻ, സർവ്വജ്ഞൻ.

1. ദൈവത്തിനു് ആരംഭമില്ല, അവസാനവുമില്ല. അവിടുന്നു്........
2. ദൈവത്തിനു് അളവില്ല; അതിരില്ല. അവിടുന്നു്.....
3. ദൈവം എല്ലാം അറിയുന്നു. ഒന്നും അവിടുത്തെ മുമ്പിൽ മറഞ്ഞിരിക്കുന്നില്ല. അവിടുന്നു്........
4. ദൈവത്തിനു് ഒന്നും അസാദ്ധ്യമല്ല, ബുദ്ധിമുട്ടുള്ളതല്ല, അവിടുന്നു്........
5. ദൈവം മനുഷ്യരെ തൻെറ സഹപ്രവർത്തകരും തൻെറ സൗഭാഗ്യത്തിൽ പങ്കാളികളുമാക്കി. അവിടുന്നു്.......

ദൈവം നൽകിയ സ്നേഹവും നന്മയും ഓർമ്മിച്ചുകൊണ്ടു് ഞാൻ ദൈവത്തോടു നന്ദി കാണിക്കും.



# 3

## മനുഷ്യന്റെ നന്ദികേട്

''ദൈവമായ കർത്താവ് മനുഷ്യനെ (ആദത്തെ) ഏദെൻതോട്ടത്തിൽ പാർപ്പിച്ചു. അവിടെ കൃഷിചെയ്യുന്നതിനും അതിനെ സംരക്ഷിക്കുന്നതിനും ദൈവം അവരോട് ആജ്ഞാപിച്ചു. തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളിലും നിന്ന് നീ ഭക്ഷിച്ചുകൊള്ളുക. എന്നാൽ, നന്മതിന്മകളെ സംബന്ധിക്കുന്ന വിജ്ഞാനത്തിന്റെ വൃക്ഷത്തിൽ നിന്നു നീ ഭക്ഷിക്കരുത്. എന്തെന്നാൽ, അതിൽ നിന്നു നീ ഭക്ഷിക്കുന്ന ദിവസം നിശ്ചയമായും നീ മരിക്കും.'' (ഉൽപത്തി 2:15–17)



ദൈവത്തിനു് ആദത്തോടും ഹവ്വയോടും ഉണ്ടായിരുന്ന സ്നേഹത്തിനു് അളവില്ലായിരുന്നു. ഏതെല്ലാംവിധത്തിൽ അവിടുന്നു് തന്റെ ആഴമറിയാത്ത സ്നേഹം കാണിച്ചു! ആദവും ഹവ്വയും സ്വീകരിച്ച നന്മകൾ നന്ദിയായി അവർ തന്നെ സ്നേഹിക്കയും അനുസരിക്കയും ചെയ്യണമെന്നു ദൈവം ആഗ്രഹിച്ചു. അവരുടെ സ്നേഹത്തെ പരീക്ഷിച്ചറിയാനാണു് അവിടുന്നു് അവർക്കു കല്പന നൽകി

യതു്. തനിക്കുവേണ്ടിയോ തനിക്കെതിരായോ ഒരു സ്വതന്ത്രതീരുമാനം എടുക്കുന്നതിനു് ദൈവം അവർക്കു് അവസരം നൽകി: ''നന്മതിന്മകളെ സംബന്ധിക്കുന്ന വിജ്ഞാനത്തിൻെറ വൃക്ഷത്തിൽനിന്നു നീ ഭക്ഷിക്കരുതു്.''

ദൈവത്തിൻെറ കല്പന ഗൗരവാവഹവും ഔപചാരികവുമായിരുന്നു. അതനുസരിച്ചാൽ — ദൈവത്തിൻെറ നേർക്കു സ്നേഹവും സ്വതന്ത്രമായ അനുസരണവും വെളിപ്പെടുത്തിയാൽ — ഫലം സ്വർഗ്ഗത്തിലെ നിത്യസൗഭാഗ്യം. അനുസരണക്കേടു കാട്ടിയാലോ, അനുഭവിക്കേണ്ടതു് മരണവും ദൈവികജീവൻെറ നഷ്ടവുംകൊണ്ടുള്ള ശിക്ഷയും.

സാത്താൻ സർപ്പത്തിൻെറ രൂപത്തിൽ വന്നു് ആ കല്പന ലംഘിക്കുവാൻ അവരെ പ്രേരിപ്പിച്ചു. മരണത്തിൻെറ കാര്യംപറഞ്ഞു പേടിപ്പിച്ചു് ദൈവം അവരെ ചതിക്കയാണു ചെയ്തതെന്നു് സാത്താൻ പറഞ്ഞു. ആദിമാതാപിതാക്കൾ അതു വിശ്വസിച്ചു. പിശാചു പറഞ്ഞതാണു് ശരിയെന്നു് അവർ വിചാരിച്ചു. ആ മരത്തിൻെറ പഴം തിന്നരുതു് എന്ന ദൈവകല്പനയെ പിശാചു ചോദ്യം ചെയ്തു. അവൻ ഹവ്വയോടു പറഞ്ഞു: ''ഇല്ല, നിശ്ചയമായും നിങ്ങൾ മരിക്കുകയില്ല; എന്തെന്നാൽ നിങ്ങൾ അതിൽനിന്നു ഭക്ഷിക്കുമ്പോൾ നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നിങ്ങൾ നന്മതിന്മകൾ തിരിച്ചറിഞ്ഞു് ദൈവത്തെപ്പോലെയാകുമെന്നും ദൈവത്തിനറിയാം.'' (ഉൽപത്തി 3 : 4—5)

''ആ വൃക്ഷത്തിൻെറ കനി മനോഹരവും ഭക്ഷിക്കുവാൻ നല്ലതുമാണെന്നു ഹവ്വ കണ്ടു. അതു ഭക്ഷിച്ചാലുണ്ടാകുന്ന ജ്ഞാനത്തെപ്പററി അവൾക്കു് ആശയുണ്ടായി. അവൾ അതിൻെറ കനി പറിച്ചു ഭക്ഷിച്ചു. തൻെറ ഭർത്താവിനു് കുറെ കൊടുത്തു. അദ്ദേഹവും അതു ഭക്ഷിച്ചു.'' (ഉൽപത്തി 3 : 1—6)

ആദവും ഹവ്വയും ആ പരീക്ഷണത്തിൽ പരാജയപ്പെട്ടു. പിതാവും സ്രഷ്ടാവുമായ ദൈവത്തെ അവർ അവഗണിച്ചു. അവിടുത്തെ കല്പന ലംഘിച്ചു. ദൈവത്തിൻെറ സ്നേഹത്തോടു കാണിച്ച ഈ നന്ദികേടാണു് മനുഷ്യരുടെ ആദ്യപാപം. ആദവും ഹവ്വയും പാപം ചെയ്ത ഉടനെ ''അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു.'' പക്ഷേ, അവർ ദൈവത്തെപ്പോലെ ആയില്ല. തിന്മയെപ്പററിയുള്ള അറിവു് അവരുടെ സമാധാനത്തെ കെടുത്തിക്കളഞ്ഞു. അവർ ലജ്ജാഭരിതരാവുകയും ചെയ്തു.

അന്നുതൊട്ടു് ആദത്തിനും ഹവ്വയ്ക്കും ദൈവത്തോടു് അടുപ്പമില്ലായ്മ അനുഭവപ്പെട്ടു. വല്ലാത്ത ഏകാന്തതയും അസ്വസ്ഥതയും അവരെ വേദനപ്പെടുത്തി. ലജ്ജനിമിത്തം അവർ ദൈവത്തിൽനി

ന്നു് ഓടിയൊളിക്കുവാൻ ശ്രമിച്ചു. പക്ഷേ, എല്ലാം അറിയുന്ന ദൈവം ആദത്തെ വിളിച്ചു ചോദിച്ചു: ''ഞാൻ ഭക്ഷിക്കരുതെന്നു കല്പിച്ചിരുന്ന വൃക്ഷത്തിൽനിന്നു് നീ ഭക്ഷിച്ചോ?'' ആദം പറഞ്ഞു: ''എനിക്കു സഖിയായി അങ്ങു് തന്ന സ്ത്രീ വൃക്ഷത്തിൻെറ ഫലം എനിക്കു തിന്നാൻ തന്നു. ഞാനതു ഭക്ഷിക്കയും ചെയ്തു.''

കർത്താവായ ദൈവം സ്ത്രീയോടു ചോദിച്ചു: ''നീ എന്താണീ ചെയ്തതു്?'' അവൾ പ്രത്യുത്തരം നൽകി: ''സർപ്പം എന്നെ വഞ്ചിച്ചു. ഞാനതു ഭക്ഷിച്ചുപോയി.'' (ഉൽപത്തി 3 : 11–13)

ദൈവത്തിൻെറ കല്പന ഇതാ ലംഘിക്കപ്പെട്ടു; സ്നേഹം നിരാകരിക്കപ്പെട്ടു. ആദവും ഹവ്വയും അവരുടെ പാപത്തിനു് ശിക്ഷ അനുഭവിക്കണം. ദൈവനീതി അതാവശ്യപ്പെടുന്നു.

ദൈവം ആദ്യം സർപ്പത്തെ ശപിച്ചു: ''നീ ഇതു ചെയ്തതിനാൽ എല്ലാ ജന്തുക്കളുടേയും കാട്ടിലെ എല്ലാ മൃഗങ്ങളുടേയും ഇടയിൽ നീ ശപ്തനത്രേ. നീ ഉരസ്സുകൊണ്ടു് ഇഴഞ്ഞുനടക്കുകയും ജീവിതകാലം മുഴുവനും നീ പൊടി തിന്നുകയും ചെയ്യും.''

(ഉൽപത്തി 3 : 14)

''നിനക്കും സ്ത്രീയ്ക്കും തമ്മിലും നിൻെറ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിൻെറ തല ഞെരിക്കും. നീ അവൻെറ കുതികാലിനുവേണ്ടി പതിയിരിക്കുകയും ചെയ്യും.'' (ഉൽപത്തി 3 : 15)

ആദത്തിൻെറ പരിതാപകരമായ പതനത്തിനുശേഷം ദൈവം പറഞ്ഞ വാക്കുകൾ തെളിയിക്കുന്നതെന്താണു്? ദൈവത്തിൻെറ കരുണയും സ്നേഹവുംതന്നെ; വളരെ നിഗൂഢവും അവ്യക്തവുമായ രീതിയിൽ, ഒരു രക്ഷകനെ ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു! രക്ഷകൻ വരുന്നതുവരെ ഈ വാഗ്ദാനം കൂടുതൽ കൂടുതൽ വ്യക്തമായി ആവർത്തിക്കപ്പെടും.

ആദ്യപാപത്തിനു ശിക്ഷയായി ആദവും ഹവ്വയും അവരുടെ എല്ലാ സന്തതിപരമ്പരകളും കഷ്ടതകൾ അനുഭവിക്കുകയും മരിക്കുകയും ചെയ്യണമെന്നു് ദൈവം വെളിപ്പെടുത്തി. ''മണ്ണിൽനിന്നു് എടുക്കപ്പെട്ട നീ ആ മണ്ണിലേയ്ക്കു പിന്തിരിയുന്നതുവരെ, നിൻെറ നെററിയിലെ വിയർപ്പുകൊണ്ടു് അപ്പം ഭക്ഷിക്കണം. എന്തെന്നാൽ, നീ പൊടിയാകുന്നു; പൊടിയിലേയ്ക്കു പിന്തിരിയുകയും ചെയ്യും.''

(ഉൽപത്തി 3 : 19)

ദുരാഗ്രഹം, രോഗം, കഷ്ടത, മരണം ഇവയെല്ലാം ആദവും ഹവ്വയും വിധേയരായി, പാപംകാരണം. എങ്കിലും, ദൈവസ്നേഹവും ദൈവികജീവനിലുള്ള പങ്കാളിത്തവും നഷ്ടപ്പെട്ടുപോയി എന്നതായിരുന്നു, അവരുടെ ഏററവും വലിയ ശിക്ഷ. ഇനിമേൽ അവർ ദൈവമക്കളല്ല; അവക്കിനി സ്വർഗ്ഗത്തിലെ ആനന്ദത്തിനു് അവകാശവുമില്ല.

ആദ്യപാപത്തിൻെറ ഈ ദുഷ്ഫലങ്ങളെല്ലാം മനുഷ്യവർഗ്ഗം മുഴുവൻ അനുഭവിക്കേണ്ടിവന്നു.

''അവൻ എവിടെനിന്നു് എടുക്കപ്പെട്ടുവോ ആ മണ്ണിൽ അദ്ധ്വാനിക്കുവാൻവേണ്ടി ദൈവമായ കർത്താവു് അവനെ ഏദെൻതോട്ടത്തിൽനിന്നു ബഹിഷ്ക്കരിച്ചു.'' (ഉൽപത്തി 3 : 23)

നഷ്ടപ്പെട്ട ദാനങ്ങൾ ആദത്തിനും ഹവ്വയ്ക്കും തിരിച്ചുകിട്ടിയില്ല. എന്നിരുന്നാലും കരുണാനിധിയും സ്നേഹധനനുമായ ദൈവം മനുഷ്യവർഗ്ഗത്തെ കൈവെടിഞ്ഞില്ല. ഒരു രക്ഷകനെ അയയ്ക്കാമെന്നു് അവിടുന്നു വാഗ്ദാനംചെയ്തു. ഒരു മനുഷ്യൻെറ അനുസരണക്കേടുമൂലം ലോകത്തിൽ പാപം പ്രവേശിച്ചു; വേറൊരു മനുഷ്യൻെറ അനുസരണം മൂലം മനുഷ്യവർഗ്ഗം രക്ഷിക്കപ്പെടുകയും ചെയ്തു.

ആദവും ഹവ്വയും നഷ്ടപ്പെടുത്തിക്കളഞ്ഞ പ്രസാദവരമെന്ന ദിവ്യദാനം ദൈവം സ്വന്തം പുത്രൻവഴി നമുക്കു നേടിത്തന്നു. പുതിയ ആദമായ ഈശോമിശിഹായാൽ നാം രക്ഷിക്കപ്പെട്ടിരിക്കുന്നു.

## ഓർമ്മിക്കാൻ

1. ദൈവകല്പന ആദവും ഹവ്വയും എങ്ങനെ സ്വീകരിച്ചു?
2. നമ്മുടെ ആദിമാതാപിതാക്കളെ പരീക്ഷിച്ചതു് ആരാണു്?
3. ആദിമാതാപിതാക്കളുടെ പാപത്തിനു ലഭിച്ച ശിക്ഷ എന്തെല്ലാമായിരുന്നു?
4. നമ്മുടെ ആദിമാതാപിതാക്കളുടെ വീഴ്ചയ്ക്കുശേഷം ദൈവം എന്തു വാഗ്ദാനം ചെയ്തു?
5. സാത്താനോടു് ദൈവം പറഞ്ഞ കാര്യങ്ങൾ ബൈബിൾ വാക്യങ്ങളിൽ പറയുക.

## പാടാൻ

മനുഷ്യാ, നീ മണ്ണാകുന്നു
മണ്ണിലേയ്ക്കു മടങ്ങും നൂനം;
അനുതാപകണ്ണുനീർ വീഴ്ത്തി—പാപ—
പ്പരിഹാരം ചെയ്തുകൊൾക നീ.

മനുഷ്യാ....

ദൈവരാജ്യം സമീപിച്ചല്ലോ—നീണ്ടോ—
രാശയെല്ലാം പൂവണിഞ്ഞല്ലോ;
നവ്യഗാനം മാററൊലിക്കൊാംവൂ—ശുദ്ധ—
മാനസങ്ങൾ പുളകംകൊാംവൂ.

മനുഷ്യാ....

ഫലം നൽകാതുയർന്നുനിൽക്കും—വൃക്ഷ—
നിരയെല്ലാമരിഞ്ഞുവീഴും;
എരിതീയിലെരിഞ്ഞുവീഴും—നീറി
നിറം മാറിച്ചാമ്പലായ്ത്തീരും.

മനുഷ്യാ....

ദൈവപുത്രൻ വരുന്നുഴിയിൽ—ധാന്യ—
ക്കളമെല്ലാം ശുചിയാക്കുവാൻ
നെന്മണികൾ സംഭരിക്കുന്നു—കെട്ട
പതിരെല്ലാം ചുട്ടെരിക്കുന്നു.

മനുഷ്യാ....

## പ്രവർത്തിക്കാൻ

ഞാൻ പിതാവായ ദൈവത്തിന്റെ കരുണയ്ക്കു നന്ദി പറയും. പിശാചിന്റെ പരീക്ഷകളെ ഞാൻ എതിർക്കും. എന്റെ ജീവിത ക്ലേശങ്ങളെ ഞാൻ മനസ്സോടെ സ്വീകരിക്കും.

''നിങ്ങൾ കർത്താവിനു കൃതജ്ഞത പ്രകാശിപ്പിക്കുവിൻ. എന്തുകൊണ്ടെന്നാൽ അവിടുന്നു നല്ലവനാണ്. അവിടുത്തെ കാരുണ്യം നിത്യം നിലനിൽക്കുന്നു'' (സങ്കീ. 117:28, 29). ഈ സങ്കീർത്തനവാക്യം ഞാൻ മനഃപാഠമാക്കും.

ആദിമാതാപിതാക്കന്മാരുടെ പ്രലോഭനത്തിന്റെ നാലു ഘട്ടങ്ങൾ എഴുതുക:—

1. ............................................................
2. ............................................................
3. ............................................................
4. ............................................................

പാപത്തിന്റെ ചില ഫലങ്ങൾ എഴുതുക:—

| ശരീരത്തിനു സംഭവിച്ചത് | ആത്മാവിനു സംഭവിച്ചത് |
|---|---|
| .............................. | .............................. |
| .............................. | .............................. |
| .............................. | .............................. |
| .............................. | .............................. |

# 4

# പാപത്തിൻെറ ഫലങ്ങൾ




''കായേനും ആബേലും ആദത്തിൻെറപുത്രന്മാരായിരുന്നു. ആബേൽ ആട്ടിടയനും കായേൻ കൃഷിക്കാരനും. കായേൻ കായ്കനികൾ കത്താവിനു ബലിയർപ്പിച്ചു; ആബേൽ തൻെറ ആട്ടിൻപററത്തിലെ കടിഞ്ഞൂലുകളേയും. ആബേലിൻെറ ബലിയിൽ ദൈവം സംതൃപ്തനായി. കായേൻെറ ബലിയിൽ അവിടുന്നു സംതൃപ്തനായില്ല. ആകയാൽ, കായേൻ അത്യധികം കോപിച്ചു. അവൻെറ മുഖം വാടി. കത്താവ് അവനോടു ചോദിച്ചു: 'നീ എന്താണ് കോപിച്ചിരിക്കുന്നത്? എന്തുകൊണ്ടാണ്, നിൻെറ മുഖം വാടിയിരിക്കുന്നത്? നന്നായി പ്രവത്തിച്ചാൽ നീ സ്വീകാര്യനാകയില്ലേ?'' (ഉൽപത്തി 4: 2–6)

ആബേൽ നല്ലവനും നീതിമാനും ആയിരുന്നു. അവൻ ദൈവത്തെ തൃപ്തിപ്പെടുത്തിയിരുന്നതിനാൽ അവൻെറ ബലി അവിടുന്നു സ്വീകരിച്ചു. കായേനാകട്ടെ, ദൈവത്തെ സ്നേഹിച്ചിരുന്നില്ല; തന്മൂലം അവൻെറ കാഴ്ചകളിൽ ദൈവം സംതൃപ്തനായില്ല. കായേനു് ഇക്കാ

രണത്താൽ ആബേലിനോടു് അസൂയ തോന്നി. അവൻ ആബേലിനെ വെറുക്കുവാൻ തുടങ്ങി.

നല്ലവനാണെങ്കിൽ അവനും തനിക്കു പ്രിയംകരനാവുമെന്നു് കായേനെ ഗ്രഹിപ്പിക്കുവാൻ ദൈവം ശ്രമിച്ചു. പിശാചിൻെറ പരീക്ഷയോടു് കായേൻ എതിക്കണമെന്നു ദൈവം ആവശ്യപ്പെട്ടു. പക്ഷേ, കായേൻ ദുർവ്വിചാരങ്ങളെ നിയന്ത്രിച്ചില്ല. അവ ശക്തിപ്പെട്ടു. ഒടുവിൽ, തൻെറ സഹോദരനെ കൊല്ലുവാൻ അവൻ തീരുമാനിച്ചു. പ്രലോഭനങ്ങളോടു പൊരുതാതിരുന്നാൽ വന്നുചേരുന്ന അപകടം എത്ര ഭീകരമാണെന്നു നോക്കു! ഒരു ദിവസം ഇരുസഹോദരന്മാരും ഒരു വയലിൽ എത്തിയപ്പോഠം കായേൻ തൻെറ സഹോദരനായ ആബേലിനെ ആക്രമിക്കുകയും വധിക്കുകയും ചെയ്തു. (ഉൽപത്തി 4:8)



വലിയ ദൈവദ്രോഹമായിരുന്നു കായേൻെറ പാപം. നാം അന്യോന്യം സ്നേഹിക്കണമെന്നാണു് ദൈവം ആവശ്യപ്പെടുന്നതു്. ''നിൻെറ സ്നേഹിതനെ നിന്നെപ്പോലെതന്നെ സ്നേഹിക്കുക ഞാൻ കർത്താവാകുന്നു'' (ലെവി. 19:18). എന്നാൽ, ദൈവത്തെ സ്നേഹിക്കാത്തവനു് അന്യോന്യം സ്നേഹിക്കുവാനും സാധിക്കുകയില്ല. കായേൻെറ കഥ അതാണു പഠിപ്പിക്കുന്നതു്.

ദൈവത്തിൻെറ സ്വരം തന്നെ കുററപ്പെടുത്തുന്നതു് കായേൻ കേട്ടു. അതുപോലെതന്നെ എന്തെങ്കിലും കുററം ചെയ്യുമ്പോൾ നമ്മുടെ മന:സാക്ഷി നമ്മെ കുററപ്പെടുത്തുന്നതു് നാമും കേൾക്കും. കർത്താവു് കായേനോടു ചോദിച്ചു: ''നിൻെറ സഹോദരൻ ആബേൽ എവിടെ?'' അയാൾ പ്രതിവചിച്ചു: ''എനിക്കറിഞ്ഞുകൂടാ. ഞാനാണോ എൻെറ സഹോദരൻെറ കാവൽക്കാരൻ?''

അവിടുന്നു് അയാളോടു പ്രതിവചിച്ചു: ''നീ എന്താണു് ചെയ്തതു്? ഭൂമിയിൽനിന്നു് നിൻെറ സഹോദരൻെറ രക്തം എൻെറ പക്കലേയ്ക്കു നിലവിളിക്കുന്നു. ആകയാൽ, നിൻെറ കരങ്ങളിൽനിന്നു നിൻെറ സഹോദരൻെറ രക്തം സ്വീകരിക്കാനായി വായു് തുറന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും. നീ ഭൂമിയിൽ കൃഷിയിറക്കുമ്പോൾ അതു് നിനക്കു വിളവു തരുകയില്ല! ഭൂമിയിൽ നീ അലഞ്ഞുതിരിഞ്ഞുനടക്കും.'' (ഉൽപത്തി 4 : 9--12)

കായേൻ സഹോദരനോടു ചെയ്ത ദ്രോഹം ഒരു കാര്യം നമ്മെ അനുസ്മരിപ്പിക്കുന്നു. ആദിമാതാപിതാക്കൾ മാത്രമല്ല, അവരുടെ സന്തതികളും മററു പല കുററങ്ങളും ചെയ്തിട്ടുണ്ടു്. ദൈവതിരുമനസ്സിനെതിരായുള്ള മനഃപൂർവ്വമായ ചിന്ത, ആഗ്രഹം, വാക്കു്, പ്രവൃത്തി, ഉപേക്ഷ — ഇവയെല്ലാം യഥാർത്ഥത്തിൽ പാപങ്ങളാകുന്നു, ശിക്ഷാർഹമായ പാപങ്ങൾ.

നൂററാണ്ടുകൾ കടന്നു പോയി. ലോകത്തിൽ പാപവും ദുഷ്ടതയും പെരുകി. മനുഷ്യൻെറ ദുഷ്ടതകൾ ദൈവത്തെ വേദനിപ്പിച്ചു. ഉൽപത്തിയുടെ പുസ്തകത്തിലെ നോഹിൻേറയും ജലപ്രളയത്തിൻേറയും കഥ, ദൈവം പാപത്തെ എങ്ങനെ വെറുക്കുന്നുവെന്നും പാപത്തിനു് എങ്ങനെയുള്ള ശിക്ഷ നൽകുന്നുവെന്നും നമുക്കു കാട്ടിത്തരുന്നു.

## ഇതാണു് നോഹിൻെറ കഥ

നോഹ് നീതിമാനും നിർമ്മലനും ദൈവത്തിൻെറ സ്നേഹിതനുമായിരുന്നു. ഭൂമി അന്നു് തിന്മകൊണ്ടു് നിറഞ്ഞിരുന്നു....... ദൈവം നോഹിനോടു് അരുൾചെയ്തു: ''സകല ജഡത്തേയും നശിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. അവവഴി ഭൂമി തിന്മകൊണ്ടു് നിറഞ്ഞിരിക്കുന്നു. ഭൂമിയോടൊപ്പം അവയേയും ഞാൻ നശിപ്പിക്കും.''
(ഉൽപത്തി 6:13)

പ്രളയം വരുന്നതിനുമുമ്പു് ഒരു പേടകം പണിയാൻ ദൈവം നോഹിനോടു് ആവശ്യപ്പെട്ടു. നോഹ് ദൈവകല്പന അംഗീകരിച്ചു. പേടകം പണിതുകഴിഞ്ഞപ്പോൾ ദൈവത്തിൻെറ കല്പനയനു

സരിച്ച നോഹും കുടുംബവും എല്ലാ ജന്തുക്കളിലുംനിന്നു് ഓരോ ജോടിവീതവും ആ പേടകത്തിൽ പ്രവേശിച്ചു.

ഭൂമിയിൽ നാല്പതു ദിവസത്തേയ്ക്കു് ജലപ്പെരുപ്പമുണ്ടായി. വെള്ളം പെരുകി പേടകത്തെ ഭൂമിയിൽനിന്നുയർത്തി.......ഭൂമിയിലെ എല്ലാ ജീവജാലങ്ങളും നശിച്ചു. നോഹും നോഹിന്റെ കൂടെ പേടകത്തിൽ ഉണ്ടായിരുന്നവരും മാത്രം രക്ഷപ്പെട്ടു.

നൂററമ്പതു ദിവസത്തേയ്ക്കു് ഈ വെള്ളപ്പൊക്കം നീണ്ടുനിന്നു. ദൈവം ഭൂമിയിലേയ്ക്കു് ഒരു കാററയച്ചു. അപ്പോൾ മുതൽ വെള്ളം ഇറങ്ങാൻ തുടങ്ങി.......പേടകം അറാററ്റു പർവ്വതനിരകളിൽചെന്നുറച്ചു. (ഉൽപത്തി 7:17–24; 8:1–4)

വെള്ളം ഇറങ്ങിയപ്പോൾ നോഹും കുടുംബവും മററു ജീവജാലങ്ങളും പേടകത്തിൽനിന്നു പുറത്തുവന്നു. തന്നേയും തന്റെ കുടുംബത്തേയും രക്ഷിച്ചതിനു നന്ദിപ്രകടിപ്പിച്ചുകൊണ്ടു് നോഹ് ദൈവത്തിനു് ഒരു ബലിയർപ്പിച്ചു.

ദൈവം അപ്പോൾ നോഹുമായി ഒരു കരാർ ചെയ്തു. അവിടുന്നു് പറഞ്ഞു:.....''ഞാൻ ഒരുടമ്പടി ചെയ്യുന്നു. ഇനിമേൽ ജലപ്പെരുപ്പത്താൽ എല്ലാ ജീവജാലങ്ങളേയും ഞാൻ നശിപ്പിക്കയില്ലെന്നു വാഗ്ദാനംചെയ്യുന്നു. നിങ്ങളും.......ഞാനും....... തമ്മിൽ ചെയ്യുന്ന ഉടമ്പടിയുടെ അടയാളം ഇതാകുന്നു: മേഘങ്ങളിൽ എന്റെ വില്ലു് ഞാൻ സ്ഥാപിക്കും.'' (ഉൽപത്തി 9: 9–11)

നോഹിന്റെ സന്തതികൾ പെരുകി. പക്ഷേ, ജനം പിന്നേയും അഹങ്കാരികളായിത്തീർന്നു. ദൈവസഹായമൊന്നും കൂടാതെ എന്തും ചെയ്യാമെന്നു വിചാരിച്ചുകൊണ്ടു് അവർ ദൈവത്തെ ദ്രോഹിച്ചുതുടങ്ങി. അവർ പറഞ്ഞു: ''വരുവിൻ; ഭൂമിയിലെങ്ങും ചിന്നിച്ചിതറി പോകാതിരിക്കാൻ, ഒരു നഗരവും അംബരചുംബിയായ ഒരു ഗോപുരവും നമുക്കു നിർമ്മിക്കാം; നമ്മുടെ നാമം പ്രശസ്തമാക്കാം. (ഉൽപത്തി 11:4)

അവരുടെ അഹങ്കാരത്തിനു് ദൈവം അവരെ ശിക്ഷിച്ചു. അവിടുന്നു പറഞ്ഞു. ''ആകയാൽ, നമുക്കു താഴെയിറങ്ങി പരസ്പരം മനസ്സിലാക്കാൻ പാടില്ലാത്തവിധം അവരുടെ ഭാഷ വിഭിന്നമാക്കിക്കളയാം.''

''കർത്താവു് അവരെ ആ സ്ഥലത്തുനിന്നു ഭൂമിയിൽ മുഴുവൻ ചിതറിച്ചുകളഞ്ഞു. അവരുടെ നഗരനിർമ്മാണവും നിന്നു. ഇക്കാരണത്താൽ ആ നഗരം ബാബേൽ എന്നു വിളിക്കപ്പെട്ടു.''

(ഉൽപത്തി 11:7–9)

## ഓർമ്മിക്കാൻ

1. കായേൻേറയും ആബേലിൻേറയും കഥയിൽനിന്നു നാം എന്തു പഠിക്കുന്നു?
2. പാപം എന്താകുന്നു?
3. എന്തുകൊണ്ടു നാം പാപത്തിൽനിന്ന് അകന്നുമാറണം?
4. നോഹിൻെറ കഥയിൽനിന്ന് നാം എന്തു പഠിക്കുന്നു?
5. മാരകപാപത്തിൻെറ ഫലങ്ങളെന്താണ്?
6. ആര് ആരോട് പറഞ്ഞു:

   ''നിൻെറ സഹോദരൻെറ രക്തം എൻെറ പക്കലേയ്ക്കു നിലവിളിക്കുന്നു.''

   ''ഞാനാണോ എൻെറ സഹോദരൻെറ കാവൽക്കാരൻ?''

   ''ഞാൻ നിങ്ങളോട് ഒരു ഉടമ്പടി ചെയ്യുന്നു.''

   ''ദൈവമേ, അങ്ങയുടെ കാരുണ്യത്തിന്നൊത്തവിധം എൻെറമേൽ കരുണ കാണിക്കണമേ.''

   ''അങ്ങയുടെ കൃപാധിക്യത്താൽ എൻെറ തെററുകളെ മായിച്ചുകളയേണമേ.''

   ''എൻെറ കുററങ്ങാം എന്നിൽനിന്നു നിശ്ശേഷം കഴുകിക്കളയേണമേ.''

   ''എൻെറ പാപത്തിൽനിന്ന് എന്നെ വെടിപ്പാക്കണമേ.'' (സങ്കീർത്തനം 5: 3—4)

## പ്രവർത്തിക്കാൻ

മാമ്മോദീസ കൊടുക്കുന്നതു കാണുമ്പോാം പാപത്തിൻെറ ശിക്ഷയായി ഉണ്ടായ ജലപ്രളയത്തെപ്പററി ഞാൻ ചിന്തിക്കും.

സഭ പാപമോചനമെന്ന കൂദാശ നൽകുന്നതു കാണുമ്പോാം നോഹിൻെറ പേടകത്തെപ്പററി ഞാൻ ഓർമ്മിക്കും.

മാമ്മോദീസയെന്ന കൂദാശ നൽകിയതിനു ദൈവത്തിനു ഞാൻ നന്ദിപറയും.

# 5

## വിളിക്കപ്പെട്ട ജനം



ജലപ്രളയത്തിനും ബാബേൽ നഗരത്തിൻെറ നാശത്തിനും ശേഷം നോഹിൻെറ സന്തതികറം ഭൂമിയിലെങ്ങും ചിതറി. ജനം വളന്നു. അവരിൽ പലരും ദൈവത്തെ സേവിച്ചില്ല. സത്യദൈവത്തിൽ നിന്നകന്നു് അവർ കള്ളദൈവങ്ങളെ ആരാധിച്ചു തുടങ്ങി. ദൈവം, പക്ഷേ, മനുഷ്യവംശത്തെ കൈവിട്ടില്ല. രക്ഷകനെ അയയ്ക്കാമെന്ന കരുണ നിറഞ്ഞ വാഗ്ദാനം ദൈവം ഓർമ്മിച്ചു.

ബി. സി. 1900-ത്തോടടുത്തു് അബ്രാം എന്നൊരു മനുഷ്യൻ ജീവിച്ചിരുന്നു. ദൈവം അബ്രാമിനെ വിളിച്ചു്, സ്വന്തം നാട്ടുംവീട്ടും വിട്ടുപോരുവാൻ ആജ്ഞാപിച്ചു. അയാറം ഏകസത്യദൈവത്തെ സേവിക്കണമെന്നും, തിരഞ്ഞെടുത്ത ജനത്തിൻെറ പിതാവാകണമെന്നും ദൈവം തിരുവുള്ളമായി. അബ്രാമിൻെറ വിളിയോടെ

രക്ഷാകരപദ്ധതി ദൈവം കൂടുതൽ വ്യക്തമായി വെളിപ്പെടുത്തിത്തുടങ്ങി.

ദൈവം പിന്നീട് അബ്രാം എന്ന പേരിനെ അബ്രാഹം എന്നു മാററി.

കർത്താവ് അബ്രാമിനോട് അരുളിച്ചെയ്തു:

''നിൻെറ രാജ്യത്തുനിന്നും ചാർച്ചക്കാരിൽനിന്നും പിതൃഭവനത്തിൽനിന്നും പുറപ്പെട്ട് ഞാൻ കാണിച്ചുതരാൻപോകുന്ന സ്ഥലത്തേയ്ക്കു വരൂ. ഞാൻ നിന്നിൽനിന്ന് വലിയൊരു ജനവിഭാഗത്തെ നിർമ്മിക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും... നിൻെറ നാമം മഹത്വമുള്ളതാക്കും. നീ അനുഗൃഹീതനാവുകയും ചെയ്യും. നിന്നെ ആശീർവ്വദിക്കുന്നവരെ ഞാനും അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാനും ശപിക്കും. നീവഴി ലോകത്തിലെ എല്ലാ വംശങ്ങളും അനുഗ്രഹിക്കപ്പെടും.''

''കർത്താവിൻെറ ആജ്ഞയനുസരിച്ച് അബ്രാം യാത്ര പുറപ്പെട്ടു. അവൻ തൻെറ ഭാര്യയായ സാറായേയും സഹോദരപുത്രനായ ലോത്തിനേയും കൂട്ടിക്കൊണ്ട്, അവരുടെ സമസ്ത സമ്പാദ്യത്തോടും ആശ്രിതരോടുംകൂടെ കാനാൻ ദേശത്തേയ്ക്കു പുറപ്പെട്ടു. കന്നുകാലി, സ്വർണ്ണം, വെള്ളി എന്നിവയിൽ അബ്രാം സമ്പന്നനായിരുന്നു. അബ്രാമിനോടുകൂടെയുണ്ടായിരുന്ന ലോത്തിനും, ആട്ടിൻപററങ്ങളും കന്നുകാലിക്കൂട്ടങ്ങളും കൂടാരങ്ങളുമുണ്ടായിരുന്നു. ഒരുമിച്ചു താമസിക്കുന്നതിന് അവർക്കവിടെ സ്ഥലം മതിയായിരുന്നില്ല.......... തൽഫലമായി അവരുടെ ഇടയന്മാർ തമ്മിൽ കലഹമുണ്ടായി. തന്നിമിത്തം അബ്രാം ലോത്തിനോടു പറഞ്ഞു:....'നാം സഹോദരന്മാരാണല്ലോ; അതിനാൽ ഞാനും നീയും തമ്മിലും എൻെറ ഇടയന്മാരും നിൻെറ ഇടയന്മാരും തമ്മിലും യാതൊരു കലഹവും ഉണ്ടാകരുത്. ഇതാ നാടു മുഴുവനും നിൻെറ മുമ്പിലുണ്ട്. നീ എന്നിൽനിന്നു പിരിഞ്ഞുപോയാലും. നീ ഇടതുഭാഗത്തേയ്ക്കു പോകയാണെങ്കിൽ ഞാൻ വലതുഭാഗം സ്വീകരിച്ചുകൊള്ളാം. നീ വലതുഭാഗമാണ് സ്വീകരിക്കുന്നതെങ്കിൽ ഞാൻ ഇടത്തോട്ടു പൊയ്ക്കൊള്ളാം.'........ അവരങ്ങനെ തമ്മിൽ പിരിഞ്ഞു. അബ്രാം കാനാൻ ദേശത്തു താമസമുറപ്പിച്ചു.........ലോത്ത് സോദോമിനടുത്ത് കൂടാരമടിക്കുകയും ചെയ്തു.''

അബ്രാമിന് തൊണ്ണൂററിയൊമ്പതു വയസ്സായപ്പോൾ കർത്താവ് അവനു പ്രത്യക്ഷപ്പെട്ടു. അവനോട് അവിടുന്ന് അരുളിച്ചെയ്തു: ''ഞാൻ സർവ്വശക്തനായ ദൈവമാകുന്നു. നീ എൻെറ മുൻപിൽ പരിപൂർണ്ണതപ്രാപിക്കുക. നമ്മൾതമ്മിൽ ഞാൻ ഒരു ഉടമ്പടിയുണ്ടാക്കും. നിന്നെ ഞാൻ അത്യധികം വർദ്ധിപ്പിക്കുകയും ചെയ്യും.''

അപ്പോൾ അബ്രാം സാഷ്ടാംഗം വീണു. ദൈവം അദ്ദേഹത്തോട് അരുൾചെയ്തു: ''ഇതാ നിന്നോടൊത്ത് എൻെറ ഉടമ്പടി. നീ നിരവധി ജനങ്ങളുടെ പിതാവായിത്തീരും. മേലിൽ നിൻെറ പേർ അബ്രാം എന്നായിരിക്കയില്ല; പ്രത്യുത നീ അബ്രാഹം എന്നു വിളിക്കപ്പെടും. എന്തെന്നാൽ നിന്നെ ഞാൻ നിരവധി ജനങ്ങളുടെ പിതാവാക്കിയിരിക്കുന്നു. നീ അത്യധികം പെരുകുന്നതിന് ഞാൻ ഇടയാക്കും. നിന്നിൽനിന്ന് ഞാൻ ജനതകളെ പുറപ്പെടുവിക്കും. നിന്നിൽനിന്ന് രാജാക്കന്മാരും ഉൽഭവിക്കും. ഞാൻ നിൻേറയും നിനക്കുശേഷം നിൻെറ സന്താനങ്ങളുടേയും ദൈവമായിരിക്കുന്നതിനു നീയും നിൻെറ അനന്തര തലമുറകളിലെ സന്തതികളും ഞാനും തമ്മിൽ ശാശ്വതമായ ഒരുടമ്പടിയുണ്ടാക്കും.''

(ഉൽപത്തി 12:1–5, 13:2–12, 17:1–7)

അബ്രാഹത്തിന് മക്കളുണ്ടായിരുന്നില്ല. എങ്കിലും താൻവഴി ധാരാളം സന്താനങ്ങളുണ്ടാവും എന്ന ദൈവത്തിൻെറ വാഗ്ദാനത്തെ അബ്രഹാം അവിശ്വസിച്ചില്ല.

ഒരുദിവസം അബ്രാഹത്തിന് അസാധാരണമായ ഒരു ദർശനമുണ്ടായി. അദ്ദേഹം കൂടാരത്തിൻെറ വാതിൽക്കൽ ഇരിക്കയായിരുന്നു. കർത്താവ് അദ്ദേഹത്തിനു പ്രത്യക്ഷനായി. അദ്ദേഹം ശിരസ്സുയർത്തിനോക്കിയപ്പോൾ മൂന്നാളുകൾ തൻെറയടുത്തു നിൽക്കുന്നതു കണ്ടു. അവരെ കണ്ട ഉടനെ അവൻ തൻെറ കൂടാരവാതിൽക്കൽ നിന്ന് അവരെ സ്വീകരിക്കാനായി ഓടിച്ചെല്ലുകയും അവരുടെ മുൻപിൽ സാഷ്ടാംഗം വീഴുകയും ചെയ്തു. അനന്തരം അദ്ദേഹം പറഞ്ഞു: ''കർത്താവേ, അങ്ങേ ദൃഷ്ടിയിൽ ഞാൻ അനുഗ്രഹം കണ്ടെത്തിയെങ്കിൽ അങ്ങയുടെ ഈ ദാസനിൽനിന്ന് അകന്നുപോകരുതേ.''

(ഉൽപത്തി 18:1–3)

സ്വർഗ്ഗത്തിൽനിന്നുള്ളവരാണ് ആ സന്ദർശകർ എന്നറിയാതെ അബ്രാഹം അവർക്കു വെള്ളം കൊടുത്തു; ഭക്ഷണവും വിളമ്പി. ഭക്ഷണം കഴിഞ്ഞശേഷം അവർ അബ്രാഹത്തോടു ചോദിച്ചു: ''നിൻെറ ഭാര്യ സാറ എവിടെയാണ്?' 'അവൾ കൂടാരത്തിലുണ്ട്'' അദ്ദേഹം ഉത്തരം നൽകി. അതിഥികളിലൊരാൾ അബ്രാഹത്തോടു പറഞ്ഞു: 'അടുത്ത കൊല്ലം ഈ സമയത്ത് ഞാൻ നിന്നെ സന്ദർശിക്കും. അപ്പോൾ നിൻെറ ഭാര്യ സാറായ്ക്ക് ഒരു പുത്രനുണ്ടായിരിക്കും.....'സാറായും അബ്രാഹവും വയോവൃദ്ധരായിരുന്നു.

(ഉൽപത്തി 18:9–11)

അബ്രാഹത്തിൻെറ സന്ദർശകർ പിന്നീട്, മ്ലേച്ഛമായ പാപങ്ങൾ പെരുകിയിരുന്ന സോദോംഗോമോറാ നഗരങ്ങളെ നശിപ്പിക്കാൻ അങ്ങോട്ടുപോയി. അവിടെ പാർക്കുന്ന നല്ലവരെയോർത്ത്

ആ നഗരങ്ങളെ രക്ഷിക്കണമേ എന്ന് അബ്രാഹം ദൈവത്തോടു യാചിച്ചു. പക്ഷേ, നല്ലവരായ പത്തുപേരെപ്പോലും അവിടെ കണ്ടില്ല.

അബ്രാഹത്തിൻെറ മരുമകനായ ലോത്തിനേയും അവൻെറ കുടുംബത്തേയും മാലാഖമാർ പട്ടണത്തിനുവെളിയിൽ കൊണ്ടുവന്നു. അവർമാത്രം രക്ഷപ്പെട്ടു. പിറേറന്ന് സോദോമിലും ഗോമോറായിലും തീമഴ പെയ്തു. അവ വെന്തു ചാമ്പലായി.

ഏതാണ്ട് ഒരു വർഷമായപ്പോഠം അബ്രാഹത്തിനു് സാറായിൽ ഒരു പുത്രൻ ജനിച്ചു— ഇസഹാക്ക്.

ഈ സംഭവങ്ങഠംക്കുശേഷം ദൈവം അബ്രാഹത്തെ പരീക്ഷിച്ചു. അവിടുന്ന് അദ്ദേഹത്തെ 'അബ്രാഹം, അബ്രാഹം' എന്നുവിളിച്ചു. 'ഇതാ, ഞാൻ'—അബ്രാഹം പ്രതിവചിച്ചു. ദൈവം കല്പിച്ചു: ''നീ നിൻെറ ഏകപുത്രനായ ഇസഹാക്കിനെ മോറിയായിലേയ്ക്കു കൊണ്ടുപോയി ഞാൻ നിനക്കു കാണിച്ചു തരുന്ന മലയുടെ മുകളിൽ അവനെ ഹോമബലിയായി അർപ്പിക്കുക.''

അബ്രാഹം അതിരാവിലെ എഴുന്നേററു കഴുതയ്ക്കു ജീനിയിട്ടു. ഹോമത്തിനുള്ള വിറകു കീറി. രണ്ടു ദാസന്മാരേയും പുത്രനായ ഇസഹാക്കിനേയും കൂട്ടി ദൈവം നിർദ്ദേശിച്ച സ്ഥലത്തേയ്ക്കു പുറപ്പെട്ടു. മൂന്നാം ദിവസം അദ്ദേഹം ശിരസ്സുയർത്തി നോക്കിയപ്പോഠം ആ സ്ഥലം ദൂരെ കണ്ടു. അദ്ദേഹം ദാസന്മാരോടു പറഞ്ഞു: ''നിങ്ങഠം ഈ കഴുതയുടെ അടുക്കൽ ഇവിടെ ഇരിക്കുവിൻ. ഞാനും കുട്ടിയും അവിടെപ്പോയി ആരാധന നടത്തി നിങ്ങളുടെ പക്കലേയ്ക്കു മടങ്ങിവരാം.''

അബ്രാഹം ഹോമബലിക്കുവേണ്ടി വിറകെടുത്ത് പുത്രനായ ഇസഹാക്കിൻെറ തലയിൽ വച്ചുകൊടുത്തു. തീയും കത്തിയും അദ്ദേഹവുമെടുത്തു. അവരിരുവരും മലയിലേയ്ക്കു നടന്നു നീങ്ങി.

വഴിക്ക് ഇസഹാക്ക് വിളിച്ചു: ''അപ്പാ.'' ''എന്താ മകനേ?''—അബ്രാഹം ചോദിച്ചു. ''നമുക്കു തീയും വിറകുമുണ്ട്. എന്നാൽ ഹോമബലിക്കുള്ള കുഞ്ഞാടെവിടെ?''—മകൻ തിരക്കി. അബ്രാഹം മറുപടി നൽകി: ''എൻെറ മകനേ, ഹോമബലിക്ക് കുഞ്ഞാടിനെ ദൈവംതന്നെ തരും.''

''ദൈവം നിർദ്ദേശിച്ചുകൊടുത്തിരുന്ന സ്ഥലത്തെത്തിയപ്പോഠം അബ്രാഹം അവിടെ ഒരു ബലിപീഠമുണ്ടാക്കി. അതിന്മേൽ വിറകുനിരത്തി. അനന്തരം അദ്ദേഹം തൻെറ മകൻ ഇസഹാക്കി

നെ ബന്ധിച്ച് ബലിപീഠത്തിന്മേൽ അടുക്കിയിരുന്ന വിറകിനുമീതെ കിടത്തി.

അദ്ദേഹം തന്റെ പുത്രനെ ബലികഴിക്കാൻ കൈനീട്ടി കത്തിയെടുത്തു. ഉടനെ ആകാശത്തുനിന്നു് ഒരു ദൈവദൂതൻ ''അബ്രാഹം, അബ്രാഹം'' എന്നു വിളിച്ചു. ''ഇതാ ഞാൻ''–അബ്രാഹം പ്രതിവചിച്ചു. ദൈവദൂതൻ അദ്ദേഹത്തോടു പറഞ്ഞു: ''കുട്ടിയുടെമേൽ നീ കൈവയ്ക്കരുതു്. അവനോടു് ഒന്നും ചെയ്യരുതു്. നിനക്കുള്ള ഒരേ ഒരു മകനെപ്പോലും എനിക്കു കാഴ്ചവയ്ക്കാൻ മടിക്കാതിരുന്നതിനാൽ, നീ ദൈവത്തെ ഭയപ്പെടുന്നു എന്നു് ഇപ്പോഴെനിക്കു മനസ്സിലായിരിക്കുന്നു.'' അബ്രാഹം ചുറ്റും നോക്കിയപ്പോൾ തന്റെ പിറകിൽ മുൾച്ചെടികളുടെ ഇടയിൽ കൊമ്പുകളുടക്കിക്കിടക്കുന്ന ഒരു മുട്ടാടിനെ കണ്ടു. അവൻ അതിനെ പിടിച്ച് സ്വപുത്രനുപകരം ഹോമബലിയർപ്പിച്ചു.....

കർത്താവിന്റെ ദൂതൻ വീണ്ടും ആകാശത്തുനിന്നു് അബ്രാഹത്തെ വിളിച്ച് അവനോടു പറഞ്ഞു: ''കർത്താവു് അരുൾചെയ്യുന്നു, നീ നിന്റെ ഏകജാതനെപ്പോലും ഒഴിവാക്കാതെ ഇതു ചെയ്കതിനാൽ ഞാൻ എന്നെക്കൊണ്ടു് സത്യംചെയ്തുപറയുന്നു: ഞാൻ നിന്നെ അനുഗ്രഹിക്കും. നിന്റെ സന്താനങ്ങളെ ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും കടൽത്തീരത്തെ മണൽത്തരികൾപോലെയും ഞാൻ വർദ്ധിപ്പിക്കും. നീ എന്നെ അനുസരിച്ചതിനാൽ ഭൂമിയിലെ എല്ലാ ജാതികളും നിന്റെ സന്തതിയാൽ അനുഗ്രഹിക്കപ്പെടും.''

(ഉൽപത്തി 22:1–18)

ദൈവം വിളിച്ചതനുസരിച്ച് അബ്രാഹം തന്റെ ചാർച്ചക്കാരേയും പിതൃഭവനത്തേയും ഉപേക്ഷിച്ചു. അബ്രാഹത്തിനു് അനവധി സന്താനപരമ്പരകൾ ഉണ്ടാകുമെന്നു് ദൈവം വാഗ്ദാനം ചെയ്തു. വൃദ്ധനെങ്കിലും അബ്രാഹമതു വിശ്വസിച്ചു. ഇസഹാക്കിനെ ബലികഴിക്കുവാൻ ദൈവം ആവശ്യപ്പെട്ടു. ഒട്ടും വൈകിയില്ല. ഒരു സംശയവും കാണിച്ചില്ല. അബ്രാഹമതിനു തയ്യാറായി. ഈ വലിയ വിശ്വാസം ദൈവത്തെ പ്രീതിപ്പെടുത്തി. അതിരററ അനുഗ്രഹങ്ങൾ ദൈവം അദ്ദേഹത്തിനു വാഗ്ദാനം ചെയ്തു.

ഏകസത്യദൈവത്തിൽ വിശ്വസിക്കുന്ന ജനതയുടെ പിതാവാകുവാൻ ദൈവം അബ്രാഹത്തെ വിളിച്ചു. ദൈവത്തിന്റെ വിളിയിൽ അബ്രാഹം വിശ്വസിച്ചു. അവിടുത്തോടുള്ള അനുസരണയിൽ അസാധാരണമായ ഒരു ധീരതതന്നെ പുലർത്തി. അതിനാൽ, ''വിശ്വാസികളുടെ പിതാവു്'' എന്നു് അബ്രാഹം വിളിക്കപ്പെടുന്നു.

## ഓർമ്മിക്കാൻ


1. നമ്മെ രക്ഷിക്കുവാനുള്ള പദ്ധതി കൂടുതൽ വ്യക്തമായി ദൈവം വെളിപ്പെടുത്തുവാൻ തുടങ്ങിയതു് എന്നുമുതലാണു്?
2. ദൈവം അബ്രാഹത്തോടു് എന്തു വാഗ്ദാനം ചെയ്തു?
3. തൻെറ വാഗ്ദാനങ്ങൾക്കു പകരമായി ദൈവം അബ്രാഹത്തോടു് ആവശ്യപ്പെട്ടതു് എന്താണു്?
4. വിശ്വാസികളുടെ പിതാവെന്നു് അബ്രാഹത്തെ വിളിക്കുന്നതെന്തുകൊണ്ടു്?
5. തൻെറ പുതിയ ജനതയിൽ ചേരാൻ ദൈവം നിന്നെ വിളിച്ചതു് എപ്പോഴാണു്?
6. മാമ്മോദീസ സ്വീകരിച്ച ദിവസം വൈദികൻ നിന്നോടു ചോദിച്ചു: ''നീ സഭയോടു് ആവശ്യപ്പെടുന്നതെന്താണു്?'' എന്തായിരുന്നു നിൻെറ മറുപടി?
7. ദൈവം നിന്നെ വിളിക്കുന്നതെന്തിനാണു്?
8. കർബാനയുടെ സമയത്തു് അബ്രാഹത്തിൻെറ ബലി അനുസ്മരിക്കപ്പെടുന്നതു് എപ്പോഴാണു്?

## പ്രവർത്തിക്കാൻ

ദൈവം എന്നെ സത്യവിശ്വാസത്തിലേയ്ക്കു വിളിച്ചിരിക്കുന്നതിനു് ഞാൻ അവിടുത്തോടു നന്ദി പറയും.


ഞാൻ എല്ലാ കാര്യത്തിലും ദൈവത്തെ വിശ്വസിക്കും.

അബ്രാഹത്തിൻെറ അനുസരണം ധീരമായിരുന്നു എന്നു വിശദീകരിക്കുവാൻ ഏതാനും വാചകങ്ങൾ എഴുതുക.



# 6

## ദൈവത്തിൻെറ പദ്ധതി



അബ്രാഹത്തിൻെറ പുത്രനായ ഇസഹാക്ക് റബേക്കയെ വിവാഹം ചെചെയ്തു. അവൾക്ക് ഇരട്ടക്കുട്ടികൾ ജനിച്ചു— രണ്ടും ആൺകുട്ടികൾ— ഏസാവും യാക്കോബും. അവരിൽ ഏസാവാണ് ആദ്യം പിറന്നതു്.

''കുട്ടികൾ വളർന്നുവന്നു. ഏസാവ് സമർത്ഥനായ ഒരു വേട്ടക്കാരനും വനസഞ്ചാരിയുമായിത്തീർന്നു. യാക്കോബ്ബ് ശാന്തനായി കൂടാരത്തിൽ വസിച്ചു.'' (ഉൽപത്തി 25 : 27)

ഇസഹാക്കിനു കൂടുതൽ ഇഷ്ടം ഏസാവിനോടായിരുന്നു; റബേക്കയ്ക്കു് യാക്കോബിനോടും.

ഇസഹാക്കിൻെറ മൂത്തമകൻ ഏസാവ് ആയിരുന്നതുകൊണ്ടു് ദൈവത്തിൻെറ വാഗ്ദാനങ്ങൾക്ക് അവകാശിയാകാനും തൻെറ ജനങ്ങളുടെ നേതാവാകാനും അർഹത അവനായിരുന്നു. ഈ അവ

കാശത്തെയാണ് ഏസാവിന്റെ 'ജന്മാവകാശം' എന്നുവിളിക്കുന്നതു്. ഏതായാലും ഏസാവ് ഈ ജന്മാവകാശം അത്ര കാര്യമായി കണക്കാക്കിയില്ല. അയാൾ ഒരു ദിവസം വയലിൽനിന്നുവന്നപ്പോൾ യാക്കോബിനോടു പറഞ്ഞു:

''ഞാൻ അത്യധികം ക്ഷീണിച്ചിരിക്കയാൽ ഈ പായസം കുറച്ച് എനിക്കു തരുക.'' ..........യാക്കോബ് പ്രതിവചിച്ചു: ''നിന്റെ ജന്മാവകാശം ആദ്യം എനിക്കു വിൽക്കുക.'' ഏസാവ് പ്രത്യുത്തരിച്ചു: ''ഇതാ ഞാൻ മരിക്കാറായിരിക്കുന്നു. ഇനി ജന്മാവകാശംകൊണ്ട് എനിക്കെന്തു പ്രയോജനം?'' യാക്കോബ് പറഞ്ഞു: ''എങ്കിൽ ജന്മാവകാശം എനിക്കു തരാമെന്ന് ആദ്യം എന്നോടു സത്യം ചെയ്യുക. എന്നാൽ പായസം തരാം.'' ഏസാവ് സത്യംചെയ്തു. തന്റെ ജന്മാവകാശം യാക്കോബിനു വിററു. (ഉൽപത്തി 25 : 30—33)

ഏസാവിനുള്ള അനുഗ്രഹം ഇസഹാക്കിൽനിന്നു വാങ്ങിച്ചെടുക്കാൻ യാക്കോബിനെ റബേക്ക സഹായിച്ചു. വൃദ്ധനും കാഴ്ചമങ്ങിയവനുമായ ഇസഹാക്ക് മൂത്തമകൻ ഏസാവിനെ വിളിച്ചുപറഞ്ഞു: ''നീ വനത്തിലേയ്ക്കുപോയി, എനിക്കുവേണ്ടി വേട്ടയാടുക. എനിക്കിഷ്ടപ്പെട്ട തരത്തിൽ രുചികരമായ എന്തെങ്കിലും ഭക്ഷണമുണ്ടാക്കി കൊണ്ടുവരുക. ഞാൻ മരിക്കുന്നതിനുമുമ്പ് അതു ഭക്ഷിച്ച് നിന്നെ അനുഗ്രഹിക്കാം.'' ഈ സംസാരം റബേക്ക കേട്ടു. ഉടനെ അവൾ യാക്കോബിനെ തന്റെ അടുക്കലേയ്ക്കുവിളിച്ച് പറഞ്ഞു: ''നീ പോയി ആട്ടിൻപററങ്ങളിൽനിന്ന് നല്ല രണ്ട് ആട്ടിൻകുട്ടികളെ കൊണ്ടുവരുക. ഞാൻ അവകൊണ്ട് നിന്റെ പിതാവിന് ഇഷ്ടപ്പെട്ട തരത്തിലുള്ള രുചികരമായ ഭക്ഷണം തയ്യാറാക്കാം. നീ അതു് നിന്റെ പിതാവിനുകൊണ്ടുപോയി കൊടുക്കണം. അദ്ദേഹം അതു ഭക്ഷിച്ചിട്ട്, മരണത്തിനുമുൻപേ നിന്നെ അനുഗ്രഹിക്കും.'' അപ്പോൾ അവൻ അമ്മയോടു പറഞ്ഞു: ''എന്റെ സഹോദരൻ ഏസാവ് രോമമുള്ളവനും ഞാൻ രോമമില്ലാത്തവനുമാണല്ലോ. എന്റെ പിതാവ് എന്നെ തപ്പിനോക്കിയാൽ ഞാൻ അദ്ദേഹത്തെ കബളിപ്പിച്ചെന്നുവരില്ലേ?'' അമ്മ പറഞ്ഞു: ''...ഞാൻ നിന്നോടു പറഞ്ഞതുപോലെ നീ ചെയ്യുക.'' (ഉൽപത്തി 27 : 1—13)

ആട്ടിൻകുട്ടികളുടെ തുകലുകൾകൊണ്ട് അവന്റെ കൈകളും കഴുത്തിലെ രോമമില്ലാത്ത ഭാഗങ്ങളും അവൾ പൊതിഞ്ഞു. അനന്തരം, ഭക്ഷണവുമായി അവനെ പിതാവിന്റെ പക്കലേക്കയച്ചു. അന്ധനായ പിതാവ് ഏസാവാണെന്നു വിചാരിച്ച് യാക്കോബിനെ ആലിംഗനംചെയ്തുകൊണ്ടു പറഞ്ഞു: ''കർത്താവ് ആകാശത്തിൽനിന്നുള്ള മഞ്ഞും ഭൂമിയുടെ പുഷ്ടിയും ധാരാളം ധാന്യവും വീഞ്ഞും നിനക്കു നൽകട്ടെ. ജനതകൾ നിന്നെ സേവിക്കട്ടെ. ജനങ്ങൾ നിന്നെ

വണങ്ങട്ടെ. നിൻെറ സഹോദരന്മാർക്കു് നീ യജമാനൻ ആയിരിക്കുക.......നിന്നെ അനുഗ്രഹിക്കുന്നവൻ അനുഗൃഹീതനുമായിരിക്കട്ടെ. (ഉൽപത്തി 27 : 28–29)

താൻ വഞ്ചിതനായെന്നു് ഇസഹാക്കു് പിന്നീടു മനസ്സിലാക്കി. എങ്കിലും ദൈവത്തിൻെറ വാഗ്ദാനങ്ങൾക്കു് അവകാശിയാകുവാൻ തിരഞ്ഞെടുക്കപ്പെട്ടവൻ യാക്കോബാണെന്നു് ഇസഹാക്കിനു മനസ്സിലായി. അതുകൊണ്ടു് യാക്കോബിനു നൽകിയ അനുഗ്രഹം അദ്ദേഹം പിൻവലിച്ചില്ല.

ഇതിനുശേഷം യാക്കോബു് ഒരു ദീർഘയാത്രയ്ക്കു പുറപ്പെട്ടു. ഒരു ദിവസം രാത്രിയിൽ സ്വപ്നത്തിൽ ദൈവം അവനോടു സംസാരിച്ചു:

''നിൻെറ പിതാക്കന്മാരായ അബ്രാഹത്തിൻേറയും ഇസഹാക്കിൻേറയും ദൈവമായ കർത്താവാണു ഞാൻ. നീ കിടന്നുറങ്ങുന്ന ഈ ഭൂമി നിനക്കും നിൻെറ സന്തതികൾക്കും ഞാൻ നൽകും. നീ പോകുന്നിടത്തെല്ലാം ഞാൻ കൂടെ നിൽക്കുകയും അവസാനം ഈ നാട്ടിലേയ്ക്കു തിരിച്ചുകൊണ്ടുവരുകയും ചെയ്യും. (ഉൽപത്തി 28: 13–15)

യാക്കോബു് വിവാഹിതനായി. റാഹേൽ എന്നായിരുന്നു ഭാര്യയുടെ പേർ. അവർക്കു് പന്ത്രണ്ടു പുത്രന്മാരുണ്ടായി.

വർഷങ്ങൾക്കുശേഷം യാക്കോബും കുടുംബവും സ്വന്തം നാട്ടിലേയ്ക്കു് മടങ്ങിവന്നു. യാത്രാവേളയിൽ ദൈവം അവൻെറ പേരു് ഇസ്രായേൽ എന്നാക്കി. അദ്ദേഹത്തിൻെറ പന്ത്രണ്ടു മക്കളിൽ നിന്നാണു് ഇസ്രായേലിൻെറ പന്ത്രണ്ടു വംശങ്ങൾ ഉണ്ടായതു്. അവർ ഇസ്രായേൽ ജനം എന്നപേരിൽ അറിയപ്പെടുന്നു.

ഇസ്രായേലിനു് (യാക്കോബിനു്) തൻെറ പന്ത്രണ്ടു മക്കളിൽ യൗസേപ്പിനോടായിരുന്നു കൂടുതൽ സ്നേഹം. തന്മൂലം സഹോദരന്മാർക്കു് അവനോടു വെറുപ്പായി. (ഉൽപത്തി 37: 3–4)

ഒരു ദിവസം സഹോദരന്മാർ വയലിൽ ജോലിചെയ്തുകൊണ്ടിരുന്നപ്പോൾ യൗസേപ്പ് അവരുടെ അടുക്കലേയ്ക്കു വരുന്നതുകണ്ടു. ആദ്യം അവർക്കു് അവനെ കൊന്നുകളയണമെന്നു തോന്നി. എങ്കിലും കൊന്നില്ല. ഈജിപ്തിലേയ്ക്കു പോകുന്ന കച്ചവടക്കാർക്കു് അവനെ അവർ വിററു.

ദൈവം യൗസേപ്പിനെ നയിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു. ഈജിപ്തിലെ രാജാവായ ഫറവോനു് ഒരിക്കൽ ചില സ്വ

പ്നങ്ങളുണ്ടായി. അവയുടെ അർത്ഥം വിവരിക്കുവാൻ യൗസേപ്പിനു മാത്രമേ കഴിഞ്ഞുള്ളു. അതിനാൽ ഫറവോന്നു് വലിയ സന്തോഷമായി. . ആ രാജാവു് അവനോടു പറഞ്ഞു: ''താങ്കൾ പറഞ്ഞതെല്ലാം ദൈവം വെളിപ്പെടുത്തിയതാണെന്നു വ്യക്തമായിരിക്കേ, താങ്കളെക്കാൾ ജ്ഞാനിയോ താങ്കൾക്കു് തുല്യനോ ആയ വേറൊരാളെ കണ്ടുപിടിക്കുവാൻ എനിക്കു സാധിക്കുമോ? താങ്കളുടെ കല്പന എന്റെ ജനങ്ങളൊക്കെ അനുസരിക്കും. താങ്കൾ എന്റെ ഭവനത്തിന്റെ മേലധികാരിയായിരിക്കുക.'' (ഉൽപത്തി 41 : 39–41)

തന്നെ ഏല്പിച്ചിരുന്ന ചുമതലകളെല്ലാം യൗസേപ്പ് ഭംഗിയായി നിർവ്വഹിച്ചു. ഏഴു വർഷത്തേയ്ക്കു നാടാകെ പഞ്ഞമുണ്ടാകുമെന്നു ദൈവസഹായംകൊണ്ടു് അവൻ മുൻകൂട്ടി മനസ്സിലാക്കിയതിനാൽ അധികമുള്ള ധാന്യമെല്ലാം സൂക്ഷിക്കുവാൻ ജനങ്ങളോടാവശ്യപ്പെട്ടു. പഞ്ഞം വന്നു. ഈജിപ്തിൽ മാത്രം ഭക്ഷ്യക്ഷാമമുണ്ടായില്ല. അവിടെ ധാന്യം വിൽക്കാനുണ്ടു് എന്നുകേട്ടപ്പോൾ യാക്കോബു് തന്റെ പുത്രന്മാരോടു പറഞ്ഞു: ''പട്ടിണികിടക്കാതിരിക്കുവാൻവേണ്ടി നിങ്ങൾ ഈജിപ്തിൽപോയി നമുക്കാവശ്യമുള്ള ധാന്യങ്ങൾ വാങ്ങി കൊണ്ടുവരുവിൻ.'' അതുകേട്ടു് യൗസേപ്പിന്റെ പത്തു സഹോദരന്മാരുംകൂടി ഈജിപ്തിലേയ്ക്കുപോയി, ധാന്യം വാങ്ങാൻ........ യൗസേപ്പായിരുന്നു അന്നു് ഈജിപ്തിലെ ഗവർണ്ണർ. അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചാണു് ജനങ്ങൾക്കു ധാന്യം വിററിരുന്നതു്. യൗസേപ്പിന്റെ സഹോദരന്മാർ വന്നു് അദ്ദേഹത്തിന്റെ മുമ്പിൽ നമസ്കരിച്ചു. അദ്ദേഹം അവരെ തിരിച്ചറിഞ്ഞു. പക്ഷേ അദ്ദേഹത്തെ അവർ അറിഞ്ഞില്ല. (ഉൽപത്തി 42 : 1–8)



യൗസേപ്പ് തൻെറ സഹോദരന്മാർക്കു് വേണ്ടത്ര ധാന്യം കൊടുത്തു പറഞ്ഞയച്ചു. അവർ വീണ്ടും ഭക്ഷ്യധാന്യങ്ങൾക്കായി ഈജിപ്തിൽ വന്നപ്പോൾ താൻ അവരുടെ സഹോദരനാണെന്നു് അവർക്കു വെളിപ്പെടുത്തി. അദ്ദേഹം സഹോദരന്മാരോടു പറഞ്ഞു: ''ഞാൻ യൗസേപ്പാകുന്നു. എൻെറ പിതാവു് ഇപ്പോഴും ജീവിച്ചിരിക്കുന്നുവോ?'' അത്യന്തം ഭയവിഹ്വലരായ അവൻെറ സഹോദരന്മാർ മറുപടി പറയാൻ അശക്തരായിത്തീർന്നു. അദ്ദേഹം ശാന്തമായി പറഞ്ഞു: ''എൻെറ അടുക്കലേയ്ക്കു വരുവിൻ''. അവർ അടുത്തു വന്നപ്പോൾ യൗസേപ്പു പറഞ്ഞു: ''ഈജിപ്തിലേയ്ക്കു നിങ്ങൾ വിററു കളഞ്ഞ നിങ്ങളുടെ സഹോദരൻ യൗസേപ്പാണു ഞാൻ. നിങ്ങൾ ഭയപ്പെടേണ്ടാ. നിങ്ങൾ എന്നെ ഈ നാട്ടിലേയ്ക്കു വിററതോർത്തു ദു:ഖിക്കുകയോ ക്ലേശിക്കുകയോ വേണ്ടാ. എന്തെന്നാൽ നിങ്ങളുടെ സംരക്ഷണത്തിനായി ദൈവം നിങ്ങൾക്കു മുമ്പേ എന്നെ ഈജിപ്തിലേയ്ക്കയച്ചതാണു്. .....നിങ്ങൾ ഭൂമിയിൽ സംരക്ഷിക്കപ്പെടാനും നിങ്ങൾക്കു ജീവസന്ധാരണത്തിനുവേണ്ട ഭക്ഷണം സമ്പാദിക്കുവാനുമായിട്ടാണു് ദൈവം എന്നെ മുൻകൂട്ടി അയച്ചതു്. നിങ്ങളുടെ ദൈവമാണു് എന്നെ ഇവിടേയ്ക്കു് അയച്ചതു്. അവിടുന്നു് എന്നെ ഫറവോന്നു് ഒരു പിതാവിനെപ്പോലെയും അദ്ദേഹത്തിൻെറ ഭവനത്തിനു് ഒരു യജമാനനെപ്പോലെയും ഈജിപ്തു് മുഴുവൻേറയും ഭരണാധികാരിയെപ്പോലെയും ആക്കിയിരിക്കുന്നു.'' (ഉൽപത്തി 45: 3—8)

പിതാവിനേയും ഈജിപ്തിലേയ്ക്കു കൊണ്ടുവരുവാൻ യൗസേപ്പ് സഹോദരന്മാരോടു് ആവശ്യപ്പെട്ടു. ഇങ്ങനെയാണു് ഇസ്രായേൽക്കാർ ഈജിപ്തിൽവന്നു താമസിക്കുവാൻ ഇടയായതു്.

യാക്കോബു് മരിക്കാറായപ്പോൾ പന്ത്രണ്ടു മക്കളേയും വിളിച്ചു് അവരോടു് ഓരോരുത്തരോടുമായി സംസാരിച്ചു. മകൻ യൂദായോടു് അവൻ ഇങ്ങനെ പറഞ്ഞു: ''യൂദാ, നിൻെറ സഹോദരന്മാർ നിന്നെ പുകഴ്ത്തും......അയയ്ക്കപ്പെടുവാനിരിക്കുന്നവനും ജനങ്ങളുടെയെല്ലാം പ്രത്യാശാപാത്രമായിരിക്കുന്നവനുമായ അയാൾ വരുന്നതുവരെ യൂദായിൽനിന്നു് ചെങ്കോലോ അയാളുടെ ഗോത്രത്തിൽനിന്നു് ഭരണകർത്താവോ എടുക്കപ്പെടുകയില്ല.'' (ഉൽപത്തി 49: 8—10)

യൂദായിൽ വലിയൊരു രാജാവുണ്ടാകുമെന്നു യാക്കോബു് മുൻകൂട്ടി അറിയിക്കുകയായിരുന്നു. ഈ വലിയ രാജാവിൻെറ വംശത്തിൽ രക്ഷകൻ ജനിക്കും എന്നാണു് സൂചന.

യാക്കോബു് മരിച്ചു. പക്ഷേ, യൗസേപ്പു് തങ്ങളോടു പക പോക്കിയെങ്കിലോ എന്നു വിചാരിച്ചു് യൗസേപ്പിൻെറ സഹോദരന്മാർക്കു ഭയമായി. പക്ഷേ, യൗസേപ്പു പറഞ്ഞു: ''ഭയപ്പെടേണ്ടാ; നിങ്ങളെനിക്കെതിരായി തിന്മ വിചാരിച്ചു. എന്നാൽ നിങ്ങൾ ഇ

പ്പോഠം കാണുന്നതുപോലെ എന്നെ മഹത്വപ്പെടുത്തുന്നതിനും അനേകം ജനങ്ങളെ രക്ഷിക്കുന്നതിനുംവേണ്ടി ദൈവം അതു നന്മയായി പകർത്തി. ഭയപ്പെടേണ്ടാ. ഞാൻ നിങ്ങളേയും നിങ്ങളുടെ സന്താനങ്ങളേയും സംരക്ഷിയ്ക്കും.'' അദ്ദേഹം അവരെ സമാശ്വസിപ്പിച്ചുകൊണ്ട് ശാന്തമായും സൗമ്യമായും സംസാരിച്ചു.

(ഉൽപത്തി 50 : 19–21)

ദൈവത്തിൻെറ നന്മ ലോകത്തിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് യൗസേപ്പിൻെറ ചരിത്രം നമ്മെ ഗ്രഹിപ്പിക്കുന്നു. തന്നെ ദ്രോഹിച്ച സഹോദരന്മാരോട് യൗസേപ്പു ക്ഷമിച്ചു. അതുപോലെ നമ്മുടെ സഹോദരനായ ക്രിസ്തുവും നമ്മോടു ക്ഷമിച്ചിട്ടുണ്ട്. യൗസേപ്പ് തൻെറ അറയിലുള്ള കോതമ്പുകൊണ്ട് സഹോദരന്മാരെ തീററിപ്പോററി. വിശുദ്ധകുർബാനയിൽ ക്രിസ്തു ജീവൻെറ അപ്പം നമുക്കു നൽകുന്നു. യൗസേപ്പ് തൻെറ സഹോദരന്മാരെ മരണത്തിൽനിന്നു രക്ഷിച്ചതുപോലെ ക്രിസ്തു നമ്മെ പാപത്തിൻെറ മരണത്തിൽനിന്നു രക്ഷിച്ചു. തന്നെ ദ്രോഹിച്ചവരോട് യൗസേപ്പ് കരുണകാണിച്ചതുപോലെ നമ്മെ ദ്രോഹിക്കുന്നവരോട് നാമും കരുണ കാണിക്കണം.

## ഓർമ്മിക്കാൻ

1. അബ്രാഹത്തോടുചെയ്ത വാഗ്ദാനത്തിൻെറ അവകാശിയാകാൻ ദൈവം തിരഞ്ഞെടുത്തത് ആരെയാണ്?
2. യാക്കോബിന് ദൈവം കൊടുത്ത പുതിയ പേരെന്താണ്?
3. ഇസ്രായേൽവംശം എങ്ങനെ ഉണ്ടായി?
4. കഷ്ടതകഠം വരുമ്പോഠം നാം എപ്പോഴും എന്തിന് ദൈവത്തിൽ ആശ്രയിക്കണം?
5. ഈശോയെപ്പററി ഓർക്കുവാൻ യൗസേപ്പ് നമ്മെ സഹായിക്കുന്നതെങ്ങനെ?

## ഒരു സ്തുതിഗീതം

''കർത്താവിൻെറ നാമം വാഴ്ത്തപ്പെടട്ടെ.
നിശാവേളയിൽ കർത്താവിൻെറ
ആലയത്തിൽ നിൽക്കുന്നവരേ,
കർത്താവിൻെറ സകല ദാസന്മാരേ,
കർത്താവിനെ വാഴ്ത്തുവിൻ.

വിശുദ്ധമന്ദിരത്തിലേയ്ക്കു
നിങ്ങളുടെ കൈകരം ഉയർത്തി,
കർത്താവിനെ വാഴ്ത്തുവിൻ.'' (സങ്കീ : 133)

''കർത്താവിൻെറ ഭവനത്തിൽ....നിൽക്കുന്നവരേ,
കർത്താവിൻെറ ദാസന്മാരേ,
കർത്താവിൻെറ നാമത്തെ സ്തുതിക്കുവിൻ.
കർത്താവ് നല്ലവനാകയാൽ
കർത്താവിനെ സ്തുതിക്കുവിൻ.
അവിടത്തെ മാധുര്യമുള്ള നാമത്തെ പ്രകീർത്തിക്കുവിൻ.
എന്തെന്നാൽ കർത്താവ് യാക്കോബിനെ തനിക്കായും
ഇസ്രായേലിനെ തൻെറ സമ്പത്തായും തിരഞ്ഞെ
ടുത്തിരിക്കുന്നു.'' (സങ്കീർത്തനം 134 : 1–14)

## പ്രവർത്തിക്കാൻ

1. താഴെപ്പറയുന്ന പേരുകൾ കാലക്രമമനുസരിച്ച് ശരി ക്കെഴുതുക:

   നോഹ്, യാക്കോബ്, അബ്രാഹം, ആദം, യൗസേപ്പ്, ഇസഹാക്ക്.

2. B വിഭാഗത്തിലെ വാക്കുകൾ ചേരുംപടി ചേർത്ത് ലിസ്റ്റ് A പൂരിപ്പിക്കുക:

A
1. ഏസാവ് ഒരു............ആയി.
2. യാക്കോബ് ഒരു.....................ആയി.
3. ഞാൻ...............ആയ കർത്താവാകുന്നു.
4. ........................അനുഗൃഹീതനാകട്ടെ.
5. യൗസേപ്പ് സഹോദരന്മാരോടു പറഞ്ഞു..........
6. നിങ്ങളല്ല, ദൈവം.....................
7. ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.........
8. ചെങ്കോല്...............ഇല്ല.

B
1. അബ്രാഹത്തിൻെറ ദൈവം
2. നിന്നെ അനുഗ്രഹിക്കുന്നവൻ
3. എന്നെ ഇങ്ങോട്ടയച്ച
4. യൂദായിൽനിന്നു പോവുക
5. സമർത്ഥനായ നായാട്ടുകാരൻ
6. നിന്നെ രക്ഷിക്കുവാൻ
7. സ്ഥിരതാമസക്കാരൻ
8. ഞാൻ ജോസഫാകുന്നു

# 7

## മോശ

യൗസേപ്പ് ജീവിച്ചിരുന്നിടത്തോളംകാലം ഈജിപ്തുകാർ ഇസ്രായേൽക്കാരോടു സൗമ്യമായി പെരുമാറി. അദ്ദേഹത്തിന്റെ മരണത്തിനു ശേഷം വേറൊരു ഫറവോൻ ഈജിപ്തിലെ ഭരണാധികാരിയായി.



പുതിയ രാജാവു വന്നതോടുകൂടി യൗസേപ്പിന്റെ കാര്യം വിസ്മരിക്കപ്പെട്ടു. ''ഫറവോൻ ജനങ്ങളോടു പറഞ്ഞു: 'ഇതാ, ഇസ്രായേൽ ജനം പെരുകി, നമ്മളെക്കാൾ ശക്തരായിത്തീർന്നിരിക്കുന്നു. ഇവർ ഇനിയും പെരുകി, നമുക്കെതിരായി ഒരു യുദ്ധമുണ്ടാകുന്നപക്ഷം ശത്രുപക്ഷത്തുചേർന്നു് രാജ്യം വിട്ടുപോകാതിരിക്കാൻ, ഇവരെ നമുക്കു ബുദ്ധിപൂർവ്വം ഞെരുക്കാം. നിങ്ങൾ വരുവിൻ.' അതിനാൽ, കഠിനജോലികൾ കൊടുത്തു് അവരെ ഞെരുക്കുന്നതിനു് അയാൾ മേസ്തിരിമാരെ നിയമിച്ചു. ഈജിപ്തുകാർ അവരെ ദ്വേഷിക്കുകയും പീഡിപ്പിക്കുകയും അപഹസിക്കുകയും ചെയ്തു. അവർ കളിമണ്ണും ഇഷ്ടികയും ഉപയോഗിച്ചുചെയ്യേണ്ട കഠിനാധ്വാനമുള്ള

ജോലികൾ അവർക്കു നൽകി. വയലുകളിലെ സകല പണികളും അവരുടെമേൽ നിർദ്ദയം ചുമത്തി. അങ്ങനെ, അവരുടെ ജീവിതം ക്ലേശപൂർണ്ണമാക്കി.''

''അവസാനം ഫറവോൻ തന്റെ ജനങ്ങളോട് ആജ്ഞാപിച്ചു: 'ഹെബ്രായർക്കു ജനിക്കുന്ന' എല്ലാ ആൺകുട്ടികളേയും നദിയിലെറിയുവിൻ. എന്നാൽ പെൺകുട്ടികളെ ജീവിക്കാൻ അനുവദിച്ചുകൊള്ളുവിൻ.'' (പുറപ്പാട് 1: 8–22)

ദൈവം ഇസ്രായേൽക്കാരെ ഉപേക്ഷിച്ചില്ല. അടിമത്തത്തിൽ നിന്ന് അവരെ രക്ഷിക്കുവാൻ ദൈവം ആയിടയ്ക്കു ജനിച്ച ഒരു കുഞ്ഞിനെ തിരഞ്ഞെടുത്തുകഴിഞ്ഞിരുന്നു. ലേവിയുടെ ഗോത്രത്തിൽപ്പെട്ട ഒരു സ്ത്രീ ഒരാൺകുഞ്ഞിനെ പ്രസവിച്ചു. അവൻ കോമളനായിരുന്നു. മൂന്നുമാസത്തോളം അവനെ അവൾ രഹസ്യമായി വളർത്തി. പിന്നീട്, ഞാങ്കണകൊണ്ടുള്ള ഒരു പേടകം ഉണ്ടാക്കി കുഞ്ഞിനെ അതിൽ കിടത്തി, ഈജിപ്തുകാർ കൊല്ലാതിരിക്കാൻവേണ്ടി, കോരപ്പുല്ലുകൾക്കിടയിൽ ഒളിച്ചുവച്ചു. ''അപ്പോൾ ഫറവോന്റെ പുത്രി നദിയിൽ കുളിക്കുവാൻ വന്നു............ അവൾ കോരപ്പുല്ലിനിടയിലെ ആ പേടകം കാണുകയും അതെടുത്തു കൊണ്ടുവരുവാൻ ദാസിയെ അങ്ങോട്ടയയ്ക്കുകയും ചെയ്തു. ദാസി അതുകൊണ്ടുവന്നു. അവൾ അതു തുറന്നുനോക്കിയപ്പോൾ കരയുന്ന ഒരു കുട്ടിയെ കണ്ടു. അവൾക്ക് അതിനോട് അലിവുതോന്നി. അതു് ഹെബ്രായരുടെ പൈതങ്ങളിൽ ഒന്നാണ് എന്നവൾ പറഞ്ഞു. പൈതലിന്റെ സഹോദരി അവളോടു ചോദിച്ചു: 'ഞാൻ പോയി ഈ കുട്ടിയെ സംരക്ഷിക്കുന്നതിനു് ഒരു ഹെബ്രായസ്ത്രീയെ വിളിച്ചുകൊണ്ടുവരട്ടേ?' ''ചെന്നു കൊണ്ടുവരുക''—ഫറവോന്റെ പുത്രി അവളോടു പറഞ്ഞു. ആ ബാലികപോയി പൈതലിന്റെ അമ്മയെത്തന്നെ വിളിച്ചുകൊണ്ടുവന്നു. ഫറവോന്റെ പുത്രി അവളോടു പറഞ്ഞു: ''നീ ഈ പൈതലിനെ കൊണ്ടുപോയി മുലകൊടുത്തു വളർത്തുക. ഞാൻ നിനക്കു ശമ്പളംതരാം.'' അവൾ പൈതലിനെ കൊണ്ടുപോയി സംരക്ഷിച്ചു. അവൻ വളർന്നപ്പോൾ അവൾ അവനെ ഫറവോന്റെ പുത്രിയെ ഏല്പിച്ചു. അവൾ അവനെ ഒരു മകനായി സ്വീകരിക്കുകയും, ''ഞാൻ അവനെ വെള്ളത്തിൽനിന്നെടുത്തു'' എന്നു പറഞ്ഞു ''മോശ'' എന്നു് അവനു് പേരിടുകയും ചെയ്തു.'' (പുറപ്പാട് 2:5–10)

മോശ ഒരു ഈജിപ്ഷ്യൻരാജകുമാരനായിട്ടാണു വളർന്നതു് എന്നുവരുകിലും താൻ ഒരു ഹെബ്രായനാണു് എന്നതു് അവൻ മറന്നില്ല. ഒരു ദിവസം ഒരു മേസ്തിരി ഒരു ഇസ്രായേൽക്കാരനെ അടി

ക്കുന്നതു് അവൻ കണ്ടു. അവനതു സഹിച്ചില്ല. അരിശംകൊണ്ടു് മോശ ആ മേസ്തിരിയെ കൊന്നുകളഞ്ഞു. ഈ സംഭവത്തിനുശേഷം ഈജിപ്തിൽ താമസിക്കുവാൻ മോശയ്ക്കു ഭയമായി. അദ്ദേഹം അവിടെനിന്നു് ഓടിപ്പോയ്ക്കളയുകയും ചെയ്തു.

കുറേക്കാലത്തേയ്ക്കു മോശ മെദിയാൻദേശത്തു് ഒരു ആട്ടിടയനായി ജീവിച്ചു. ഒരു ദിവസം ഭയങ്കരമായൊരു സംഭവമുണ്ടായി: ''അദ്ദേഹം മരുഭൂമിയുടെ ഉൾപ്രദേശങ്ങളിലേയ്ക്കു് ആടുകളെ നയിച്ചു കൊണ്ടുപോയപ്പോൾ, ദൈവത്തിൻെറ മലയായ ഹോറെബിൽ എത്താനിടയായി. അവിടെ ഒരു മുൾപ്പടർപ്പിന്നിടയിൽ അഗ്നിജ്വാലയിൽ ദൈവം അവനു പ്രത്യക്ഷപ്പെട്ടു. മുൾപ്പടർപ്പിനു തീപിടിച്ചിരിക്കുന്നതും എന്നാൽ കത്തിയെരിഞ്ഞുപോകാതിരിക്കുന്നതും അദ്ദേഹം കണ്ടു. അപ്പോൾ മോശ പറഞ്ഞു: ''എന്തുകൊണ്ടാണാവോ ഈ മുൾപ്പടർപ്പു് കത്തി വെന്തുപോകാത്തതു്? ഞാൻ പോയി ഈ മഹാകാഴ്ചയൊന്നു കാണട്ടെ.''

''ആ കാഴ്ച കാണുന്നതിനു് അദ്ദേഹം മുന്നോട്ടുവരുന്നതു കണ്ടപ്പോൾ മുൾപ്പടർപ്പിൻെറ മദ്ധ്യത്തിൽനിന്നു് 'മോശേ, മോശേ' എന്നു ദൈവം വിളിച്ചു. 'ഇതാ ഞാൻ,' അദ്ദേഹം മറുപടി നൽകി.

''അവിടുന്നു് അരുൾചെയ്തു: 'ഈ സ്ഥലത്തേക്കു സമീപിക്കരുതു്. നീ നിൽക്കുന്ന ഈ സ്ഥലം പരിശുദ്ധമാകയാൽ നിൻെറ പാദങ്ങളിൽനിന്നു് ചെരുപ്പുകൾ അഴിച്ചുമാററുക.' വീണ്ടും അവിടുന്നു് അരുൾചെയ്തു: 'ഞാൻ നിൻെറ പിതാവിൻെറ ദൈവം, അബ്രാഹത്തിൻെറ ദൈവം, ഇസഹാക്കിൻെറ ദൈവം, യാക്കോബിൻെറ ദൈവം, ആകുന്നു.' അപ്പോൾ ദൈവത്തെ നോക്കുവാനുള്ള ഭയം നിമിത്തം മോശ മുഖം മറച്ചു. അവിടുന്നു് അരുൾചെയ്തു: ''ഈജിപ്തിലുള്ള എൻെറ ജനത്തിൻെറ ക്ലേശങ്ങൾ ഞാൻ കണ്ടിരിക്കുന്നു. മേസ്തിരിമാരുടെ കാഠിന്യം നിമിത്തമുണ്ടാകുന്ന അവരുടെ നിലവിളി ഞാൻ കേട്ടു. അവരുടെ സങ്കടങ്ങൾ എനിക്കു നന്നായറിയാം. ഈജിപ്തുകാരുടെ കൈയിൽനിന്നു് അവരെ രക്ഷിക്കുവാനും ആ ദേശത്തുനിന്നു് നല്ലതും വിശാലവുമായ ഒരു ദേശത്തേയ്ക്കു്, പാലും തേനും ഒഴുകുന്ന ദേശത്തേയ്ക്കു് നയിക്കുവാനും ഞാൻ വന്നിരിക്കുകയാണു്. ഇസ്രായേല്യരുടെ നിലവിളി എൻെറ അടുക്കൽ എത്തിയിരിക്കുന്നു. ഈജിപ്തുകാരിൽനിന്നു് അവർ അനുഭവിക്കുന്ന ഞെരുക്കം ഞാൻ കണ്ടു. ആകയാൽ നീ വരുക. എൻെറ ജനമായ ഇസ്രായേല്യരെ ഈജിപ്തിൽനിന്നാനയിക്കുന്നതിനു് ഞാൻ നിന്നെ ഫറവോൻെറ അടുക്കലേയ്ക്കയയ്ക്കാം.''

മോശ ദൈവത്തോടു ചോദിച്ചു: ''ഫറവോൻെറ അടുക്കൽ പോയി ഇസ്രായേല്യരെ ഈജിപ്തിൽനിന്നാനയിക്കുന്നതിനു് ഞാൻ

ആരാണ്?'' ദൈവം അദ്ദേഹത്തോട് അരുൾചെയ്തു: ''ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും. നീ എന്റെ ജനത്തെ ഈജിപ്തിൽനിന്നു കൂട്ടിക്കൊണ്ടുവരുമ്പോൾ ഈ മലയിൽവച്ച് നീ ദൈവത്തിനു് ഒരു ബലിയർപ്പിക്കും. ഞാനാണ് നിന്നെ അയച്ചതു് എന്നതിനു് അതു് അടയാളമായിരിക്കും.'' മോശ ദൈവത്തോടു ചോദിച്ചു: ''ഞാൻ ഇസ്രായേൽജനങ്ങളുടെ പക്കൽ ചെന്നു്, 'നിങ്ങളുടെ പിതാക്കന്മാരുടെ ദൈവം എന്നെ നിങ്ങളുടെ അടുക്കലേക്കു് അയച്ചിരിക്കുന്നു' എന്നു പറയാം. എന്നാൽ, അവിടുത്തെ പേരെന്തെന്നു് അവർ എന്നോടു ചോദിച്ചാൽ ഞാൻ എന്തു പറയും?'' അപ്പോൾ അവിടുന്നു് അരുൾചെയ്തു: ''ഞാൻ യഹോവയാണ്. * 'യഹോവ എന്നെ നിങ്ങളുടെ അടുക്കലേയ്ക്കു് അയച്ചിരിക്കുന്നു' എന്നു നീ ഇസ്രായേൽമക്കളോടു പറയണം.''

അനന്തരം, മോശയും അവന്റെ സഹോദരൻ അഹറോനും പോയി ഇസ്രായേല്യരുടെ കാരണവന്മാരെയെല്ലാം വിളിച്ചുകൂട്ടി. കർത്താവു മോശയോടു് അരുൾചെയ്തതെല്ലാം അഹറോൻ ജനങ്ങളെ പറഞ്ഞുകേൾപ്പിച്ചു. ജനങ്ങളുടെ മുമ്പിൽവച്ച് അത്ഭുതങ്ങൾ അദ്ദേഹം പ്രവർത്തിച്ചുകാണിക്കുകയും ചെയ്തു. ജനങ്ങൾ വിശ്വസിച്ചു. കർത്താവു് ഇസ്രായേല്യരെ സന്ദർശിച്ചിരിക്കുന്നു എന്നും തങ്ങളുടെ സങ്കടങ്ങൾ ദർശിച്ചിരിക്കുന്നു എന്നും കേട്ടപ്പോൾ അവർ സാഷ്ടാംഗം വീണ് അവിടുത്തെ ആരാധിച്ചു. അനന്തരം, മോശയും അഹറോനും ചെന്നു് ഫറവോനോടു പറഞ്ഞു: ''ഇസ്രായേലിന്റെ ദൈവമായ കർത്താവു് ഇപ്രകാരം ആജ്ഞാപിച്ചിരിക്കുന്നു: മരുഭൂമിയിൽ എനിക്കു ബലിയർപ്പിക്കാനായി എന്റെ ജനത്തെ വിട്ടയയ്ക്കുക.'' ഫറവോൻ പ്രതിവചിച്ചു: ''കർത്താവിന്റെ സ്വരം കേൾക്കാനും ഇസ്രായേലിനെ വിട്ടയയ്ക്കാനും അവൻ ആരാണ്? ഞാൻ കർത്താവിനെ അറിയുകയില്ല. ഇസ്രായേലിനെ ഞാൻ വിട്ടയയ്ക്കുകയില്ല''.......ഫറവോൻ തുടർന്നുപറഞ്ഞു: ''നാട്ടിൽ ജനങ്ങൾ വളരെ കൂടുതലാണെന്നു നിങ്ങൾ കാണുന്നില്ലേ? അവരുടെ ജോലികളിൽനിന്നു് ഒഴിവുകൊടുത്താൽ സ്ഥിതി എന്തായിത്തീരും! ഇഷ്ടിക ഉണ്ടാക്കാനുള്ള ഭാരം അവരുടെമേൽ ചുമത്തണം. അസത്യവചനങ്ങളിൽ ശ്രദ്ധിക്കാനുള്ള അവസരം ലഭിക്കാതിരിക്കുവാൻ വേണ്ടി വേലകൊണ്ടു് അവരെ കഷ്ടപ്പെടുത്തുവിൻ......'' അപ്പോൾ മോശ കർത്താവിന്റെ അടുക്കലേയ്ക്കു തിരിഞ്ഞു. അദ്ദേഹം ചോദിച്ചു: ''കർത്താവേ, ഈ ജനതയെ എന്തിനാണ് കഷ്ടപ്പെടുത്തുന്നതു്? എന്തിനാണ് നീ എന്നെ അയച്ചതു്? അങ്ങയുടെ നാമത്തിൽ സംസാരിക്കുവാൻ ഞാൻ ഫറവോന്റെ സന്നിധിയിൽ എ

---

* തന്നിൽനിന്നുതന്നെ അസ്തിത്വമുള്ളവൻ എന്നാണ് ഈ വാക്കിന്റെ അർത്ഥം

ത്തിയ സമയംമുതൽ അയാഠം ഈ ജനത്തെ ഞെരുക്കുകയാണ്. അങ്ങ് അവരെ മോചിപ്പിച്ചതുമില്ല.'' കർത്താവ് മോശയോട് അരുഠംചെയ്തു: ''ഞാൻ ഫറവോനോട് എന്തു ചെയ്യാൻപോകുന്നു എന്ന് നീ ഇപ്പോഠം കാണും. എൻെറ ബലിഷ്ഠമായ കരം കണ്ട് അവൻ അവരെ പുറത്തുവിടും. ശക്തിയേറിയ കരം ഭയന്ന് അവൻ അവരെ സ്വരാജ്യത്തിൽനിന്നു ബഹിഷ്ക്കരിക്കും.''

(പുറപ്പാട് 3: 1–14, 4: 29–31, 5: 1–23, 6: 1)

ദൈവം എല്ലാവരുടേയും കർത്താവും യജമാനനുമാകുന്നു. ഫറവോനെ ശിക്ഷിക്കുവാൻ അവിടുന്നു തൻെറ സ്വന്തം സൃഷ്ടികളെ ഉപയോഗിച്ചു. മോശയുടെ കല്പനയനുസരിച്ച് ഈജിപ്തുകാർക്കു ഭയങ്കര ബാധകളുണ്ടായി. ആ ബാധകഠം നീക്കുന്നതിനു മോശ ദൈവത്തോട് ആവശ്യപ്പെട്ടപ്പോഠം അവ നീങ്ങി. വാസ്തവത്തിൽ ദൈവംതന്നെ അയച്ചവനാണ് മോശ എന്നതിന് ഇതു തെളിവാകുന്നു. ഏതായാലും ബാധകഠം നീങ്ങിയതോടെ ജനങ്ങളെ വിട്ടയയ്ക്കുവാൻ ഫറവോൻ പിന്നെയും വിസമ്മതിച്ചു.

ഇസ്രായേൽ പ്രതീക്ഷയോടെ കഴിഞ്ഞു. അവർ വളരെയേറെ കഷ്ടപ്പെട്ടു. ദൈവം തൻെറ വാഗ്ദാനം മറന്നുകളഞ്ഞുവോ? ഇല്ല. താമസിയാതെ അവിടുന്ന് അവരെ രക്ഷിക്കും; അവരെ തൻെറ തിരഞ്ഞെടുക്കപ്പെട്ട ജനമാക്കും.

## ഓർമ്മിക്കാൻ

1. ദൈവം മോശയ്ക്കു നൽകിയ ജോലിയെന്ത്?
2. ആരാണു തന്നെ അയച്ചത് എന്നു ജനങ്ങഠം ചോദിക്കുമ്പോഠം എന്തു മറുപടി പറയാനാണ് മോശയോട് ദൈവം പറഞ്ഞത്?
3. യഹോവ എന്ന വാക്കിൻെറ അർത്ഥമെന്താകുന്നു?
4. ദൈവമാണു തന്നെ അയച്ചതെന്ന് മോശ തെളിയിച്ചതെങ്ങനെ?
5. ഇസ്രായേൽക്കാരെ സ്വതന്ത്രരാക്കണം എന്നു മോശ ആവശ്യപ്പെട്ടപ്പോഠം ഫറവോൻ എന്തു ചെയ്തു?

6. a) ദൈവം മോശയ്ക്കു പ്രത്യക്ഷപ്പെട്ടപ്പോൾ എങ്ങനെയാണ് അവൻ അവിടുത്തോടുള്ള ആരാധന കാണിച്ചതു്?

b) നാം എങ്ങനെ നമ്മുടെ ആരാധന കാണിക്കുന്നു?

c) എന്തു വാഗ്ദാനമാണ് ദൈവം നമ്മോടു ചെയ്തിട്ടുള്ളതു്?

## ഒരു സങ്കീർത്തനം

''ദൈവത്തിലാണ് എൻെറ ശരണം. കർത്താവേ, എൻെറ ആത്മാവിനെ അങ്ങയുടെ പക്കലേയ്ക്കു ഞാനുയർത്തുന്നു. എൻെറ ദൈവമേ, അങ്ങിൽ ഞാൻ ശരണപ്പെടുന്നു. ഞാൻ ലജ്ജിതനാവാതിരിക്കട്ടെ. എൻെറ ശത്രുക്കൾ എൻെറ മേൽ വിജയം നേടിയെന്നു് ഘോഷിക്കാനിടയാക്കരുതേ.

''അങ്ങിൽ ശരണംവച്ചിരിക്കുന്നവരാരും ലജ്ജിതരാകയില്ല. അശ്രദ്ധരായി വിശ്വാസം ലംഘിക്കുന്നവർ ലജ്ജാഭരിതരാകും. കർത്താവേ, അങ്ങയുടെ വഴികൾ എന്നെ കാണിക്കണമേ! അങ്ങയുടെ ഊടുവഴികളും എനിക്കു് ഉപദേശിച്ചുതരണമേ. അങ്ങയുടെ സത്യത്തിൽ നടത്തി എന്നെ പഠിപ്പിക്കണമേ. എന്തുകൊണ്ടെന്നാൽ, അങ്ങു് എൻെറ രക്ഷകനായ ദൈവമാകുന്നു. അങ്ങയിൽ ഞാൻ സദാ ശരണം വയ്ക്കുന്നു.'' (സങ്കീർത്തനം 24: 1- 5)

## പ്രവർത്തിക്കാൻ

ദൈവവചനം കേൾക്കുമ്പോൾ എപ്പോഴും ബഹുമാനത്തോടെ ഞാൻ ശ്രദ്ധിക്കും.

എന്തും വരട്ടെ എന്ന ആത്മധൈര്യത്തോടുകൂടെ ദൈവത്തിൻെറ ശക്തിയിലും സ്നേഹത്തിലും ഞാൻ വിശ്വാസമർപ്പിക്കും.

# 8

## വാഗ്ദാനഭൂമിയിലേക്കു്

വാഗ്ദാനഭൂമിയിലേയ്ക്കു പുറപ്പെടുന്നതിനു് ജനങ്ങളെ ഒരുക്കു വാൻ ദൈവം മോശയോടു് ആവശ്യപ്പെട്ടു.

മോശയോടും അഹറോനോടും കർത്താവു് ഈജിപ്തിൽവച്ചു കല്പിച്ചു: ''ഇസ്രായേൽ ജനതയോടു നീ ഇപ്രകാരം പറയുക: 'ഈ മാസം പത്താം തീയതി ഓരോരുത്തനും തന്റെ കുടുംബത്തിനും ഭവനത്തിനും വേണ്ടി ഓരോ ആട്ടിൻകുട്ടിയെ കണ്ടുപിടിക്കണം....... ഈ മാസം പതിന്നാലാം തീയതിവരെ അതിനെ സൂക്ഷിക്കണം. സായാഹ്നത്തിൽ ഇസ്രായേല്യരേവരും അതിനെ ബലികഴിക്കണം. അവർ അതിന്റെ രക്തമെടുത്തു് എവിടെവച്ചു് അതിനെ ഭക്ഷിക്കുന്നുവോ ആ ഭവനത്തിന്റെ കട്ടിളക്കാലുകളിലും മേല്പടിയിലും തളിക്കണം. തീയിൽച്ചുട്ട മാംസവും കയ്പ്പുള്ള സസ്യം കൂട്ടി പുളിക്കാത്ത അപ്പവും ആ രാത്രിയിൽ അവർ ഭക്ഷിക്കട്ടെ...... അരകറ്റം മുറുക്കിയും ചെരിപ്പു ധരിച്ചും കയ്യിൽ ഒരു വടിപിടിച്ചും



അതിവേഗത്തിലുമാണ് അതു ഭക്ഷിക്കേണ്ടതു്. കാരണം, അതു കത്താവിൻെറ പെസഹയാണു്.

''ആ രാത്രി ഞാൻ ഈജിപ്റ്റിലൂടെ കടന്നുപോകും. അവിടെയുള്ള മനുഷ്യരുടേയും മൃഗങ്ങളുടേയും ആദ്യജാതന്മാരെ ഞാൻ വധിക്കും......ഈജിപ്റ്റിനെ ഞാൻ ഞെരുക്കുമ്പോൾ നിങ്ങളെ അതേ ബാധകൊണ്ടു് ഞെരുക്കുകയില്ല. ഈ ദിവസം നിങ്ങൾക്കു് ഒരനുസ്മരണാദിനമായിരിക്കും. തലമുറതോറും എന്നേക്കും അതു കത്താവിൻെറ ഉത്സവദിനമായി ആചരിക്കണം.....' കത്താവു് അവരോടു കല്പിച്ചപ്രകാരം ഇസ്രായേൽജനങ്ങൾ ചെയ്തു.''
(പുറപ്പാടു് 12: 3–28)

ഈജിപ്ഷ്യൻകുടുംബത്തിലെ കടിഞ്ഞൂലുകളെയെല്ലാം കത്താവു് ആ അർദ്ധരാത്രിയിൽ കൊന്നുകളഞ്ഞു. ഫറവോനും അയാളുടെ സകല ദാസന്മാരും ഈജിപ്റ്റ്മുഴുവനും രാത്രിയിൽ ഉണർന്നു. ഈജിപ്റ്റിൽ വലിയൊരു നിലവിളിയുണ്ടായി. എന്തുകൊണ്ടെന്നാൽ, ഒരാളെങ്കിലും മരിക്കാത്ത ഒരു ഭവനവും അവിടെയില്ലായിരുന്നു. രാത്രിതന്നെ ഫറവോൻ മോശയേയും അഹറോനേയും വിളിച്ചു പറഞ്ഞു: ''നിങ്ങളും ഇസ്രായേല്യരും എഴുന്നേററു് എൻെറ ജനങ്ങളിൽനിന്നു പിരിഞ്ഞു് നിങ്ങൾ ആവശ്യപ്പെട്ടപ്രകാരം പോയി കത്താവിനു ബലിയർപ്പിക്കുവിൻ. നിങ്ങൾ ആവശ്യപ്പെട്ടിരുന്നതുപോലെ നിങ്ങളുടെ ആടുമാടുകളേയുംകൊണ്ടു പൊയ്ക്കൊള്ളുവിൻ.''...... ഈജിപ്റ്റുകാർ ഇസ്രായേൽജനത്തെ വേഗം പുറപ്പെടാൻ നിർബ്ബന്ധിച്ചു. (പുറപ്പാടു് 12: 29–33)

നീണ്ട അടിമത്തത്തിനുശേഷം ഇസ്രായേൽജനത അവസാനം ഈജിപ്റ്റ് വിട്ടു. ഫറവോൻ ജനത്തെ വിട്ടയച്ചപ്പോൾ, ഫിലിസ്ത്യരുടെ ദേശത്തു കൂടിയുള്ള വഴിയിലൂടെ ദൈവം അവരെ ആനയിച്ചില്ല. കാരണം, എളുപ്പമുള്ള വഴി അതായിരുന്നുവെങ്കിലും യുദ്ധമുണ്ടാകുന്നപക്ഷം ജനങ്ങൾ മനസ്സുപിച്ചു് ഈജിപ്റ്റിലേയ്ക്കു മടങ്ങിയേക്കുമെന്നു് ദൈവം വിചാരിച്ചു. അവിടുന്നു് അവരെ ചെങ്കടലിൻെറ അടുത്തുള്ള മരുഭൂമിയിലൂടെ ആനയിച്ചു. ........അവർ പൊയ്ക്കുഴിഞ്ഞെന്നു് ഈജിപ്റ്റ്‌രാജാവിനു് അറിവുകിട്ടി. അപ്പോൾ ഈ ജനതയെക്കുറിച്ചു ഫറവോനും അവൻെറ ദാസന്മാർക്കുമുണ്ടായിരുന്ന മനോഭാവം മാറി. അവർ ചോദിച്ചു: ''നാം എന്താണു ചെയ്തതു്? ഇസ്രായേല്യരെ നമ്മുടെ ദാസ്യവൃത്തി ഉപേക്ഷിച്ചുപോകാൻ നാം അനുവദിച്ചല്ലോ!'' .....ഈജിപ്റ്റുകാർ അവരെ പിന്തുടർന്നു.....ഫറവോൻ സമീപിക്കുന്നതു് ഇസ്രായേല്യരുടെ ദൃഷ്ടിയിൽപ്പെട്ടു. ഈജിപ്തുകാർ പിന്നാലെ വരുന്നതു കണ്ടു ഭയവിഹ്വലരായി അവർ കത്താവിനോടു പ്രാർത്ഥിച്ചു. മോശ അവരെ പറഞ്ഞു ധൈര്യപ്പെടുത്തി. അനന്തരം കത്താവു മോശയോടിങ്ങനെ ചോദിച്ചു:

''എന്തിനു് എന്നെ വിളിക്കുന്നു? ഇസ്രായേല്യരോടു മുമ്പോട്ടുപോകാൻ ആജ്ഞാപിക്കുക. ഇസ്രായേല്യർ സമുദ്രമദ്ധ്യേ വരണ്ട കരയിൽകൂടി പോകാനായി നീ നിന്റെ വടിയെടുത്തു കടലിന്റെ മീതേ കൈനീട്ടി അതിനെ വിഭജിച്ചുനിറുത്തുക.''

(പുറപ്പാടു് 13: 17–18, 14: 5–16)

ഒരിക്കൽക്കൂടി തന്റെ ജനങ്ങൾക്കുവേണ്ടി ദൈവം ശക്തി ഉപയോഗിച്ചു. ക്ലേശം കൂടാതെ അവർക്കു കടൽ കടന്നുപോകുവാൻകഴിഞ്ഞു. പിന്നാലെ വന്ന ഈജിപ്റ്റുകാർക്കു് അതു സാധിച്ചില്ല. അവരെല്ലാം നശിച്ചു. ഇങ്ങനെയാണു് അന്നു് ഇസ്രായേൽജനത്തെ കർത്താവു് ഈജിപ്തുകാരുടെ കയ്യിൽനിന്നു രക്ഷിച്ചതു്. സ്വാതന്ത്ര്യലബ്ധിയിലാഹ്ലാദിച്ചു ദൈവത്തിനു് അവർ കൃതജ്ഞതാസ്തോത്രങ്ങൾ ആലപിച്ചു.



ഈജിപ്തുകാർ കടൽത്തീരത്തു മരിച്ചുകിടക്കുന്നതു് ഇസ്രായേൽജനം കണ്ടു. കർത്താവു് ഈജിപ്തുകാർക്കെതിരായി പ്രയോഗിച്ച കരുത്തേറിയ കരം അവർ ദർശിച്ചു. ജനങ്ങൾ കർത്താവിനെ ഭയപ്പെടുകയും അവിടുത്തേയും അവിടുത്തെ ദാസനായ മോശയേയും വിശ്വസിക്കുകയും ചെയ്തു. (പുറപ്പാടു് 14: 30–31)

ബുദ്ധിമുട്ടുകളെല്ലാം തീർന്നില്ല. മരുഭൂമിയിൽ അവർക്കു് വിശപ്പും ദാഹവും സഹിക്കേണ്ടിവന്നു. ഇസ്രായേല്യർ ഒന്നടങ്കം മരുഭൂമിയിൽവച്ചു മോശയ്ക്കും അഹറോനുമെതിരായി ആവലാതിപ്പെട്ടു. ഇസ്രായേല്യർ പറഞ്ഞു: .....ഈ ജനൗഘത്തെ പട്ടിണിയിട്ടുകൊല്ലാൻ നിങ്ങളെന്തിനു് ഈ മരുഭൂമിയിലേയ്ക്കു ഞങ്ങളെ കൂട്ടിക്കൊണ്ടു വന്നു? കർത്താവു മോശയോടു് അരുൾചെയ്തു: ''ഞാൻ നിങ്ങൾക്കായി ആകാശത്തിൽനിന്നു് അപ്പം വർഷിക്കും. ഓരോ ദിവസവും ജനങ്ങൾ പുറത്തിറങ്ങി അവരവർക്കു് ആവശ്യമുള്ളതു ശേഖരിക്ക

ട്ടെ. അങ്ങനെ ജനങ്ങൾ എന്റെ നിയമം അനുസരിക്കുമോ ഇല്ലയോ എന്നു ഞാൻ പരീക്ഷിക്കും.''

''ദാഹിച്ചുവലഞ്ഞ ജനങ്ങൾ മോശയ്ക്കെതിരായി പിറുപിറുത്തു. അവർ ചോദിച്ചു: 'ഞങ്ങളും ഞങ്ങളുടെ കുട്ടികളും ഞങ്ങളുടെ കന്നുകാലികളും ദാഹംകൊണ്ടു ചാകുന്നതിനാണോ നീ ഞങ്ങളെ ഈജിപ്തിൽനിന്ന് ഇറക്കിക്കൊണ്ടുപോന്നത്?' മോശ കർത്താവിന്റെ സന്നിധിയിൽ ഇപ്രകാരം വിലപിച്ചു: ''ഈ ജനത്തോടു ഞാൻ എന്തുചെയ്യും? സ്വല്പസമയംകൂടി കഴിഞ്ഞാൽ മതി. അവരെന്നെ കല്ലെറിയുമെന്നു തോന്നുന്നു.'' കർത്താവു മോശയോടരുൾ ചെയ്തു: ''നീ ജനങ്ങളുടെ മുമ്പേ പോവുക........ഞാൻ ഹൊറേബിൽ നിന്റെ മുമ്പാകെ പാറയുടെമേൽ നിൽക്കും. നീ ആ പാറമേൽ അടിക്കണം. അപ്പോൾ ജനത്തിനു കുടിക്കാനുള്ള വെള്ളം അതിൽനിന്നു പുറപ്പെടും.'' (പുറപ്പാട് 16:2–4; 17:3–6)

## ഓർമ്മിക്കാൻ

1. ഇസ്രായേൽക്കാരെ രക്ഷിക്കാൻ ദൈവം ആരെ നിയോഗിച്ചു?
2. പെസഹാസ്സ് എങ്ങനെ ഒരുങ്ങണമെന്നാണ്, ദൈവം ഇസ്രായേൽക്കാരോടു പറഞ്ഞത്?
3. ഇസ്രായേൽക്കാരെ ദൈവം ഈജിപ്തിൽനിന്നു രക്ഷിച്ചതെങ്ങനെയെന്നു ചുരുക്കിയെഴുതുക.

## പ്രവർത്തിക്കാൻ

ഏതു ക്ലേശത്തിലും ദൈവത്തിൽ ഞാൻ വിശ്വാസമർപ്പിക്കും വിശ്വാസത്തോടുകൂടെ ദിവസേന ഞാൻ ഈ പ്രാർത്ഥന ചൊല്ലും: ''അന്നന്നു വേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ!''

പുറപ്പാട് — രക്ഷ — ഇവ രണ്ടിന്റേയും സംഭവങ്ങൾ താരതമ്യപ്പെടുത്തുക:

| പെസഹാ | കാൽവരി |
| --- | --- |
| 1. ഒരു കുഞ്ഞാട് ബലിയർപ്പിക്കപ്പെട്ടു. | 1 ........................ ........................ |

| | | | |
|---|---|---|---|
| 2. | അതിൻെറ രക്തം ഇസ്രായേൽക്കാരെ മരണത്തിൽനിന്നു രക്ഷിച്ചു. | 2 | ........................ ........................ ........................ ........................ |

| ചെങ്കടൽ കടക്കുന്നു | | | ജ്ഞാനസ്നാനം |
|---|---|---|---|
| 3. | ഇസ്രായേൽക്കാർ തങ്ങളുടെ ശത്രുക്കളിൽ നിന്നു രക്ഷിക്കപ്പെട്ടു. | 3 | ........................ ........................ ........................ |
| 4. | അവരെ ദൈവത്തിൻെറ ജനമാക്കി | 4 | ........................ ........................ |
| 5. | വാഗ്ദാനംചെയ്യപ്പെട്ട നാട്ടിലേയ്ക്കു മോശ ജനങ്ങളെ നയിച്ചു. | 5 | ........................ ........................ ........................ |


| മന്ന | | | വിശുദ്ധകുർബാന |
|---|---|---|---|
| 6. | തൻെറ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനു ദൈവം അപ്പം കൊടുത്തു. | 6 | ........................ ........................ ........................ |



# 9

# സീനായിലെ ഉടമ്പടി

ഇസ്രായേൽജനം ഈജിപ്തിൽനിന്നു പുറപ്പെട്ടിട്ടു മൂന്നാംമാസം അതേ ദിവസം സീനാ മരുഭൂമിയിലെത്തി.. പർവ്വത നിരകളുടെ എതിർവശത്തു അവർ കൂടാരമടിച്ചു.



മോശ ദൈവത്തിന്റെ അടുക്കലേയ്ക്കു കയറിച്ചെന്നു. ദൈവം മലയിൽ നിന്ന് അദ്ദേഹത്തെ അരികെ വിളിച്ചിട്ടു പറഞ്ഞു: ''നീ യാക്കോബിന്റെ ഗോത്രത്തോട് ഇപ്രകാരം പറയുക. ഇസ്രായേൽ സന്തതികളോട് ഇങ്ങനെ അറിയിക്കുകയും ചെയ്യുക: ഞാൻ ഈജിപ്തുകാരോടു ചെയ്തതും കഴുകന്മാരുടെ ചിറകുകളിന്മേൽ സംവഹിച്ച് നിങ്ങളെ എന്റെ അടുക്കലേയ്ക്കു കൊണ്ടുവന്നതും നിങ്ങൾക്കറിയാമല്ലോ.''

''ആകയാൽ, നിങ്ങൾ എൻെറ സ്വരം കേൾക്കുകയും എൻെറ നിയമങ്ങൾ അനുസരിക്കുകയും ചെയ്താൽ മററെല്ലാ ജനങ്ങളേയും കാൾ നിങ്ങളെനിക്കു പ്രിയപ്പെട്ട ജനമായിരിക്കും. ഭൂമി മുഴുവൻ എൻേറതാകുന്നു. നിങ്ങളെനിക്കു പുരോഹിതന്മാരുടെ ഒരു രാജ്യവും വിശുദ്ധജനവുമായിരിക്കും......'' മോശ തിരികെവന്നു ജനക്കൂട്ടത്തിലെ കാരണവന്മാരെ വിളിച്ചുവരുത്തി, കത്താവു കല്പിച്ചവയെല്ലാം അവരെ അറിയിച്ചു. കത്താവു് ആജ്ഞാപിച്ചവ സമസ്തവും ഞങ്ങൾ നിവത്തിക്കും എന്നു് ജനങ്ങളെല്ലാവരും ഉത്തരം പറഞ്ഞു. ജനങ്ങളുടെ മറുപടി മോശ കത്താവിനെ അറിയിച്ചു.

അപ്പോൾ കത്താവു് അയാളോടു് അരുൾചെയ്തു: ''ഞാൻ നിന്നോടു സംസാരിക്കുമ്പോൾ ജനങ്ങൾ കേൾക്കുന്നതിനും നിന്നെ അവർ എപ്പോഴും വിശ്വസിക്കുന്നതിനുമായി കനത്ത കാർമേഘത്തിന്മേൽ ഞാൻ നിൻെറ അടുക്കൽ വരും.'' (പുറപ്പാടു് 19: 1–9)

കത്താവിനെ സ്വീകരിക്കുവാൻ ജനങ്ങളെ രണ്ടുദിവസം ഒരുക്കണമെന്നും മൂന്നാംദിവസം അവിടുന്നു പ്രത്യക്ഷപ്പെടുമെന്നും ദൈവം മോശയെ അറിയിച്ചു.

''മൂന്നാംദിവസം വന്നുചേർന്നു. നേരം വെളുത്തു. മേഘനാദങ്ങൾ കേട്ടുതുടങ്ങി......മിന്നൽപ്പിണരുകൾ പ്രത്യക്ഷപ്പെട്ടു. കനത്ത കാർമേഘങ്ങൾകൊണ്ടു പർവ്വതം മൂടി. കാഹളധ്വനികൾ അത്യുച്ചത്തിൽ മുഴങ്ങി. കൂടാരങ്ങളിൽ താമസിച്ചിരുന്നവർ ഭയവിഹ്വലരായി.

''ദൈവത്തെ കാണുന്നതിനു ജനങ്ങളെ മോശ പാളയത്തിൽനിന്നു് ആനയിച്ചു. അവർ മലയുടെ അടിവാരത്തിൽ കാത്തുനിന്നു.

''അപ്പോൾ കത്താവു സീനാ മലമുകളിൽ അഗ്നിയിൽ ആഗതനായി. മല മുഴുവനും ധൂമാവൃതമായി. ചൂളയിൽനിന്നെന്നതുപോലെ പുക പൊങ്ങിക്കൊണ്ടിരുന്നു. മല ഭയാനകമായിത്തീർന്നു.''

അനന്തരം, കത്താവു് ഈ വചനങ്ങൾ അരുൾചെയ്തു:.......

...നിൻെറ ദൈവമായ കത്താവു് ഞാനാകുന്നു......ഞാനല്ലാതെ വേറെ ദൈവം നിനക്കുണ്ടാവരുതു്....നിൻെറ ദൈവമായ കത്താവിൻെറ നാമം വൃഥാ പ്രയോഗിക്കരുതു്. എന്തുകൊണ്ടെന്നാൽ, ദൈവമായ കത്താവിൻെറ നാമം വൃഥാ പ്രയോഗിക്കുന്നവനെ കുററമില്ലാ

ത്തവനായി കർത്താവു ഗണിക്കുകയില്ല. സാബത്തുദിവസം പരിശുദ്ധമായി ആചരിക്കുക. ആറു ദിവസം വേലചെയ്തു നിൻെറ എല്ലാ ജോലികളും തീർക്കുക. ഏഴാംദിവസം നിൻെറ ദൈവമായ കർത്താവിൻെറ സാബത്താകുന്നു.....

''നിൻെറ പിതാവിനേയും മാതാവിനേയും നീ ബഹുമാനിക്കുക.

''നീ കൊല്ലരുതു്.

''നീ വ്യഭിചാരം ചെയ്യരുതു്.

''നീ മോഷ്ടിക്കരുതു്.

''നിൻെറ അയൽക്കാരനെതിരായി വ്യാജസാക്ഷ്യം നൽകരുതു്. നിൻെറ അയൽക്കാരൻെറ വസ്തുക്കൾ നീ ആഗ്രഹിക്കരുതു്. അവൻെറ ഭാര്യയെ.....നീ മോഹിക്കരുതു്.''

(പുറപ്പാടു് 19: 16–18; 20:1–17)

ഈ നിയമങ്ങൾ അനുസരിക്കണം എന്നു ദൈവം ഇസ്രായേൽ ജനതയെ നിർബ്ബന്ധിച്ചില്ല. പിന്നെയോ തൻെറ കല്പനകൾ സ്വീകരിച്ചുകൊണ്ടു് സ്വതന്ത്രമായി തന്നോടു് ഒരുടമ്പടി ചെയ്യണമെന്നു് അവിടുന്നു് അഭിലഷിച്ചു. മോശ ഇസ്രായേൽജനത്തോടു പറഞ്ഞു: ''കർത്താവിൻെറ വഴികളിലൂടെ നടക്കുകയും അവിടുത്തെ കർമ്മങ്ങളും വിധികളും കല്പനകളും അനുഷ്ഠിക്കുകയും അവിടുത്തെ ആജ്ഞ അനുസരിക്കുകയും ചെയ്യുമെന്നു്.....ഇന്നു നിങ്ങൾ കർത്താവിനോടു് വാഗ്ദാനം ചെയ്തിരിക്കുന്നു. തൻെറ കല്പനകളെല്ലാം അനുസരിക്കുന്നപക്ഷം നിങ്ങൾ തൻെറ ജനതയായിരിക്കുമെന്നു് അവിടുന്നു് ഇന്നു നിങ്ങളോടു് പ്രഖ്യാപിച്ചിരിക്കുന്നു. ദൈവമായ കർത്താവു നിങ്ങളോടു് അരുൾചെയ്തതുപോലെ നിങ്ങളെ തൻെറ പരിശുദ്ധജനമാക്കുവാനും തൻെറ നാമത്തിൻെറ സ്തുതിക്കും മഹത്വത്തിനുമായി സൃഷ്ടിച്ചിട്ടുള്ള സകല ജനങ്ങളേയുംകാൾ നിങ്ങളെ ഉയർത്തുവാനുമാണു് അവിടുന്നു നിങ്ങളെ തിരഞ്ഞെടുത്തതു്.''

(ആവർത്തനം 26:17–19)

മോശവഴി ഇസ്രായേൽജനതയെ, തൻെറ സംരക്ഷണത്തിൽ ഒരു വൈദികസംഘമാക്കാമെന്നു ദൈവം വാഗ്ദാനം ചെയ്തു. അതിനു പകരമായി അവർ സത്യദൈവത്തെ ആരാധിക്കണം. ദൈവം ഇസ്രായേൽക്കാരുമായി ചെയ്ത ഉടമ്പടിയിലെ ഒരു വ്യവസ്ഥ ഇതായിരുന്നു. സ്വതന്ത്രമായി ദൈവത്തിൻെറ നിയമം അവർ അനുസരിച്ചു. അങ്ങനെ ദൈവവും ഇസ്രായേൽജനതയും തമ്മിലുള്ള ഉടമ്പടി നടപ്പിലായി.

ദൈവത്തിൻേറയും ദൈവത്തിൻെറ ജനത്തിൻേറയും മദ്ധ്യസ്ഥൻ എന്ന നിലയിൽ ബലിയർപ്പിച്ച് അതിലെ രക്തംകൊണ്ട് മോശ ഉടമ്പടിക്കു മുദ്രവച്ചു. തങ്ങൾക്ക് ഏററവും വിലപ്പെട്ട സാധനങ്ങൾ ദൈവത്തിനു സമർപ്പിച്ചുകൊണ്ട് ജനം അവിടത്തോടുള്ള സ്നേഹവും അവിടത്തെ നിയമം അനുസരിക്കുവാനുള്ള സന്നദ്ധതയും പ്രകടിപ്പിച്ചു.



കർത്താവിൻെറ വാക്കുകളെല്ലാം മോശ രേഖപ്പെടുത്തി. അവൻ രാവിലെ എഴുന്നേററ് മലയുടെ അടിവാരത്ത് ഒരു ബലിപീഠവും പന്ത്രണ്ടു സ്തംഭങ്ങളും നിർമ്മിച്ചു. പിന്നീട് അദ്ദേഹം ഇസ്രായേലിലെ ഏതാനും യുവാക്കന്മാരെ അങ്ങോട്ടയച്ചു. അവർ ദഹനബലികളും കാളക്കുട്ടികളെക്കൊണ്ടുള്ള സമാധാനബലികളും അർപ്പിച്ചു.

അനന്തരം, മോശ രക്തത്തിൽ പകുതിയെടുത്തു പാത്രത്തിൽ വയ്ക്കുകയും ശേഷിച്ച രക്തം ബലിപീഠത്തിന്മേൽ ഒഴിക്കുകയും ചെയ്തു. അവൻ ഉടമ്പടിപ്പുസ്തകമെടുത്ത് ജനങ്ങൾ കേൾക്കേ ഉച്ചത്തിൽ വായിച്ചു. അവർ പറഞ്ഞു: ''കർത്താവ് കല്പിച്ചവയെല്ലാം ഞങ്ങൾ നിവർത്തിക്കും. ഞങ്ങൾ അനുസരണയുള്ളവരായിരിക്കും.'' അപ്പോൾ, അവൻ രക്തമെടുത്തു ജനങ്ങളുടെ മേൽ തളിച്ചുകൊണ്ടു പറഞ്ഞു: ''ഈ കാര്യങ്ങളെസ്സംബന്ധിച്ചു കർത്താവ് നിങ്ങളോടുചെയ്തിട്ടുള്ള ഉടമ്പടിയുടെ രക്തം ഇതാകുന്നു.'' (പുറപ്പാട് 24: 4–8)

യഹോവയ്ക്കു താൻ അവരോടുകൂടെയുണ്ടെന്ന പ്രത്യക്ഷമായി ജനങ്ങളെ അറിയിക്കണമെന്നുണ്ടായിരുന്നു. അവിടുന്നു മോശയോടു പറഞ്ഞു: ''ഞാൻ അവരുടെ മദ്ധ്യേ വസിക്കുവാൻ എനിക്കായി ഒരു വിശുദ്ധമന്ദിരം നിർമ്മിക്കണം.'' (പുറപ്പാട് 25–8)

കല്പനകൾ രേഖപ്പെടുത്തിയ കല്പലകകൾ സൂക്ഷിക്കുന്നതിന് ഒരു പേടകം പണിയാൻ കർത്താവ് മോശയോടാവശ്യപ്പെട്ടു:

''ചന്ദനമരംകൊണ്ട് ഒരു പേടകം ഉണ്ടാക്കുക.......ഞാൻ നിനക്കു തരാൻ പോകുന്ന പ്രമാണം ഈ പേടകത്തിൽ നീ സ്ഥാപിക്കണം.'' (പുറപ്പാട് 25: 10–16) ഈ പേടകം ഉടമ്പടിയുടെ പേടകം എന്ന് അറിയപ്പെടും.

ദൈവം അവിടുത്തെ ജനത്തിന് എത്രയോ നല്ലവനാകുന്നു! അവരെ നയിക്കുവാൻ അവിടുന്ന് തൻെറ നിയമം നൽകി.

അവിടുന്ന് അവരുമായി ഒരു ഉടമ്പടി ചെയ്തു. ബലിയുടെ രക്തംകൊണ്ടാണതിനു മുദ്രവച്ചത്. പേടകത്തിൽ അവിടുന്ന് അവരോടൊന്നിച്ചു ജീവിച്ചു. വാഗ്ദാനത്തിൻെറ നാട്ടിലേയ്ക്കുവരെ സുരക്ഷിതമായി നയിച്ചു.

പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജനമായ നമുക്കും ദൈവം നല്ലവനാകുന്നു. പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായി തൻെറ ഏകപുത്രനെ അവിടുന്ന് നമുക്കു നൽകി. നമ്മുടെ അൾത്താരയിലെ സക്രാരിയിൽ അവിടുന്ന് സന്നിഹിതനായിരിക്കുന്നു. നമ്മുടെ വാഗ്ദാനത്തിൻെറ നാടായ സ്വർഗ്ഗത്തിലേയ്ക്കു സുരക്ഷിതമായി നമ്മെ നയിക്കുന്നതിന് അവിടുന്നു നിയമങ്ങൾ നൽകിയിട്ടുണ്ട്.

## ഓർമ്മിക്കാൻ

1. തൻെറ ജനത്തോടു ദൈവം ചെയ്ത ഉടമ്പടി എന്താണ്?
2. ദൈവം മോശയോട് എന്തു പറഞ്ഞു?
3. ഉടമ്പടി മുദ്രിതമായതെങ്ങനെ?
4. പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥൻ ആരാകുന്നു?
5. ദൈവവുമായുള്ള നമ്മുടെ ഉടമ്പടി നാം പാലിക്കുന്നതെങ്ങനെ?

## പ്രവർത്തിക്കാൻ

വിശുദ്ധകുർബാനയിൽ ക്രിസ്തുവിനോടൊപ്പം എന്നെത്തന്നെ അർപ്പിച്ചുകൊണ്ടും ദൈവത്തിൻെറ കല്പനകൾ അനുസരിച്ചുകൊണ്ടും

തൻെറ പുതിയ ജനത്തിൽ ഉൾപ്പെടുവാൻ എന്നെ വിളിച്ചതിനു ഞാൻ ദൈവത്തോടു നന്ദി പറയും.

താഴെക്കാണുംവിധം പഴയ ഉടമ്പടിയും പുതിയ ഉടമ്പടിയും തമ്മിൽ താരതമ്യപ്പെടുത്തുക:

| പഴയ ഉടമ്പടി | പുതിയ ഉടമ്പടി |
|---|---|
| 1. മോശയായിരുന്നു മദ്ധ്യസ്ഥൻ. | 1 .................... .................... |
| 2. തിരഞ്ഞെടുക്കപ്പെട്ട ജനം ദൈവത്തിൻെറ നിയമം അനുസരിക്കാമെന്നു സമ്മതിച്ചു. | 2 .................... .................... .................... .................... |
| 3. പഴയ ഉടമ്പടി ഒരു ബലിയുടെ രക്തം കൊണ്ടു മുദ്രവയ്ക്കപ്പെട്ടു. | 3 .................... .................... .................... |
| 4. പഴയ ഉടമ്പടി ഇസ്രായേൽക്കാരെ ഒരു പരിശുദ്ധ ജനതയാക്കി ഉയർത്തി. | 4 .................... .................... .................... .................... |
| 5. തിരഞ്ഞെടുക്കപ്പെട്ട ജനത്തോടുകൂടെ ദൈവം ഒരു പേടകത്തിൽ വസിച്ചു. | 5 .................... .................... .................... .................... |

# 10

## യഹോവയുടെ ജനം

ദൈവം മോശയെ മലയുടെ മുകളിലേക്കു വിളിച്ചു. അവിടെ നാല്പതു രാവും പകലും മോശ ദൈവത്തോടൊന്നിച്ചു വസിച്ചു. ആ അവസരത്തിൽ ജനങ്ങൾ അക്ഷമരായിത്തീർന്നു.



മോശ മലയിൽനിന്നു് ഇറങ്ങിവരാൻ താമസിക്കുന്നതു കണ്ട ജനങ്ങൾ അഹറോൻെറ ചുററും കൂടി അവനോടു പറഞ്ഞു: ''നീ എഴുന്നേററു ഞങ്ങളെ നയിക്കുന്നതിനു ദേവന്മാരെ നിർമ്മിക്കുക; എന്തുകൊണ്ടെന്നാൽ, ഈജിപ്തിൽനിന്നു ഞങ്ങളെ കൊണ്ടുവന്ന മോശയ്ക്കു് എന്തു സംഭവിച്ചുവെന്നറിഞ്ഞുകൂടാ.....'' അഹറോൻെറ ആജ്ഞയനുസരിച്ചു ജനങ്ങൾ കർണ്ണാഭരണങ്ങൾ അദ്ദേഹത്തിൻെറ അടുക്കൽ കൊണ്ടുവന്നു. അവൻ അവ വാങ്ങി വാർപ്പുപണിക്കാരൻ ചെയ്യുന്നതുപോലെ ഒരു കാളക്കിടാവിനെ വാർത്തുണ്ടാക്കി. അതു കണ്ടപ്പോൾ അവർ പറഞ്ഞു: ''ഇസ്രായേൽ സന്തതികളേ, ഇതാ നിങ്ങളെ ഈജിപ്തിൽനിന്നു രക്ഷപ്പെടുത്തിയ നിങ്ങളുടെ ദേവൻ.''

കർത്താവു മോശയോടരുളംചെയ്തു: ''നീ ഇറങ്ങിച്ചെല്ലുക. നീ ഈജിപ്തിൽനിന്നുകൊണ്ടുവന്ന നിൻെറ ജനം പാപംചെയ്തു. നീ അവക്കു കാണിച്ചുകൊടുത്ത മാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചു. അവർ സ്വർണ്ണംകൊണ്ടു് ഒരു കാളക്കിടാവിനെ വാർത്തുണ്ടാക്കി അതിനെ ഇപ്പോഠം ആരാധിക്കുകയാണു്.................

''...ദൈവകല്പനകഠം എഴുതിയിരുന്ന രണ്ടു പലകകഠം വഹിച്ചുകൊണ്ടു മോശ പർവ്വതത്തിൽനിന്നു് ഇറങ്ങിവന്നു.

''കൂടാരത്തെ സമീപിച്ചപ്പോഠം മോശ കാളക്കുട്ടിയേയും അവിടെ ജനങ്ങഠം നടത്തുന്ന നൃത്തവും കണ്ടു് അത്യധികം കോപിച്ചു് കൈയിലിരുന്ന പലകകഠം മലയുടെ അടിവാരത്തുവച്ചു വലിച്ചെറിഞ്ഞു തകർത്തുകളഞ്ഞു. അവർ ഉണ്ടാക്കിയ കാളക്കുട്ടിയെ എടുത്തു തീയിലിട്ടു ചുട്ടു.''

അടുത്ത ദിവസം മോശ ജനങ്ങളോടു പറഞ്ഞു: ''നിങ്ങഠം ഒരു മഹാപാപം ചെയ്തിരിക്കുന്നു. ഞാൻ കർത്താവിൻെറ പക്കൽ പോകാം. ഒരുപക്ഷേ, നിങ്ങളുടെ പാപങ്ങഠംക്കു കർത്താവിൽനിന്നു മാപ്പുവാങ്ങിക്കുവാൻ എനിക്കു സാധിച്ചേക്കും.''

അനന്തരം അദ്ദേഹം കർത്താവിൻെറ പക്കൽ തിരികെച്ചെന്നു പറഞ്ഞു: ''ഈ ജനങ്ങഠം ഒരു മഹാപാപം ചെയ്തുപോയി. അവർ തങ്ങഠംക്കുവേണ്ടി സ്വർണ്ണംകൊണ്ടു ദേവന്മാരെയുണ്ടാക്കി. ഒന്നുകിൽ ഈ പാപം അവരോടു ക്ഷമിക്കുക; അല്ലെങ്കിൽ, നീ എഴുതിയിരിക്കുന്ന പുസ്തകത്തിൽനിന്നു് എൻെറ പേർ മായിച്ചുകളയുക.''

കർത്താവു് അവനോടു് അരുളംചെയ്തു: ''എനിക്കെതിരായി പാപംചെയ്തവൻെറ പേരു് എൻെറ പുസ്തകത്തിൽനിന്നു മായ്ച്ചുകളയും. ഇപ്പോഠം പോയി ഞാൻ നിന്നോടു പറഞ്ഞ സ്ഥലത്തേയ്ക്കു് ഈ ജനങ്ങളെ നയിക്കുക. എൻെറ ദൂതൻ നിൻെറ മുമ്പിൽ നടക്കും. എന്നാൽ, പ്രതികാരദിവസം അവരുടെ പാപത്തെപ്പററിയും ഞാൻ കണക്കു ചോദിക്കും.'' (പുറപ്പാടു് 32 : 1–34)

അനന്തരം കർത്താവു മോശയോടരുളംചെയ്തു: ''മുമ്പിലത്തെപ്പോലെയുള്ള രണ്ടു കല്ലലക നീ വെട്ടിയെടുക്കുക. നീ തകർത്തുകളഞ്ഞ പലകകളിലുണ്ടായിരുന്ന വാക്കുകഠം ഞാൻ അവയിൽ എഴുതിത്തരാം..............''കർത്താവു് അവൻെറ മുമ്പിലൂടെ കടന്നുപോയപ്പോഠം അവിടുന്നു് ഇങ്ങനെ ഉൽഘോഷിച്ചു: ''കർത്താവു്, ദൈവമായ കർത്താവു്, കരുണയും കൃപയുമുള്ളവൻ; ക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവൻ.'' (പുറപ്പാടു് 34 : 1–6)

ദൈവത്തോടു വിശ്വസ്തരായിരുന്നുകൊള്ളാമെന്ന വാഗ്ദാനം ഇസ്രായേൽക്കാർ പലപ്പോഴും പാലിച്ചില്ല. അവിടുത്തെ കല്പനകഠം

നിരാകരിച്ചുകൊണ്ട് അവർ ദൈവവുമായുള്ള കരാർ ലംഘിച്ചു. അവരുടെ നന്മയെക്കരുതി ദൈവത്തിനവരെ ചിലപ്പോഴെല്ലാം ശിക്ഷിക്കേണ്ടതായിവന്നു.

അനേകവത്സരങ്ങൾ മരുഭൂമിയിലൂടെ യാത്രചെയ്ത് അവർ വാഗ്ദാനത്തിന്റെ നാടായ കാനാൻ ദേശത്തിനടുത്തെത്തി. (ആ നാടു കൈവശപ്പെടുത്താൻ ദൈവം ഇസ്രായേൽ ജനത്തെ സഹായിക്കും. പക്ഷേ, അതിനു് അവരും തങ്ങൾക്കു ചെയ്യാനുള്ളതു ചെയ്യണം.) കർത്താവു മോശയോടരുൾചെയ്തു: ''ഞാൻ ഇസ്രായേലിന്നു നൽകാൻ പോകുന്ന കാനാൻദേശം പരിശോധിക്കുവാനായി ഓരോ ഗോത്രത്തിൽനിന്നു് ഓരോ നായകനെ അയയ്ക്കുക..........''

ദേശംകാണാൻ പോയവർ എല്ലാ സ്ഥലങ്ങളും ചുററി നടന്നു കണ്ടു് നാല്പതുദിവസം കഴിഞ്ഞു മടങ്ങിയെത്തി, വിവരങ്ങളെല്ലാം പറയുകയും, ആ രാജ്യത്തിലെ ഫലങ്ങൾ കാണിച്ചുകൊടുക്കുകയും ചെയ്തു. അവർ മോശയോടു പറഞ്ഞു: ''താങ്കൾ ഞങ്ങളെ പറഞ്ഞുവിട്ട സ്ഥലത്തേയ്ക്കു് ഞങ്ങൾ പോയി. ഈ ഫലങ്ങൾകൊണ്ടു് മനസ്സിലാക്കാവുന്നതുപോലെ, ആ സ്ഥലം തേനും പാലും ഒഴുകുന്ന ഒരു പ്രദേശംതന്നെ. അവിടത്തെ നിവാസികൾ അതിപ്രബലരാണു്. പട്ടണങ്ങൾ ഉറപ്പുള്ളതും കോട്ടകളാൽ ചുററപ്പെട്ടതുമാണു്..............''

ഇസ്രായേൽ ജനങ്ങൾ എല്ലാവരും മോശയ്ക്കും അഹറോനുമെതിരായി പിറുപിറുത്തുകൊണ്ടു് ഇങ്ങനെ പറഞ്ഞു: ''ഈജിപ്തിൽവച്ചു ഞങ്ങൾ മരിച്ചിരുന്നെങ്കിൽ, അല്ലെങ്കിൽ ഈ മരുഭൂമിയിൽത്തന്നെ കിടന്നു ഞങ്ങൾ മരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു!....'' അനന്തരം അവർ പരസ്പരം ഇങ്ങനെ പറഞ്ഞു: ''നമുക്കു് ഒരു നായകനെ നിശ്ചയിച്ചു് ഈജിപ്തിലേയ്ക്കു മടങ്ങാം.''

(സംഖ്യ 13:1–32, 14:2–4)

ജോഷ്വായും കാലെബും പറഞ്ഞു: ''കർത്താവിനോടു നിങ്ങൾ മത്സരിക്കരുതു്. ആ രാജ്യത്തെ ജനങ്ങളെ നിങ്ങൾ ഭയപ്പെടുകയുമരുതു്..........അവർക്കു സഹായമാർഗ്ഗങ്ങളൊന്നുമില്ല. കർത്താവു നമ്മോടുകൂടെയുണ്ടു്. നിങ്ങൾ ഭയപ്പെടേണ്ടാ.''

ജനം മുഴുവൻ അവർക്കെതിരായി മുറവിളി കൂട്ടി, അവരെ കല്ലെറിയാൻ ഭാവിച്ചു. അപ്പോൾ കർത്താവിന്റെ തേജസ്സ് സമ്മേളനകൂടാരത്തിൽ ഇസ്രായേൽ ജനങ്ങൾ സകലർക്കും പ്രത്യക്ഷമായി. കർത്താവു് മോശയോടരുൾചെയ്തു: ''ഈ ജനം എത്രനാൾ എന്നെ ഇങ്ങനെ അപലപിക്കും?. ഞാൻ അവരുടെ മുമ്പാകെ എത്രയെത്ര അത്ഭുതങ്ങൾ ചെയ്തു? എത്രനാൾ അവരെന്നെ ഇപ്രകാരം അവിശ്വസിക്കും?'' (സംഖ്യ 14:9–11)

ഇസ്രായേൽക്കാരെ രക്ഷിക്കുവാൻ മോശ കർത്താവിനോടു പ്രാർത്ഥിച്ചു. കർത്താവു പറഞ്ഞു: ''നിന്റെ അപേക്ഷയനുസരിച്ചു ഞാൻ ക്ഷമിക്കുന്നു.'' (സംഖ്യ 14:20)

ഏതായാലും അവിശ്വസ്തരായ ഇസ്രായേൽക്കാർക്കു് വാഗ്ദാനത്തിന്റെ നാട്ടിൽ പ്രവേശിക്കുവാൻ സാധിച്ചില്ല. മരണംവരെ അവർക്കു് മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞു നടക്കേണ്ടിവന്നു.

ദൈവം പറഞ്ഞു: ''ദേശപരിശോധനയ്ക്കെടുത്ത നാല്പതു ദിവസത്തിന്റെ എണ്ണമനുസരിച്ചു് ഒരു ദിവസത്തിൽ ഒരു സംവത്സരം വീതം, നാല്പതു സംവത്സരം നിങ്ങളുടെ അകൃത്യങ്ങളുടെ ഭാരം നിങ്ങൾ വഹിക്കും. ഇങ്ങനെ എന്റെ അപ്രീതിയെന്തെന്നു നിങ്ങൾക്കു മനസ്സിലാകും. കൂട്ടംകൂട്ടമായി എന്നോടെതിർത്ത ഈ ദുഷ്ടജനത്തോടു്, ഞാൻ പറഞ്ഞിട്ടുള്ളതുപോലെതന്നെ ചെയ്യും. ഈ മരുഭൂമിയിൽ അവർ ക്ഷീണിച്ചു വീഴും; മരിക്കും.'' ദേശപരിശോധനയ്ക്കു മോശ അയച്ചവരും..............മോശയ്ക്കെതിരായി ജനക്കൂട്ടം പിറുപിറുക്കുവാൻ ഇടയാക്കിയവരും, കർത്താവിന്റെ താഡനമേറ്റു മരിച്ചുതുടങ്ങി. (സംഖ്യ 14:34–36)

ശിക്ഷിക്കുമ്പോഴും ദൈവം കരുണയുള്ളവനായിരുന്നു. പഠിപ്പിക്കുവാനും തിരുത്തുവാനും അനുഗ്രഹങ്ങൾ സ്വീകരിക്കുന്നതിനു് ഒരുക്കുവാനുമായിട്ടാണു് അവിടുന്നു് ശിക്ഷകൾ നൽകിയതു്.

### ഓർമ്മിക്കാൻ

1. മോശ സീനാമലയിൽ ആയിരുന്നപ്പോൾ ഇസ്രായേൽക്കാർ ദൈവത്തിനെതിരായി എന്തു പ്രവർത്തിച്ചു?
2. മോശവഴി ദൈവം ജനങ്ങൾക്കു കൊടുത്ത വലിയ പ്രമാണം എന്താണു്?
3. ദൈവവുമായി ചെയ്ത ഉടമ്പടിയിൽ ഇസ്രായേൽക്കാർ എന്നും വിശ്വസ്തരായിരുന്നുവോ?
4. തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തോടു ദൈവം അവരുടെ യാത്രയിൽ കരുണകാണിച്ചതെങ്ങനെ?

### ഒരു സങ്കീർത്തനം

കർത്താവിന്റെ നിയമം അനുസരിച്ചു് നിഷ്ക്കളങ്കമായ മാർഗ്ഗത്തിൽ നടക്കുന്നവർ ഭാഗ്യവാന്മാർ!

പൂർണ്ണഹൃദയത്തോടെ കർത്താവിനെ അന്വേഷിക്കുന്നവരും അവിടുത്തെ ആജ്ഞകൾ പാലിക്കുന്നവരും ഭാഗ്യവാന്മാർ. അവർ അനീതി പ്രവർത്തിക്കുന്നില്ല. അവിടുത്തെ മാർഗ്ഗത്തിൽത്തന്നെ അവർ നടക്കുന്നു. എന്റെ പൂർണ്ണഹൃദയത്തോടെ ഞാൻ അങ്ങയെ അന്വേഷിക്കുന്നു. അങ്ങയുടെ കല്പനകളിൽനിന്നു് അകലാൻ അങ്ങു് എന്നെ അനുവദിക്കരുതേ!'' (സങ്കീ. 118:1–3,10)

## പ്രവർത്തിക്കാൻ

ലേവ്യരുടെ പുസ്തകം 19–ാം അദ്ധ്യായത്തിൽനിന്നു് എടുത്തിരിക്കുന്ന ഈ വാചകങ്ങൾ ശ്രദ്ധിച്ചു വായിക്കുക. ഓരോ വാചകത്തിനും അടിയിൽക്കൊടുത്തിരിക്കുന്ന വരിയിൽ അതിനെസ്സംബന്ധിക്കുന്ന കർത്താവിന്റെ കല്പന എഴുതുക.

1. നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തുകൊണ്ടെന്നാൽ, ഞാൻ, നിങ്ങളുടെ ദൈവമായ കർത്താവു്, പരിശുദ്ധനാകുന്നു.

______________________________

2. എന്റെ നാമത്തിൽ നീ കള്ളയാണയിടരുതു്. ദൈവത്തിന്റെ നാമം അശുദ്ധമാക്കുകയുമരുതു്. ഞാൻ നിന്റെ കർത്താവാകുന്നു.

______________________________

3. നീ വ്യാജം പറയരുതു്. ഏഷണി പറയരുതു്.

______________________________

4. നിന്റെ സഹോദരനെ ഹൃദയംകൊണ്ടു നീ വെറുക്കരുതു്. നീ പ്രതികാരം ചെയ്യരുതു്.

______________________________

5. തലനരച്ചവന്റെ മുമ്പിൽ നീ എഴുന്നേൽക്കുകയും വൃദ്ധനെ ബഹുമാനിക്കുകയും ചെയ്യുക.

______________________________

6. നിന്റെ മാതാവിനേയും പിതാവിനേയും ബഹുമാനിക്കുക.


______________________________

7. യാതൊരുവനും തന്റെ അയൽക്കാരനെ ചതിക്കരുത്.

8. ജനങ്ങളുടെ ഇടയിൽ നീ അപ്വാദങ്ങൾ പറഞ്ഞുപരത്ത രുത്.

9. നിങ്ങൾ എന്റെ സാബത്തുദിവസം ആചരിക്കുകയും വിശുദ്ധസ്ഥലത്തെ ബഹുമാനിക്കുകയും ചെയ്യുവിൻ.

10. ചെകിടനെതിരായി ശാപമുച്ചരിക്കയോ കുരുടന്റെ മുമ്പിൽ പ്രതിബന്ധം വയ്ക്കുകയോ ചെയ്യരുത്.



# 11

## ദൈവം കാനാൻദേശം നൽകുന്നു

യഹോവയുടെ കല്പനകൾ വിശ്വസ്തതയോടെ പാലിച്ച ധീരനായ ഒരു മനുഷ്യനാണ് ജോഷ്വാ. മോശയ്ക്കു പിൻഗാമിയായി ഇസ്രായേൽക്കാരെ വാഗ്ദാനം ചെയ്യപ്പെട്ട നാട്ടിലേയ്ക്കു നയിക്കുവാൻ ദൈവം ജോഷ്വായെയാണ് തിരഞ്ഞെടുത്തത്. ഇത് ഏതാണ്ട 1250 ബി. സി. യിൽ ആയിരുന്നു. എല്ലാ ഗോത്രക്കാരുടേയും മുമ്പിൽ വച്ച് ജോഷ്വായെ വിളിച്ച് മോശ പറഞ്ഞു: ''നീ ധീരനും അചഞ്ചലനുമായിരിക്കുക; എന്തുകൊണ്ടെന്നാൽ, ഈ ജനങ്ങളുടെ പിതാക്കന്മാരോട കർത്താവ് വാഗ്ദാനം ചെയ്തിട്ടുള്ള ദേശത്തേയ്ക്കു് അവരെ നീ നയിക്കുകയും ആ ദേശം അവർക്ക് നറുക്കിട്ടു വിഭജിച്ചുകൊടുക്കുകയും വേണം........... '' മോശ തൻെറ കൈകൾ നൂനിൻെറ പുത്രനായ ജോഷ്വായുടെ തലയിൽവച്ച് അനുഗ്രഹിച്ചതുകൊണ്ടു് അദ്ദേഹം ജ്ഞാനാത്മാവിനാൽ പൂരിതനായി ത്തീർന്നു. ഇസ്രായേൽമക്കൾ അദ്ദേഹത്തെ അനുസരിക്കുകയും



കർത്താവ് മോശയോട് കല്പിച്ചിരുന്നതുപോലെ അവർ പ്രവർത്തിക്കുകയും ചെയ്തു. (ആവർത്തനം 31:7; 34–9)

യോർദ്ദാൻനദി കടക്കുന്നതോടെയാണ് കാനാൻദേശത്തിന്റെ കൈവശപ്പെടുത്തൽ തുടങ്ങുന്നതു്.

ജോഷ്വാ ഇസ്രായേൽജനങ്ങളോടു പറഞ്ഞു: ''ഇവിടെവന്ന് നിങ്ങളുടെ ദൈവമായ കർത്താവിന്റെ വചനം ശ്രദ്ധിക്കുവിൻ. ജീവനുള്ള ദൈവമായ കർത്താവ് നിങ്ങളുടെ മദ്ധ്യേ ഉണ്ടെന്ന് ഇതുവഴി നിങ്ങൾ ഗ്രഹിക്കും.......ലോകം മുഴുവൻേറയും നാഥനായിരിക്കുന്നവന്റെ വാഗ്ദത്തപേടകം നിങ്ങളുടെ മുൻപേ യോർദ്ദാനിലേയ്ക്കു പോകുന്നതുകണ്ടാലും......ഭൂമിയുടെ മുഴുവൻ ദൈവമായ കർത്താവിന്റെ പേടകം വഹിക്കുന്ന പുരോഹിതന്മാരുടെ ഉള്ളംകാൽ യോർദ്ദാനിലെ ജലത്തിൽ സ്പർശിക്കുമ്പോൾ താഴെയുള്ള വെള്ളം മുഴുവനും താഴോട്ട് ഒഴുകിപ്പോകും. മുകളിൽനിന്നുവരുന്ന ജലം ഒരു ചിറപോലെ കെട്ടി നിൽക്കുകയും ചെയ്യും....'' കർത്താവിന്റെ വാഗ്ദത്തപേടകം വഹിച്ചിരുന്ന പുരോഹിതന്മാർ യോർദ്ദാന്റെ മദ്ധ്യത്തിലുള്ള വരണ്ട നിലത്തു ധൈര്യപൂർവ്വം ഉറച്ചുനിന്നു. വററിപ്പോയ ആ നദിയുടെ അടിത്തട്ടിലൂടെ നടന്ന് ജനങ്ങളെല്ലാം മറുകരയിലെത്തി.''

(ജോഷ്വാ 3:9–17)

നദി കടന്നതിനുശേഷം ജോഷ്വാ ഇസ്രായേൽക്കാരെ ജെറീക്കോ നഗരത്തിലേയ്ക്കാനയിച്ചു. ആ നഗരത്തിനു ചുററും ഉയരത്തിലുള്ള കോട്ടകൾ ഉണ്ടായിരുന്നു. ജനങ്ങൾ അകത്തല്ലേ? ഇസ്രായേൽക്കാർ എങ്ങനെ അവരോടു യുദ്ധം ചെയ്യും? അത്ഭുതകരമായ വിധത്തിൽ ദൈവം അതിനവരെ സഹായിച്ചു. കർത്താവ് ജോഷ്വായോടരുൾചെയ്തു: ''കണ്ടാലും ജെറീക്കോ പട്ടണത്തേയും അവിടത്തെ രാജാവിനേയും യുദ്ധവീരന്മാരേയും നിന്റെ കൈകളിൽ ഏല്പിച്ചിരിക്കുന്നു. നിങ്ങളുടെ യോദ്ധാക്കൾ ദിവസത്തിലൊരിക്കൽ പട്ടണത്തിനു ചുററും സഞ്ചരിക്കണം. ഇങ്ങനെ ആറുദിവസം സഞ്ചരിച്ച് ഏഴാംദിവസം ഏഴു കാഹളമെടുത്തുകൊണ്ട് പുരോഹിതന്മാർ വാഗ്ദത്തപേടകത്തിന്റെ മുമ്പേ നടക്കണം. നിങ്ങൾ ഏഴുപ്രാവശ്യം പട്ടണത്തിനു ചുററും പോകണം. പുരോഹിതന്മാർ കാഹളം മുഴക്കുകയും വേണം. ഇടവിട്ട നീണ്ട കാഹളധ്വനി നിങ്ങളുടെ കർണ്ണങ്ങളിൽ പ്രതിധ്വനിക്കുമ്പോൾ എല്ലാവരും കഴിയുന്നത്ര ഉച്ചത്തിൽ അട്ടഹസിക്കണം. അപ്പോൾ പട്ടണത്തിന്റെ കോട്ടകൾ നിലംപതിക്കും. ഉടനെ എല്ലാവരും തങ്ങൾ നിൽക്കുന്ന സ്ഥലത്തുനിന്നു നേരെ മുമ്പോട്ടു പ്രവേശിക്കണം'' (ജോഷ്വാ 6:2–5).

മേൽപ്പറഞ്ഞവിധം കാനാൻദേശം അവർ കൈക്കലാക്കി. വാഗ്ദാനത്തിന്റെ ആ നാട് ജോഷ്വാ പന്ത്രണ്ടു ഗോത്രക്കാർക്കായി

പങ്കിട്ടുകൊടുത്തു. ഉടമ്പടിയുടെ പേടകം 'സിലോ'യിൽ സ്ഥാപിച്ചു. അവിടെയാണ് ഇസ്രായേൽജനം ദൈവാരാധനയ്ക്കു സമ്മേളിച്ചതു്.

മരിക്കുന്നതിനുമുമ്പ് ജോഷ്വാ ദൈവത്തിന്റെ നന്മയെപ്പററി ജനങ്ങളെ ഓർമ്മിപ്പിച്ചു. അവിടുത്തെ ഉപേക്ഷിക്കരുതെന്നു് അവക്ക് മുന്നറിവു നൽകുകയും ചെയ്തു. അവൻ അവരെക്കൊണ്ടു് ഉടമ്പടി പുതുക്കിച്ചു. ജോഷ്വാ ജനങ്ങളോടു പറഞ്ഞു: ''നിങ്ങൾക്കു വേണ്ടി കർത്താവു് ഇത്രയേറെ നന്മകൾ ചെയ്തിട്ടും നിങ്ങൾ അങ്ങയെ ഉപേക്ഷിച്ചു് അന്യദേവന്മാരെ സേവിച്ചാൽ അവിടുന്നു് നിങ്ങളുടെ മേൽ തിന്മവരുത്തി നിങ്ങളെ നശിപ്പിക്കും.....'' ജനങ്ങൾ ജോഷ്വായോടു് ഉറപ്പിച്ചു പറഞ്ഞു: ''ഞങ്ങളുടെ ദൈവമായ കർത്താവിനെ ഞങ്ങൾ സേവിക്കും. അവിടുത്തെ കല്പനകൾ ഞങ്ങൾ അനുസരിക്കും.'' (ജോഷ്വാ 24:20–24)

ജോഷ്വാ മരിച്ചു. കാനാൻദേശം പിടിച്ചെടുക്കുന്നതിൽ അയാളെ സഹായിച്ച മററുള്ളവരും മരിച്ചുപോയി. ഇസ്രായേൽക്കാരുടെ ഒരു പുതിയ ജനത കാനാൻദേശത്തു വളർന്നുവന്നു.

ആ തലമുറ മുഴുവനും പിതാക്കന്മാരോടു ചേരുകയും, കർത്താവിനേയും അവിടുന്നു് ഇസ്രായേലിനുവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങളേയും അറിയാത്ത വേറൊരു തലമുറ വളർന്നുവരുകയും ചെയ്തു...... ഈജിപ്തിൽനിന്നു് തങ്ങളെ ആനയിച്ചവനും തങ്ങളുടെ പിതാക്കന്മാരുടെ ദൈവവുമായ കർത്താവിനെ ഉപേക്ഷിച്ചു് അവർ അന്യദേവന്മാരെ അനുഗമിച്ചു. (ന്യായാധിപന്മാർ 2:10–12)

താനാണു് സത്യമായ ദൈവം എന്നു് ദൈവം അവരെ ഓർമ്മപ്പെടുത്തി. അവരുടെ വിശ്വാസക്കുറവിനെ അവിടുന്നു ശാസിച്ചു.

''ഇസ്രായേലിനെതിരായി കോപിച്ച കർത്താവു് അവരെ കവർച്ചക്കാരുടെ കയ്യിൽ ഏല്പിച്ചുകൊടുത്തു. കവർച്ചക്കാർ ചുററും താമസിച്ചിരുന്ന ശത്രുക്കൾക്കു് അവരെ വിററു. ശത്രുക്കളോടു് എതിർത്തു നിൽക്കുവാൻ അവക്ക് കഴിഞ്ഞില്ല. അവർ പോയസ്ഥലങ്ങളിലെല്ലാം കർത്താവു് ശപഥപൂർവ്വം അറിയിച്ചിരുന്നതുപോലെ അവിടുത്തെ കരം അവക്കെതിരായി നിന്നു. അവർ വളരെയധികം കഷ്ടതകൾ അനുഭവിച്ചു.'' (ന്യായാധിപന്മാർ 2:14–15)

വീണ്ടും വീണ്ടും അവർ പാപംചെയ്തു. പിന്നീടവർ പശ്ചാത്തപിച്ചു. സഹായത്തിനുവേണ്ടി അവർ ദൈവത്തോടിരന്നപ്പോൾ അവരെ രക്ഷിക്കുവാൻ ന്യായാധിപന്മാർ എന്നറിയപ്പെടുന്ന പ്രത്യേക നേതാക്കന്മാരെ കൊടുത്തുകൊണ്ടു് ദൈവം അവരുടെ പ്രാർത്ഥന കേട്ടു. കർത്താവു് ന്യായാധിപന്മാരെ നിയോഗിച്ചിരുന്നപ്പോൾ അവ

രോടുകൂടെനിന്നു് കാരുണ്യം പ്രത്യക്ഷമാക്കിയിരുന്നു. തങ്ങളുടെ പീഡനവേളയിൽ അവർ വിലപിച്ചപ്പോഠം കർത്താവു് അവരോടു് അനുകമ്പ കാണിച്ചിരുന്നു. എന്നാൽ, ന്യായാധിപന്മാരുടെ മരണത്തിനുശേഷം അവർ പിൻതിരിഞ്ഞു് അന്യദേവന്മാരെ സേവിക്കുകയും ആരാധിക്കുകയും ചെയ്തുകൊണ്ടു് അവരുടെ പിതാക്കന്മാർ ചെയ്തിരുന്നതിനെക്കാഠം കൂടുതൽ നികൃഷ്ടകൃത്യങ്ങഠംചെയ്തു. അവക്കു് സഹജമായിരുന്ന ദുശ്ശാഠ്യങ്ങളും വഷളത്തങ്ങളും അവർ പരിത്യജിച്ചുമില്ല.'' (ന്യായാധിപന്മാർ 2:18–19)

ബുദ്ധിമുട്ടുള്ള കേസുകഠം തീരുമാനിക്കുന്ന നിയമപണ്ഡിതന്മാരല്ലായിരുന്നു ഇസ്രായേലിലെ ന്യായാധിപന്മാർ. ഇസ്രായേൽക്കാരെ തങ്ങളുടെ ശത്രുക്കളിൽനിന്നു സ്വാതന്ത്ര്യരാക്കുന്നതിനു സഹായിക്കുവാൻ കരുത്തും ശക്തിയുമുള്ള ദേശീയനേതാക്കളായിരുന്നു അവർ. യഹോവ തങ്ങളുടെ കൂടെയുണ്ടു് എന്നു് ജനങ്ങഠംക്കു് ഉറപ്പുകൊടുക്കുവാൻപോരുന്ന ബുദ്ധിയും അനുഗ്രഹവും അവക്കു് നൽകപ്പെട്ടിരുന്നു. ദെബോറ, ഗെദയോൻ, സാംസൺ, സാമുവൽ ഇവരാണു പ്രസിദ്ധരായ ന്യായാധിപന്മാർ.

ഗെദയോൻെറ കാലത്തെപ്പററി നാം ഇങ്ങനെ വായിക്കുന്നു: ''ഇസ്രായേൽ ജനം വീണ്ടും കർത്താവിൻെറ മുമ്പാകെ തിന്മ പ്രവർത്തിച്ചു. ആകയാൽ ഏഴുകൊല്ലത്തേയ്ക്കു് അവിടുന്നു് അവരെ മെദിയാന്യരുടെ കരങ്ങളിൽ ഏല്പിച്ചു.'' (ന്യായാധിപന്മാർ 6:1)

ജനങ്ങഠം സഹായത്തിനുവേണ്ടി പ്രാർത്ഥിച്ചു. അവരെ രക്ഷിക്കുവാൻ ദൈവം ഗെദയോനെ തിരഞ്ഞെടുത്തു. അക്കാലത്തു കർത്താവിൻെറ ദൂതൻ ഗെദയോനു കാണപ്പെട്ടു പറഞ്ഞു: ''ഏററവും ധീരനായ മനുഷ്യാ, കർത്താവു് നിന്നോടുകൂടെയുണ്ടു്.''

''പ്രഭോ'', ഗെദയോൻ പറഞ്ഞു: ''കർത്താവു് ഞങ്ങളോടുകൂടെയുണ്ടെങ്കിൽ ഞങ്ങഠംക്കു് ഈ കഷ്ടതകഠം വന്നുകൂടിയതെങ്ങനെ? അങ്ങു ചെയ്തതായി ഞങ്ങളുടെ പിതാക്കന്മാർ വർണ്ണിക്കുന്ന അത്ഭുതങ്ങഠം ഇപ്പോഠം എവിടെ? ഇപ്പോഠം കർത്താവു് ഞങ്ങളെ പരിത്യജിക്കുകയും മെദിയാന്യരുടെ കയ്യിൽ ഞങ്ങളെ ഏല്പിയ്ക്കുകയും ചെയ്തിരിക്കുന്നുവല്ലോ.'' അപ്പോഠം കർത്താവു് അവൻെറ നേരെ തിരിഞ്ഞു് അരുഠംചെയ്തു: ''നിൻെറ ശക്തിയോടുകൂടെ നീ പുറപ്പെടുക. മെദിയാന്യരുടെ കരങ്ങളിൽനിന്നു് ഇസ്രായേലിനെ മോചിപ്പിക്കും. ഞാനാണു നിന്നെ അയയ്ക്കുന്നതെന്നു നീ മനസ്സിലാക്കുക.'' ''കർത്താവേ, ഞാൻ എങ്ങനെ ഇസ്രായേലിനെ രക്ഷിക്കും?'' ''ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും''—കർത്താവു് അവനോടു് അരുഠം ചെയ്തു. (ന്യായാധിപന്മാർ 6:12–16)

ഗെദയോൻ കള്ളദേവന്മാരുടെ അറംത്താരകാം അടിച്ചുടച്ചു. ദൈവത്തിൻെറ കല്പനപ്രകാരം തൻെറ പട്ടാളങ്ങളുടെ എണ്ണം അയാ ാം മുന്നൂറായി കുറച്ചു. ''അനന്തരം, ആ മുന്നൂറുപേരെ അദ്ദേഹം മൂന്നായി വിഭജിച്ചു. അവരുടെ കൈയിൽ കാഹളങ്ങളും ഒഴിഞ്ഞ കുടങ്ങളും കുടങ്ങളുടെ അകത്തു പന്തവും അയാാം ഏല്പിച്ചു കൊടുത്തു. പിന്നീട്ട് അദ്ദേഹം അവരോടു പറഞ്ഞു: ''ഞാൻ ചെയ്യുന്നതു നോക്കി നിങ്ങളും ചെയ്യണം.'' കൂടാരങ്ങളുടെ ചുററും മൂന്നു സ്ഥലത്തു് അവർ കാഹളശബ്ദമുയർത്തുകയും കുടങ്ങാം ഉടയ്ക്കുകയും ചെയ്തു. ഇടത്തു കൈകളിൽ ദീപങ്ങളും വലത്തു കൈകളിൽ മുഴങ്ങുന്ന കാഹളങ്ങളുമായി അവൻ വിളിച്ചു പറഞ്ഞു: 'കർത്താവിനും ഗെദയോനും വേണ്ടി'. ശത്രുക്കളുടെ കൂടാരങ്ങളുടെ ചുററും ഓരോരുത്തനും അവനവൻെറ സ്ഥലത്തുനിന്നുകൊണ്ടാണ് അങ്ങനെ വിളിച്ചു പറഞ്ഞതു്. കൂടാരം മുഴവനും പരിഭ്രാന്തമായി. അവർ നിലവിളിച്ചുകൊണ്ടു വിരണ്ടോടി.'' (ന്യായാധിപന്മാർ 7:16—21)

വീണ്ടും ഇസ്രായേൽക്കാർ ദൈവത്തെ ദ്രോഹിച്ചു. അതിനു ശിക്ഷയായി ദൈവം അവരെ ഫിലിസ്ത്യരുടെ പിടിയിലാക്കി. സഹായത്തിനുവേണ്ടി അവർ ദൈവത്തോടു പ്രാർത്ഥിച്ചു. ഇത്തവണ ദൈവം ശക്തനായ സാംസനെ അവക്കയച്ചുകൊടുത്തു. ഒരു ഫിലിസ്ത്യൻപെണ്ണിൻെറ പ്രേരണയ്ക്കു വശംവദനായിപ്പോയി, സാംസൻ. അവൻ കുരുടനാക്കപ്പെട്ടു. ഒരടിമയുമായി.

ഫിലിസ്ത്യർ ഒരു വിരുന്നിൽവച്ചു് അപഹസിക്കുവാനായി സാംസനെ വരുത്തി. ആ മന്ദിരത്തിൻെറ വലിയൊരു തൂണിന്മേൽ ചാരിനിന്നുകൊണ്ടു സാംസൻ പ്രാത്ഥിച്ചു: ''കർത്താവായ ദൈവമേ, എന്നെ ഓക്കണമേ. എൻെറ രണ്ടു കണ്ണുകളും നശിപ്പിച്ച ശത്രുക്കളോടു പ്രതികാരം ചെയ്യാൻ എൻെറ ദൈവമേ, എനിക്കു് പൂർവ്വശക്തി പ്രദാനം ചെയ്യണമേ.'' എന്നിട്ടു് മന്ദിരം താങ്ങിയിരുന്ന തൂണുകളിൽ ഒന്നിനെ വലത്തുകൈകൊണ്ടും, മറേറതിനെ ഇടത്തു കൈകൊണ്ടും പിടിച്ചു് ശക്തിയായി അവൻ കുലുക്കി. അവിടെ കൂടിയിരുന്ന പ്രമാണികളുടേയും മററു ജനങ്ങളുടേയുംമേൽ ആ മന്ദിരം മറിഞ്ഞുവീണു. തൻെറ ജീവിതത്തിൽ ഇതിനുമുമ്പു് വധിച്ചതിലുമധികംപേരെ തൻെറ മരണവേളയിൽ അയാാം കൊന്നൊടുക്കി.

(ന്യായാധി. 16:28—30)

നമ്മുടെ ജീവിതവും നാം കൂടെക്കൂടെചെയ്യുന്ന പാപങ്ങളും ഇസ്രായേലിൻെറ ചരിത്രം നമ്മെ ഓർമ്മപ്പെടുത്തുന്നു. നമുക്കു് യഥാർത്ഥമനസ്താപം ഉണ്ടാകുമ്പോാം കുമ്പസാരംവഴി ദൈവം നമ്മോടു ക്ഷമിക്കുകയും, വിശുദ്ധ കുർബാനയാൽ അവിടുന്നു നമ്മെ ശക്തരാക്കുകയും ചെയ്യുന്നു.

## ഓർമ്മിക്കാൻ

1. അബ്രാഹത്തോടുചെയ്ത വാഗ്ദാനം ദൈവം നിറവേററിയതെങ്ങനെ?
2. ജോഷ്വായുടെ പ്രവർത്തനങ്ങളിൽ നിന്നു് നാം എന്തു പഠിക്കുന്നു?
3. ആരാണു ന്യായാധിപന്മാർ?
4. ന്യായാധിപന്മാരുടെ പുസ്തകത്തിൽനിന്നു് നാം എന്തു പഠിക്കുന്നു?
5. ആരാണു് ഇസ്രായേൽക്കാരെ കാനാൻദേശത്തു് എത്തിച്ചതു്? ആരാണു് ജോഷ്വായ്ക്കു് പ്രോത്സാഹനം നൽകിയതു്?
6. ഇസ്രായേൽക്കാർ കടന്ന നദി ഏതാണു്?
7. ജനങ്ങളുടെ അവിശ്വസ്തതയ്ക്കു ദൈവം ശിക്ഷ നൽകിയതെങ്ങനെ?
8. ഇസ്രായേൽക്കാരുടെ ചരിത്രവും നമ്മുടെ ജീവിതവും തമ്മിൽ എന്തുണ്ടു താരതമ്യം?

''കർത്താവേ, ഞാൻ അങ്ങയിൽ അഭയം തേടുന്നു. ഞാൻ ഒരു നാളും ലജ്ജിക്കാനിടയാകരുതേ. നീതിമാനായ അങ്ങു് എന്നെ മോചിപ്പിയ്ക്കണമേ. അങ്ങയുടെ ചെവി എന്നിലേയ്ക്കു ചായിക്കണമേ. എന്നെ അതിവേഗം സ്വതന്ത്രനാക്കണമേ. അങ്ങയുടെ കരങ്ങളിൽ എന്നെ ഞാൻ ഏല്പിക്കുന്നു. കർത്താവിൽ പ്രത്യാശയുള്ളവരേ, നിങ്ങൾ ആശ്വസിക്കുവിൻ; ധീരമാനസരായിരിക്കുവിൻ.''

(സങ്കീർത്തനം 30 : 2–25)

## പ്രവർത്തിക്കാൻ

എപ്പോഴും ദൈവത്തിന്റെ സഹായത്തിൽ ആശ്രയിച്ചുകൊണ്ടു് ഞാൻ എന്റെ പ്രവൃത്തികൾ ചെയ്യും. തങ്ങളെത്തന്നെ സഹായിക്കുന്നവരെ ദൈവം സഹായിക്കുന്നു.

ഞാൻ പാപം ചെയ്താൽ മനസ്താപപ്രകരണം ചൊല്ലും.

ഇടയ്ക്കിടെ ഞാൻ എന്റെ പാപങ്ങൾക്കു കുമ്പസാരത്താൽ പൊറുതി പ്രാപിക്കും.

# 12

## ഇസ്രായേലിനു് ഒരു രാജാവു്

കരുണയുള്ള ദൈവം തന്റെ ജനങ്ങളെ സഹായിക്കാൻ ന്യായാധിപന്മാരെ അയച്ചിരുന്നതായി നാം കണ്ടു. സാമുവൽ ആയിരുന്നു അവസാനത്തെ ന്യായാധിപൻ. സാമുവൽ കുട്ടിയായിരുന്നകാലത്തു ഹേലി ആയിരുന്നു പ്രധാന പുരോഹിതൻ. ഹേലിയുടെ കീഴിൽ സാമുവൽ കർത്താവിനെ സേവിച്ചു.



സാമുവൽ ദൈവത്തിന്റെ പേടകം സ്ഥാപിച്ചിരുന്ന കർത്തൃമന്ദിരത്തിൽ അവിടത്തെ ദീപം അണയ്ക്കുന്നതിനുമുമ്പേ കിടന്നുറങ്ങുകയായിരുന്നു. അപ്പോൾ കർത്താവു് അവനെ വിളിച്ചു. ''ഇതാ ഞാൻ,'' എന്നു് അവൻ വിളികേട്ടു. അവൻ ഹേലിയുടെ അടുക്കൽ ഓടിച്ചെന്നു്, ''അങ്ങു് എന്നെ വിളിച്ചല്ലോ. ഇതാ ഞാൻ'' എന്നു പറഞ്ഞു. ''ഞാൻ വിളിച്ചില്ല. പോയി കിടന്നുകൊള്ളുക'' എന്നു ഹേലി മറുപടി നൽകി. അവൻ പോയി കിടന്നുറങ്ങി.

(i രാജാക്കന്മാർ 3: 3—5)

രണ്ടാമതും കർത്താവു് സാമുവലിനെ വിളിച്ചു. അപ്പോഴും അവൻ വിചാരിച്ചു, വിളിച്ചതു് ഹേലിയാണെന്നു്.

മൂന്നാംപ്രാവശ്യം കർത്താവ് സാമുവലിനെ വിളിച്ചു. അവൻ ഉണർന്നെഴുന്നേററു ഹേലിയുടെ അടുക്കലെത്തി. ''ഞാൻ ഇതാ; അങ്ങ് എന്നെ വിളിച്ചല്ലോ'' എന്നവൻ പറഞ്ഞു. കർത്താവ് ആ ബാലനെ വിളിക്കുകയാണെന്നു ഹേലിക്കു മനസ്സിലായി. അവൻ സാമുവലിനോടു പറഞ്ഞു:''നീ പോയി ഉറങ്ങുക. ഇനിയും നിന്നെ വിളിക്കുകയാണെങ്കിൽ, ഇങ്ങനെ പറയണം: 'കർത്താവേ, അങ്ങു സംസാരിക്കുക. അങ്ങയുടെ ദാസൻ ഇതാ ശ്രവിക്കുന്നു.' അനന്തരം, സാമുവൽ സ്വസ്ഥാനത്തു പോയി കിടന്നുറങ്ങി. അപ്പോൾ കർത്താവ് അവിടെ വന്നുനിന്ന് മുൻപിലത്തേതുപോലെ ''സാമുവൽ, സാമുവൽ'' എന്നു വിളിച്ചു. തൽക്ഷണം, സാമുവൽ മറുപടി പറഞ്ഞു: ''കർത്താവേ, അങ്ങു സംസാരിക്കുക. അങ്ങയുടെ ദാസൻ ഇതാ കേൾക്കുന്നു.'' (i രാജാക്കന്മാർ 3: 8–10) *

ഹേലിയുടെ പുത്രന്മാർ കൊള്ളരുതാത്തവരായിരുന്നു. അവരെ ശിക്ഷിക്കാത്തതുകൊണ്ടു കർത്താവ് ഹേലിയിൽ സംതൃപ്തനായിരുന്നില്ല. ഹേലിയെ ശിക്ഷിക്കും എന്നു കർത്താവ് സാമുവലിനോടു പറഞ്ഞു. ഇതു കേട്ടപ്പോൾ ഹേലി പറഞ്ഞു: ''അവിടുന്നു കർത്താവാണ്. തനിക്കു നല്ലതെന്നു തോന്നുന്നത് അവിടുന്നു ചെയ്യട്ടെ.''

സാമുവൽ വളർന്നു. കർത്താവ് അവനോടുകൂടെ ഉണ്ടായിരുന്നു. അവിടുത്തെ വാക്കുകൾ ഒന്നുപോലും നിഷ്ഫലമാകാൻ ഇടവന്നില്ല.

സാമുവൽ കർത്താവിന്റെ വിശ്വസ്ത പ്രവാചകനാണെന്ന് ദാൻ മുതൽ ബെർസബി വരെയുള്ള ഇസ്രായേല്യർ മുഴുവനും ഗ്രഹിച്ചു. (i രാജാ. 3: 18–20)

സാമുവൽ വൃദ്ധനായി. അപ്പോൾ ഇസ്രായേൽക്കാർ അദ്ദേഹത്തോടു പറഞ്ഞു, ഒരു രാജാവിനെ വാഴിച്ചുതരണമെന്ന്. ഒരു നേതാവിന്റെ കീഴിൽ ഒന്നിക്കണമെന്നായിരുന്നു അവരുടെ ആഗ്രഹം. തങ്ങളുടെ ശത്രുക്കളെ തോല്പിക്കാൻ അതുപകരിക്കുമെന്ന് അവർ കരുതി. ''ഞങ്ങളെ ഭരിക്കുവാൻ ഒരു രാജാവിനെ നിശ്ചയിച്ചുതരുക'' എന്ന അവരുടെ അഭ്യർത്ഥന സാമുവലിന് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം കർത്താവിനോടു പ്രാർത്ഥിച്ചു. കർത്താവ് സാമുവലിനോട് അരുൾചെയ്തു: ''ജനങ്ങൾ നിന്നോട് ആവശ്യപ്പെടുന്ന എല്ലാ കാര്യങ്ങളിലും നീ ശ്രദ്ധിക്കുക........അതേസമയം, അവരുടെമേൽ ഭരണം നടത്താനിരിക്കുന്ന രാജാക്കന്മാരുടെ അവകാശങ്ങൾ എന്തൊക്കെയാണെന്നു യുക്തിപൂർവ്വം നീ അവരെ അറിയിക്കുകയും ചെയ്യുക.'' (i രാജാ. 3: 6–9)

---

* ചില വിവർത്തനങ്ങളിൽ ''രാജാക്കന്മാർ'' ഒന്നും രണ്ടും പുസ്തകങ്ങൾ ''സാമുവൽ'' ഒന്നും രണ്ടും പുസ്തകങ്ങളായി വ്യവഹരിക്കപ്പെടുന്നു.

ജനങ്ങളുടെ ആവശ്യം മനസ്സിലാക്കി ദൈവം ഇസ്രായേൽക്കാ ർക്കായി ഒരു രാജാവിനെ തിരഞ്ഞെടുത്തു. സാവൂൾ എന്നായിരുന്നു ഇയാളുടെ പേര്. സാവൂൾ സാമുവലിൻെറ അടുക്കൽ വന്നു. ത ൻെറ നഷ്ടപ്പെട്ട കഴുതകളെ എവിടെത്തേടിയാൽ കിട്ടും എന്നു ചോ ദിക്കുവാൻ വന്നതാണ്.

സാവൂൾ വരുന്നതിനു് ഒരു ദിവസംമുൻപ്, കർത്താവിൽനി ന്നു സാമുവലിനു് ഇപ്രകാരം ഒരു വെളിപാടു ലഭിച്ചിരുന്നു:

''നാളെ ഏകദേശം ഈ നേരത്തു്, ബെഞ്ചമിൻദേശക്കാരനായ ഒരാളെ ഞാൻ നിൻെറ അടുക്കലേക്കയയ്ക്കും. എൻെറ ജനമായ ഇസ്രാ യേലിൻെറ ഭരണകർത്താവായി നീ അവനെ അഭിഷേകം ചെയ്യ ണം. അവൻ എൻെറ ജനത്തെ ഫിലിസ്ത്യരുടെ കയ്യിൽനിന്നു രക്ഷി ക്കും. എൻെറ ജനത്തിൻെറ നിലവിളി എൻെറ അടുക്കൽ എത്തി യിരിക്കുന്നതിനാൽ, ഞാൻ അവനെ കടാക്ഷിച്ചിരിക്കുന്നു. സാമു വൽ സാവൂളിനെ കണ്ടപ്പോൾ, കർത്താവു് അവനോടു് അരുൾ ചെയ്തു: ''ഞാൻ നിന്നോടു പറഞ്ഞിരുന്ന ആൾ ഇതാ. ഈ മനു ഷ്യൻ എൻെറ ജനത്തെ ഭരിക്കും......''

സാമുവൽ ഒരു ചെപ്പു തൈലമെടുത്തു സാവൂളിൻെറ ശിര സ്സിൽ ഒഴിച്ചതിനുശേഷം അയാളെ ചുംബിച്ചുകൊണ്ടു പറഞ്ഞു: ''ക ണ്ടാലും! കർത്താവു് തനിക്കവകാശപ്പെട്ടവരുടെ രാജാവായി നി ന്നെ അഭിഷേകം ചെയ്തിരിക്കുന്നു! ചുററുമുള്ള ശത്രുക്കളുടെ കരങ്ങ ളിൽനിന്നു കർത്താവിൻെറ ജനത്തെ നീ രക്ഷിക്കും. ഇതു കർത്താ വു നിന്നെ രാജാവായി അഭിഷേകംചെയ്തു എന്നതിനു നിനക്കൊരു അടയാളമായിരിക്കും.'' (i രാജാ. 9:15–17, 10:1)

സാമുവൽ സാവൂളിനെ അഭിഷേകം ചെയ്തപ്പോൾ ഒരു പ്ര ത്യേക സേവനത്തിനായി അവനെ ദൈവത്തിനു സമർപ്പിക്കുകയാ യിരുന്നു. ''അഭിഷേകം'' ചെയ്യുക എന്ന വാക്കിനർത്ഥം ദൈവസേ വനത്തിനായി സമർപ്പിക്കുക എന്നാണ്. ദൈവത്തിൻെറ തിര ഞ്ഞെടുക്കപ്പെട്ട ജനത്തെ ഭരിക്കുക എന്ന ദിവ്യമായ കർത്തവ്യം നിർ വ്വഹിക്കുന്നതിനായി സാവൂളിനെ അഭിഷേകംചെയ്തു. ജ്ഞാനസ്നാ നം, സ്ഥൈര്യലേപനം ഈ രണ്ടു കൂദാശകളാൽ നാമും അഭിഷിക്ത രാകുന്നു. അപ്പോൾ ദിവ്യമായൊരു കർത്തവ്യത്തിനു നാം പ്രതി ഷ്ഠിക്കപ്പെടുകയാണ്. അഭിഷിക്തനായ ദൈവമാണ് ക്രിസ്തു. ക്രിസ്തുവിൻെറ അനുയായികൾ എന്ന നിലയിൽ വിശ്വസ്തതയോടെ അവിടുത്തെ സേവിക്കുവാൻ നാം കടപ്പെട്ടവരാണ്.

സാവൂൾ ധീരനായ ഒരു രാജാവായിരുന്നു. അദ്ദേഹം പല യുദ്ധങ്ങളും ജയിച്ചു. പക്ഷേ, അഹംഭാവിയുമായിരുന്നു. ദൈവേഷ്ട

മനുസരിച്ചല്ല തന്നിഷ്ടംപോലെ ഭരിക്കണം എന്നായിരുന്നു അയാളുടെ മോഹം. ദൈവകല്പനകൾ ലംഘിച്ചതിനാൽ സാവൂളിന് ദൈവത്തിൻെറ പ്രീതി നഷ്ടപ്പെട്ടു. അയാളുടെ പാപം കാരണം ദൈവം വേറൊരുവനെ രാജാവാക്കാൻ പോകുന്നു എന്ന വിവരം സാമുവൽ സാവൂളിനെ അറിയിച്ചു.

സാമുവൽ സാവൂളിനോടു പറഞ്ഞു: ''നീ വിവേകരഹിതമായി പ്രവർത്തിച്ചു. നിൻെറ ദൈവമായ കർത്താവു നിനക്കു നൽകിയ കല്പനയനുസരിച്ചു നീ പ്രവർത്തിച്ചിരുന്നെങ്കിൽ കർത്താവു നിൻെറ രാജത്വം എന്നേക്കുമായി സ്ഥാപിക്കുമായിരുന്നു. ഈ പ്രവൃത്തി നിമിത്തം നിൻെറ രാജത്വം നിലനിൽക്കുകയില്ല. കർത്താവിൻെറ കല്പനകൾ നീ അനുസരിക്കായ്കയാൽ തനിക്കു യോജിച്ച ഒരാളെ അവിടുന്നു തിരഞ്ഞെടുത്തിരിക്കുന്നു. തൻെറ ജനത്തിൻെറ നേതാവായിരിക്കുവാൻ അവിടുന്ന് അയാളെ നിയോഗിച്ചുകഴിഞ്ഞു.''

(i രാജാ. 13:13, 14)

സാവൂൾ ഒരിക്കൽ വലിയൊരു കല്പന ലംഘിച്ചുകൊണ്ട് ദൈവകോപത്തിന് ഇരയായി. സാമുവൽവഴി ദൈവം വീണ്ടും അവനോടു സംസാരിച്ചു. ''കർത്താവിൻെറ വചനം നീ തിരസ്കരിച്ചിരിക്കുന്നതിനാൽ, നീ രാജാവായിരിക്കുന്നതിനെ അവിടുന്നു നിരസിച്ചിരിക്കുന്നു.'' (രാജാ. 15:23)

ഒരിടയബാലനായ ദാവീദിനെയാണ് രാജാവാക്കാൻ ദൈവം നിശ്ചയിച്ചത്. കർത്താവ് സാമുവലിനോടു ചോദിച്ചു: ''ഇസ്രായേലിൻെറ രാജപദവിയിൽനിന്ന് ഞാൻ തള്ളിക്കളഞ്ഞ സാവൂളിനെക്കുറിച്ചു നീ എത്രനാൾ വിലപിക്കും? നിൻെറ തൈലപ്പാത്രത്തിൽ എണ്ണ നിറച്ചുകൊണ്ടുവരുക. ഞാൻ നിന്നെ ബെത്‌ലഹംകാരനായ ജെസ്സെയുടെ അടുക്കലേക്കയയ്ക്കാൻ പോവുകയാണ്. അവൻെറ മക്കളിൽ ഒരാളെ രാജാവായി ഞാൻ നിശ്ചയിച്ചിരിക്കുന്നു.''

സാമുവൽ പ്രതിവചിച്ചു: ''ഞാൻ എങ്ങനെ പോകും? സാവൂൾ ഇതു കേട്ടാൽ എന്നെ കൊല്ലുകയില്ലേ?''

അപ്പോൾ കർത്താവ് അരുൾചെയ്തു. ''കാലിക്കൂട്ടത്തിൽനിന്ന് ഒരു കിടാവിനെ നിന്നോടുകൂടെ കൊണ്ടുപോയി, 'കർത്താവിനു ബലിയർപ്പിക്കുവാൻ ഞാൻ വന്നിരിക്കയാണ്'' എന്നു പറയണം. നീ ജെസ്സെയെ ബലിക്കു ക്ഷണിക്കണം. പിന്നീട് എന്തുചെയ്യണമെന്ന് ഞാൻ അറിയിക്കാം. ഞാൻ നിനക്കു നിർദ്ദേശിച്ചുതരുന്നവനെ നീ എനിക്കായി അഭിഷേകം ചെയ്യണം.''

സാമുവൽ കർത്താവു കല്പിച്ചപ്രകാരം പ്രവർത്തിച്ചു........ ജെസ്സെ തൻെറ ഏഴു പുത്രന്മാരേയും സാമുവലിൻെറ സമക്ഷം കൊ

ണ്ടുവന്നു. അദ്ദേഹം ജെസ്സെയോടു പറഞ്ഞു: ''ഇവരിലാരെയും കർത്താവു തിരഞ്ഞെടുത്തിട്ടില്ല.'' അനന്തരം, സാമുവൽ ജെസ്സെയോടു ചോദിച്ചു: ''നിന്റെ പുത്രന്മാരിൽ എല്ലാവരുമായോ?'' അയാൾ മറുപടി പറഞ്ഞു: ''ഇനി ഇളയ മകനുണ്ട്. അവൻ ആടുകളെ സംരക്ഷിക്കുകയാണ്.''



സാമുവൽ ജെസ്സെയോടു പറഞ്ഞു: ''ആളയച്ച് അവനെ വരുത്തുക. അവൻ വരുന്നതുവരെ ഞങ്ങൾ ഭക്ഷണത്തിനിരിക്കുകയില്ല.'' ജെസ്സെ അവനെ ആളയച്ചുവരുത്തി. അവൻ പവിഴനിറമുള്ളവനും കാഴ്ചയ്ക്കു സുമുഖനുമായിരുന്നു. കർത്താവ് അരുൾചെയ്തു: ''നീ എഴുന്നേറ്റ് അവനെ അഭിഷേചിക്കുക. അവൻ തന്നെയാണ് തിരഞ്ഞെടുക്കപ്പെട്ടവൻ.'' സാമുവൽ ഉടനെ തൈലക്കുപ്പിയെടുത്തു ദാവീദിനെ അവന്റെ സഹോദരന്മാരുടെ ഇടയിൽവച്ച് അഭിഷേകംചെയ്തു. കർത്താവിന്റെ ചൈതന്യം അവന്റെമേൽ ആവസിച്ചു.

(i രാജാ. 16:1–13)

സാവൂൾ രാജാവായിരിക്കുമ്പോൾത്തന്നെ ഫിലിസ്ത്യർ ഇസ്രായേൽക്കാക്കെതിരെ ഒരു പുതിയ ആക്രമണം നടത്തി. ഫിലിസ്ത്യരുടെ ഇടയിൽ വലിയൊരു ഭീമൻ ഉണ്ടായിരുന്നു— ഗോലിയാത്ത്. ''ആർക്കുണ്ടു ധൈര്യം തന്നോടെതിർക്കാൻ?'' എന്ന് അയാൾ ഇസ്രായേൽക്കാരെ വെല്ലുവിളിച്ചു. ആരും ധൈര്യപ്പെട്ടില്ല. ''ദൈ

വത്തിൻെറ നാമത്തിൽ ഞാൻ തയ്യാറാണ്, യുദ്ധം ചെയ്യുവാൻ'' എന്നു ദാവീദു പറഞ്ഞു. ''നീ വാളും കുന്തവും പരിചയുമായി എൻെറ നേർക്കു വന്നിരിക്കുന്നു. നീ നിന്ദിച്ച ഇസ്രായേൽ സേനകളുടെ ദൈവമായ കർത്താവിൻെറ നാമത്തിൽ ഞാൻ നിൻെറ നേർക്കു വരുന്നു. കർത്താവ് ഇന്നു നിന്നെ എൻെറ കയ്യിൽ ഏല്പിക്കും. ഞാൻ നിന്നെ വധിക്കും.....ഇസ്രായേലിൽ ഒരു ദൈവമുണ്ടെന്നു ലോകമെല്ലാം അറിയും. കർത്താവു വാളും കുന്തവും കൊണ്ടല്ല രക്ഷിക്കുന്നത് എന്ന് ഈ ജനതതി ഗ്രഹിക്കും. ഈ യുദ്ധം അവിടുത്തേതാണ്. അവിടുന്നു നിങ്ങളെ ഞങ്ങളുടെ കയ്യിൽ ഏൽപ്പിച്ചുതരുകതന്നെ ചെയ്യും.''

(i രാജാ. 17:45–47)

ദാവീദ് ഗോലിയാത്തിനെ തോൽപ്പിച്ചു, വെറും ഒരു കവണിയും കല്ലുംകൊണ്ട്! ഉടനെ സാവൂൾ ദാവീദിനെ തന്നോടൊന്നിച്ചു ജീവിക്കുവാൻ ക്ഷണിച്ചു. അദ്ദേഹം തൻെറ മകൾ മിക്കോളിനെ അവനു ഭാര്യയായിക്കൊടുത്തു.

ദാവീദു ജനങ്ങൾക്കു പ്രിയംകരനായിത്തീർന്നു. ഇതുകണ്ടപ്പോൾ സാവൂളിനു് അസൂയയായി. ദാവീദിനെ കൊല്ലാനായിരുന്നു പിന്നത്തെ ശ്രമം. സാവൂളിൻെറ മകനായ ജോനാഥനു ദാവീദിനോടു വലിയ സ്നേഹമായിരുന്നു. അവൻെറ സഹായത്തോടെ ദാവീദു രക്ഷപ്പെട്ടു.

രാജാവിനോട് ദാവീദ് യാതൊരെതിർപ്പും കാണിച്ചില്ല. ദൈവത്തിൻെറ സംരക്ഷണത്തിൽ അവൻ വിശ്വസിച്ചു. താൻ ഇസ്രായേലിൻെറ രാജാവാകുന്ന സമയത്തിനായി അവൻ കാത്തിരുന്നു.

## ഓർമ്മിക്കാൻ

1. സാമുവലിനു ദൈവവിളി എങ്ങനെ ലഭിച്ചു?
2. സാവൂൾ എന്തുകൊണ്ടു ദൈവത്തിൻെറ അപ്രീതിക്കു പാത്രമായി?
3. ദാവീദിനെ സാമുവൽ എങ്ങനെ തിരഞ്ഞെടുത്തു?
4. അഭിഷേകം ചെയ്യുക എന്നതിൻെറ അർത്ഥം എന്ത്?

## പ്രവർത്തിക്കാൻ

1 അഭിഷിക്തനായ ക്രൈസ്തവൻ എന്ന നിലയിൽ എൻെറ സ്ഥാനവും ഉത്തരവാദിത്വവും ഞാൻ പാലിക്കും.

2 ദൈവത്തിൻെറ സഹായത്തിലും ശക്തിയിലും ഞാൻ വിശ്വസിക്കും. ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടവരെ ഞാൻ ബഹുമാനിക്കും. എൻെറ സ്നേഹിതരോടു ഞാൻ വിശ്വസ്തനായിരിക്കും.

13

# മേച്ചിൽസ്ഥലത്തുനിന്നൊരു രാജാവു്

ക്രിസ്തുവിനു് ഏതാണ്ടു് ആയിരം വർഷങ്ങൾക്കു മുൻപു് ഇസ്രായേലിൻെറ രാജാവു ദാവീദായിരുന്നു. വാഗ്ദാനത്തിൻെറ പേടകം ജെറുസലത്തേയ്ക്കു കൊണ്ടുവരുകയെന്നതായിരുന്നു, ദാവീദിൻെറ ഒന്നാമത്തെ ഉദ്യമം. പേടകം നഗരത്തിലേയ്ക്കു കൊണ്ടുവന്നപ്പോൾ ദാവീദു് ദൈവത്തെ ആരാധിച്ചു. പേടകത്തിൻെറ മുമ്പിൽ ബലികളർപ്പിക്കുകയും ആടുകയും പാടുകയും ചെയ്തു് അദ്ദേഹം തൻെറ ആനന്ദം പ്രകടിപ്പിച്ചു.



അങ്ങനെ ദാവീദും ഇസ്രായേൽക്കാരും ചേർന്നു് ആഹ്ലാദപുരസ്സരം കാഹളനാദവും മുഴക്കി, കർത്താവിൻെറ പേടകം എടുത്തു കൊണ്ടുപോന്നു. പേടകം നഗരത്തിലേക്കു കൊണ്ടുവന്നസമയത്തു് ദാവീദു് കർത്താവിൻെറമുമ്പാകെ തുള്ളിച്ചാടി നൃത്തംചെയ്യുന്നതു് അദ്ദേഹത്തിൻെറ ഭാര്യ മിക്കോൾ കിളിവാതിലിലൂടെ കണ്ടു. അവൾക്കതു തീരെ പരിഹാസ്യമായിത്തോന്നി.

അവർ കർത്താവിൻെറ പേടകം കൊണ്ടുവന്നു്, ദാവീദു് കൂടാരത്തിൻെറ നടുവിൽ സജ്ജമാക്കിയിരുന്ന സ്ഥലത്തു സ്ഥാപിച്ചു.

അദ്ദേഹം കർത്താവിൻെറ മുമ്പിൽ ദഹനബലികളും സമാധാനബലികളും അർപ്പിക്കുകയും ചെയ്തു.

ബലികളർപ്പിച്ചതിനുശേഷം സൈന്യങ്ങളുടെ കർത്താവിൻെറ നാമത്തിൽ ദാവീദ് ജനങ്ങളെ ആശീർവ്വദിച്ചു. (ii രാജാ. 6:15–18)

പേടകത്തിൻെറ മുമ്പിൽ നൃത്തംചെയ്തതിനു മിക്കോാം വീണ്ടും ദാവീദിനെ പരിഹസിച്ചു.

ദാവീദു മിക്കോളിനോടു പറഞ്ഞു: ''ഇസ്രായേലിൻെറ രാജാവാകുന്നതിനു നിൻെറ പിതാവിനേയും അദ്ദേഹത്തിൻെറ കുടുംബത്തേയും അവഗണിച്ച് എന്നെ തിരഞ്ഞെടുത്ത കർത്താവിൻെറ മുൻപിൽ ഞാൻ നൃത്തം ചെയ്യും. ഞാൻ ഇനിയും ഇതിലധികം ഹീനനും എൻെറ ദൃഷ്ടിയിൽ എളിയവനുമായിരിക്കും.''(ii രാജാ. 6:21–22)

ദാവീദുരാജാവു് മനോഹരമായ ഒരു ഭവനത്തിലാണു താമസിച്ചിരുന്നതു്. പേടകം ഇരുന്നതു് ഒരു ചെറിയ കൂടാരത്തിലും. കർത്താവിനു് ഒരു ചെറിയ മന്ദിരം പണിയിക്കുവാൻ ദാവീദു തീരുമാനിച്ചു. എന്നാൽ അതിനു് അദ്ദേഹത്തിൻെറ മകനെയാണു ദൈവം തിരഞ്ഞെടുത്തിരിക്കുന്നതെന്നു നാത്താൻ എന്ന പ്രവാചകൻ ദാവീദിനോടു പറഞ്ഞു. സൈന്യങ്ങളുടെ കർത്താവു് ഇപ്രകാരം അരുളിച്ചെയ്യുന്നു:

''എൻെറ ജനമായ ഇസ്രായേലിൻെറ ഭരണാധിപനാകുന്നതിനു മേച്ചിൽസ്ഥലങ്ങളിൽ ആടുകളുടെ പിന്നാലെ നടന്നിരുന്ന നിന്നെ ഞാൻ തിരഞ്ഞെടുത്തു. മാത്രമല്ല, നീ സഞ്ചരിച്ച എല്ലാ സ്ഥലങ്ങളിലും ഞാൻ നിന്നോട്കൂടെ ഉണ്ടായിരുന്നു. .........താൻ നിനക്കു് ഒരു ഗൃഹം ഉണ്ടാക്കിത്തരുമെന്നു കർത്താവുതന്നെ നിന്നെ അറിയിക്കുന്നു. നിൻെറ നാളുകൾ പൂർത്തിയായി, നീ നിൻെറ പിതാക്കന്മാരോടു ചേർന്നുകഴിയുമ്പോൾ നിൻെറ ഒരു സന്തതിയെ ഞാൻ ഉയർത്തും. എൻെറ നാമത്തിൻെറ ബഹുമാനത്തിനായി അവൻ ഒരാലയം നിർമ്മിക്കും. ഞാൻ അവൻെറ രാജകീയ സിംഹാസനത്തെ എന്നേയ്ക്കും നിലനിർത്തും. എൻെറ മുമ്പിൽ നിൻെറ ഭവനവും നിൻെറ രാജ്യവും എന്നേയ്ക്കും വിശ്വസ്തവും നിൻെറ സിംഹാസനം സദാ സുസ്ഥിരവുമായിരിക്കും.'' (ii രാജാ. 7:8–16)

നാത്താൻെറ ഈ വാക്കുകൾ ക്രിസ്തുവിൽ എങ്ങനെ പൂർത്തീകരിക്കപ്പെട്ടുവെന്നു കാലംകൊണ്ടേ തെളിയുകയുള്ളൂ. യൂദായുടെ വംശത്തിൽനിന്നു് — അബ്രാഹത്തിൻെറ ജനങ്ങളിൽനിന്നു് — രക്ഷ വരും എന്നു് ഇസ്രായേൽക്കാർക്കു് അറിയാമായിരുന്നു. ദാവീദിൻെറ സാമ്രാജ്യത്തിൽനിന്നാണു രക്ഷകൻെറ നിത്യസാമ്രാജ്യം ഉദയം ചെയ്യുന്നതു്.

ദാവീദുരാജാവു ദൈവാലയം പണിതില്ല. എന്നാൽ, യഹോവയ്ക്കു നൽകേണ്ട ആരാധനയുടെ ക്രമങ്ങൾ രൂപപ്പെടുത്തിയതു ദാവീദാണു്. സങ്കീർത്തനങ്ങളിലെ പ്രാർത്ഥനാഗീതങ്ങളും അദ്ദേഹമാണു രചിച്ചതു്. തിരുസ്സഭ ആരാധനക്രമത്തിൽ സങ്കീർത്തനങ്ങൾ ഒട്ടേറെ ഉപയോഗപ്പെടുത്തുന്നുണ്ടു്.

സങ്കീർത്തനങ്ങൾ പലതരമുണ്ടു്:

1. ആരാധനാസങ്കീർത്തനങ്ങൾ: ''കർത്താവേ, ഞങ്ങളുടെ കർത്താവേ, ലോകമെങ്ങും അങ്ങയുടെ നാമം എത്ര വിസ്മയനീയം!'' (സങ്കീ. 8:2)

2. കൃതജ്ഞതാസങ്കീർത്തനങ്ങൾ: ''കർത്താവേ, ഞാൻ പൂർണ്ണഹൃദയത്തോടെ അങ്ങയെ സ്തുതിക്കും. അങ്ങയുടെ അത്ഭുതകൃത്യങ്ങളൊക്കെയും ഞാൻ വർണ്ണിക്കും. ഞാൻ അങ്ങയെപ്രതി ആഹ്ലാദിച്ചാനന്ദിക്കും. മഹോന്നതനേ, അങ്ങയുടെ നാമത്തിനു ഞാൻ സ്തുതിപാടും.'' (സങ്കീ. 9A: 2, 3)

3. സഹായാർത്ഥനാസങ്കീർത്തനങ്ങൾ: ''നീതിമാനായ ദൈവമേ, ഞാൻ വിളിക്കുമ്പോൾ എനിക്കുത്തരം നൽകണമേ. ഞെരുക്കങ്ങളിൽ എന്നെ ആശ്വസിപ്പിക്കുന്നവനേ, എൻെറമേൽ കൃപയുണ്ടാകേണമേ. എൻെറ പ്രാർത്ഥന കേൾക്കണമേ.'' (സങ്കീ. 4:2)

4. ക്ഷമായാചനാസങ്കീർത്തനം: ''ദൈവമേ, അങ്ങേ കാരുണ്യത്തിന്നൊത്തവിധം എൻെറമേൽ കൃപയുണ്ടാകണമേ. അങ്ങയുടെ കൃപാധിക്യത്താൽ എൻെറ അകൃത്യങ്ങളെ മായിച്ചുകളയണമേ. എൻെറ പാപങ്ങളിൽനിന്നു് അങ്ങു മുഖം തിരിക്കണമേ. എൻെറ സകല തെററുകളും മായിച്ചു കളയണമേ.'' (സങ്കീ. 50:30, 11)

ഗൗരവമേറിയ കുററങ്ങളിൽ ഉൾപ്പെട്ടുപോയതിനുശേഷമാണു് ദാവീദ് ഒടുവിലത്തെ സങ്കീർത്തനം എഴുതിയതു്. ആത്മാർത്ഥതയുള്ളതായിരുന്നു, അദ്ദേഹത്തിൻെറ മനസ്താപം. ദൈവം നൽകിയശിക്ഷ അദ്ദേഹം മനസ്സോടെ സ്വീകരിച്ചു. പാപങ്ങൾ ചെയ്തവനായിട്ടും ദാവീദു യഹോവയിലുള്ള തൻെറ വിശ്വാസം നിലനിർത്തുകയും അവിടുത്തെ കരുണയിൽ ആശ്രയിക്കുകയും ചെയ്തിരുന്നു.

മരണത്തിനുമുമ്പു ദാവീദു തൻെറ മകൻ സോളമനെ രാജാവായി അഭിഷേകംചെയ്തു. മരണമടുത്തപ്പോൾ, ദാവീദ് പുത്രനായ സോളമനോടു പറഞ്ഞു: ''......നീ ധൈര്യപൂർവ്വം പൗരുഷത്തോടെ വർത്തിക്കുക. കർത്താവിൻെറ വഴിയിലൂടെ ചരിക്കുന്നതിനും അവിടു

ത്തെ ആചാരങ്ങളും പ്രമാണങ്ങളും വിധികളും സാക്ഷ്യങ്ങളും അനു ഷ്ഠിക്കുന്നതിനും..........അവിടുത്തെ കല്പനകൾ അനുസരിക്കു ക......''തന്റെ പിതാക്കന്മാരെപ്പോലെ ദാവീദ് കർത്താവിൽ നിദ്ര പ്രാപിച്ചു. തന്റെ നഗരത്തിൽ അദ്ദേഹം സംസ്കരിക്കപ്പെടുകയും ചെയ്തു.

സോളമൻ തന്റെ പിതാവിന്റെ സിംഹാസനത്തിൽ വാണു. അദ്ദേഹത്തിന്റെ രാജ്യം അത്യധികം ശക്തിപ്രാപിച്ചു.

(iii രാജാ. 2:1–12)

സോളമന്റെ രാജ്യം വളരെ ശക്തമായിരുന്നു. അന്നുവരെ കർത്താവിന്റെ നാമത്തിൽ ഒരാലയം പണിതിട്ടില്ലായിരുന്നതിനാൽ ജനങ്ങൾ പൂജാഗിരികളിൽ ബലിയർപ്പിച്ചുപോന്നു. രാജാവു കർത്താവിനെ സ്നേഹിക്കുകയും തന്റെ പിതാവായ ദാവീദിന്റെ കല്പനകളനുസരിച്ചു വ്യാപരിക്കുകയും ചെയ്തു......കർത്താവ് ഒരു രാത്രിയിൽ രാജാവിനു സ്വപ്നത്തിൽ പ്രത്യക്ഷനായി അരുൾചെയ്തു: ''ഞാൻ തരണമെന്നു നീ ആഗ്രഹിക്കുന്നതെന്തോ അതു ചോദിച്ചുകൊള്ളുക.'' അദ്ദേഹം പറഞ്ഞു: ''കാര്യങ്ങൾ ശരിയായി നടത്തുവാൻ അറിവില്ലാത്ത കേവലമൊരു ബാലനാണു ഞാൻ. ആകയാൽ, നന്മയും തിന്മയും തിരിച്ചറിഞ്ഞു ജനങ്ങൾക്കിടയിൽ നീതി നടത്താൻ ഉപകരിക്കുന്ന വിവേകമുള്ള ഒരു ഹൃദയം എനിക്കു നൽകണമേ......'' രാജാവിന്റെ ഈ അഭ്യർത്ഥന കർത്താവിനു പ്രീതികരമായി. കർത്താവ് അദ്ദേഹത്തോട് അരുൾചെയ്തു: ''നീ ദീർഘായുസ്സോ സമ്പത്തോ ശത്രുസംഹാരമോ ആവശ്യപ്പെടാതെ, നീതിനിർവ്വഹണത്തിനുവേണ്ട വിവേകം മാത്രം ചോദിച്ചതിനാൽ നിന്റെ അപേക്ഷ ഞാൻ അനുവദിച്ചിരിക്കുന്നു. വിജ്ഞാനവും വിവേകവുമുള്ള ഒരു ഹൃദയം ഞാൻ നിനക്കു തരുന്നു....മാത്രമല്ല, നീ ചോദിക്കാത്തവകൂടി ഞാൻ നിനക്കു പ്രദാനംചെയ്യുന്നു......സമ്പത്തും മഹത്വവും നിനക്കു നൽകുന്നു........നീ എന്റെ ചട്ടങ്ങളും കല്പനകളും അനുസരിച്ച് എന്റെ വഴിയിലൂടെ നടക്കുകയാണെങ്കിൽ നിനക്കുഞാൻ ദീർഘായുസ്സു നൽകും.'' (iii രാജാ. 3:2–14)

സോളമൻ ഭരണം കയ്യേററിട്ട് അധികം താമസിയാതെ ജെറുസലത്തു കർത്താവിന് ഒരു ആലയം പണിയാൻ തുടങ്ങി. വിലപ്പെട്ട സാധനങ്ങൾ ഉപയോഗിച്ചാണ് അദ്ദേഹം ദൈവാലയം പണിയിച്ചത്. വളരെ ബഹുമാനത്തോടും നിശ്ശബ്ദതയോടുംകൂടെവേണം ദൈവാലയത്തിന്റെ പണികൾ ചെയ്യാൻ എന്നു ജോലിക്കാരോട് അദ്ദേഹം നിഷ്ക്കർഷിച്ചിരുന്നു.

സോളമൻ ഇസ്രായേലിന്റെ ഭരണം ആരംഭിച്ചു നാലുകൊല്ലവും ഒരുമാസവും കഴിഞ്ഞു......അദ്ദേഹം കർത്താവിന് ഒരു ആല

യം പണിയാൻ തുടങ്ങി......ചെത്തിമിനുക്കിയ കല്ലുകൊണ്ടുപണി തിരുന്നതിനാൽ, ദൈവാലയപ്പണി നടന്നിരുന്ന സമയത്തു മഴവിൻേറയോ ചുററികയുടേയോ മററിരുമ്പായുധങ്ങളുടേയോ ശബ്ദംഅവിടെ കേട്ടിരുന്നില്ല........സ്വർണ്ണംകൊണ്ടു പൊതിയാത്തതായി ദൈവാലയത്തിൽ യാതൊന്നും ഇല്ലായിരുന്നു. അന്തർമന്ദിരത്തിലെ ബലിപീഠം മുഴുവൻ അദ്ദേഹം പൊന്നുകൊണ്ടു പൊതിഞ്ഞു.''

(iii രാജാ. 6:1–22)

പണി പൂർത്തിയായപ്പോഠം ദൈവാലയം ആഘോഷപൂർവ്വം ദൈവത്തിനു പ്രതിഷ്ഠിച്ചു.

കർത്താവിൻെറ വാഗ്ദത്ത പേടകം കൊണ്ടുവരേണ്ടതിനു്, ഇസ്രായേലിലെ മൂപ്പന്മാരേയും ഗോത്രപ്രമാണികളേയും ഇസ്രായേൽ സന്തതികളുടെ കുടുംബനായകന്മാരേയും സോളമൻരാജാവു ജെറൂസലത്തു വിളിച്ചുകൂട്ടി........



അനന്തരം, സോളമൻ കർത്താവിൻെറ ബലിപീഠത്തിനു മുൻപിൽ ഇസ്രായേൽ ജനസമൂഹം കാൺകെ ആകാശത്തിലേയ്ക്കു കൈകഠം ഉയർത്തിനിന്നുകൊണ്ടു് അപേക്ഷിച്ചു: ''ഇസ്രായേലിൻെറ ദൈവമായ കർത്താവേ, പൂർണ്ണഹൃദയത്തോടെ അങ്ങേ സന്നിധിയിൽ നടക്കുന്ന അവിടുത്തെ ദാസന്മാർക്കു വാഗ്ദാനപ്രകാരം അനുഗ്രഹം നൽകുന്ന അങ്ങയെപ്പോലെ സ്വർഗ്ഗത്തിലും ഭൂമിയിലും വേറൊരു ദൈവമില്ല. സ്വർഗ്ഗത്തിനും സ്വർഗ്ഗാധിസ്വർഗ്ഗത്തിനും അങ്ങയെ ഉള്ളടക്കുക സാദ്ധ്യമല്ലെങ്കിൽ, ഞാൻ ഭൂമിയിൽ നിർമ്മിച്ച ഈ ആലയത്തിൽ അതു് സാദ്ധ്യമാണോ?

''എൻെറ ദൈവമായ കർത്താവേ, അങ്ങേ ദാസൻെറ പ്രാർത്ഥനകളും യാചനകളും ശ്രദ്ധിക്കണമേ!''....കർത്താവ് അരുളിചെയ്തു: ''നീ എൻെറ സന്നിധിയിൽ സമർപ്പിച്ച പ്രാർത്ഥനകളും യാചനകളും ഞാൻ ശ്രവിച്ചു. എൻെറ നാമം എന്നേക്കും നിലനിർത്തുന്നതിനായി നീ പണിയിച്ചിരിക്കുന്ന ഈ ആലയത്തെ ഞാൻ വിശുദ്ധീകരിച്ചിരിക്കുന്നു. എൻെറ കണ്ണുകളും ഹൃദയവും സദാ അവിടെയായിരിക്കും.'' (iii രാജാ. 8: 1; 22–28; 9: 3)

ഭരണത്തിൻെറ ആരംഭദശയിൽ സോളമൻ ഭയഭക്തിയോടെ കർത്താവിനെ സേവിച്ചു. പക്ഷേ, വയസ്സായതോടെ കള്ളദേവന്മാരെ ആരാധിക്കുവാൻ തുടങ്ങി. മാത്രമല്ല, അഹങ്കാരിയും ദുഷ്ടനുമായി ത്തീർന്നു.

''സോളമൻ വൃദ്ധനായപ്പോൾ ഭാര്യമാർ അദ്ദേഹത്തിൻെറ ഹൃദയത്തെ അന്യദേവന്മാരിലേയ്ക്കു തിരിച്ചു. അദ്ദേഹത്തിൻെറ ഹൃദയം തൻെറ പിതാവായ ദാവീദിൻേറതുപോലെ ദൈവമായ കർത്താവിനോടു പരിപൂർണ്ണവിശ്വസ്തതയിലായിരുന്നില്ല.........ഇസ്രായേലിൻെറ ദൈവമായ കർത്താവു രണ്ടുപ്രാവശ്യം അദ്ദേഹത്തിനു പ്രത്യക്ഷനാവുകയും, അന്യദേവന്മാരെ സേവിക്കരുതെന്ന് ആജ്ഞാപിക്കുകയും ചെയ്തു. കർത്താവിൻെറ ആജ്ഞകൾ അദ്ദേഹം അനുസരിച്ചില്ല. കർത്താവിൽനിന്ന് അദ്ദേഹത്തിൻെറ ഹൃദയം അകന്നുപോയതിനാൽ അവിടുന്ന് അദ്ദേഹത്തോടു കോപിച്ചു. അതിനാൽ കർത്താവു സോളമനോട് അരുളിചെയ്തു: ''നീ ഇതു ചെയ്കയും എൻെറ ഉടമ്പടികളും കല്പനകളും നിർദ്ദേശങ്ങളും അനുസരിക്കാതിരിക്കുകയും ചെയ്തതിനാൽ, ഞാൻ നിൻെറ രാജ്യം വിഭജിച്ചു ഛിന്നഭിന്നമാക്കി നിൻെറ ദാസനു നൽകും.'' (iii രാജാ. 11: 4—11)

അങ്ങനെ നന്നായിട്ടാരംഭിച്ച സോളമൻരാജാവ് ദൈവത്തിന് അപ്രീതനായിത്തീർന്നു. അദ്ദേഹം ഉടമ്പടിയോട് വിശ്വസ്തതപാലിക്കാഞ്ഞതിനാൽ രാജ്യം വിഭജിക്കപ്പെടുവാൻ പോവുകയാണ്. എങ്കിലും മുൻകൂട്ടി പറഞ്ഞിരുന്നതിനനുസരിച്ചു ദൈവം ദാവീദിൻെറ ഭവനം കാത്തു. മനുഷ്യൻ പരാജയപ്പെട്ടാലും നമുക്കു നന്മചെയ്യാനുള്ള ദൈവത്തിൻെറ ഉദ്ദേശ്യം പരാജയപ്പെടുകയില്ല. ദൈവം സത്യംതന്നെയാകുന്നു. അവിടുത്തെ വാഗ്ദാനങ്ങൾ എന്നും നിറവേററുകയുംചെയ്യും.

## ഓർമ്മിക്കാൻ

1. ദാവീദുരാജാവിനോടു ദൈവം ചെയ്ത വാഗ്ദാനം എന്താണ്?
2. ഈ വാഗ്ദാനത്തിൻെറ അർത്ഥമെന്താകുന്നു?

''കർത്താവ് എൻെറ ഇടയനാകുന്നു. എനിക്കു് ഒന്നിനും മുട്ടുണ്ടാവുകയില്ല.

പച്ചപ്പുല്പുറങ്ങളിൽ അവിടുന്നു് എന്നെ കിടത്തുന്നു.

നിശ്ചലമായ ജലത്തിൻെറ സമീപത്തേയ്ക്കു് അവിടുന്നു് എന്നെ നയിക്കുന്നു.

എൻെറ പ്രാണനെ അവിടുന്നു തണുപ്പിക്കുന്നു; തൻെറ നാമത്തെപ്രതി എന്നെ നേർവഴിയിലൂടെ അവിടുന്നു നയിക്കുന്നു.

ഇരുളടഞ്ഞ താഴ്‌വരയിലൂടെ നടന്നാലും ഒരനർത്ഥവും ഉണ്ടാകുമെന്നു ഞാൻ ഭയപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ, അങ്ങാണല്ലോ എന്നോടുകൂടെയുള്ളതു്. അങ്ങയുടെ ചെങ്കോലും ദണ്ഡും എന്നെ ആശ്വസിപ്പിക്കുന്നു. എൻെറ ശത്രുക്കൾ കാൺകെ അങ്ങു് എനിക്കു വിരുന്നൊരുക്കുന്നു. അങ്ങു് എൻെറ ശിരസ്സ് തൈലംകൊണ്ടു് അഭിഷേചിക്കുന്നു. എൻെറ പാനപാത്രം കവിഞ്ഞൊഴുകുകയാണു്. എൻെറ ജീവിതകാലം മുഴുവൻ നന്മയും കാരുണ്യവും എന്നെ പിന്തുടരും. കർത്താവിൻെറ ഭവനത്തിൽ ഞാൻ ദീർഘകാലം വസിക്കും.''

(സങ്കീർത്തനം 22)

## പ്രവർത്തിക്കാൻ

ലൗകികനേട്ടങ്ങളിൽ മതിമറന്നു ഞാൻ ദൈവത്തെ വിസ്മരിച്ചു ജീവിക്കുകയില്ല.

ദൈവാലയത്തിൽ ഭയഭക്തിയോടെ ഞാൻ പെരുമാറും.



# 14

## പ്രവാചകന്മാർ സംസാരിക്കുന്നു

സോളമന്റെ മരണത്തിനുശേഷം അദ്ദേഹത്തിന്റെ മകനായ റൊബോവാം രാജാവായി. ജനങ്ങൾ അദ്ദേഹത്തിന്റെ പക്കൽവന്നു പറഞ്ഞു: ''അങ്ങയുടെ പിതാവു ഞങ്ങളുടെമേൽ ഭാരമേറിയ ഒരു നുകം വച്ചു. അദ്ദേഹത്തിന്റെ കഠിനമായ ആജ്ഞകളും അദ്ദേഹം വച്ച ഭാരമേറിയ നുകവും അങ്ങ് അല്പം മയപ്പെടുത്തണം; എന്നാൽ ഞങ്ങൾ അങ്ങയെ സേവിക്കാം.''



(iii രാജാ. 12: 4)

റൊബോവാം കാരണവന്മാരോട് ഇതിനെപ്പററി ആലോചിച്ചു. ജനങ്ങളുടെ ഇഷ്ടത്തിനു വഴങ്ങുകയാണു നല്ലതെന്ന് അവർ അദ്ദേഹത്തെ ഉപദേശിച്ചു. പക്ഷേ, അദ്ദേഹം ശ്രദ്ധിച്ചതു് യുവാക്കന്മാരുടെ ഉപദേശമാണ്. റൊബോവാം ജനങ്ങളോടു പറഞ്ഞു: ''എന്റെ പിതാവു നിങ്ങളുടെമേൽ ഭാരമുള്ള നുകം വച്ചു. ഞാൻ നിങ്ങളുടെ നുകത്തിന്റെ ഭാരം വർദ്ധിപ്പിക്കും...'' (iii രാജാ. 12: 14)

റൊബോവാമിന്റെ ദുഷ്ടതമൂലം ഉണ്ടായ ഈ എതിർപ്പു തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ വിഭജനംകൊണ്ടേ അവസാനിച്ചുള്ളു. അ

വർ രണ്ടു ഭാഗമായി തിരിഞ്ഞു: വടക്കു് ഇസ്രായേലും തെക്കു് യൂദായും. ദൈവം മുൻകൂട്ടി പറഞ്ഞിരുന്ന വിഭജനം അങ്ങനെ സംഭവിച്ചു.

ഇസ്രായേലിൻെറ രാജാക്കാം വിഗ്രഹാരാധകരായി. അവർ കള്ളദേവന്മാരെ ആരാധിച്ചു. ബാൽ എന്ന ദേവൻെറ വിഗ്രഹത്തെ ആരാധിച്ച ആക്കാബായിരുന്നു അവരിൽ ഏററം ദുഷ്ടൻ. ഇസ്രായേലിൻെറ ദൈവമായ കർത്താവിനെ കോപിപ്പിക്കത്തക്കവിധം ആക്കാബു തൻെറ മുൻഗാമികളായ ഇസ്രായേൽരാജാക്കന്മാർ എല്ലാവരേയുംകാരം അധികം തിന്മ പ്രവർത്തിച്ചു. (iii രാജാ. 16:31–33)

ഈ വിഗ്രഹാരാധനയ്ക്കു ശിക്ഷയായി ഇസ്രായേലിൽ വലിയൊരു വരാംച്ച വരുത്താൻ പോകുന്ന വിവരം അറിയിക്കുവാൻ ദൈവം തൻെറ പ്രവാചകനായ ഏലിയാസിനെ അയച്ചു. ഏലിയാസ് ജനങ്ങളോടുപറഞ്ഞു: ''ഞാൻ സേവിക്കുന്ന ഇസ്രായേലിൻെറ ദൈവമായ കർത്താവാണേ, എൻെറ വാക്കനുസരിച്ചല്ലാതെ ഇക്കൊല്ലം മഴയോ മഞ്ഞോ ഉണ്ടാകയില്ല.'' (iii രാജാ. 17:1)

പോയി ഒളിച്ചിരിക്കുവാൻ ദൈവം ഏലിയാസിനോടു പറഞ്ഞു. അദ്ദേഹം യോർദ്ദാൻ നദിയുടെ തീരത്തുപോയി പാർത്തു. ഏതാനും ദിവസങ്ങരംക്കുശേഷം അദ്ദേഹം അവിടെനിന്നു സറെപ്ത്താ നഗരിയിലേയ്ക്കുപോയി. അവിടെച്ചെന്നു് അദ്ദേഹം ഒരു പാവപ്പെട്ട സ്ത്രീയോടു സ്വല്പം ഭക്ഷണം ആവശ്യപ്പെട്ടു. അവരം അദ്ദേഹത്തിനു് അല്പം എണ്ണയും മാവുംകൊടുത്തു. അവരം ഏലിയാസിനെ സംരക്ഷിച്ചതുകൊണ്ടു ദൈവം അത്ഭുതകരമായി അവരംക്കു വേണ്ടത്ര ഭക്ഷണം നൽകി. എണ്ണയുടേയും മാവിൻേറയും പാത്രങ്ങരം പിന്നെ ഒഴിഞ്ഞിട്ടില്ല. ഏലിയാസ് തൻെറ പ്രവാചകനാണു് എന്നു തെളിയിക്കുവാൻവേണ്ടി ദൈവം അനവധി അത്ഭുതങ്ങരം അവൻവഴി പ്രവർത്തിച്ചു. ഇതുമൂലം ഏലിയാസിനെപ്പററി ആക്കാബു് കേട്ടിരുന്നു.

കുറെക്കാലംകഴിഞ്ഞു്, അതായതു്, മൂന്നാംവർഷം കർത്താവു് ഏലിയാസിനോടു് അരുരംചെയ്തു: ''നീ പോയി ആക്കാബിനെ കാണുക. ഞാൻ ഭൂമിയിൽ മഴപെയ്യിക്കാൻ പോവുകയാണു്...'' ആക്കാബു് ഏലിയാസിനെ സന്ദർശിക്കുവാൻ ചെന്നു. അദ്ദേഹം ഏലിയാസിനെ കണ്ടപ്പോരം ചോദിച്ചു: ''ഇസ്രായേലിനെ കഷ്ടപ്പെടുത്തുന്നതു നീ തന്നെയോ?''

അദ്ദേഹം മറുപടി പറഞ്ഞു: ''ഇസ്രായേലിനെ പീഡിപ്പിക്കുന്നതു ഞാനല്ല; കർത്താവിൻെറ കല്പനകരം നിരസിച്ചു്, ബാൽവിഗ്രഹത്തെ സേവിക്കുന്ന നീയും നിൻെറ പിതാക്കന്മാരുടെ ഗോത്രവുമാണു്.'' (രാജാ. 18:1, 16–18)

''യഹോവ മാത്രമാണു സത്യദൈവം' എന്നു ജനങ്ങളെ അറിയിക്കുക''—ഇതായിരുന്നു ഏലിയാസിൻെറ ഉപദേശം. ഇതു തെളിയിക്കുന്നതിനുവേണ്ടി ബാലിൻെറ പ്രവാചകന്മാരെയെല്ലാം കാർമ്മെൽപർവ്വതത്തിൻെറ മുകളിലേക്കു കൊണ്ടുവരുവാൻ ഏലിയാസ് ആവശ്യപ്പെട്ടു. ഏലിയാസ് സകല ജനങ്ങളുടേയും മുൻപാകെ വന്നു പറഞ്ഞു: ''നിങ്ങൾ എത്രനാൾ രണ്ടു വഞ്ചിയിൽ കാൽവെയ്ക്കും? കർത്താവാണു ദൈവമെങ്കിൽ, അവിടുത്തെ അനുഗമിക്കുവിൻ. ബാലാണു ദൈവമെങ്കിൽ അവനെ അനുഗമിക്കുവിൻ.''

(iii രാജാ. 18:21)

ഏലിയാസ് ഒരു വ്യവസ്ഥ പറഞ്ഞു: ബാലിൻെറ പ്രവാചകന്മാർ ഒരു ബലിയർപ്പിക്കട്ടെ. യഹോവയ്ക്കു താനും ഒരു ബലിയർപ്പിക്കാം. ''നിങ്ങൾ നിങ്ങളുടെ ദൈവത്തിൻെറ നാമം വിളിച്ചപേക്ഷിക്കുവിൻ. ഞാൻ കർത്താവിൻെറ നാമം വിളിച്ചപേക്ഷിയ്ക്കാം. തീയ് അയച്ചുതരുന്ന ദൈവം സാക്ഷാൽ ദൈവമായിരിക്കട്ടെ.'' ''വളരെ നല്ല അഭിപ്രായം'' എന്നു ജനങ്ങൾ ഉത്തരം പറഞ്ഞു. (iii രാജാ. 18:24)

ബാലിൻെറ പ്രവാചകന്മാർ ഒരു കാളയെ തിരഞ്ഞെടുത്തു. അവർ കാളയെ സജ്ജമാക്കിയിട്ട് പ്രഭാതം മുതൽ മദ്ധ്യാഹ്നംവരെ ബാലിൻെറ നാമം ജപിച്ച് ഇങ്ങനെ അപേക്ഷിച്ചു: ''ഞങ്ങളുടെ അപേക്ഷ അങ്ങു കേൾക്കണമേ!'' ആരും ഉത്തരം നൽകിയില്ല. ഒരു പ്രതിശബ്ദവും കേട്ടില്ല. തങ്ങളുടെ ബലിപീഠത്തിനു ചുററും അവർ തുള്ളിച്ചാടിക്കൊണ്ടിരുന്നു.

ഉച്ചയായപ്പോൾ, ''ബാൽ ഒരു ദേവനാണല്ലോ; ഒരുപക്ഷേ, വല്ലവരോടും സംസാരിച്ചിരിക്കയായിരിക്കും. അല്ലെങ്കിൽ വല്ല സത്രത്തിലുമാകാം. ഉറങ്ങുകയായിരിക്കാനും ഇടയുണ്ട്. നിങ്ങൾ വിളിച്ചുണർത്തേണ്ടിയിരിക്കുന്നു. ആകയാൽ, കുറെക്കൂടി ഉച്ചത്തിൽ വിളിക്കുവിൻ'' എന്നുപറഞ്ഞ് ഏലിയാസ് പരിഹസിച്ചു. അപ്പോൾ അവർ ഉച്ചത്തിൽ വിളിച്ചു. (iii രാജാ. 18:26–28)

ബാൽ തൻെറ പ്രവാചകന്മാരോട് മറുപടി പറഞ്ഞില്ല. ഏലിയാസ് ഒരു ബലിയൊരുക്കി. ''ഹോമബലി അർപ്പിക്കേണ്ട സമയമായപ്പോൾ ഏലിയാസ്ദീർഘദർശി അടുത്തുചെന്ന് ഇപ്രകാരം പ്രാർത്ഥിച്ചു: ''അബ്രാഹത്തിൻേറയും ഇസഹാക്കിൻേറയും ഇസ്രായേലിൻേറയും ദൈവമായ കർത്താവേ, അങ്ങ് ഇസ്രായേലിൻെറ ദൈവമാണെന്നും ഞാൻ അങ്ങയുടെ ദാസനാണെന്നും അങ്ങയുടെ കല്പനയനുസരിച്ചാണു ഞാൻ ഇവയെല്ലാം ചെയ്തിട്ടുള്ളതെന്നും ഇന്ന് അങ്ങു പ്രത്യക്ഷമാക്കണമേ! കർത്താവേ, എൻെറ പ്രാർത്ഥന കേൾക്കണമേ! കർത്താവേ, അങ്ങുതന്നെയാണ് ദൈവമെന്നും ഇവരെ അ

ങ്ങു മനസ്സു തിരിച്ചെന്നും ജനങ്ങരം അറിയുന്നതിനുവേണ്ടി കത്താവേ, എൻെറ പ്രാർത്ഥന കേരംക്കണമേ!'' (iii രാജാ. 18:36–37)

ഏലിയാസിൻെറ പ്രാർത്ഥന ദൈവം കേട്ടു: ''ഉടനെ കത്താവിൻെറ അഗ്നി ഇറങ്ങി, ബലിവസ്തുവും വിറകും കല്ലും മണ്ണും ദഹിപ്പിക്കയും ചാലിലുണ്ടായിരുന്ന വെള്ളം വററിക്കുകയും ചെയ്തു. ഇതുകണ്ടപ്പോരം, ജനങ്ങളെല്ലാം സാഷ്ടാംഗംവീണ് വിളിച്ചുപറഞ്ഞു: ''കത്താവുതന്നെയാണു ദൈവം.'' (iii രാജാ. 18:38–39)

ജനങ്ങരം യഹോവയിലുള്ള വിശ്വാസം പ്രകടിപ്പിച്ചുകഴിഞ്ഞപ്പോരം, മഴ വീണ്ടും പെയ്യും എന്നു് ഏലിയാസ് പറഞ്ഞു. അദ്ദേഹം പറഞ്ഞതുപോലെ സംഭവിക്കുകയും ചെയ്തു.

ഏലിയാസ് ജീവിതകാലം മുഴുവൻ ദൈവത്തെ നന്നായി സേവിച്ചു. അവസാനം സ്വർഗ്ഗത്തിലേയ്ക്കു കരേററിക്കൊണ്ടു്, ദൈവം അദ്ദേഹത്തിനു സമ്മാനം നൽകി. ഏലിയാസിൻെറ സ്ഥാനത്തു ദൈവം പിന്നെ എലിസേവൂസിനെയാണ് ഇസ്രായേലിൻെറ പ്രവാചകനായി ഉയർത്തിയതു്. കഷ്ടപ്പെടുന്നവരോടുള്ള തൻെറ കരുണനിറഞ്ഞ സ്നേഹം ദൈവം എലിസേവൂസ്‌വഴി പലവട്ടം പ്രകടമാക്കി.

തൻെറ നാമത്തിൽ ജനങ്ങളോടു സംസാരിക്കുവാൻ വേറെ പല പ്രവാചകന്മാരേയും ദൈവം അയച്ചിട്ടുണ്ടു്. ആമോസ്, ഓസി, ഇസയാസ് മുതലായവർ അവരിൽ ഉരംപ്പെടുന്നു.

ആമോസ് ഒരു ആട്ടിടയനായിരുന്നു. നിയമലംഘകന്മാരോടു്, പ്രത്യേകിച്ചു് പാവങ്ങളെ ചൂഷണംചെയ്ത പണക്കാരോടു്, തൻെറ നാമത്തിൽ സംസാരിക്കുവാൻ ദൈവം തിരഞ്ഞെടുത്തതു് ഇദ്ദേഹത്തെയാണ്. പാപത്തിൻെറ വഴിയിൽനിന്നു പിന്തിരിയുന്നില്ലെങ്കിൽ അതികഠിനമായ ശിക്ഷ അനുഭവിക്കേണ്ടിവരും എന്നു് അദ്ദേഹം അവരെ അറിയിച്ചു. കത്താവു് പ്രവാചകന്മാരായ തൻെറ ദാസന്മാർക്കു തൻെറ രഹസ്യം വെളിപ്പെടുത്താതെ ഒരുകാര്യവും ചെയ്കയില്ല. അതിനാൽ ദൈവമായ കത്താവു് അരുളിച്ചെയ്യുന്നു: ''രാജ്യം കഷ്ടതയനുഭവിക്കും; അതു ശത്രുവിനാൽ വലയം ചെയ്യപ്പെടും. നിൻെറ ശക്തി നീക്കപ്പെടുകയും നിൻെറ ഭവനങ്ങരം നശിപ്പിക്കപ്പെടുകയും ചെയ്യും.'' (ആമോസ് 3:7, 11)

യഹോവയുമായി തങ്ങരം ചെയ്ത ഉടമ്പടിയെപ്പററി ജനങ്ങളെ ഓമ്മിപ്പിച്ച പ്രവാചകനാണ് ഓസി. ദൈവത്തിൻെറ സ്നേഹത്തിലേയ്ക്കു തിരിച്ചുവരുവാൻ അദ്ദേഹം ജനങ്ങളെ ക്ഷണിച്ചു: ''വരുവിൻ, നമുക്കു കത്താവിനെ സമീപിക്കാം. അവിടുന്നു നമ്മെ

മുറിവേല്പിച്ചിരിക്കുന്നു. അവിടുന്നുതന്നെ നമ്മെ സുഖപ്പെടുത്തും. നമ്മെ പ്രഹരിച്ച കർത്താവുതന്നെ നമ്മെ സുഖപ്പെടുത്തും.''

(ഓസി 6: 1–2)

ഓസിവഴി ദൈവം തൻെറ കരുണാർദ്രമായ സ്നേഹത്തെപ്പററി സംസാരിച്ചു: ''ഇസ്രായേൽ ശിശുവായിരുന്നപ്പോഠം ഞാനവനെ സ്നേഹിച്ചു. ഈജിപ്തിൽനിന്നു ഞാനെൻെറ മകനെ വിളിച്ചു. അവരെ വിളിക്കുന്തോറും അവർ എന്നിൽനിന്നു് അകന്നു പൊയ്ക്കൊണ്ടിരുന്നു. ബാലിൻെറ ബിംബങ്ങഠംക്കു് അവർ ദഹനബലികഠം അർപ്പിച്ചു. ഞാൻ എഫ്രേമിനെ നടക്കാൻ ശീലിപ്പിച്ചു. ഞാനവരെ എൻെറ കൈകളിൽ എടുത്തു. എന്നിട്ടും ഞാനാണവരെ സൗഖ്യമാക്കുന്നതു് എന്നു് അവർ അറിഞ്ഞില്ല. മാനുഷികപാശംകൊണ്ടു്, സ്നേഹബന്ധങ്ങഠംകൊണ്ടുതന്നെ ഞാൻ അവരെ ആകർഷിച്ചു. ശിശുവിനെ കവിഠംത്തടങ്ങളിലേയ്ക്കുയർത്തുന്ന വളർത്തുപിതാവിനെപ്പോലെയായിരുന്നു ഞാൻ. അവർക്കു വേണ്ട ഭക്ഷണവും ഞാൻ നൽകി.'' (ഓസി 11: 1–4)

പ്രവാചകന്മാരിലൂടെ സംസാരിച്ച ദൈവത്തിൻെറ ശബ്ദം കേഠംക്കാൻ ജനം കൂട്ടാക്കിയില്ല. പിന്നെയും അവർ പാപം ചെയ്തുകൊണ്ടിരുന്നു.

ഓസിപ്രവാചകൻെറ കാലത്തു് യൂദയാരാജ്യത്തു പ്രാമാണികനായ ഒരു പ്രവാചകൻ ഉണ്ടായിരുന്നു—ഇസയാസ്. ദൈവം ഒരു പ്രവാചകനെ തിരക്കുന്നതായി ഇസയാസിനൊരു ദർശനമുണ്ടായി. തന്മൂലം അദ്ദേഹം കർത്താവിൻെറ സേവനത്തിനു തന്നെത്തന്നെ സമർപ്പിച്ചു. ദൈവനിശ്ചയമെന്തോ അതിനൊത്തു താൻ പ്രവർത്തിക്കുമെന്നു് അദ്ദേഹം നിശ്ചയിച്ചു. കർത്താവു് ഉന്നതത്തിൽ ഒരു വിശിഷ്ട സിംഹാസനത്തിൽ ഇരിക്കുന്നതു് അദ്ദേഹം കണ്ടു. അവിടുത്തെ വസ്ത്രത്തിൻെറ വിളുമ്പുകഠം ദൈവാലയം മുഴുവൻ വ്യാപിച്ചിരുന്നു. സെറാഫുകഠം അവനു ചുററും നിന്നു........'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ഭൂമി മുഴുവൻ അവൻെറ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു' എന്നു് ആർത്തുവിളിക്കുന്നതായി അദ്ദേഹം കണ്ടു. അനന്തരം ഞാൻ ആരെയാണു് അയയ്ക്കേണ്ടതു്? ആരു നമുക്കുവേണ്ടി പോകും എന്നു കർത്താവു ചോദിക്കുന്നതു ഞാൻ കേട്ടു. അപ്പോഠം ഞാൻ ഇതാ സന്നദ്ധനായിരിക്കുന്നു; എന്നെ അയച്ചുകൊള്ളുക എന്നു ഞാൻ പറഞ്ഞു. (ഇസയാസ് 6 : 1–8)

ഭയംകൂടാതെ ഇസയാസ് തൻെറ കൃത്യം നിർവ്വഹിച്ചു. ''വരുവാനിരിക്കുന്ന ഭയാനകമായ അപകടം ഒഴിവാക്കുന്നതിനായി പശ്ചാത്തപിക്കുവിൻ'' എന്നു് അദ്ദേഹം ജനങ്ങഠംക്കു് ഉപദേശം നൽകി. മിശിഹായുടെ വലിയൊരു പ്രവാചകനായിരുന്നു ഇസയാസ്. അവിടുത്തെ വരവിനെപ്പററി അദ്ദേഹം മുൻകൂട്ടി പറഞ്ഞു.

അവിടുന്നു സ്ഥാപിക്കുവാൻ പോകുന്ന നീതിയുടേയും സമാധാനത്തിൻേറയും നിത്യരാജ്യത്തെപ്പററിയും അദ്ദേഹം വിവരിച്ചു. ''ദാവീദിൻെറ കുടുംബമേ, കേൾക്കുക........കർത്താവുതന്നെ നിങ്ങൾക്കു് ഒരടയാളം തരും. ഒരു കന്യക ഗർഭംധരിച്ചു് ഒരു പുത്രനെ പ്രസവിക്കും. ആ ശിശു എമ്മാനുവേൽ എന്നുവിളിക്കപ്പെടും.... എന്തുകൊണ്ടെന്നാൽ, നമുക്കുവേണ്ടി ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്കുവേണ്ടി ഒരു പുത്രൻ പിറന്നിരിക്കുന്നു. ആധിപത്യം അദ്ദേഹത്തിൻെറ തോളിലത്രേ. അദ്ദേഹം വിസ്മയാവഹനായ ഉപദേഷ്ടാവു്, ശക്തനായ ദൈവം, നിത്യപിതാവു്, സമാധാനരാജൻ എന്നിങ്ങനെ വിളിക്കപ്പെടും. അദ്ദേഹത്തിൻെറ സാമ്രാജ്യം വിശാലമായിരിക്കും. അദ്ദേഹം രാജാവായ ദാവീദിൻെറ സിംഹാസനത്തിൽ ആസനസ്ഥനാകും. നീതിയിലും ന്യായത്തിലും ആ സിംഹാസനം എന്നേയ്ക്കും നിലനിറുത്തും.'' (ഇസയാസ് 7:13–15; 9:1–7)

## ഓർമ്മിക്കാൻ

1. തൻെറ ജനങ്ങളുടെ വിഗ്രഹാരാധനയെ ദൈവം ശിക്ഷിച്ചതെങ്ങനെ?
2. ജനങ്ങളുമായുള്ളതൻെറ ഉടമ്പടിയെപ്പററി ഓർമ്മിപ്പിക്കുവാൻ ദൈവം അയച്ചതു് ആരെയാണു്?
3. എന്തായിരുന്നു പ്രവാചകന്മാരുടെ ദൗത്യം?
4. മിശിഹായെപ്പററി പ്രവാചകനായ ഇസയാസ് മുൻകൂട്ടി പറഞ്ഞതെന്താണു്?

## പ്രവർത്തിക്കാൻ

അധികാരത്തിലിരിക്കുന്നവരുടെ ഉപദേശവും അവർ നൽകുന്ന നിർദ്ദേശങ്ങളും ഞാൻ സ്വീകരിക്കും.

ആമോസിൻേറയും ഓസിയുടേയും പ്രവചനങ്ങളിലൂടെ ദൈവം എനിക്കു നൽകുന്ന മുന്നറിയിപ്പുകളെപ്പററി ഞാൻ ചിന്തിക്കും.



# 15

## ദൈവം ഇസ്രായേൽ ജനതയെ ശുദ്ധീകരിക്കുന്നു

തൻെറ പ്രവാചകന്മാർവഴി ദൈവം ഇസ്രായേൽക്കാരോടു പശ്ചാത്തപിക്കുവാൻ ആവശ്യപ്പെട്ടു. എന്നാൽ, അവിടുത്തെ ആഗ്രഹം അവർ നിരസിക്കുകയാണുണ്ടായതു്. നന്നായി സംരക്ഷിച്ചിട്ടും, ചീത്തയായ ഫലങ്ങൾ പുറപ്പെടുവിച്ച ഒരു മുന്തിരിത്തോട്ടത്തോടു് ഇസയാസ് ദീർഘദർശി ദൈവജനങ്ങളെ താരതമ്യപ്പെടുത്തി.



''എൻെറ മുന്തിരിത്തോട്ടത്തിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങളിൽ ഞാൻ ചെയ്യാത്തതായി ഇനി എന്താണുള്ളതു്? അതു മുന്തിരിങ്ങ പുറപ്പെടുവിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചു. എന്നാൽ, അതു കാട്ടുമുന്തിരിങ്ങ പുറപ്പെടുവിച്ചു.''

''എൻെറ മുന്തിരിത്തോട്ടത്തോടു ഞാൻ എന്തുചെയ്യുമെന്നു് ഇപ്പോൾ പറയാം. ഞാൻ അതിൻെറ വേലി പൊളിച്ചുകളയും. അതിനെ നശിപ്പിക്കും. ഞാൻ അതിൻെറ മതിൽ ഇടിച്ചുകളയും. അതിനെ ചവിട്ടിമെതിക്കും. ഞാനതിനെ ശൂന്യമാക്കും.''

(ഇസയാസ് 5: 4—6)

വടക്കുഭാഗത്തുള്ള ഇസ്രായേൽക്കാരെ അസ്സീറിയക്കാർ ആക്രമിച്ചതോടെ അവക്ക് അർഹിക്കുന്ന ശിക്ഷ കിട്ടി. ''കർത്താവു തൻെറ ദാസന്മാരായ പ്രവാചകന്മാർവഴി അരുൾചെയ്തിട്ടുള്ളതനുസരിച്ച്, ഇസ്രായേലിനെ അവിടുത്തെ മുമ്പിൽനിന്നു നീക്കിക്കളയുകയും അസ്സീറിയയിലേയ്ക്കു് അവർ നയിക്കപ്പെടുകയുംചെയ്തു.''

(iv രാജാ. 17:23)

വടക്കുഭാഗത്തുള്ള ഇസ്രായേൽരാജ്യം ബി. സി. 721—ൽ നിശ്ശേഷം നശിപ്പിക്കപ്പെട്ടു. തെക്കുഭാഗത്തുള്ള യൂദായുടെ വംശം മാത്രമാണു പിന്നെ അവശേഷിച്ചതു്.

യൂദാവംശക്കാരോടു പശ്ചാത്തപിക്കുവാൻ ഇസയാസ് ദീർഘദർശി പിന്നേയും ഉപദേശിച്ചുകൊണ്ടിരുന്നു. ഇസ്രായേൽ ശിക്ഷിക്കപ്പെട്ടതു കണ്ടിട്ടും അവർ പഠിച്ചില്ല എന്നറിഞ്ഞപ്പോൾ അദ്ദേഹം വിലപിച്ചുകൊണ്ടു പറഞ്ഞു: ''കർത്താവിൻെറ പ്രവൃത്തികളിൽ അവക്ക് ഒരു ശ്രദ്ധയുമില്ല. അവിടുത്തെ കൈവേലകൾ അവർ പരിഗണിക്കുന്നില്ല. എൻെറ ജനം അജ്ഞതനിമിത്തം അടിമത്തത്തിനു വിധേയരാകുന്നു.'' (ഇസയാസ് 5:12–13)

ഇസയാസിനുശേഷം ഏതാണ്ടു നൂറു വർഷങ്ങൾ കഴിഞ്ഞപ്പോൾ ഒരു യുവവൈദികനായ ജെറെമിയാസിനെ ദൈവം തൻെറ പ്രവാചകനാകാൻ വിളിച്ചു. ദൈവം തന്നെ എങ്ങനെ വിളിച്ചു എന്നു് അദ്ദേഹം നമ്മോടു പറയുന്നു:

''........കർത്താവിൻെറ അരുളപ്പാടിൽ ഇങ്ങനെ പറഞ്ഞു: 'നിൻെറ മാതാവിൻെറ ഉദരത്തിൽ നിന്നെ ഉരുവാക്കുന്നതിനു മുമ്പേ നിന്നെ ഞാൻ അറിഞ്ഞു. നീ ഗർഭപാത്രത്തിൽനിന്നു പുറത്തുവരുന്നതിനുമുമ്പേ, നിന്നെ ഞാൻ ശുദ്ധീകരിക്കുകയും വിജാതികൾക്കു പ്രവാചകനായി നിയമിക്കുകയും ചെയ്തിരിക്കുന്നു.' ഞാൻ പറഞ്ഞു: 'ഹാ! കർത്താവായ ദൈവമേ, ഞാൻ ശിശുവാണ്. എനിക്കു സംസാരിക്കുവാൻ അറിഞ്ഞുകൂടാ.'

''കർത്താവു് അരുൾചെയ്തു: 'ഞാൻ ശിശുവാണ് എന്നു നീ പറയരുതു്. ഞാൻ നിന്നെ അയയ്ക്കാനിരിക്കുന്ന എല്ലാവരുടേയും അടുക്കൽചെന്നു്, ഞാൻ നിന്നോടു കല്പിക്കുന്നവയെല്ലാം നീ പറയണം. നിന്നെ രക്ഷിക്കുവാൻ ഞാൻ നിന്നോടുകൂടെയുള്ളതിനാൽ നീ അവരുടെ മുമ്പിൽ ഭയപ്പെടേണ്ടാ.'

''അനന്തരം കർത്താവു കൈ നീട്ടി എൻെറ അധരങ്ങൾ സ്പർശിച്ചുകൊണ്ടു് അരുൾചെയ്തു: 'ഇതാ ഞാൻ എൻെറ വചനങ്ങൾ നിൻെറ അധരങ്ങൾക്കു നല്കുന്നു.' (ജെറെമിയാസ് 1:5–9)

നല്ലവനായ ജോസിയാസ്‌രാജാവിൻെറ കാലത്തു യഹോവയ്ക്കുള്ള ആരാധന വീണ്ടുമാരംഭിച്ചു. ആഘോഷസമന്വിതമായ ചടങ്ങുകളോടെ പെസഹാ വീണ്ടും ആചരിച്ചു തുടങ്ങി. എങ്കിലും ജനങ്ങൾ വേണ്ടത്ര ആത്മാർത്ഥത കാണിക്കുന്നില്ല എന്നു ജെറെമിയാസിന് അറിയാമായിരുന്നു.

''യൂദാ കാപട്യത്തോടെയാണ് പൂർണ്ണഹൃദയത്തോടെയല്ല എൻെറ അടുക്കലേക്കു തിരിച്ചുവന്നതു്''—കർത്താവു് അരുൾചെയ്യുന്നു. (ജെറെ. 3: 10)

ബാഹ്യമായൊരു വിശ്വസ്തതാപ്രകടനമല്ല, തന്നിലേക്കുള്ള യഥാർത്ഥമായ ഒരു തിരിച്ചുവരവാണ് ദൈവം ആഗ്രഹിച്ചതു്. ജോസിയാസ്‌രാജാവിൻെറ മരണത്തിനുശേഷം ജനം വീണ്ടും വിഗ്രഹാരാധനയിലേക്കു നീങ്ങി. അവരെ വിശുദ്ധീകരിക്കുന്നതിനുവേണ്ടി എന്തെല്ലാം ക്ലേശങ്ങളാണു ദൈവം അയയ്ക്കുവാൻ പോകുന്നതെന്നു ജെറെമിയാസ് മുൻകൂട്ടി അറിയിച്ചു.

ഒരു ദിവസം അദ്ദേഹം ദൈവാലയത്തിൻെറ പ്രവേശനവാതായനത്തിങ്കൽ നിന്നുകൊണ്ടു പ്രസംഗിച്ചു: ''കർത്താവിനെ ആരാധിക്കുവാൻ ഈ വാതിൽവഴി വരുന്ന സമസ്ത യഹൂദരുമേ, കർത്താവിൻെറ വചനം കേൾക്കുവിൻ. നിങ്ങളുടെ വ്യാപാരങ്ങളും പ്രവൃത്തികളും നിങ്ങൾ നന്നായി ക്രമപ്പെടുത്തുകയും ഓരോരുത്തനും തൻെറ അയൽക്കാരനോട് നീതി പ്രവത്തിക്കുകയും ചെയ്യണം. പരദേശിയേയും അനാഥനേയും വിധവയേയും ഞെരുക്കാതിരിക്കുകയും ഈ സ്ഥലത്തു കുററമില്ലാത്ത രക്തം ചിന്താതിരിക്കുകയും നിങ്ങൾതന്നെ വിപൽക്കാരികളായ അന്യദേവന്മാരെ പിഞ്ചെല്ലാതിരിക്കുകയും ചെയ്യണം. അങ്ങനെ ചെയ്താൽ നിങ്ങളുടെ പിതാക്കന്മാർക്കു ശാശ്വതമായി ആദിയിൽത്തന്നെ നൽകിയ ഈ ദേശത്തു നിങ്ങളോടുകൂടെ ഞാൻ വസിക്കും.'' (ജെറെ. 7: 2—7)

ജെറെമിയാസിൻെറ ഈ ഭീഷണികൾ ജെറൂസലത്തെ പ്രാമാണികന്മാർക്ക് ഇഷ്ടപ്പെട്ടില്ല. അവർ ജെറെമിയാസിനെ പിടിച്ചു ജയിലിൽ അടച്ചു. അദ്ദേഹം പ്രാർത്ഥനാരൂപത്തിൽ ദൈവത്തോടിങ്ങനെ ആവലാതിപ്പെട്ടു:

''കർത്താവിൻെറ വചനം എനിക്കു സദാ നിന്ദനത്തിനും പരിഹാസത്തിനും ഹേതുവായിഭവിക്കുന്നു. 'ഞാൻ ഇനിയൊരിക്കലും അവിടുത്തെ സ്മരിക്കുകയില്ല; അവിടുത്തെ നാമത്തിൽ ഞാൻ പ്രവചിക്കുകയില്ല'; എന്നു പറയുമ്പോൾ എൻെറ ഹൃദയത്തിൽ തീ കത്തുന്നതുപോലെ തോന്നുന്നു......എനിക്കതു സഹിക്കാൻവയ്യാതെ ഞാൻ പരിക്ഷീണനായി.......നീതിമാനെ പരിശോധിച്ചു

ഹൃദയത്തേയും അന്തരംഗത്തേയും കാണുന്ന സൈന്യങ്ങളുടെ കത്താവേ, അങ്ങ് അവരോടു ചെയ്യാൻ പോകുന്ന പ്രതികാരം ഞാൻ കാണുവാൻ ഇടയാക്കണമേ! എൻെറ ആവലാതി അങ്ങയെ ഞാൻ അറിയിച്ചിരിക്കുന്നു. കത്താവിനെ സ്തുതിക്കുവിൻ. കത്താവിനു കീത്തനം പാടുവിൻ. അവിടുന്നു ദരിദ്രൻെറ പ്രാണനെ ദുഷ്ടൻെറ കയ്യിൽനിന്നു മോചിപ്പിച്ചിരിക്കുന്നു.'' (ജെറെ. 20: 8–13)

ജെറെമിയാസിൻെറ കഷ്ടതകൾ ഈശോ അനുഭവിക്കുവാനിരുന്ന പീഡകളുടെ പ്രതിരൂപമായിരുന്നു. ജെറെമിയാസ് ദീർഘദർശിയെ ജനം അടിക്കുകയും ഞെരുക്കുകയും കാരാഗൃഹത്തിൽ അടയ്ക്കുകയും ചെയ്തു.

ബാബിലോണിയൻ പട്ടാളം ജെറൂസലത്തെ വളഞ്ഞപ്പോഴാണ് വരാൻ പോകുന്ന ക്ലേശങ്ങളെപ്പററി യൂദയാക്കാർക്കു ബോധം വന്നതു്. നാടുകടത്തപ്പെടാതിരിക്കാൻവേണ്ടി ബാബിലോണിയൻ രാജാവിനു കീഴടങ്ങുവാൻ ദീർഘദർശി ജനങ്ങളെ ഉപദേശിച്ചു. പതിവുപോലെ അവർ അദ്ദേഹത്തിൻെറ വാക്കുകൾ നിരസിച്ചു. ജെറെമിയാസ് തൻെറ കഴുത്തിൽ ഒരു നുകംവച്ചു തെരുവിലൂടെ നടന്നുകൊണ്ടു് ഇങ്ങനെ പറഞ്ഞു: ''യൂദാ. നിൻെറ അതിർത്തിക്കുള്ളിൽ നടന്നിട്ടുള്ള പാപങ്ങളെപ്രതി നിൻെറ സകലസമ്പാദ്യങ്ങളും..... ഞാൻ നശിപ്പിക്കും. നിനക്കു പരിചിതമല്ലാത്ത ദേശത്തു ഞാൻ നിന്നെ കൊണ്ടുചെന്നു് നിൻെറ ശത്രുക്കളെ ഏല്പിക്കും.''

(ജെറെ. 17: 3–4)

ജെറെമിയാസിൻെറ പ്രസംഗം കേട്ടിട്ട് ജനങ്ങൾക്കു കോപമായി. അവർ അദ്ദേഹത്തിനെതിരായി തിരിഞ്ഞു. അദ്ദേഹത്തിൻെറ ലിഖിതങ്ങൾ അവർ കത്തിച്ചുകളഞ്ഞു. അദ്ദേഹത്തെ അവർ പിടിച്ച് ആഴമുള്ള ഒരു കിണററിലേക്ക് എറിയുകയും ചെയ്തു. എന്നാൽ, അദ്ദേഹത്തിൻെറ പ്രവചനങ്ങൾ നിറവേറി. ശത്രുക്കൾ യൂദയായിലെ രാജാവിനെ ബന്ധിച്ചു ബാബിലോണിലേയ്ക്കു കൊണ്ടുപോയി. പിന്നീട് ബി. സി. 586–ൽ നബുക്കദ്നോസർ രാജാവു് ജെറൂസലം നഗരം പിടിച്ചടക്കി; ദൈവാലയത്തിനു തീവച്ചു; വളരെയേറെ ആളുകളെ അടിമകളായി പിടിച്ചുകൊണ്ടുപോയി.

വിശുദ്ധനഗരവും ദൈവാലയവും അങ്ങനെ നശിച്ചു. ആ നാശംകണ്ടു് ജെറെമിയാസ് പൊട്ടിക്കരഞ്ഞു. എങ്കിലും പിന്നേയും അദ്ദേഹം പ്രതീക്ഷയോടെതന്നെ സംസാരിച്ചു. ദൈവം തൻെറ ജനങ്ങളെ ഉപേക്ഷിച്ചിട്ടില്ല എന്നു് അദ്ദേഹം അവരെ അറിയിച്ചു. തീകൊണ്ടു് സ്വർണ്ണം കറകളഞ്ഞെടുക്കുന്നതുപോലെ ക്ലേശങ്ങൾ നൽകി ദൈവം അവരെ ശുദ്ധീകരിക്കുകയായിരുന്നു. നാടുകടത്തലും അതിനെത്തുടർന്നു് അനുഭവിക്കേണ്ടിവരുന്ന കഷ്ടതകളുമാണു്, ശുദ്ധീകരണത്തിനു ദൈവം തിരഞ്ഞെടുത്ത മാർഗ്ഗങ്ങൾ.

നബുക്കദ്നോസർ ജെറൂസലത്തുനിന്നു ബാബിലോണിലേയ്ക്കു കൊണ്ടുപോയ സകല ജനങ്ങൾക്കുമായി ജെറമിയാസ് ഒരു ലേഖനം അയച്ചു. ഇതായിരുന്നു അതിൻെറ ഉള്ളടക്കം: ''...കർത്താവിൻെറ അരുളപ്പാട് ഇങ്ങനെയാണ്. ബാബിലോണിൽ എഴുപതുവർഷം പൂർത്തിയാകുമ്പോൾ ഞാൻ നിങ്ങളെ സന്ദർശിക്കുകയും, നിങ്ങളെ ഈ സ്ഥലത്തേയ്ക്കു തിരികെ കൊണ്ടുവരും എന്ന വാഗ്ദാനം നിറവേററുകയും ചെയ്യും. കർത്താവു് അരുൾചെയ്യുന്നു: നിങ്ങളെ സംബന്ധിച്ചുള്ള എൻെറ ഉദ്ദേശ്യങ്ങൾ എന്തെല്ലാമെന്നു് എനിക്കറിയാം. അവ സമാധാനപരങ്ങളാണ്; നാശത്തിനുള്ളവയല്ല. നിങ്ങൾ ക്ഷമയോടെ കാത്തിരിക്കുന്ന, ആനന്ദദായകമായ ഒരന്ത്യമാണ് എൻെറ മനസ്സിലുള്ളതു്. എന്നോടു് അപേക്ഷിക്കുകയും എൻെറ സന്നിധിയിൽവന്നു പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ ഞാൻ നിങ്ങളെ ശ്രവിക്കും.

''നിങ്ങൾ എന്നെ അന്വേഷിക്കും. നിങ്ങൾ പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ എന്നെ കണ്ടെത്തും, കർത്താവു വീണ്ടും അരുൾചെയ്യുന്നു.

''നിങ്ങൾ എന്നെ കണ്ടെത്തുവാൻ ഞാൻ ഇടയാക്കും. ഞാൻ നിങ്ങളുടെ വിദൂരവാസം അവസാനിപ്പിക്കും. ഞാൻ നിങ്ങളെ പരിത്യജിച്ച എല്ലായിടങ്ങളിൽനിന്നും എല്ലാ ജനങ്ങളുടെയിടയിൽ നിന്നും നിങ്ങളെ ശേഖരിച്ചു്, നിങ്ങൾ ഉപേക്ഷിച്ചുപോകാൻ ഞാൻ ഇടയാക്കിയ സ്ഥലത്തേക്കു്, നിങ്ങളെ പുനരാഗമിപ്പിക്കുവാൻ സംഗതിയാക്കും. ഇസ്രായേൽഗോത്രത്തോടും യൂദാഗോത്രത്തോടും ഒരു പുതിയ ഉടമ്പടി ഞാൻ ചെയ്യുന്ന ദിവസം വരും.....എൻെറ ന്യായപ്രമാണം അവരുടെ അന്തരംഗത്തിൽ സ്ഥാപിതമാകും; അതു ഞാൻ അവരുടെ ഹൃദയത്തിൽ എഴുതും. ഞാൻ അവരുടെ ദൈവവും അവർ എൻെറ ജനവുമായിരിക്കും. മേലിൽ തൻെറ അയൽക്കാരനോടോ സഹോദരനോടോ കർത്താവിനെ അറിയുക എന്നു് ഉപദേശിക്കുകയില്ല. ചെറിയവൻമുതൽ വലിയവൻവരെ എല്ലാവരും എന്നെ അറിയും. ഞാൻ അവരുടെ അകൃത്യങ്ങൾ ക്ഷമിക്കും. അവരുടെ പാപങ്ങൾ ഇനി ഓർമ്മിക്കുകയില്ല.''

(ജെറെ. 29: 10–14; 31: 31–34)

നാടുകടത്തപ്പെട്ടകാലത്തു ജനങ്ങളെ ആശ്വസിപ്പിക്കുവാനും അവരെ നയിക്കുവാനുമായി ദൈവം തൻെറ പ്രവാചകനായ എസെക്കിയേലിനെ അയച്ചു. സ്വന്തം നാട്ടിലേയ്ക്കു തിരിച്ചുവരുവാൻ കഴിയുന്നതെന്നായിരിക്കും എന്നു് എസെക്കിയേൽ മുൻകൂട്ടി പറഞ്ഞു:

''ഞാൻ നിങ്ങളെ വിജാതീയരുടെ ഇടയിൽനിന്നും സകല ദേശങ്ങളിൽനിന്നും ഒരുമിച്ചുകൂട്ടി സ്വദേശത്തേയ്ക്കു് ആനയിക്കും.

ഞാൻ നിങ്ങളുടെമേൽ നിർമ്മലജലം തളിക്കും. അപ്പോൾ സകല മാലിന്യങ്ങളിലുംനിന്നു നിങ്ങൾ ശുദ്ധരാക്കപ്പെടും. ഞാൻ എൻെറ ചൈതന്യം നിങ്ങളിൽ നിക്ഷേപിക്കും. അങ്ങനെ നിങ്ങൾ എൻെറ കല്പനകൾ അനുസരിച്ചു നടക്കുന്നവരും എൻെറ ന്യായവിധികൾ അനുഷ്ഠിക്കുന്നവരുമാകും.'' (എസെക്കിയേൽ 36: 24–28)

വിദൂരദേശത്തുള്ള ജീവിതം സൽഫലങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങി. ഇസ്രായേൽ ജനങ്ങൾ സ്വദേശത്തുനിന്ന് അകന്നു കഴിഞ്ഞപ്പോൾ തങ്ങൾ ദൈവത്തോടുകാണിച്ച നന്ദികേടിനെപ്പററി ഓർത്തു. മററുള്ള ജനതയിൽനിന്നു ദൈവം തിരഞ്ഞെടുത്തതല്ലേ, ദൈവാലയമില്ലെങ്കിൽത്തന്നെയും ദൈവത്തെ ആരാധിക്കാം എന്നവർക്കു തോന്നി. അവർ പശ്ചാത്തപിക്കുവാൻ തുടങ്ങി. വിഗ്രഹാരാധനയിൽനിന്ന് അവർ ക്രമേണ പിന്മാറി. എന്നാലും ജീവചൈതന്യം നഷ്ടപ്പെട്ട ഒരു ജനതയാണു തങ്ങളെന്ന് അവർക്കുതന്നെ തോന്നിയിരുന്നു.

''ദൈവമായ കർത്താവ് ഇപ്രകാരം അരുൾചെയ്യുന്നു: എൻെറ ജനമേ, ഞാൻ നിങ്ങളുടെ കല്ലറകൾ തുറന്ന് നിങ്ങളെ ശവക്കുഴിയിൽനിന്നു കയററി ഇസ്രായേൽദേശത്തേയ്ക്കു കൊണ്ടുപോകും.... അപ്പോൾ ഞാൻ കർത്താവാകുന്നുവെന്നു നിങ്ങൾക്കു മനസ്സിലാകും. ഞാൻ എൻെറ ചൈതന്യത്തെ നിങ്ങളിൽ പ്രവേശിപ്പിക്കുകയും നിങ്ങൾ ജീവിക്കുകയും നിങ്ങളുടെ സ്വദേശത്തു നിങ്ങളെ വിശ്രമിപ്പിക്കുകയും ചെയ്യുമ്പോൾ കർത്താവായ ഞാനാണ് ഇവ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതെന്നു നിങ്ങൾക്കു ബോധ്യപ്പെടും. ദൈവമായ കർത്താവിൻെറ അരുളപ്പാടാണിത്.''

(എസെക്കിയേൽ 37: 12–14)

പുതിയ ഉടമ്പടിയിലെ ജനതയോടും ദൈവം ഇങ്ങനെതന്നെയാണു പെരുമാറുന്നത്. നിത്യജീവിതത്തിലേയ്ക്ക് ഒരു ദിവസം അവിടുന്നു നമ്മെ ഉയിർപ്പിക്കും.

## ഓർമ്മിക്കാൻ

1. ഇസ്രായേൽജനതയെ ദൈവം ശിക്ഷിച്ചതെങ്ങനെ?
2. ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനതയെ ഇസയാസ് എന്തിനോടാണ് താരതമ്യപ്പെടുത്തിയത്?
3. യൂദയാജനതയെ ദൈവം ശിക്ഷിച്ചതെങ്ങനെ?
4. അവരെ ആരാണ് ആശ്വസിപ്പിച്ചത്?
5. യൂദയാജനതയുടെ വിദേശവാസത്തിൻെറ ഫലങ്ങൾ എന്തായിരുന്നു?

''കർത്താവേ, ആഴത്തിൽനിന്നു് അങ്ങയെ ഞാൻ വിളിച്ചപേക്ഷിക്കുന്നു. കർത്താവേ, എൻെറ സ്വരം ശ്രവിക്കണമേ! എൻെറ അപേക്ഷയുടെ സ്വരം ശ്രവിക്കുന്നതിനു് അങ്ങു ചെവി ചായിക്കണമേ!

കർത്താവേ, പാപങ്ങൾ അങ്ങു് അനുസ്മരിക്കുകയാണെങ്കിൽ കർത്താവേ, ആക്ക് നിലനില്ക്കാൻ സാധിക്കും.

അങ്ങേ ഭക്തിപൂർവ്വം സേവിക്കുന്നവർക്ക് മോചനം അങ്ങേ പക്കലുണ്ടു്.

ഞാൻ കർത്താവിൽ ശരണം വയ്ക്കുന്നു.

എൻെറ ആത്മാവു് അവിടുത്തെ വചനത്തിൽ ആശ്രയിക്കുന്നു.

കാവൽക്കാർ പ്രഭാതം പ്രതീക്ഷിക്കുന്നതിലുമുപരിയായി എൻെറ ആത്മാവു് കർത്താവിനെ കാത്തിരിക്കുന്നു.

സകല കുററങ്ങളിലുംനിന്നു് അവിടുന്നു് ഇസ്രയേലിനെ മോചിക്കും.'' (സങ്കീർത്തനം 129)

## പാടാൻ

അന്തരംഗത്തിനാഴത്തിൽ നിന്നു ഞാൻ
സന്തതം ദേവ നിന്നെ വിളിക്കുന്നു;
കാവൽക്കാരൻ പ്രഭാതത്തെയെന്നപോൽ
നീവരും വേള കാത്തിരിക്കുന്നു ഞാൻ.
തിന്മയൊക്കെ നീയെണ്ണാൻ തുടങ്ങിയാൽ
ഇമ്മഹിതന്നിലാർക്കുണ്ടു മോചനം?
നിൻ കരുണയും രക്ഷയും മാത്രമേ
നന്ദനർക്കുള്ളൊരാശ്രയം ഭൂമിയിൽ.
പൂർവ്വികന്മാർക്കു മാർഗ്ഗവും ജീവനും
ഭുവിലെന്നും വെളിച്ചവും നല്കിനീ.
ഇസ്രയേലിൻെറ രക്ഷയാം ദൈവമേ,
ആശ്രയിക്കുന്നു നിൻ കൃപയിങ്കൽ ഞാൻ.
പാപ പങ്കത്തിൽ മുങ്ങുമെന്നാത്മാവിൻ
ദീനരോദനം കേൾക്കാൻ കനിയണേ.
ഉന്നതങ്ങളിൽ വാഴും മഹത്വമേ,
എന്നുമേകാം പ്രണാമവും സ്തോത്രവും.

## പ്രവർത്തിക്കാൻ

നിത്യാനന്ദത്തിലേയ്ക്കു ദൈവം എന്നെ വിളിക്കുന്നുവെന്നു ഞാൻ എപ്പോഴും ചിന്തിക്കും.

ജീവിതക്ലേശങ്ങൾ സഹിക്കാൻ ഈ ചിന്ത എന്നെ സഹായിക്കുന്നുവെന്നു ഞാൻ മനസ്സിലാക്കുന്നു. ഇനിമേൽ ക്ലേശങ്ങൾ സഹിക്കുന്നതിൽ ഞാൻ കൂടുതൽ ധീരത പ്രദർശിപ്പിക്കും.

# 16

## ദൈവജനത്തെ തിരികെക്കൊണ്ടുവരുന്നു

‘‘ജെറുസലമേ, നിന്നെ ഞാൻ മറക്കുന്നുവെങ്കിൽ, എന്റെ വലതുകൈതന്നെ വിസ്മൃതമാകട്ടെ.’’ (സങ്കീർത്തനം 136:5)



ബാബിലോണിലെ പ്രവാസജീവിതം ദൈവത്തിന്റെ ജനതയെ ശുദ്ധീകരിച്ചു. പലരും വിഗ്രഹാരാധകരായി. എങ്കിലും ബാക്കിയുള്ളവർ യഹോവയോടു വിശ്വസ്തരായിത്തന്നെ വർത്തിച്ചു. വിശ്വസ്തരായിരുന്നവർക്ക് ഇസയാസ് ദീർഘദർശിയുടെ പ്രോത്സാഹനം കിട്ടി. അവരുടെ നല്ല മാതൃകയിൽ ദൈവം സംതൃപ്തനാണെന്ന് അദ്ദേഹം അവരെ അറിയിച്ചു.

‘‘ഇതാ, എന്റെ ദാസൻ; ഞാൻ അവനെ താങ്ങും. ഞാൻ തിരഞ്ഞെടുത്തവൻ; എന്റെ ആത്മാവ് അവനിൽ പ്രസാദിച്ചിരിക്കുന്നു. ഞാൻ എന്റെ ആത്മാവിനെ അവനു നൽകിയിരിക്കുന്നു. അവൻ ന്യായമായതു വിജാതീയരെ അറിയിക്കും. അവൻ നിലവിളിക്കുകയില്ല; ഒച്ചപ്പാടുണ്ടാക്കയില്ല; അവന്റെ സ്വരം പുറത്തു കേൾക്കയില്ല.

''അവൻ വളഞ്ഞ ഞാങ്കണ ഒടിക്കുകയോ പുകയുന്ന തിരി കെടുത്തുകയോ ഇല്ല. അവൻ സത്യത്തോടെ ന്യായം നടത്തും. ഭൂമിയിൽ ശരിയായ ക്രമം സ്ഥാപിക്കുന്നതുവരെ അവൻ തളരുകയില്ല; അധൈര്യപ്പെടുകയില്ല. അവൻെറ ഉപദേശത്തിനായി വിദൂരദ്വീപുകൾ കാത്തിരിക്കുന്നു.'' (ഇസയാസ് 42:1–4)

ഇസ്രായേലിനെപ്പററി പറയപ്പെട്ട ഈ വാക്കുകൾ ക്രിസ്തുവിൽ പരിപൂർണ്ണമായി നിറവേറി.

ഇതേ പ്രവാചകൻതന്നെയാണു ക്രിസ്തുവിൻെറ പീഡാനുഭവത്തെപ്പററിയും പ്രവചിച്ചിട്ടുള്ളതു്. മിശിഹാ അനുഭവിക്കേണ്ടിയിരുന്ന മരണത്തെപ്പററിയും അദ്ദേഹം മുൻകൂട്ടി പറഞ്ഞിട്ടുണ്ടു്:

''അദ്ദേഹം മനുഷ്യരാൽ നിന്ദിതനും പരിത്യക്തനുമായിരുന്നു; സങ്കടങ്ങളുടെ മനുഷ്യനും അരിഷ്ടതാപാത്രവുമായിരുന്നു. അദ്ദേഹത്തെ കാണുന്നവർ മുഖം തിരിച്ചുകളയത്തക്കവിധം അദ്ദേഹം നിന്ദിതനായിരുന്നു. ആകയാൽ, നാം അദ്ദേഹത്തെ ആദരിച്ചില്ല. എന്നാൽ, യഥാർത്ഥമായും അദ്ദേഹം വഹിച്ചതു നമ്മുടെ രോഗങ്ങളാണു്; അദ്ദേഹം ചുമന്നതു നമ്മുടെ വേദനകളാണു്........അദ്ദേഹം നമ്മുടെ പാപങ്ങൾനിമിത്തം മുറിവേല്പിക്കപ്പെടുകയും നമ്മുടെ അക്രമങ്ങൾനിമിത്തം ഞെരുക്കപ്പെടുകയും ചെയ്തു.........കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ........അദ്ദേഹം മൗനമവലംബിച്ചു; അദ്ദേഹം വായ് തുറക്കാതിരുന്നു.......അദ്ദേഹം തിന്മ ചെയ്യാതിരുന്നിട്ടും ദുഷ്ടനോടുകൂടെയത്രേ ശവക്കുഴി ലഭിച്ചതു്....... അത്യുഗ്രമായ വേദനയ്ക്കുശേഷം അദ്ദേഹം പ്രകാശം കാണും. അദ്ദേഹം അനേകരെ നീതീകരിക്കുകയും, അവരുടെ അകൃത്യങ്ങളുടെ ഭാരം വഹിക്കുകയും ചെയ്യും.'' (ഇസയാസ് 153:3–12)

നമുക്കിന്നു മനസ്സിലാവുംപോലെ ഇസ്രായേൽജനങ്ങൾക്കു് ഈ പ്രവചനത്തിൻെറ അർത്ഥം അന്നു മനസ്സിലായില്ല. ദൈവത്തിലുള്ള വിശ്വാസവും ആശ്രയവും അഭംഗുരം കാത്തുസൂക്ഷിച്ചാൽ സഹനത്തിനുശേഷം രക്ഷവരുമെന്നു പ്രവാസകാലത്തെ ക്ലേശങ്ങൾ അവരെ പഠിപ്പിച്ചു.

വർഷങ്ങൾ കഴിഞ്ഞതോടെ ബാബിലോണിയരുടെ ശക്തി ക്ഷയിച്ചു. പേർഷ്യയിലെ സൈറസ്‌രാജാവു ബാബിലോൺ പിടിച്ചടക്കി. അവിടെ തടങ്കലിൽ കിടന്നവരെ സ്വതന്ത്രരാക്കി.

ബി. സി. 538–ൽ യഹൂദർക്കു ജെറൂസലത്തേയ്ക്കു തിരികെപ്പോകാൻ അദ്ദേഹം അനുമതി നൽകി. മാത്രമല്ല, ദൈവാലയം പുതുക്കിപ്പണിയാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. പേർഷ്യാ

രാജാവായ സൈറസിൻെറ വാഴ്ചയുടെ ആദ്യവർഷം കത്താവു നൽകിയ പ്രേരണയനുസരിച്ച് അദ്ദേഹം തൻെറ രാജ്യമാസകലം രേഖാമൂലം ഇങ്ങനെ വിളംബരം ചെയ്തു: ''പേർഷ്യാരാജാവായ സൈറസ് പ്രഖ്യാപിക്കുന്നു: ''സ്വർഗ്ഗത്തിൻെറ ദൈവമായ കത്താവു ഭൂമിയിലെ സകല രാജ്യങ്ങളും എനിക്കു നൽകിയിരിക്കുന്നു. യൂദയായിലെ ജെറൂസലത്തു കത്താവിനു് ഒരു ആലയം നിമ്മിക്കുവാൻ അവിടുന്നു് എന്നോടു് ആവശ്യപ്പെട്ടിരിക്കുകയാണു്. നിങ്ങളുടെ ഇടയിൽ കത്താവിൻെറ ജനമായി ആരെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ അവൻെറ ദൈവമായ കത്താവു് അവനോടുകൂടെ ആയിരിക്കട്ടെ. അവൻ യൂദയായിലുള്ള ജെറൂസലത്തേക്കു പുറപ്പെട്ടു്.........ദൈവമായ കത്താവിനു് ഒരു ആലയം നിമ്മിക്കട്ടെ. അവിടുന്നാണല്ലോ ജെറൂസലത്തെ ദൈവം.'' (എസ്ദ്രാസ് 1:1—3)

ദൈവാലയത്തിൽനിന്നു മോഷണംപോയ സാധനങ്ങൾ സൈറസ്‌രാജാവു തിരികെക്കൊടുത്തു. ''നബുക്കദ്നോസർരാജാവു്, ജെറൂസലത്തുനിന്നു കൊണ്ടുപോയി തൻെറ ദേവന്മാരുടെ ക്ഷേത്രങ്ങളിൽ വച്ചിരുന്ന, കർത്തൃഭവനത്തിലെ ഉപകരണങ്ങളെല്ലാം സൈറസ്‌രാജാവു പുറത്തെടുത്തു.'' (എസ്ദ്രാസ് 1:7)

ദൈവത്തിൽ വിശ്വസ്തരായിരുന്ന ചെറിയ വിഭാഗം ആളുകൾ ജെറൂസലത്തേയ്ക്കു മടങ്ങി. അവർ വീണ്ടും ദൈവാലയം പണിയാൻ തുടങ്ങി. ചിലർ ജോലിചെയ്തു. മററുള്ളവർ സംഭാവനകൾ നൽകി സഹായിച്ചു. ചില പിതൃഗോത്രത്തലവന്മാർ ജെറൂസലത്തു കർത്തൃഭവനത്തിലെത്തിയപ്പോൾ ദൈവാലയം അതിൻെറ സ്ഥാനത്തു പണിയുന്നതിനു് ഉദാരമായി സ്വമനസാ ദാനങ്ങൾ നൽകി. ജോലിയുടെ നിർവ്വഹണത്തിനു തങ്ങളുടെ കഴിവനുസരിച്ചു് അവർ സഹായിച്ചു.'' (എസ്ദ്രാസ് 2:68—69)

വളരെ ബുദ്ധിമുട്ടിയിട്ടാണു് ആ ജോലി ചെയ്തുതീർത്തതു്. യഹൂദരുടെ ശത്രുക്കളായിരുന്ന സമരിയക്കാർ അവർക്കു പല തടസ്സങ്ങളും ഉണ്ടാക്കാൻ ശ്രമിച്ചു. ''അപ്പോൾ തദ്ദേശവാസികൾ യഹൂദരുടെ ജോലി തടയുവാനും അവരെ ഭീഷണിപ്പെടുത്തുവാനും തുടങ്ങി.............യഹൂദരുടെ ഉദ്ദേശ്യം നിഷ്ഫലമാക്കുന്നതിനു രാജാവിൻെറ ഉപദേഷ്ടാക്കൾക്കു് അവർ കൈക്കൂലികൊടുത്തു് അവക്കെതിരാക്കിക്കൊണ്ടിരുന്നു.'' (എസ്ദ്രാസ് 4:4—5)

യഹൂദരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി തൻെറ നാമത്തിൽ സംസാരിക്കുവാൻ ദൈവം ഒരു പ്രവാചകനെ അവർക്കു് അയച്ചുകൊടുത്തു. ''ദേശവാസികളേ, ധൈര്യപൂർവ്വം വേലചെയ്യുവിൻ! ഞാൻ നിങ്ങളോടുകൂടെയുണ്ടു്'' എന്നു കത്താവു് അരുൾചെ

യുന്നു........''നിങ്ങാം ' ഭയപ്പെടേണ്ട........ഞാൻ ഈ ഭവന ത്തെ മഹത്വപൂർണ്ണമാക്കും.......ഈ രണ്ടാം ആലയത്തിന്റെ മഹത്വം ആദ്യത്തേതിനെക്കാൾ വളരെ കൂടുതൽ ആയിരിക്കും.''

(അഗേവൂസ് 2 : 4–9)

ഈശോ ഈ ദൈവാലയത്തിൽ പ്രവേശിച്ചപ്പോൾ ഈ വാക്കുകൾ നിറവേറി.

ദൈവാലയം പുതുക്കിപ്പണിതതിനുശേഷം ദൈവാരാധന പുനരുദ്ധരിക്കപ്പെട്ടു. എന്നാൽ പ്രധാനമായ രണ്ടു കാര്യങ്ങൾ ഇനിയും ചെയ്തു തീർക്കേണ്ടതുണ്ടായിരുന്നു. ജെറൂസലത്തിന്റെ കോട്ടപണിയുക; ദൈവത്തിന്റെ നിയമങ്ങൾ ജനങ്ങളെ പഠിപ്പിക്കുവാൻ ഒരു കൂട്ടം ആളുകളെ സംഘടിപ്പിക്കുക. പ്രധാനമായ ഈ രണ്ടു കാര്യങ്ങളും നിർവ്വഹിക്കുവാൻ മഹാന്മാരായ രണ്ടുപേരെ ദൈവം തിരഞ്ഞെടുത്തു—എസ്ദ്രാസിനേയും നെഹെമിയാസിനേയും. ജെറൂസലത്തുനിന്ന് അകന്നു ജീവിച്ചിരുന്ന യഹൂദരിൽ ഒരുവനാണു നെഹെമിയാസ്. തന്റെ ജനങ്ങളുടെ ബുദ്ധിമുട്ടുകളെപ്പററി താൻ കേട്ടതു് എങ്ങനെയെന്നു് അദ്ദേഹം പറയുന്നു: ''എന്റെ സഹോദരന്മാരിൽ ഒരുവനായ ഹനാനിയും അയാളോടുകൂടെ യൂദയായിലെ ഏതാനും ആളുകളും അവിടെ വന്നുചേർന്നു. വിപ്രവാസം കഴിഞ്ഞു മടങ്ങിയെത്തിയ യഹൂദരേയും ജെറൂസലത്തേയുംപററി ഞാൻ അവരോടു ചോദിച്ചു. അവർ പ്രതിവചിച്ചു: 'വിപ്രവാസം കഴിഞ്ഞു മടങ്ങിയെത്തിയവർ ആ സംസ്ഥാനത്തു മഹാകഷ്ടതയിലും അപമാനത്തിലും കഴിയുന്നു. ജെറൂസലത്തിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീപിടിച്ചും ദഹിച്ചും കിടക്കുന്നു.' ഈ വാർത്ത കേട്ടപ്പോൾ ഞാൻ ഇരുന്നു വിലപിച്ചു'' (നെഹെമിയാസ് 1: 2–4)

പേർഷ്യൻ രാജാവിന്റെ കീഴിലായിരുന്നു, നെഹെമിയാസ്. ജെറൂസലത്തിന്റെ മതിലുകൾ പുതുക്കിപ്പണിയുവാൻ അദ്ദേഹം രാജാവിന്റെ അനുവാദം വാങ്ങി. സഹായിക്കുവാൻ അദ്ദേഹം യഹൂദരെ പ്രോത്സാഹിപ്പിച്ചു. ''ജെറൂസലം ശൂന്യമായും അതിന്റെ വാതിലുകൾ അഗ്നിയിൽ ദഹിച്ചും കിടക്കുന്നു. ഇനിയും നാം പരിഹാസപാത്രങ്ങളാകാതിരിക്കുവാൻ നിങ്ങാം വരുവിൻ. നമുക്കു ജെറൂസലത്തിന്റെ വാതിലുകൾ പണിയാം.'' (നെഹെ. 2 : 17)

നെഹെമിയാസിന്റെ നേതൃത്വത്തിലാണു പണിതുടങ്ങിയതു്. പിന്നെയും യഹൂദന്മാർക്കു ശത്രുക്കളുടെ എതിർപ്പുണ്ടായി. അതിനെ നേരിടാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിവന്നു. ''അന്നു മുതൽ എന്റെ ആളുകളിൽ പകുതിപ്പേർ പണി തുടർന്നുകൊണ്ടുപോന്നു; പകുതിപ്പേർ കുന്തവും, പരിചയും വില്ലും കവചവും ധരിച്ചു നിന്നു. മതിൽ പണിതിരുന്ന ഓരോ കുടുംബത്തിന്റെയും പിറകിൽ

പ്രമാണികൾ നിയന്ത്രിക്കുവാൻ നിൽക്കുന്നുണ്ടായിരുന്നു. മതിൽപ്പണിതിരുന്നവരും ചുമടെടുത്തിരുന്നവരും ഒരു കൈകൊണ്ടു മാത്രമാണു ജോലിചെയ്തിരുന്നതു്. മറേറകൈയിൽ വാൾ പിടിച്ചിരിക്കുകയായിരുന്നു.'' (നെഹെ. 4:16–17)

ദൈവാലയവും നഗരത്തിൻെറ മതിലും പുതുക്കിപ്പണിയുക പ്രയാസകരമായ ജോലിയായിരുന്നു. എന്നാൽ ഇതിനെക്കാൾ വലിയ ഒരു ജോലി അവശേഷിച്ചിരുന്നു. യഹൂദരെ മോശയുടെ നിയമത്തോടു വിശ്വസ്തതയുള്ള ഒരു ജനതയാക്കുക. ആ ജോലിയാണ് എസ്ദ്രാസ് ഏറെറടുത്തതു്.

''ഇസ്രായേൽ ജനങ്ങൾ സകലരും ജലകവാടത്തിൻെറ മുമ്പിലുള്ള വിശാലസ്ഥലത്തു് ഒരേമനസ്സോടെ ഒരുമിച്ചുകൂടി. കർത്താവു് ഇസ്രായേലിനു കല്പിച്ചുകൊടുത്ത മോശയുടെ നിയമഗ്രന്ഥം എടുത്തുകൊണ്ടുവരുവാൻ അവർ എസ്ദ്രാസിനോടു പറഞ്ഞു. പുരോഹിതനായ എസ്ദ്രാസ് പുരുഷന്മാരും സ്ത്രീകളും ഉൾപ്പെട്ട ജനക്കൂട്ടത്തിൻെറ മുമ്പാകെ നിയമഗ്രന്ഥം കൊണ്ടുവന്നു. ഒരു പ്രസംഗപീഠത്തിൽ കയറിനിന്നു. അദ്ദേഹം സകല ജനങ്ങളുടേയും മുമ്പിൽവച്ചു് പുസ്തകം തുറന്നു. അതു തുറന്ന സമയത്തു് ജനങ്ങളെല്ലാം എഴുന്നേററുനിന്നു.

എസ്ദ്രാസ് മഹാദൈവമായ കർത്താവിനെ സ്തുതിച്ചു. ജനമെല്ലാം കൈ ഉയർത്തിക്കൊണ്ടു് 'ആമ്മേൻ, ആമ്മേൻ' എന്നു പ്രത്യുത്തരിച്ചു. അവർ കുനിഞ്ഞു സാഷ്ടാംഗംവീണു ദൈവത്തെ ആരാധിച്ചു.'' (നെഹെ. 8:1—7)

എസ്ദ്രാസ് നിയമം വായിച്ചു ജനങ്ങൾക്കു വിശദീകരിച്ചുകൊടുത്തു. ദൈവവുമായുള്ള ഉടമ്പടി അവരെക്കൊണ്ടു് അദ്ദേഹം പുതുക്കിച്ചു. യഹൂദർ ആത്മാർത്ഥമായി മുഴുഹൃദയത്തോടെ ദൈവത്തെ ആരാധിച്ചു. വാഗ്ദാനംചെയ്യപ്പെട്ട രക്ഷകനിലുള്ള വിശ്വാസം നിലനിർത്തിക്കൊള്ളാമെന്നും ദൈവത്തിൻെറ നിയമം അനുസരിച്ചുകൊള്ളാമെന്നും അവർ വാഗ്ദാനം ചെയ്തു.

യഹൂദർ കീഴടക്കപ്പെട്ടതിനാൽ, അവർക്കു പിന്നെ ഒരു ജനതയാകാൻ സാധിച്ചില്ല. എങ്കിലും രക്ഷകൻെറ വരവിനു ലോകത്തെ ഒരുക്കുവാനുള്ള ''തിരഞ്ഞെടുക്കപ്പെട്ട ജന''മായി അവർ അവശേഷിച്ചു.

ദാവീദിൻെറ ഭവനത്തിൽ ജനിക്കാനിരിക്കുന്ന രാജാവിനെ അവർ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ആ രാജാവു വിളംബംവിനാ ആഗ

തനാകും. ഒരു ഭൗതികരാജ്യമല്ല അദ്ദേഹം സ്ഥാപിക്കുക. തൻെറ പീഡാനുഭവവും മരണവും ഉത്ഥാനവുംവഴി അദ്ദേഹം ജനഹൃദയങ്ങളെ നേടുകയും അവരെ രക്ഷിക്കുകയും ചെയ്യും.

## ഓർമ്മിക്കാൻ

1. ഇസയാസ് മുൻകൂട്ടി പ്രവചിച്ചതെന്താണ്?
2. എങ്ങനെയുള്ള രാജ്യമാണ് രക്ഷകൻ സ്ഥാപിക്കുക?
3. വിപ്രവാസത്തിൽനിന്നു തിരിച്ചുവന്നതിനുശേഷം യഹൂദരോട് എന്തുചെയ്യാനാണ് ആവശ്യപ്പെട്ടത്?
4. ബാബിലോണിൽനിന്നു തിരിച്ചു വന്നതിനുശേഷം യഹൂദജനത എന്തുചെയ്തു?

## പ്രവർത്തിക്കാൻ

ഞാൻ എൻെറ കഷ്ടതകൾ ഈശോയെപ്രതി സഹിക്കും.

എല്ലാവരും ദൈവജനമായിത്തീരണമേ എന്നു ഞാൻ പ്രാർത്ഥിക്കും.

രക്ഷകനെപ്പററി ഇസയാസ് ദീർഘദർശിയുടെ അമ്പത്തിമൂന്നാമദ്ധ്യായത്തിലെ പ്രവചനങ്ങൾ ഞാൻ വായിക്കും.



# 17

## ഒരമ്മയും ഏഴു മക്കളും

ഏകദേശം ഇരുനൂറുവർഷം യഹൂദർ പേർഷ്യൻഭരണത്തിൻ കീഴിലായിരുന്നു. അലക്സാണ്ഡർ പേർഷ്യയേയും യഹൂദരേയും പിടിച്ചടക്കി. വീണ്ടും അവിശ്വാസത്തിലേയ്ക്കും ദുർമാർഗ്ഗത്തിലേയ്ക്കും യഹൂദർ വഴുതിവീണു. പലരും വിജാതീയരെപ്പോലെ ജീവിക്കാൻ തുടങ്ങി. അക്കാലത്തു് ഇസ്രായേലിൽനിന്നു പുറപ്പെട്ട ദുഷ്ടയഹൂദർ അനേകരെ ഇങ്ങനെ ഉദ്ബോധിപ്പിച്ചു: ''നമുക്കു പോയി വിജാതീയരോടു ചേ



രാം.......വിജാതീയരുടെ ക്രമം അനുസരിച്ചു് ഒരു അഭ്യസനക്കളരി ജെറൂസലത്തു് അവർ നിർമ്മിച്ചു.......അങ്ങനെ തിന്മയ്ക്കു് അവർ തങ്ങളെത്തന്നെ സമർപ്പിച്ചു.''

(1 മക്ക്ബായർ 1:12–16)

അന്തിയോക്കസ്രാജാവിൻെറ കാലംവരെ യഹൂദർക്കു മതസ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നാൽ, ദുഷ്ടനായ അന്തിയോക്കസിൻെറ ഭരണത്തിൽ വിജാതീയജീവിതം നയിക്കുവാൻ ദൈവത്തിൻെറ ജനത നിർബന്ധിതരായി. ''ചുററുമുള്ള വിജാതീയരുടെ നിയമം

എല്ലാവരും സ്വീകരിച്ചുകൊള്ളണമെന്നും.........ദൈവാലയത്തിൽ പരിഹാരബലിയോ ഹോമബലിയോ നടത്തിക്കൂടെന്നും സാബത്തും ഉത്സവങ്ങളും ആചരിക്കുവാൻ പാടില്ലെന്നും അദ്ദേഹം ആജ്ഞാപിച്ചു. ..........ബലിപീഠങ്ങളും ദേവാലയങ്ങളും വിഗ്രഹങ്ങളും നിർമ്മിക്കുവാനും പന്നികളുടേയും ഹീനമൃഗങ്ങളുടേയും മാംസം ബലിയർപ്പിക്കുവാനും..........അദ്ദേഹം കല്പിച്ചു. രാജശാസനത്തെ അവഗണിക്കുന്നവരെ വധിച്ചുകളയണമെന്ന് അന്തിയോക്കസ് രാജാവ് ആജ്ഞാപിച്ചു.........ദൈവകല്പനകൾ ലംഘിച്ചുകൊണ്ട് അനേകംപേർ അവരുടെ നിർദ്ദേശത്തോടു യോജിക്കുകയും രാജ്യത്തു ദുഷ്ക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു.''

(1 മക്കബായർ 1:46—55)

മോശയുടെ നിയമത്തോടു വിശ്വസ്തരായ യഹൂദന്മാർ പിന്നെയും ഉണ്ടായിരുന്നു. ദൈവത്തെ ദ്രോഹിക്കുന്നതിനെക്കാൾ മരിക്കാനാണ് അവർ ഇഷ്ടപ്പെട്ടത്. അക്കൂട്ടത്തിൽ ഒരു വൃദ്ധനുമുണ്ടായിരുന്നു. പേര് ഏലിയാസർ. സുമുഖനും നിയമജ്ഞരിൽ പ്രമുഖനുമായ ഏലിയാസറിനെ പന്നിമാംസം ഭക്ഷിക്കുന്നതിന് അവർ നിർബന്ധിച്ചു. പന്നിമാംസം ഭക്ഷിക്കുക മോശയുടെ നിയമമനുസരിച്ചു മുടക്കപ്പെട്ടിരുന്നു. നിന്ദ്യമായ ആ പ്രവൃത്തിയെക്കാൾ മരിക്കുവാൻ അദ്ദേഹം സന്നദ്ധനായി. തന്നിമിത്തം സ്വമനസാ അദ്ദേഹം പീഡനങ്ങൾക്കു വിധേയനായി. (1 മക്കബായർ 6:18—19)

ജീവരക്ഷയ്ക്കുവേണ്ടി രാജാവിൻെറ കല്പന അനുസരിക്കുന്നതായി ഭാവിച്ചാൽമതി എന്ന് ഏലിയാസറിൻെറ സ്നേഹിതന്മാർ അദ്ദേഹത്തോട് ഉപദേശിച്ചു. എന്നാൽ ഏലിയാസറിന് അതിനു മനസ്സുണ്ടായിരുന്നില്ല. കാരണം, അത് മററുള്ളവർക്കും ഒരു ദുർമ്മാതൃകയായിരിക്കുമല്ലോ എന്ന് അദ്ദേഹം വിചാരിച്ചു. ഏലിയാസർ പറഞ്ഞു: ''ഇക്കാര്യത്തിൽ ഒരഭിനയം നടത്തുക എൻെറ പ്രായത്തിനു ചേർന്നതല്ല. ഞാൻ തൊണ്ണൂറാംവയസ്സിൽ വിജാതീയജീവിതം അവലംബിച്ചു എന്ന് അനേകം യുവജനങ്ങൾ വിചാരിക്കുവാൻ അതിടയാക്കും. ഹ്റസ്വവും നശ്വരവുമായ ജീവിതത്തിനുവേണ്ടി ഞാൻ കാപട്യം കാണിച്ചാൽ അവർ വഞ്ചിതരാകും. അങ്ങനെ എൻെറ വാർദ്ധക്യത്തിൽ കളങ്കവും ശാപവും വർഷിക്കപ്പെടും.......പരിപാവനവും മഹത്തരവുമായ നിയമങ്ങൾക്കുവേണ്ടി ഞാൻ ധീരതയോടുകൂടെ സ്വമനസാ മരണം കൈവരിക്കുകയാണെങ്കിൽ അതു യുവജനങ്ങൾക്കു സ്ഥിരത നൽകുന്ന ഒരു മാതൃകയായിരിക്കും.''

(1 മക്കബായർ 6:24—28)

ഏലിയാസറിനെ അവർ വധിച്ചു. മരിക്കുന്ന സമയത്ത് അദ്ദേഹം ദൈവത്തോട് ഇങ്ങനെ പ്രാർത്ഥിച്ചു. ''കർത്താവേ, എനിക്കു മരണത്തിൽനിന്നു രക്ഷനേടാമായിരുന്നു എന്ന് സർവ്വജ്ഞനായ അ

ങ്ങേയ്ക്കറിയാമല്ലോ. എന്നാൽ, ഞാൻ ദുസ്സഹമായ ശാരീരികവേദനകളാണ് ഇപ്പോരം സഹിക്കുന്നതു്. ഞാൻ അങ്ങയെ ഭയപ്പെടുന്നു. ഇവ സഹിക്കുവാൻ എനിക്കു സന്തോഷമേയുള്ളു.''

യുവജനങ്ങരംക്കു മാത്രമല്ല, സകലജാതികരംക്കും പുണ്യത്തിൻേറയും മനഃസ്ഥൈര്യത്തിൻേറയും മാതൃക നൽകിക്കൊണ്ടു് അദ്ദേഹം മരണം കൈവരിച്ചു.

പാപംചെയ്യുന്നതിനെക്കാരംനന്നു മരിക്കുന്നതാണെന്നു വിചാരിക്കുന്നവരായി ഏലിയാസറിനെപ്പോലെ വേറെയുമുണ്ടായിരുന്നു, ചിലർ. ''പിന്നീടൊരിക്കൽ ഏഴു സഹോദരന്മാർ അവരുടെ അമ്മയോടൊപ്പം ബന്ധിക്കപ്പെടുകയും നിഷിദ്ധമായ പന്നിമാംസം ഭക്ഷിക്കുവാൻ രാജാവിനാൽ നിർബന്ധിക്കപ്പെടുകയും ചെയ്തു. ചാട്ടയും ചമ്മട്ടിയുംകൊണ്ടുള്ള മർദ്ദനം അവർ ഏൽക്കേണ്ടിവന്നു. അവരിൽ മൂത്തവൻ പറഞ്ഞു: ''ദൈവകല്പനയെ ലംഘിക്കുന്നതിനെക്കാരം മരിക്കുവാൻ ഞങ്ങരം ഇഷ്ടപ്പെടുന്നു.'' (ii മക്ക്ബാ. 7 : 1—2)

ഈ ചെറുപ്പക്കാരനെ രാജാവു് കൊന്നുകളഞ്ഞു. രണ്ടാമനും രാജകല്പന സ്വീകരിക്കുവാൻ കൂട്ടാക്കിയില്ല. അവൻ രാജാവിനോടു പറഞ്ഞു: ''പരമദുഷ്ടാ, നീ ഞങ്ങളുടെ ജീവൻ നശിപ്പിക്കുന്നു. എന്നാൽ ലോകാധിരാജൻ, നിയമത്തിനുവേണ്ടി മരിക്കുന്ന ഞങ്ങരംക്കു നിത്യജീവൻ നൽകി ഞങ്ങളെ ഉയിർപ്പിക്കും.''

(ii മക്ക്ബാ. 7 : 9)

അവരുടെ അമ്മയുടെ മുമ്പിൽവച്ചു് ആ ചെറുപ്പക്കാരെയെല്ലാം ഒന്നിനു പിറകെ ഒന്നായി രാജസേവകന്മാർ വധിച്ചുകളഞ്ഞു.

ഒരുദിവസംതന്നെ തൻെറ ഏഴുപുത്രന്മാർ വധിക്കപ്പെടുന്നതു കാണുകയും, ദൈവത്തിലുള്ള ശരണംനിമിത്തം ധൈര്യപൂർവ്വം ഇവയെല്ലാം സഹിക്കുകയുംചെയ്ത ആ മാതാവു് മഹാധീരയാണു്. അവളുടെ സ്മരണ കോരിത്തരിപ്പിക്കുന്നതുമാണു്.

ആ ധീരമാതാവു തൻെറ മാതൃഭാഷയിൽ അവർ ഓരോരുത്തരേയും നിർഭയം ഉപദേശിച്ചുകൊണ്ടിരുന്നു. തൻെറ സ്ത്രീഹൃദയത്തിൽ പൗരുഷം കലർത്തിക്കൊണ്ടു് അവരം അവരോടു പറഞ്ഞു: ''......മനുഷ്യവർഗ്ഗത്തെ സൃഷ്ടിക്കുകയും എല്ലാവസ്തുക്കളും ഉൽപാദിപ്പിക്കുകയും ചെയ്ത പ്രപഞ്ചകർത്താവിൻെറ നിയമങ്ങളെപ്രതി നിങ്ങരം ജീവത്യാഗം ചെയ്തതിനാൽ, അവിടുന്നു തൻെറ കരുണയാൽ നിങ്ങരംക്കു ശ്വാസവും ജീവനും വീണ്ടും നൽകും.'' (ii മാക്ക്ബാ. 7 : 20—5)

ഏററവും ഇളയകുട്ടി അപ്പോഴും ജീവിച്ചിരുന്നു. അവനെ പാട്ടിലാക്കാനായി, പിന്നെ രാജാവിൻെറ ശ്രമം.

രാജാവു് അവനെ ഉപദേശിക്കുക മാത്രമല്ല പിതാക്കന്മാരുടെ കല്പനകളിൽനിന്നു് അവൻ വ്യതിചലിക്കുകയാണെങ്കിൽ അവനെ സമ്പന്നനാക്കുകയും തന്റെ ഒരു സ്നേഹിതനായി പരിഗണിക്കുകയും ചെയ്തുകൊള്ളാമെന്നു് അവനോടു ശപഥംചെയ്യുകകൂടി ചെയ്തു.

ആ യുവാവു് ഈ വാഗ്ദാനങ്ങളിൽ ആകൃഷ്ടനല്ലെന്നു കണ്ടപ്പോൾ അയാൾ അവന്റെ അമ്മയെ വിളിച്ചു് അവന്റെ പ്രാണൻ രക്ഷിക്കാൻ അവനോടുപദേശിക്കണമെന്നു പറഞ്ഞു.

പുത്രനെ ഉപദേശിക്കാമെന്നു് അവർ വാഗ്ദാനം ചെയ്തു.

ആ ക്രൂരനായ രാജാവിനെ കബളിപ്പിക്കാനായി അവൾ മകന്റെ അടുക്കലേയ്ക്കു കുനിഞ്ഞുനിന്നുകൊണ്ടു് മാതൃഭാഷയിൽ അവനോടു മന്ത്രിച്ചു. ''.........എന്റെ മകനേ, ഞാൻ ആവശ്യപ്പെടുന്നതു് ഇതാണു്: നീ ആകാശവും ഭൂമിയും അവയിലുള്ള സമസ്തവും നോക്കിക്കാണുക. ദൈവം അവയെല്ലാം ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ചു. മനുഷ്യവർഗ്ഗത്തേയും അവിടുന്നു് അപ്രകാരംതന്നെ സൃഷ്ടിച്ചു. ആകയാൽ, എന്റെ മകനേ, നീ ഈ കൊലയാളിയെ ഭയപ്പെടേണ്ടാ, ദൈവാനുഗ്രഹത്താൽ നിന്നേയും എനിക്കു തിരികെ ലഭിക്കേണ്ടതിനു നിന്റെ സഹോദരന്മാരെപ്പോലെ വർത്തിച്ചു മരണംവരിക്കുക.'' അവൾ ഈ വാക്കുകൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾതന്നെ ആ യുവാവു് രാജാവിനോടു പറഞ്ഞു: ''നീ ആരെ കാത്തിരിക്കുന്നു? രാജകല്പനയല്ല, മോശയുടെ കല്പനയത്രേ ഞാൻ അനുസരിക്കുക......എന്റെസഹോദരന്മാർ സ്വല്പനേരത്തേയ്ക്കു വേദന അനുഭവിച്ചതിനുശേഷം ഇപ്പോൾ നിത്യായുസ്സു പ്രാപിച്ചിരിക്കയാണു്. ദൈവവിധിപ്രകാരം നിന്റെ അഹങ്കാരത്തിനുള്ള ശിക്ഷ നീ അനുഭവിക്കുകതന്നെ ചെയ്യും. എന്റെ സഹോദരന്മാരെപ്പോലെ ഞാനും, ഞങ്ങളുടെ പിതാക്കന്മാരുടെ നിയമങ്ങൾക്കുവേണ്ടി, എന്റെ ജീവനും ശരീരവും സമർപ്പിക്കുകയാണു്.''.....അവനും അശുദ്ധനാക്കപ്പെടാതെ മരണംവരിച്ചു. അവരെല്ലാം വധിക്കപ്പെട്ടതിനുശേഷം അവരുടെ അമ്മയും കൊല്ലപ്പെട്ടു. (ii മാക്ക്ബാ. 7:24–41)

പഴയനിയമത്തിലെ ഈ വേദസാക്ഷികൾ ക്രിസ്തുവിനെ അറിഞ്ഞിട്ടില്ല. അവിടുന്നു വരും എന്നവർ വിശ്വസിച്ചു. ആ വിശ്വാസത്തിനുവേണ്ടിയാണവർ മരിച്ചതു്.

ദൈവത്തെ ദ്രോഹിക്കുന്നതിനെക്കാൾ നല്ലതു് മരിക്കുകയാണു്. എന്നാൽ, നീതികേടായി നമ്മെ ആക്രമിക്കുന്നവരെ നമുക്കു് എതിക്കാവുന്നതാണു്. അനേകം യഹൂദർ വിശ്വാസത്തിനുവേണ്ടി മരിച്ചിട്ടുണ്ടു്. ദൈവത്തിന്റെ ധീരരായ യോദ്ധാക്കളെപ്പോലെ മററുപലരും പടപൊരുതിയിട്ടുണ്ടു്.

അക്കൂട്ടത്തിൽ ഒരു ധീരനാണ് പ്രധാനപുരോഹിതനായ മത്താത്തിയാസ്. വിജാതീയരാജാവിൻെറ കല്പനകളെ അദ്ദേഹം അതിധീരമായിട്ടെതിർത്തു.

''എല്ലാ ജനവിഭാഗങ്ങളും....അന്തിയോക്കസ് രാജാവിൻെറ കല്പനകാംക്ക വഴങ്ങിക്കൊടുത്താലുംശരി, ഞാനും എൻെറ പുത്രന്മാരും സഹോദരന്മാരും ഞങ്ങളുടെ പിതാക്കന്മാരുടെ ആജ്ഞകളനുസരിച്ചേ ജീവിക്കൂ. ദൈവം ഞങ്ങളോടു കാരുണ്യം കാണിക്കട്ടെ... ഞങ്ങാം അന്തിയോക്കസ്‌രാജാവിൻെറ വാക്കുകാം അനുസരിക്കുകയോ ഞങ്ങളുടെ നിയമങ്ങാംക്കനുസൃതമായ ചട്ടങ്ങാം ലംഘിച്ചു ചലിക്കുകയോ ബ!ലിയർപ്പിക്കുകയോ ചെയ്യുകയില്ല.''

(i മക്ക്ബാ. 2: 19–22)

മക്ക്ബായക്കാരായ മത്താത്തിയാസും അദ്ദേഹത്തിൻെറ മക്കളും ആ ക്രൂരരാജാവിനെതിരായി ഒരു വിപ്ലവത്തിനു നേതൃത്വം കൊടുത്തു. യഹൂദർ പലരും അവരോടു ചേർന്നു. മത്താത്തിയാസിൻെറ മരണത്തിനുശേഷം മകൻ യൂദാസ് നേതാവായി.

''അനന്തരം, മക്ക്ബായൻ എന്ന അപരനാമമുള്ളവനും മത്താത്തിയാസിൻെറ മകനുമായ യൂദാസ് സ്ഥാനാരോഹണം ചെയ്തു. അദ്ദേഹത്തിൻെറ സഹോദരന്മാരും അദ്ദേഹത്തിൻെറ പിതാവിൻെറ ഭാഗത്തു ചേർന്നിരുന്നവരും അദ്ദേഹത്തെ സഹായിച്ചു. അവർ ഉന്മേഷപൂർവ്വം ഇസ്രായേലിനുവേണ്ടി അടരാടി.''

(i മക്ക്ബാ. 3: 1–2)

മക്ക്ബായനായ യൂദാസിൻെറ ധീരമായ നേതൃത്വത്തിൽ പല യുദ്ധങ്ങളിലും യഹൂദർ ശത്രുക്കളെ തോല്പിച്ചു. അങ്ങനെ യഹൂദർക്കു വിശ്വാസത്തിനൊത്തു ജീവിക്കുവാനും ഏകസത്യദൈവത്തെ ആരാധിക്കുവാനുമുള്ള സ്വാതന്ത്ര്യം മക്ക്ബായർ വീണ്ടും നേടിയെടുത്തു.

പക്ഷേ, ആ സ്വാതന്ത്ര്യം വളരെനാാം സൂക്ഷിക്കുവാൻ യഹൂദർക്കു കഴിഞ്ഞില്ല. എങ്കിലും തങ്ങളുടെ വിശ്വാസത്തിൻെറ പ്രാധാന്യത്തെപ്പററി അവർ കൂടുതൽ ബോധവാന്മാരായി. ലോകത്തിനു വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകൻെറ ആഗമനത്തിൻെറ സമയം അടുത്തതോടെ അവിടുത്തെ കാണുവാനുള്ള ആഗ്രഹവും വർദ്ധിച്ചു.

DHARMARAM COLLEGE LIBRARY, BANGALORE
34021

**ഓർമ്മിക്കാൻ**

1. ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനു നേരിട്ട ഏററവും വലിയ പരീക്ഷ എന്തായിരുന്നു?

2. അന്തിയോക്കസ് രാജാവ് വിജാതീയജീവിതത്തോടെ തിർത്ത യഹൂദരോട് എന്തുചെയ്തു?

3. ദുഷ്ടരായ ഈ മർദ്ദകരെ എതിർത്തതാരാണ്?

''കർത്താവ് എന്റെ പ്രകാശവും രക്ഷയുമാകുന്നു! ഞാൻ ആരെ ഭയപ്പെടണം?

''കർത്താവ് എന്റെ ജീവന്റെ സങ്കേതമാണ്! ആരെ ഞാൻ പേടിക്കണം.?

''സൈന്യങ്ങൾ എനിക്കെതിരെ കൂടാരമടിച്ചാലും എന്റെ ഹൃദയം ഭയപ്പെടുകയില്ല. യുദ്ധം എനിക്കെതിരെ പൊട്ടിപ്പുറപ്പെട്ടാലും ഞാൻ നിർഭയനായിരിക്കും. ജീവനുള്ളവരുടെ ദേശത്തു ഞാൻ കർത്താവിന്റെ നന്മ ദർശിക്കുമെന്നു വിശ്വസിക്കുന്നു.

''കർത്താവിൽ ധൈര്യപൂർവ്വം ശരണം വയ്ക്കുവിൻ. സുശക്തഹൃദയനായിരുന്നു കർത്താവിൽ ശരണം വയ്ക്കുവിൻ.'' (സങ്കീർത്തനം 26)

## പ്രവർത്തിക്കാൻ

പ്രലോഭനങ്ങളെ എതിർക്കാൻ ഞാൻ ദൈവശക്തിയിൽ ആശ്രയിക്കും.

ഞാൻ എന്റെ വിശ്വാസത്തെ ധീരതയോടെ സംരക്ഷിക്കും.



# 18

## മഹത്തായ സുകൃതമാതൃകകൾ

കഥകളുമുണ്ട് പഴയ നിയമത്തിൽ — ദൈവശുശ്രൂഷയിൽ പ്രശോഭിച്ചിരുന്ന സുകൃതികളുടെ കഥകൾ. അവ ക്ലേശങ്ങൾ സഹിക്കുന്നതിനും ദൈവവിശ്വാസത്തിൽ നിലനില്ക്കുന്നതിനും തിരഞ്ഞെടുക്കപ്പെട്ട ജനത്തെ സഹായിച്ചു.



ശക്തനായ ഒരു ശത്രുവിനെ തനിയെ വധിച്ച ഒരു വനിതയുടെ അസാധാരണമായ ധീരതയുടെ ചരിത്രം വരച്ചു കാട്ടുന്നു ജൂഡിത്തിന്റെ കഥ. ഒരു പേർഷ്യൻ രാജാവിനെ വിവാഹംകഴിച്ച് സ്വന്തം ജനങ്ങൾക്ക് അദ്ദേഹത്തിൽനിന്നു സ്നേഹവും കരുണയും നേടിക്കൊടുത്ത ഒരു തരുണിയുടെ കഥയാണ് 'എസ്തറി'ൽ നാം വായിക്കുക.

ബൈബിൾ പറയുന്ന മറെറാരു മനോഹരമായ കഥയാണ തോബിയാസിന്റേതു്. വിപ്രവാസക്കാലത്തു് ഒരു തടവുപുള്ളിയായിരിക്കെത്തന്നെ അദ്ദേഹം സ്വന്തപ്പെട്ടവർക്കു് അനേകങ്ങളായ സഹായങ്ങൾ ചെയ്തു.

''തോബിയാസ് തന്റെ വംശത്തിൽപ്പെട്ട എല്ലാവരുടേയും അടുക്കൽ ദിവസവും പോയി അവരെ ആശ്വസിപ്പിക്കുകയും, ഓരോ

ദുത്തർക്കും തൻെറ സമ്പാദ്യത്തിൽനിന്നു കഴിവുള്ളിടത്തോളം വിഭജിച്ചുകൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം വിശക്കുന്നവർക്കു ഭക്ഷണം നല്കിപ്പോന്നു; നഗ്നർക്കു വസ്ത്രം ദാനംചെയ്തു; മരിച്ചവരേയും വധിക്കപ്പെട്ടവരേയും സംസ്കരിക്കുന്നതിൽ ഉത്സാഹം പ്രദർശിപ്പിച്ചു.'' (തോബിയാസ് 1:19–20)

തോബിയാസിൻെറ ആതുരസേവനം വളരെ വിപുലമായിരുന്നു. കർത്താവിൻെറ ഒരു തിരുനാളിൽ തോബിയാസിൻെറ ഭവനത്തിൽ നല്ലൊരു വിരുന്നു തയ്യാറാക്കപ്പെട്ടു. തദവസരത്തിൽ അദ്ദേഹം മകനോടു പറഞ്ഞു:'' നീ പോയി നമ്മോടുകൂടെ ഈ വിരുന്നു കഴിക്കാൻ, നമ്മുടെ ഗോത്രജരും, ദൈവഭയമുള്ളവരുമായ കുറെപ്പേരെ വിളിച്ചുകൊണ്ടുവരു.''

അയാൾ പോയി തിരിച്ചുവന്നപ്പോൾ, ഒരുവൻ തെരുവിൽ കൊല്ലപ്പെട്ടു കിടക്കുന്നുവെന്നു പറഞ്ഞു. തൽക്ഷണം, തോബിയാസ് ചാടിയെഴുന്നേററ് ഭക്ഷണംമാററിവച്ച്, മൃതശരീരത്തിൻെറ അടുക്കലെത്തി.

സൂര്യാസ്തമയശേഷം ഗൂഢമായി സംസ്കരിക്കാൻവേണ്ടി അദ്ദേഹം മൃതശരീരമെടുത്തു രഹസ്യമായി തൻെറ ഭവനത്തിൽ കൊണ്ടുവന്നുവച്ചു. (തോബി. 2:1–4)

ഒരുദിവസം തോബിയാസ് തൻെറ തോട്ടത്തിലിരുന്ന് ആശ്വസിക്കുന്ന സമയത്തു പെട്ടെന്ന് അന്ധനായി. ഒരു മാതൃക അനന്തരതലമുറകൾക്കു നല്കാൻ വേണ്ടിയാണ് ഈ പരീക്ഷണം കർത്താവ് അനുവദിച്ചത്. ശൈശവംമുതൽ സദാ ദൈവത്തെ ഭയപ്പെടുകയും, അവിടുത്തെ കല്പനകൾ അനുസരിക്കുകയും ചെയ്തിരുന്നതിനാൽ അന്ധതയാകുന്ന കഷ്ടപ്പാടുവന്നിട്ടും അദ്ദേഹം ദൈവത്തിനെതിരായി പിറുപിറുത്തില്ല. മാത്രമല്ല, തൻെറ ജീവിതകാലംമുഴുവൻ ദൈവത്തിനുകൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് അദ്ദേഹം ദൈവഭയത്തിൽ അചഞ്ചലനായി നിന്നു. (തോബി. 2:12–14)

മരണസമയമായി എന്നു വിചാരിച്ചു തോബിയാസ് തൻെറ മകനെ വിളിച്ച് ഉപദേശിച്ചു: ''നിൻെറ ജീവിതത്തിലെ എല്ലാ ദിവസവും ദൈവസ്മരണ ,നിന്നിലുണ്ടായിരിക്കട്ടെ......നിൻെറ ധനത്തിൽനിന്നു നീ ധർമ്മം കൊടുക്കുക.....നീ യാതൊരു ദരിദ്രനിലുംനിന്നു നിൻെറ മുഖം തിരിച്ചുകളയരുത്.'' (തോബി. 4:6–14)

തോബിയാസിൻെറ മകൻെറ പേരും തോബിയാസ് എന്നായിരുന്നു. പിതാവായ തോബിയാസ് അവനെ വിളിച്ചു മേദിയരുടെ നഗരത്തിലേക്കു പോകണമെന്ന് ആവശ്യപ്പെട്ടു. ഏതാനും വർഷങ്ങൾക്കുമുമ്പ് അവിടെ തൻെറ ബന്ധത്തിൽപ്പെട്ട ഒരാൾക്കു

താൻ കടംകൊടുത്തിരുന്ന പണം തിരിച്ചുവാങ്ങിച്ചുകൊണ്ടു വരുന്നതിനാണു മകനെ അയച്ചതു്.

തോബിയാസ് പുറത്തേയ്ക്കിറങ്ങിയപ്പോൾ കോമളനായ ഒരു യുവാവിനെ കണ്ടു. അയാൾ യാത്രയ്ക്കു തയ്യാറായി നില്ക്കുകയായിരുന്നു.

ആ യുവാവിനെ അഭിവാദ്യം ചെയ്തുകൊണ്ടു തോബിയാസ് ചോദിച്ചു: ''ഉത്തമനായ യുവാവേ, നിങ്ങൾ എവിടെനിന്നു വരുന്നു?'' ''ഇസ്രായേൽ മക്കളുടെ കൂട്ടത്തിൽനിന്നു്'', അയാൾ മറുപടി പറഞ്ഞു. ''മേദിയരുടെ രാജ്യത്തേയ്ക്കു പോകുന്ന വഴി നിങ്ങൾക്കറിയാമോ?'', തോബിയാസ് വീണ്ടും തിരക്കി. ''എനിക്കറിയാം'', അയാൾ പറഞ്ഞു. (തോബി. 5: 5—8)

തനിക്കു വഴികാട്ടിത്തരാമോ എന്നു തോബിയാസ് ആ ചെറുപ്പക്കാരനോടു ചോദിച്ചു. തോബിയാസിനെ സഹായിക്കാൻ ദൈവം അയച്ച റാഫേൽ മാലാഖയായിരുന്നു ആ യുവാവു്. തോബിയാസിനോടയാൾ പറഞ്ഞു: ''ശരി, ഞാൻ വഴികാട്ടിത്തരാം.'' അവർ ഒന്നിച്ചു യാത്ര തുടർന്നു. വഴിയിൽവച്ചു് ഒരു പുഴയിൽ കാൽകഴുകുവാൻ തോബിയാസ് ഇറങ്ങി. അപ്പോൾ ഒരു വലിയ മത്സ്യം അവനെ വിഴുങ്ങുവാൻ വന്നു. തോബിയാസ് അതുകണ്ടു് ഉച്ചത്തിൽ നിലവിളിച്ചു.....ഉടനെ ദൂതൻ പറഞ്ഞു: ''അതിനെ ചെകിളയ്ക്കു പിടിച്ചു, നിന്റെ അടുക്കലേക്കു് അടുപ്പിക്കുക.'' അവൻ അപ്രകാരം അതിനെ കരയ്ക്കു വലിച്ചിട്ടു......ദൂതൻ അവനോടു പറഞ്ഞു: ''അതിന്റെ ചങ്കും കരളും കയ്പയും എടുത്തു സൂക്ഷിക്കുക; അവ വളരെ പ്രയോജനകരമായ ഔഷധമാണു്. (തോബി. 6: 2—5)

പിന്നെ ദീർഘമായ ഒരു യാത്രയ്ക്കുശേഷം തോബിയാസ് മാലാഖയോടൊന്നിച്ചു ബന്ധുവീട്ടിലെത്തി. ആ വീട്ടിലെ പുത്രിയായ സാറയെ കല്യാണംകഴിക്കുവാൻ ആവശ്യപ്പെടണമെന്നു മാലാഖ തോബിയാസിനോടു പറഞ്ഞു. തോബിയാസ് അങ്ങനെ ആവശ്യപ്പെട്ടു. അവർ തമ്മിൽ വിവാഹിതരാവുകയും ചെയ്തു.

വിവാഹാഘോഷം നടക്കുന്ന വേളയിൽ മാലാഖ പോയി തോബിയാസിനു കിട്ടാനുള്ള പണം വാങ്ങിക്കൊണ്ടുവന്നു. അതിനുശേഷം മാലാഖയും തോബിയാസും വീട്ടിലേയ്ക്കു മടങ്ങി. സാറാ വന്നതു പിന്നീടാണു്.

റാഫേൽമാലാഖ തോബിയാസിനോടു പറഞ്ഞു: ''നീ നിന്റെ വീട്ടിൽ ചെന്നാലുടൻ നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കുകയും അവിടുത്തേയ്ക്കു കൃതജ്ഞത പ്രദർശിപ്പിക്കുകയും ചെയ്യു

ണം. അനന്തരം നീ പോയി പിതാവിനു് ഒരു ചുംബനം നല്ക ണം. പിന്നീട്ട നിൻെറ കൈവശമുള്ള മത്സ്യക്കയ്പകൊണ്ടു നീ അദ്ദേഹത്തിൻെറ കണ്ണുകറം പൂശണം. നിശ്ചയമായും നിൻെറ പി താവിൻെറ കണ്ണുകറം ഉടനടി തുറക്കപ്പെട്ടം.'' (തോബി. 11: 7–8)

മാലാഖ പറഞ്ഞതുപോലെ തോബിയാസ് പ്രവർത്തിച്ചു. അവൻെറ പിതാവിനു കാഴ്ചകിട്ടി.

ആ ചെറുപ്പക്കാരൻ ചെയ്ത സേവനങ്ങറംക്കു പ്രതിഫലം കൊടു ക്കണമെന്നു പിതാവായ തോബിയാസും പുത്രനുംകൂടി തീരുമാനി ച്ചു. താൻ ആരാണെന്നു് ആ യുവാവു് അപ്പോഴാണു വെളിപ്പെടുത്തി യതു്. മാലാഖ പറഞ്ഞു: ''ആകയാൽ സത്യം ഞാൻ വെളിപ്പെ ടുത്താം; രഹസ്യംഞാൻ നിങ്ങളിൽനിന്നു മറച്ചുവയ്ക്കുന്നില്ല. നീ ക ണ്ണുനീരോടുകൂടി പ്രാർത്ഥിച്ചപ്പോഴും, മരിച്ചവരെ സംസ്കരിച്ചപ്പോഴും നിൻെറ ഭക്ഷണം വേണ്ടെന്നുവച്ചപ്പോഴും, മൃതശരീരങ്ങറം പകൽസമ യം നിൻെറ വീട്ടിൽ ഒളിച്ചുവച്ചിരുന്നപ്പോഴും, രാത്രിയിൽ അവ സംസ്കരിച്ചപ്പോഴും നിൻെറ പ്രാർത്ഥന ഞാൻ കർത്താവിനു സമർപ്പി ച്ചുകൊണ്ടാണിരുന്നതു്. നീ ദൈവത്തിനു സംപ്രീതനായിരുന്നതി നാൽ, ക്ലേശങ്ങറംകൊണ്ടു നിന്നെ പരീക്ഷിക്കുക ആവശ്യമായിരു ന്നു;....കർത്താവിൻെറ മുമ്പിൽ നില്ക്കുന്ന ഏഴു മലാഖമാരിൽ ഒരാ ളായ റാഫേലാണു ഞാൻ.........ഇത്രയും പറഞ്ഞതിനുശേഷം മാ ലാഖ അവരുടെ മുമ്പിൽനിന്നു മറഞ്ഞു. പിന്നീടു് അവർക്കു് ആ ദൂത നെ കാണാൻ കഴിഞ്ഞില്ല. (തോബി. 12:11–21)

ദൈവം തോബിയാസിൻെറ പുസ്തകംവഴി, മർദ്ദിക്കപ്പെട്ട ത ൻെറ ജനങ്ങറംക്കു് ഉറപ്പുകൊടുക്കുകയായിരുന്നു,....താൻ അവരോടു കൂടെ ഉണ്ടെന്നും, അവരെ സഹായിക്കുമെന്നും, അവർ അനുഭവിക്കു ന്ന കഷ്ടതകറം അവർക്കു പുണ്യാഭിവൃദ്ധിക്കും അനുഗ്രഹലബ്ധിക്കും പ്രയോജനപ്പെടുമെന്നും.

എല്ലാ ശത്രുക്കളുടേയുംമേൽ താൻ വിജയംവരിക്കുമെന്നു ദൈ വം തൻെറ ജനങ്ങളെ ദാനിയേലിൻെറ പുസ്തകംവഴി പഠിപ്പിച്ചു. ''ദൈവപുത്ര''നായ രക്ഷകൻ സമാധാനത്തിൻേറയും നീതിയുടേ യും നിത്യരാജ്യം സ്ഥാപിക്കും എന്നു് അവിടുന്നു വെളിപ്പെടുത്തി.

ദാനിയേലിൻെറ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോ ലെ നബുക്കദ്നോസർ രാജാവു് ഇസ്രായേൽ മക്കളെ പിടിച്ചു് അ ടിമകളാക്കി. അവരിൽനിന്നു നാലു ചെറുപ്പക്കാരെ അദ്ദേഹം, തന്നെ സേവിക്കുവാൻ തിരഞ്ഞെടുത്തു. അവരിൽ ഒരുവനായിരു ന്നു ദാനിയേൽ. അവർ രാജകീയശാലയിൽനിന്നു വേണമായി രുന്നു ഭക്ഷണം കഴിക്കുക. എന്നാൽ, മോശയുടെ നിയ

മമനുസരിച്ചു വിലക്കപ്പെട്ടവയായിരുന്നു ഭക്ഷണസാധനങ്ങളിലധികവും. അവ ഭക്ഷിച്ച് അശുദ്ധനാകാതിരിക്കണമെന്നു നിശ്ചയിച്ചുകൊണ്ടു ദാനിയേൽ വിളമ്പുകാരനോടു പറഞ്ഞു: ''പത്തു ദിവസത്തേയ്ക്കു ഭക്ഷിക്കുവാൻ പയറുവർഗ്ഗങ്ങളും കുടിക്കുവാൻ വെള്ളവും മാത്രം ഞങ്ങൾക്കു തന്നു ഞങ്ങളുടെമേൽ ഒരു പരീക്ഷണം നടത്തിനോക്കിയാലും''.....പത്തു ദിവസം കഴിഞ്ഞപ്പോൾ അവരുടെ മുഖം രാജകീയഭക്ഷണം കഴിച്ചുവന്ന ബാലന്മാരുടേതിനെക്കാൾ തുടിപ്പും സൗകുമാര്യവും ഉള്ളതായി കാണപ്പെട്ടു.''

(ദാനിയേൽ 1: 8–15)

മോശയുടെ നിയമം അനുസരിച്ച ഈ ഇസ്രായേൽക്കാരുടെ വിശ്വസ്തതയ്ക്കു ദൈവം പ്രതിസമ്മാനം നല്കി.

ഈ നാലു ബാലന്മാർക്കും ദൈവം സാഹിത്യത്തിലും ശാസ്ത്രത്തിലും പാണ്ഡിത്യവും സാമർത്ഥ്യവും നല്കി. ദാനിയേലിനു സ്വപ്നങ്ങളും ദർശനങ്ങളും വ്യാഖ്യാനിക്കുവാൻതക്ക വിജ്ഞാനംകൂടി നല്കപ്പെട്ടു. (ദാനി. 1: 17)

ഒരു ദിവസം രാജാവിന് അസാധാരണമായ ഒരു സ്വപ്നമുണ്ടായി. സ്വർണ്ണം, വെള്ളി, പിച്ചള, ഇരുമ്പ്, മണ്ണ് ഇവകൊണ്ട് ഉണ്ടാക്കപ്പെട്ട ഒരു രൂപം രാജാവു സ്വപ്നത്തിൽ കണ്ടു. മലയിൽ നിന്നു പെട്ടെന്ന് ഒരു കല്ലുവന്ന് ആ രൂപത്തിന്മേൽ വീണു. അത് ഉടഞ്ഞുപോയി. ബിംബത്തെ തകർത്ത ആ കല്ല് ഒരു മഹാപർവ്വതമായി ഭൂമി മുഴവൻ നിറഞ്ഞു. (ദാനി. 2: 35)

ദാനിയേൽ ആ സ്വപ്നത്തെ വ്യാഖ്യാനിച്ചത് ഇങ്ങനെയാണ്: ശക്തി കൂടുതലും കുറവുമുള്ള പല സാമ്രാജ്യങ്ങളെയാണ് ഈ രൂപം സൂചിപ്പിക്കുന്നത്; ആ കല്ല് കാണിക്കുന്നതു ക്രിസ്തുവിൻെറ നിത്യസാമ്രാജ്യവും. ദാനിയേൽ പറഞ്ഞു: ''സ്വർഗ്ഗസ്ഥനായ ദൈവം, ഒരുനാളും നശിച്ചുപോകാത്ത ഒരു രാജ്യം സ്ഥാപിക്കും. അത് എന്നേയ്ക്കും നിലനില്ക്കുകയും ചെയ്യും.......മണ്ണും ഇരുമ്പും പിച്ചളയും വെള്ളിയും സ്വർണ്ണവുംകൊണ്ട് ഉണ്ടാക്കപ്പെട്ട രൂപം ഛിന്നഭിന്നമാക്കി....മേലിൽ എന്തു സംഭവിക്കുവാൻ പോകുന്നുവെന്നു ശക്തനായ ദൈവം രാജാവായ അങ്ങേയ്ക്കു വെളിപ്പെടുത്തിയിരിക്കുകയാണ്.'' (ദാനി. 2: 44–45)

പിന്നീടു രാജാവു സ്വർണ്ണംകൊണ്ട് ഒരു ആൾരൂപമുണ്ടാക്കി, അതിനെ ആരാധിക്കുവാൻ എല്ലാവരോടും ആവശ്യപ്പെട്ടു. ഈ വിഗ്രഹത്തെ ആരാധിക്കുവാൻ ദാനിയേലിൻെറ കൂട്ടുകാരായ മൂന്നു യഹൂദന്മാർ തയ്യാറായില്ല. രാജാവ് അവരെ തീച്ചൂളയിലേ

ക്കെറിഞ്ഞു. പക്ഷേ, വിശ്വസ്തരായ ആ ദാസന്മാരെ ദൈവം രക്ഷിച്ചു.

''കർത്താവിൻെറ ഒരു ദൂതൻ അസെറിയാസിനോടും കൂട്ടുകാരോടുമൊപ്പം തീച്ചൂളയിൽനിന്നുകൊണ്ടു തീജ്ജ്വാലയെ അതിൽനിന്നു അകററിനിറുത്തി. തീച്ചൂളയുടെ മദ്ധ്യഭാഗം ഹിമകണങ്ങൾ വഹിക്കുന്ന കാററു വീശുന്നിടംപോലെയായിത്തീർന്നു.........തത്സമയം അവർ മൂന്നുപേരും തീച്ചൂളയിൽനിന്നു് ഒരേവിധത്തിലും സ്വരത്തിലും ദൈവത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്തു.

(ദാനി. 3: 49–51)

രാജാവു് അത്ഭുതപ്പെട്ടു. അവരെ മൂന്നുപേരേയും അദ്ദേഹം സ്വതന്ത്രരാക്കി.

ഒരിക്കൽ, ദൈവത്തോടു പ്രാർത്ഥിക്കുന്നു എന്ന കുററം ചുമത്തി, രാജാവു ദാനിയേലിനെ സിംഹക്കൂട്ടിലേക്കെറിഞ്ഞു. ദൈവം അവനെ രക്ഷിച്ചു. അവനു സിംഹത്തിൽനിന്നു യാതൊരുപദ്രവവും ഉണ്ടായില്ല.

മിശിഹായുടെ രാജ്യം സ്ഥാപിതമായിക്കാണുവാൻ ദാനിയേലിനു വലിയ ആശ ഉണ്ടായിരുന്നു. ഇതൊക്കെ സംഭവിക്കും എന്നു് ഒരു ദർശനത്തിൽ ദൈവം ദാനിയേലിനു മനസ്സിലാക്കിക്കൊടുത്തു. ദാനിയേൽ പറയുന്നു: ''രാത്രിയിലുണ്ടായ ദർശനത്തിൽ മനുഷ്യപുത്രനോടു സദൃശനായ ഒരാൾ വാനമേഘങ്ങളിൽ വരുന്നതു ഞാൻ കണ്ടു. അദ്ദേഹം വന്ദ്യനായ ഒരു വൃദ്ധൻെറ അടുക്കൽ ചെന്നു.........അദ്ദേഹം മനുഷ്യപുത്രനു് അധികാരവും മഹത്വവും ഒരു രാജ്യവും പ്രദാനംചെയ്തു. എല്ലാ ജനതകളും ജാതികളും വർഗ്ഗങ്ങളും അദ്ദേഹത്തിനു ശുശ്രൂഷ ചെയ്യും. അദ്ദേഹത്തിൻെറ ആധിപത്യം തിരിച്ചെടുക്കപ്പെടാതെ, നിത്യമായിരിക്കും. ആ രാജ്യം നശിക്കുകയില്ല.''

(ദാനി. 7: 13–14)

പ്രവചനപൂർത്തീകരണത്തിൻെറ സമയം വേഗം സമാഗതമാകും എന്നു ദാനിയേലിനെ അറിയിക്കുവാൻ ഗബ്രിയേൽ ദൈവദൂതനും വന്നു. ദൈവദൂതൻ പറഞ്ഞു: ''അതിക്രമങ്ങൾ അവസാനിപ്പിക്കാനും, പാപങ്ങൾക്കു് അറുതിവരുത്താനും, നിത്യനീതി സ്ഥാപിക്കുവാനും പരിശുദ്ധരിൽ പരിശുദ്ധൻ അഭിഷേചിക്കപ്പെടും.''

(ദാനി. 9: 24)

ദാനിയേലിൻെറ പുസ്തകം വായിച്ചുകൊണ്ടു്, ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനം, അവിടുത്തെ വാഗ്ദാനത്തെ പ്രത്യാശാപൂർവ്വം

കാത്തിരുന്നു, തങ്ങളെ രക്ഷിക്കുവാൻ ''മനുഷ്യപുത്രൻ'' വേഗം വരണമെന്ന് അവർ പ്രാർത്ഥിച്ചു.

മനുഷ്യപുത്രനായ ഈശോമിശിഹായുടെ പരിപൂർണ്ണവിജയത്തിനുവേണ്ടി നമുക്കും പ്രാർത്ഥിക്കാം. അവിടുത്തെ രാജ്യം ലോകമെങ്ങും സ്ഥാപിക്കപ്പെടട്ടെ!

## ഓർമ്മിക്കാൻ

സ്വന്തം വാക്കുകളിൽ ഉത്തരം പറയുക.

1. നിങ്ങളുടെ ക്ലേശങ്ങൾക്ക് ആശ്വാസം തരുന്ന കഥകൾ പറഞ്ഞിട്ടുള്ളത് ഏതേതു പഴയനിയമ പുസ്തകങ്ങളിലാണ്?
2. തോബിയാസ് മററുള്ളവരോടു സ്നേഹം കാണിച്ചതെങ്ങനെ?
3. റാഫേൽ മാലാഖ തോബിയാസിനെ സഹായിച്ചതെങ്ങനെയെന്നു ചുരുക്കിപ്പറയുക.
4. ദാനിയേലിൻെറ കൂട്ടുകാരെ തീയിൽനിന്ന് ആര്, എങ്ങനെ രക്ഷിച്ചു?

## പ്രവർത്തിക്കാൻ

ഞാൻ കാരുണ്യപ്രവൃത്തികൾ പരിശീലിക്കും.

ക്രിസ്തുവിൻെറ രാജത്വം എല്ലാവരിലും അംഗീകൃതമാക്കാൻ ഞാൻ പ്രാർത്ഥിക്കും.



# 19

## പ്രഭാതം വിടരുന്നു

വർഷങ്ങൾ കടന്നുപോയി. മിശിഹായുടെ വരവിനെ ജനങ്ങൾ ആശാഭരിതരായി പ്രതീക്ഷിച്ചുകൊണ്ടിരുന്നു. പലസ്തീനായിലും ലോകത്തെല്ലായിടത്തുമായി ചിന്നിച്ചിതറിക്കിടന്നിരുന്ന യഹൂദർ, പ്രതീക്ഷയോടെ പ്രാർത്ഥിച്ചുവന്നു: ''കർത്താവേ, അങ്ങയുടെ കാരുണ്യം ഞങ്ങൾക്കു കാണിച്ചുതരണമേ. അങ്ങയുടെ രക്ഷ ഞങ്ങൾക്കു നല്കണമേ.'' (സങ്കീർത്തനം 84:8)

റോമൻസാമ്രാജ്യം നാൾതോറും വ്യാപിച്ചുവന്നു. 63 ബി.സി.യോടെ പലസ്തീന റോമക്കാരുടെ അധീനതയിലായി. ഒരു പത്തുനാല്പതു വർഷംകഴിഞ്ഞപ്പോൾ യഹൂദരും റോമൻ ഗവർണ്ണർക്കു നികുതികൊടുക്കണമെന്നുവന്നു. അവരുടെ രാഷ്ട്രീയസ്വാതന്ത്ര്യം നഷ്ടപ്പെട്ടുവെന്നർത്ഥം. എങ്കിലും മതകാര്യങ്ങളിൽ അവർ സ്വതന്ത്രരായിരുന്നു.

പുരോഹിതപ്രമുഖന്മാർ, ജനപ്രമാണികൾ, നിയമപണ്ഡിതന്മാരായ വേദോപാദ്ധ്യായന്മാർ എന്നിവർ ചേർന്ന സാൻഹെദ്രിനായിരുന്നു മതപരമായ കാര്യങ്ങളിൽ യഹൂദരുടെ സമുന്നതസമിതി. ഉന്നത പുരോഹിതനാണു സമിതിയുടെ അദ്ധ്യക്ഷൻ. ഈ മതനേതാക്കളാണ് മോശയുടെ നിയമങ്ങൾ ജനങ്ങൾക്കു വ്യാഖ്യാനിച്ചുകൊടുത്തിരുന്നത്.

ദൈവത്തെ നിഷ്കളങ്കമായി സ്നേഹിക്കുകയും അവിടുത്തെ നിയമം അനുസരിക്കുകയും ചെയ്തിരുന്ന ചിലരുണ്ടായിരുന്നു, സാൻഹെദ്രിൻ സമിതിയിൽ. അഹങ്കാരികളും അധികാരക്കൊതിയന്മാരുമായിരുന്നു, മററു പലരും. റോമക്കാരെ അവർ വെറുത്തിരുന്നു. തങ്ങളെ മോചിപ്പിക്കുവാൻ ഒരു മിശിഹാ വരുമെന്നു അവർ പ്രതീക്ഷിച്ചിരുന്നു. ഇസ്രായേലിൻെറ രാജ്യം മിശിഹാ പുനഃസ്ഥാപിക്കുമെന്ന് അവർ വിചാരിച്ചു. അവിടുന്നു സ്ഥാപിക്കുവാൻ പോകുന്ന രാജ്യത്തെപ്പററി തെററായ ധാരണയാണവർക്കുണ്ടായിരുന്നത്. അതിനാലാണ് ദരിദ്രനും കഷ്ടപ്പെടുന്നവനുമായ രക്ഷകനെ

സ്വീകരിക്കുവാൻ അവർ തയ്യാറാകാതിരുന്നത്. വേദപുസ്തകത്തിന്റെ അർത്ഥം അവർ ശരിക്കു ഗ്രഹിച്ചില്ല. അതിനാൽ, ജനങ്ങളെ അവർ വഴിതെററിച്ചു.

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസരായി ചുരുക്കം ചിലരുണ്ടായിരുന്നു, യൂദയായിൽ. അവർ അഭിഷിക്തനായ ദൈവത്തെ സ്വീകരിക്കുവാൻ തയ്യാറായിരുന്നു.

രക്ഷകന്റെ മാതാവായി ദൈവം തിരഞ്ഞെടുത്തിരുന്ന കന്യകാമറിയമാണ് അവരിലൊരാാം. മറിയത്തെപ്പോലെതന്നെ ദാവീദിന്റെ ഗോത്രത്തിൽപ്പെട്ട ഒരാളാണ് രക്ഷകന്റെ വളർത്തുപിതാവാകുവാനിരുന്ന യൗസേപ്പ്. കന്യകാമറിയത്തിന്റെ ചാർച്ചക്കാരായ സക്കറിയ, അദ്ദേഹത്തിന്റെ ഭാര്യ ഏലീശ്വാ, സുകൃതിയായ ശെമയോൻ, പ്രവാചികയായ അന്ന ഇവരൊക്കെ ആ ദൈവദാസരുടെ ഗണത്തിൽപ്പെട്ടവരാണ്.

വിശ്വസ്തരായ ഇവർ രക്ഷകനെ സ്വീകരിക്കുവാൻ ഒരുങ്ങി. വേദപുസ്തകംവഴി ദൈവം അറിയിച്ചിരുന്ന വാഗ്ദാനത്തിന്റെ പൂർത്തീകരണത്തിനുവേണ്ടി അവർ കാത്തിരുന്നു; പ്രാർത്ഥിച്ചു. ''എന്നാൽ, സമയത്തിന്റെ പൂർത്തിവന്നപ്പോാം ദൈവം തന്റെ പുത്രനെ അയയ്ക്കുകയും അവൻ സ്ത്രീയിൽനിന്നു ജനിക്കുകയും നിയമത്തിനുകീഴാവുകയും ചെയ്തു.'' (ഗലേഷ്യർ 4:4).

''അവനിൽ ജീവനുണ്ടായിരുന്നു......അവനെ സ്വീകരിച്ചവർക്ക്........അവന്റെ നാമത്തിൽ വിശ്വസിച്ചവർക്ക്.....ദൈവത്തിന്റെ മക്കളാകുവാൻ അവൻ അധികാരം കൊടുത്തു.''

(യോഹ. 1: 4–12)

## ഓർമ്മിക്കാൻ

1. സാൻഹെദ്രിൻ എന്നുപറയുന്നത് എന്തിനെയാണ്?
2 മോശയുടെ നിയമങ്ങാം ആരാണു യഹൂദർക്കു വ്യാഖ്യാനിച്ചുകൊടുത്തിരുന്നത്?
3. രക്ഷകനെ ആശാപൂർവ്വം കാത്തിരുന്നവർ ആരെല്ലാമാണ്?

## പാടാൻ

മഹേശ്വരാ, നിൻ സുദിനം കാണാൻ
കഴിഞ്ഞ കണ്ണിനു സൗഭാഗ്യം;

മനോജ്ഞമാം നിൻഗീതികൾ പാടാൻ
കഴിഞ്ഞ നാവിനു സൗഭാഗ്യം.

നൂറുനൂറുകണ്ണുകൾ പണ്ടേ
അടഞ്ഞുനിന്നെക്കാണാതെ;
നൂറുനൂറു മലരുകൾ പണ്ടേ
കൊഴിഞ്ഞുപോയി കണ്ണീരിൽ. (മഹേശ്വരാ.........

## പ്രവത്തിക്കാൻ

എന്റെ നല്ല ആഗ്രഹങ്ങൾ ദൈവം സാധിച്ചുതരുമെന്നു വിശ്വസിച്ചുകൊണ്ടു ഞാൻ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യും.



# 20

## സമയം സമാഗതമായി

ദൈവത്തിൻെറ വാഗ്ദാനം നിറവേറാനുള്ള സമയം സമാഗതമായി. നീണ്ട ശതകങ്ങളിലെ പ്രതീക്ഷകഠം പൂവണിഞ്ഞു. മിശിഹാ പ്രത്യക്ഷപ്പെടാറായി.



സഖറിയാസിൻെറ മകനായ യോഹന്നാനാണ്, രക്ഷകനെ സ്വീകരിക്കുവാൻ ജനങ്ങളെ ഒരുക്കിയ അവസാനത്തെ പ്രവാചകൻ.

''ഹേറോദേസ് യൂദയായിലെ രാജാവായിരുന്ന കാലത്തു......സഖറിയാസ് എന്നൊരു പുരോഹിതനുണ്ടായിരുന്നു. അഹറോൻെറ പുത്രിമാരിൽ ഒരുവളായ ഏലീശ്വായായിരുന്നു അദ്ദേഹത്തിൻെറ ഭാര്യ. ഇരുവരും ദൈവതിരുമുമ്പിൽ പരിശുദ്ധരും നീതിയുള്ളവരുമായിരുന്നു.....ഇവർക്ക സന്താനമുണ്ടായിരുന്നില്ല......സഖറിയാസ് ഒരിക്കൽ കർത്താവിൻെറ സന്നിധിയിൽ വൈദികശുശ്രൂഷ നടത്തിക്കൊണ്ടിരിക്കേ

മ്പോൾ ധൂപസമർപ്പണത്തിനായി ദൈവാലയത്തിൽ പ്രവേശിച്ചു......പൊടുന്നനെ, ബലിപീഠത്തിനു വലത്തുഭാഗത്തു ദൈവത്തിന്റെ ഒരു ദൂതൻ പ്രത്യക്ഷനായി. ഇതുകണ്ടു സഖറിയാസ് അത്യധികം അമ്പരന്നു.

എന്നാൽ, ആ ദൂതൻ പറഞ്ഞു: ''സഖറിയാസ്, ഭയപ്പെടേണ്ടാ. നിന്റെ പ്രാർത്ഥന സ്വീകൃതമായിരിക്കുന്നു. നിന്റെ ഭാര്യ എലീശ്വ ഒരു പുത്രനെ പ്രസവിക്കും. അവനു യോഹന്നാൻ എന്നു പേരിടണം. നിനക്കു് ആനന്ദവും സന്തോഷവും ഉണ്ടാകും. ശിശുവിന്റെ ജനനത്തിൽ പലരും സന്തോഷിക്കും. അയാൾ കർത്താവിന്റെ മുമ്പിൽ വലിയവനായിരിക്കും.'' സഖറിയാസ് മാലാഖയോടു ചോദിച്ചു: ''ഞാനിതെങ്ങനെയാണു മനസ്സിലാക്കുക? ഞാൻ വൃദ്ധനും ഭാര്യ പ്രായംകവിഞ്ഞവളും!''

മാലാഖ പ്രതിവചിച്ചു: ''ഞാൻ ദൈവത്തിന്റെ തിരുമുമ്പിൽ നില്ക്കുന്ന ഗബ്രിയേലാണു്. നിന്നോടു സന്തോഷകരമായ ഈ വാർത്ത അറിയിപ്പാൻ അയയ്ക്കപ്പെട്ടവനുമാണു്. എന്നാൽ, ഞാൻ നിന്നോടു് അറിയിച്ചവ.........നീ വിശ്വസിക്കാത്തതുകൊണ്ടു് അവ സംഭവിക്കുന്നതുവരെ നീ സംസാരശക്തി നഷ്ടപ്പെട്ട മൂകനായിരിക്കും.'' (ലൂക്കാ. 1:5–20)

മാലാഖയുടെ സന്ദർശനത്തിനുശേഷം സഖറിയാസിനു സംസാരശക്തി നഷ്ടപ്പെട്ടു. അതിനാൽ ദൈവത്തിന്റെ രഹസ്യം സൂക്ഷിക്കപ്പെട്ടു. അദ്ദേഹം സന്തോഷത്തോടെ വീട്ടിലേക്കു മടങ്ങി.

ആറുമാസത്തിനുശേഷം ഗബ്രിയേൽമാലാഖയെ ദൈവം വീണ്ടും ഭൂമിയിലേയ്ക്കയച്ചു; വേറൊരു പ്രധാന കാര്യത്തിനായിട്ടു്,.... വേറൊരു ജനനത്തെപ്പററി അറിയിക്കുവാൻ.

എലിസബത്തിനു് ആറുമാസം ഗർഭമായപ്പോൾ ഗലീലായിലെ നസ്രത്തു് എന്ന പട്ടണത്തിലേക്കു ദൈവം ഗബ്രിയേലിനെ അയച്ചു. അവിടെയാണു്, ദാവീദിന്റെ ഗോത്രത്തിൽപ്പെട്ട യൗസേപ്പ് എന്നയാൾക്കു വിവാഹനിശ്ചയംകഴിഞ്ഞിരുന്ന കന്യക വസിച്ചിരുന്നതു്. കന്യകയുടെ പേരു് മറിയമെന്നായിരുന്നു.

ദൂതൻ കന്യകയെ സമീപിച്ചു്, ''നന്മനിറഞ്ഞവളേ, സ്വസ്തി! നീ സ്ത്രീകളിൽ അനുഗൃഹീതയാകുന്നു'' എന്നു പറഞ്ഞു് അവളെ അഭിവാദനം ചെയ്തു. ദൈവദൂതന്റെ വാക്കുകൾ കേട്ടു് അവൾ അസ്വസ്ഥചിത്തയായി ഈ അഭിവാദനത്തിന്റെ അർത്ഥമെന്തെന്നു ചിന്തിച്ചുകൊണ്ടിരുന്നു. അപ്പോൾ ദൈവദൂതൻ അവളോടു പറഞ്ഞു: ''മറിയമേ, ഭയപ്പെടേണ്ടാ. ദൈവം നിന്നിൽ പ്രസാദിച്ചിരിക്കുന്നു. ഇതാ! നീ ഗർഭംധരിച്ചു് ഒരു പുത്രനെ പ്രസവി

കും. ആ ശിശുവിനു് ഈശോ എന്നു പേരിടണം. അവിടുന്നു മഹാനായിരിക്കും. അത്യുന്നതൻെറ പുത്രൻ എന്നു വിളിക്കപ്പെടും. പിതാവായ ദാവീദിൻെറ സിംഹാസനം കർത്താവായ ദൈവം അവിടുത്തേക്കു നല്കും. യാക്കോബിൻെറ ഗോത്രത്തിൽ അവിടുന്നു രാജാവായി എന്നേക്കും വാഴും. അവിടുത്തേ രാജ്യം അനന്തമായിരിക്കും.''

മാലാഖ അവളോടു പറഞ്ഞു: ''പരിശുദ്ധാത്മാവു നിൻെറ മേൽ എഴുന്നള്ളും. അത്യുന്നതൻെറ ശക്തി നിന്നിൽ പ്രവർത്തിക്കും. തന്നിമിത്തം നിന്നിൽനിന്നുത്ഭവിക്കുന്ന പരിശുദ്ധൻ ദൈവപുത്രനെന്നു വിളിക്കപ്പെടും.'' (ലൂക്ക 1:16–35)

ഇതുപോലൊരു നല്ല വാർത്ത ലോകം ഒരിക്കലും കേട്ടിട്ടുണ്ടായിരുന്നില്ല. വളരെക്കാലം പ്രതീക്ഷിച്ചിരുന്ന രക്ഷകൻെറ ജനനത്തെപ്പററി അറിയിക്കുകയായിരുന്നു മാലാഖ.

തനിക്കു ലഭിച്ചിരിക്കുന്ന ബഹുമതിയുടെ വലുപ്പം മറിയത്തിനു മനസ്സിലായി. അവറം തന്നെപ്പററി വിചാരിച്ചില്ല. ദൈവചിത്തം നിറവേററുന്നതിനെപ്പററി മാത്രമായിരുന്നു അവറംക്കു ചിന്ത.

വിനയത്തോടും അനുസരണയോടുംകൂടി മറിയം പറഞ്ഞു: ''ഇതാ കർത്താവിൻെറ ദാസി! നിൻെറ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ!'' (ലൂക്കാ 1:38)

മറിയത്തിൻെറ ചാർച്ചക്കാരിയായ എലിസബത്തിനും ഒരു കുഞ്ഞുണ്ടാകും എന്നു മാലാഖ മറിയത്തോടു പറഞ്ഞിരുന്നു. എലിസബത്തിനെ സഹായിക്കുവാനായി മറിയം ഉടനെ പുറപ്പെട്ടു. എലിസബത്തു മറിയത്തെ കണ്ടപ്പോറം പരിശുദ്ധാത്മാവിനാൽ പ്രേരിതയായി ''രക്ഷകൻെറ അമ്മ'' എന്നു് അഭിസംബോധനചെയ്തു. അവറം ആനന്ദഭരിതയായി വിളിച്ചുപറഞ്ഞു: ''നീ സ്ത്രീകളിൽ അനുഗ്രഹീതയാകുന്നു. നിൻെറ ഉദരത്തിൻെറ ഫലവും അനുഗ്രഹീതമാകുന്നു. എൻെറ കർത്താവിൻെറ അമ്മ എന്നെ സന്ദർശിക്കാൻ എനിക്കെങ്ങനെ യോഗ്യതയുണ്ടായി?''

അപ്പോറം മറിയം പറഞ്ഞു:

''എൻെറ ആത്മാവു കർത്താവിനെ
മഹത്വപ്പെടുത്തുന്നു.
എൻെറ ആത്മാവു രക്ഷകനായ ദൈവത്തിൽ
ആനന്ദം കൊള്ളുന്നു.
എന്തുകൊണ്ടെന്നാൽ അവിടുന്നു തൻെറ ദാസിയുടെ
വിനീതാവസ്ഥ തൃക്കൺപാർത്തു... (ലൂക്കാ 1:42–48)

എലിസബെത്തിനു കുട്ടി ജനിച്ചപ്പോഠം അവിടെ വലിയ ആഹ്ലാദം തിരതല്ലി. സഖറിയായ്ക്കു സംസാരശക്തി തിരിച്ചുകിട്ടി. അദ്ദേഹം ദൈവത്തെ സ്തുതിച്ചു.

''ഇസ്രായേലിന്റെ ദൈവമായ കത്താവു വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടുന്നു തന്റെ ജനത്തെ സന്ദശിക്കുകയും അവക്കു രക്ഷപ്രദാനം ചെയ്യുകയും ചെയ്തിരിക്കുന്നു. ആദ്യംമുതൽ അവിടുന്നു അരുഠംചെയ്തതനുസരിച്ചു തന്റെ ദാസനായ ദാവീദിന്റെ ഗോത്രത്തിൽനിന്നു പ്രബലനായ ഒരു രക്ഷകൻ വന്നിരിക്കുന്നു...... അവിടുന്നു ചെയ്ത വാഗ്ദാനം അവിടുന്നു നിറവേററിയിരിക്കുന്നു. കുഞ്ഞേ, അത്യുന്നതന്റെ പ്രവാചകനെന്നു നീ വിളിക്കപ്പെടും. കത്താവിനു വഴി ഒരുക്കാൻ നീ അവിടുത്തേ മുമ്പാകെ പോകും.'' (ലൂക്കാ 1:68—76)

ഈ കുഞ്ഞാണു സ്നാപകയോഹന്നാൻ. അദ്ദേഹം പിന്നീട് ഈശോയ്ക്കു സ്നാപനംനല്കുകയും ''ലോകത്തിന്റെ പാപംപോക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്'' എന്നു് ഈശോയെ വിശേഷിപ്പിക്കുകയും ചെയ്തു.

മറിയം നസ്രത്തിലേക്കു മടങ്ങിവന്നു്, ഭത്താവായ യൗസേപ്പിന്റെ ഭവനത്തിൽ വസിച്ചു. മറിയത്തിൽ ഗർഭസ്ഥനായ ശിശു തന്റെ ദിവ്യകുമാരനാണെന്നു ദൈവം യൗസേപ്പിനു വെളിപ്പെടുത്തിയിരുന്നു. യൗസേപ്പ് ആ കുഞ്ഞിനെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടിയിരുന്നു, ഒരു വളത്തുപിതാവെന്നനിലയിൽ. ഏതാനും മാസങ്ങഠംക്കുശേഷം മറിയത്തിനും യൗസേപ്പിനും നസ്രത്തിലെ വീടുവിട്ടു ബെത്ലഹമിലേക്കു പോകേണ്ടിവന്നു.

ആയിടെ ആഗസ്റ്റസ്സീസർ തന്റെ അധികാരത്തിൽപ്പെട്ട ജനമെല്ലാം പേരെഴുതിക്കണം എന്നൊരു കല്പന പുറപ്പെടുവിച്ചു. സൈറീനസ്, സിറിയായുടെ ഗവണ്ണരായിരിക്കുമ്പോഴാണു് ഈ കനേഷുമാരി ആദ്യമായി നടന്നതു്. ഓരോരുത്തരും സ്വന്തം നഗരത്തിൽപോയി പേരെഴുതിക്കണമായിരുന്നു.

യൗസേപ്പും ദാവീദിന്റെ നഗരമായ ബെത്ലഹമിലേക്കു പോയി. അദ്ദേഹത്തോടൊന്നിച്ചു ഗർഭവതിയായ ഭാര്യയും ഉണ്ടായിരുന്നു.

''അവർ ബെത്ലഹമിലായിരിക്കുമ്പോഠം അവഠംക്കു പ്രസവസമയമായി. അവഠം കടിഞ്ഞൂൽപ്പുത്രനെ പ്രസവിച്ചു് പിള്ളക്കച്ചകളിൽ പൊതിഞ്ഞു് ഒരു പുല്ത്തൊട്ടിയിൽ കിടത്തി. എന്തെന്നാൽ, സത്രത്തിൽ അവക്കു സ്ഥലം ലഭിച്ചില്ല.'' (ലൂക്കാ 2:1—7)

നമ്മുടെ രക്ഷകനായി തന്റെ സ്വന്തം പുത്രനെ നല്കിക്കൊണ്ടു ദൈവം തന്റെ വാഗ്ദാനം നിറവേററി.

''തൻെറ ഏകപുത്രനിൽ വിശ്വസിക്കുന്ന ഒരുത്തനും നശിച്ചു പോകാതെ, നിത്യജീവൻ അവനു് ഉണ്ടാകേണ്ടതിനു്, അവനെ നല്കുവാൻതക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.''
(യോ. 3:16)

ആ പ്രദേശത്തെ പുല്ത്തകിടികളിൽ ആട്ടിൻകൂട്ടത്തെ കാത്തുകൊണ്ടിരുന്ന ഇടയന്മാർ ഉണ്ടായിരുന്നു. ദൈവത്തിൻെറ ദൂതൻ അവരുടെ അടുക്കൽ വന്നു. കർത്താവിൻെറ പ്രഭാപൂരം അവരുടെമേൽ പ്രകാശിച്ചു. അവർ വളരെ ഭയപ്പെട്ടു. ദൂതൻ അവരോടു പറഞ്ഞു: ''നിങ്ങൾ ഭയപ്പെടേണ്ടാ. ഇതാ ലോകത്തിനു മുഴുവൻ ആനന്ദദായകമായ ഒരു സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിൻെറ നഗരത്തിൽ നിങ്ങൾക്കു് ഒരു രക്ഷകൻ, കർത്താവായ മിശിഹാ, ജനിച്ചിരിക്കുന്നു. പിള്ളക്കച്ചയിൽ പൊതിഞ്ഞു പുല്ത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും. ഇതായിരിക്കും നിങ്ങൾക്കുള്ള അടയാളം.'' ഉടനെ ഒരു ഗണം സ്വർഗ്ഗീയ സൈന്യം പ്രത്യക്ഷപ്പെട്ടു് ആ ദൈവദൂതനോടു ചേർന്നു ദൈവത്തെ സ്തുതിച്ചു. ''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം.'' (ലൂക്കാ. 2:8—14)



ജനിച്ചു് എട്ടുദിവസങ്ങൾക്കു ശേഷം മോശയുടെ നിയമമനുസരിച്ചു യൗസേപ്പു ശിശുവിനു് ഈശോ എന്നു പേരുകൊടുത്തു.

നാല്പതു ദിവസം കഴിഞ്ഞപ്പോൾ യൗസേപ്പും മറിയവും കുഞ്ഞിനെ ദൈവത്തിനു സമർപ്പിക്കുന്നതിനുവേണ്ടി ജെറൂസലം ദൈവാലയത്തിലേക്കു കൊണ്ടുപോയി.

അക്കാലത്തു ജെറൂസലത്തു ശെമയോൻ എന്നൊരു വയോധികൻ ജീവിച്ചിരുന്നു. ദൈവത്തിൻെറ അഭിഷിക്തനായ മിശിഹായെ ദർശിക്കാതെ അന്തരിക്കയില്ല എന്നു പരിശുദ്ധാത്മാവിൽനിന്നു മുന്നറിയിപ്പുലഭിച്ച ആളായിരുന്നു അദ്ദേഹം. പരിശുദ്ധാത്മാവിനാൽ പ്രേരിതനായി അദ്ദേഹം അന്നു ദൈവാലയത്തിലേക്കു ചെന്നു. വിധിപ്രകാരമുള്ള അനുഷ്ഠാനങ്ങൾക്കായി ഉണ്ണിയീശോയെ മാതാവും യൗസേപ്പുംകൂടി ദൈവാലയത്തിൽ കൊണ്ടുചെന്നപ്പോൾ ശെമയോൻ ഉണ്ണിയെ കൈയിൽവാങ്ങി ദൈവത്തെ വാഴ്ത്തിസ്തുതിപ്പാൻ തുടങ്ങി:

''കർത്താവേ, അങ്ങേ തിരുവചനമനുസരിച്ച് അങ്ങയുടെ ദാസനെ ഇനി സമാധാനത്തിൽ വിട്ടയയ്ക്കണമേ! എന്തുകൊണ്ടെന്നാൽ, എല്ലാ ജനങ്ങളുടേയും മുമ്പാകെ അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എൻെറ സ്വന്തം കണ്ണുകൊണ്ടു ഞാൻ കണ്ടുകഴിഞ്ഞു. വിജാതീയർക്കു വെളിപ്പെടുത്തുവാനുള്ള പ്രകാശവും അങ്ങയുടെ ജനമായ ഇസ്രായേലിൻെറ മഹിമയും ഇതത്രേ.''

കർത്താവിൻെറ നിയമം അനുശാസിച്ചിരുന്നതെല്ലാം നിർവ്വഹിച്ചതിനുശേഷം അവർ ഗലീലായിൽ സ്വന്തം നഗരമായ നസ്രത്തിലേക്കു മടങ്ങി. ഉണ്ണി വളർന്നു്, ശക്തനും, വിജ്ഞാനസമ്പൂർണ്ണനും ദൈവപ്രസാദപൂരിതനുമായി. (ലൂക്കാ. 2: 25—40).

നമ്മെ ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനമാക്കുന്നതിനുവേണ്ടി ദൈവപുത്രൻ മനുഷ്യനായി. നമ്മെ, താൻ തലവനായിരിക്കുന്ന ഒരു വലിയ കുടുംബത്തിൽപ്പെടുത്തുവാൻ അവിടുന്നു വന്നു. ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട പുതിയ ജനമായി ജീവിക്കുന്നതെങ്ങനെയെന്നു നാം അദ്ദേഹത്തിൽനിന്നു പഠിക്കുന്നു.

## ഓർമ്മിക്കാൻ

1. ഒരു രക്ഷകനെ അയയ്ക്കാമെന്ന വാഗ്ദാനം ദൈവം എങ്ങനെ നിറവേററി?
2. പിതാവായ ദൈവം തൻെറ പുത്രനെ ലോകത്തിലേയ്ക്കു യച്ചതു് എന്തിനു്?
3. ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതെങ്ങനെ?

## കൃതജ്ഞതാപ്രാർത്ഥന

''കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ......വിജാതീയരുടെ ഇടയിൽ അവിടുത്തെ പ്രവൃത്തികൾ അറിയിക്കുവിൻ......അ

വിടുത്തേക്കു സ്തുതിപാടുവിൻ........അവിടുത്തെ വിശുദ്ധനാമത്തിൽ നിങ്ങൾ അഭിമാനംകൊള്ളുവിൻ. കർത്താവിനെ അന്വേഷിക്കുന്നവരുടെ ഹൃദയം സന്തോഷിക്കട്ടെ. കർത്താവുതന്നെയാണു നമ്മുടെ ദൈവം. തന്റെ വാഗ്ദാനം അവിടുന്നു നിത്യകാലവും സ്മരിക്കുന്നു.'' (സങ്കീ. 104:1–8)

## പ്രവർത്തിക്കാൻ

നമ്മെ രക്ഷിക്കുവാൻ തന്റെ പുത്രനെ ലോകത്തിലേയ്ക്കയച്ച ദൈവത്തിന്റെ നന്മയ്ക്കു ഞാൻ നന്ദി പറയും.

ഈശോയെ സ്വീകരിക്കുവാൻ എന്റെ ഹൃദയത്തെ സജ്ജമാക്കും.

കുഞ്ഞുങ്ങൾ ഉണ്ണിയീശോയെ സ്നേഹിക്കാൻ ഞാൻ പ്രേരണ നല്കും.



# 21

## ക്രിസ്തു പുതിയ ആദം

ഈശോ മുപ്പതുവർഷം നസ്രത്തിൽ ജോലിചെയ്തു ജീവിച്ചു. മുപ്പതു വയസ്സായപ്പോൾ ദൈവരാജ്യത്തെപ്പററി അവിടുന്നു പരസ്യമായി പ്രസംഗിക്കാൻ തുടങ്ങി. ഈശോയ്ക്കു വഴിയൊരുക്കുവാൻ വന്നതു സ്നാപകയോഹന്നാനാണ്. "ഇതാ, ഞാൻ നിൻെറ ആഗമനത്തിനു മാർഗ്ഗം ഒരുക്കുവാൻ എൻെറ ദൂതനെ നിൻെറ മുമ്പേ അയയ്ക്കും. കർത്താവിൻെറ വഴിയൊരുക്കുവിൻ. അവൻെറ ഊടുവഴികൾ നിരപ്പാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ സ്വരം" എന്ന് ഇസയാസ് പ്രവാചകനാൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ, യോഹന്നാൻ മരുഭൂമിയിൽ മാമ്മോദീസ നല്കിക്കൊണ്ടും പാപങ്ങളുടെ മോചനത്തിനായുള്ള അനുതാപത്തെപ്പററി പ്രസംഗിച്ചുകൊണ്ടുമിരുന്നു. അദ്ദേഹം ഇങ്ങനെ പ്രസംഗിച്ചു: "ഇതാ, എന്നെക്കാൾ ബലവാൻ എൻെറ പിന്നാലെ വരുന്നു. അവൻെറ ചെരിപ്പുകളുടെ വാറുകൾ അഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല. ഞാൻ നിങ്ങൾക്കു വെള്ളംകൊണ്ടു മാമ്മോദീസ നല്കുന്നു. അവനോ, പരിശുദ്ധാത്മാവിൽ നിങ്ങൾക്കു മാമ്മോദീസ നല്കും."



ആ ദിവസങ്ങളിൽ ഈശോ ഗലീലായിലെ നസ്രത്തിൽനിന്നു വന്നു ജോർദാൻനദിയിൽവച്ചു യോഹന്നാനിൽനിന്നു മാമ്മോദീസ സ്വീകരിച്ചു. അവൻ വെള്ളത്തിൽനിന്നു പൊങ്ങിയ ഉടനെ ആകാശം പിളരുന്നതും പരിശുദ്ധാത്മാവു പ്രാവുപോലെ അവൻെറ മേൽ ഇറങ്ങുന്നതും അവൻ കണ്ടു. ''നീ എൻെറ പ്രിയപുത്രനാകുന്നു. നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' എന്നു സ്വർഗ്ഗത്തിൽനിന്നു് ഒരു സ്വരം മുഴങ്ങിക്കേൾക്കുകയും ചെയ്തു. (മർക്കോസ് 1:2–11)

മാമ്മോദീസയ്ക്കുശേഷം ജനങ്ങളുടെ ഇടയിലേയ്ക്കു ചെല്ലുന്നതിനു മുൻപു്, തന്നെത്താൻ ഒരുങ്ങുന്നതിനുവേണ്ടി ഈശോ നാല്പതു ദിവസം മരുഭൂമിയിൽ കഴിച്ചുകൂട്ടി.

ഈശോ ഗലീലായിലേയ്ക്കു വന്നു ദൈവരാജ്യത്തിൻെറ സുവിശേഷം പ്രസംഗിച്ചു. ''സമയം പൂർത്തിയായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു. നിങ്ങൾ പശ്ചാത്തപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുവിൻ.'' (മർക്കോസ് 1:14–15)

പിന്നീടു്, അവിടുന്നു നസ്രത്തിലേയ്ക്കു പോയി. സാബത്തു ദിവസം പതിവുപോലെ അവിടുന്നു 'സിനഗോഗ്' എന്ന ജപാലയത്തിലേക്കു ചെന്നു. സിനഗോഗിൽ വായനയ്ക്കു എഴുന്നേററപ്പോൾ അവിടുത്തേയ്ക്കു നല്കിയ പുസ്തകം ഇസയാസ് ദീർഘദർശിയുടെ പ്രവചനങ്ങളാണ്. അവ തുറന്നുനോക്കിയപ്പോൾ കണ്ണിൽപ്പെട്ട വാക്യങ്ങളിവയാണ്: ''കർത്താവിൻെറ ആത്മാവ് എന്നിലുണ്ട്. അവിടുന്ന് എന്നെ അഭിഷേചിച്ചിരിക്കുന്നു. ദരിദ്രരോടു സുവിശേഷം പ്രസംഗിക്കാനും ഹൃദയവ്യഥ അനുഭവിക്കുന്നവരെ ആശ്വസിപ്പിക്കാനും കുരുടർക്കു കാഴ്ച നല്കാനും മർദ്ദിതരെ സ്വതന്ത്രരാക്കാനും കർത്താവിനു സ്വീകാര്യമായ വത്സരവും പ്ര



തികാരദിനവും പ്രഖ്യാപിക്കാനും അവിടുന്ന് എന്നെ അയച്ചിരിക്കുന്നു.'' ഗ്രന്ഥമടച്ച് ശുശ്രൂഷകനെ ഏല്പിച്ചതിനുശേഷം അവിടുന്ന് ഉപവിഷ്ടനായി..........അവിടുന്ന് അവരോട് അരുൾചെയ്തു: ''നിങ്ങൾ കേട്ട ഈ തിരുവെഴുത്ത് ഇന്നു നിറവേറിയിരിക്കുന്നു.'' (ലൂക്കാ 4:18—21)

ഈശോ ആണ്, ഇസയാസ്ദീർഘദർശി പറഞ്ഞിരുന്ന 'അഭിഷിക്തൻ'. രക്ഷയുടെ സദ്വാർത്ത അറിയിക്കുകയായിരുന്നു അവിടുന്ന്. ദൈവരാജ്യത്തിലേയ്ക്കു ചെന്നുചേരുവാൻ എല്ലാവരേയും അവിടുന്നു ക്ഷണിച്ചു. അവിടുത്തെ സ്വീകരിക്കുന്നവർ സത്യത്തിന്റെ വെളിച്ചം കാണും. ഒരു ദിവസം അവർ പിതാവിനോടുകൂടെ സ്വർഗ്ഗത്തിലായിരിക്കയും ചെയ്യും.

ദൈവരാജ്യത്തിൽ പ്രവേശിക്കാൻ വിശ്വസിച്ചു ജ്ഞാനസ്നാനപ്പെടുകയും പിതാവിന്റെ തിരുവിഷ്ടമനുസരിച്ചു ജീവിക്കുകയും വേണമെന്ന് ഈശോ ജനങ്ങളെ പഠിപ്പിച്ചു. ''ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കാത്തവനു ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാധിക്കയില്ല.'' (യോഹന്നാൻ 3:5)

ഒരു ദിവസം തന്നോടുകൂടെ ഒരു മലമ്പ്രദേശത്തേയ്ക്കു വന്ന വലിയൊരു ജനക്കൂട്ടത്തെ ഈശോ പഠിപ്പിക്കാൻ തുടങ്ങി. സ്നേഹത്തിന്റേയും കരുണയുടേയും പുതിയൊരു സന്ദേശമായിരുന്നു ആ പ്രസംഗം. അതിൽ വിശ്വസ്തരായ ജനങ്ങളെ വിളിക്കുന്ന ദൈവത്തിന്റെ സ്വരം മുഴങ്ങിക്കേട്ടു. ''ആത്മനാ ദരിദ്രർ അനുഗൃഹീതരാകുന്നു; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകും. ശാന്തശീലർ അനുഗൃഹീതരാകുന്നു; എന്തുകൊണ്ടെന്നാൽ അവർ ഭൂമി കൈവശമാക്കും. കരയുന്നവർ അനുഗൃഹീതരാകുന്നു; എന്തുകൊണ്ടെന്നാൽ, അവർ ആശ്വസിപ്പിക്കപ്പെടും. വിശുദ്ധിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ അനുഗൃഹീതരാകുന്നു; എന്തുകൊണ്ടെന്നാൽ, അവർ സംതൃപ്തരാക്കപ്പെടും. കാരുണ്യമുള്ളവർ അനുഗൃഹീതരാകുന്നു; എന്തുകൊണ്ടെന്നാൽ, അവരുടെമേൽ കാരുണ്യമുണ്ടാകും. ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതരാകുന്നു; എന്തുകൊണ്ടെന്നാൽ, അവർ ദൈവത്തെ ദർശിക്കും. സമാധാനപാലകർ അനുഗൃഹീതരാകുന്നു; എന്തുകൊണ്ടെന്നാൽ അവർ ദൈവപുത്രരെന്നു വിളിക്കപ്പെടും. നീതിക്കുവേണ്ടി പീഡകൾ സഹിക്കുന്നവർ അനുഗൃഹീതരാകുന്നു; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.'' (മത്തായി 5:3—10)

ഈശോ സകല നഗരങ്ങളിലും ഗ്രാമങ്ങളിലും ചുററിസഞ്ചരിച്ച് അവരുടെ ജപാലയങ്ങളിൽ പഠിപ്പിക്കുകയും സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും എല്ലാവിധരോഗങ്ങളും

വൈകല്യങ്ങളും സുഖപ്പെടുത്തുകയുംചെയ്തിരുന്നു. ഇടയനില്ലാത്ത ആടുകളെപ്പോലെ ആർത്തരും ആലംബരഹിതരുമായ ജനങ്ങളെ കണ്ട് ഈശോയ്ക്കു അനുകമ്പതോന്നി. അപ്പോൾ ഈശോ ശിഷ്യരോടരുൾചെയ്തു: ''വിളവു സമൃദ്ധമത്രേ. എന്നാൽ, വേലക്കാർ തീരെ ചുരുക്കം. ആകയാൽ വിളവിൻെറ ഉടമസ്ഥനോടു തൻെറ കൊയ്ത്തിനു വേലക്കാരെ അയയ്ക്കാൻ പ്രാർത്ഥിക്കുവിൻ.''

(മത്തായി 9:37–38)

നല്ല ഇടയൻ വഴിതെററിപ്പോയ ആടുകളെ തേടുന്നതുപോലെ ഈശോ പാപികളെ അന്വേഷിച്ചു. അവർക്കു ജീവൻ നല്കി അവരെ തൻെറ പിതാവിൻെറ പക്കലേക്കാനയിക്കുകയായിരുന്നു അവിടുത്തെ ലക്ഷ്യം.

ഈശോ പലപ്പോഴും പാപികളോടുസമ്പർക്കം പുലർത്തിയിരുന്നതുകൊണ്ട് അഹങ്കാരികളായ ഫരിസേയർക്കും ഉപാദ്ധ്യായന്മാർക്കും അവിടുത്തോടു വിരോധമായി. ഈശോയുടെ വാക്കുകേൾക്കാൻ ചുങ്കക്കാരും പാപികളും അവിടുത്തെ അടുക്കൽ വന്നുകൊണ്ടിരുന്നു. ''ഇയാൾ പാപികളെ സ്വീകരിക്കുകയും അവരോടുകൂടെ ഭക്ഷണം കഴിക്കയും ചെയ്യുന്നു'' എന്നു് അവർ പിറുപിറുത്തു. അപ്പോൾ ഈശോ അവരോട് ഒരുപമ അരുൾചെയ്തു: ''നിങ്ങളിലാർക്കെങ്കിലും നൂറു് ആടുകൾ ഉണ്ടായിരിക്കയും അവയിലൊന്നു കാണാതാകയും ചെയ്താൽ, തൊണ്ണൂററിയൊൻപതിനേയും വിജനപ്രദേശത്തു വിട്ടിട്ട്, അയാൾ പോയി കാണാതായതിനെ കണ്ടെത്തുംവരെ അന്വേഷിക്കാതിരിക്കുമോ? അതിനെ കണ്ടെത്തിയാൽ അയാൾ സന്തോഷത്തോടെ അതിനെ തോളിലേററി വീട്ടിൽ കൊണ്ടുവരികയും സ്നേഹിതന്മാരേയും അയൽക്കാരേയും വിളിച്ചുകൂട്ടി, 'എൻെറ കാണാതെപോയ ആടിനെ കണ്ടുകിട്ടിയിരിക്കുന്നു; ആകയാൽ, എന്നോടുകൂടെ സന്തോഷിക്കുവിൻ' എന്നു പറയുകയും ചെയ്യും. അപ്രകാരംതന്നെ അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂററിയൊൻപതു നീതിമാന്മാരെക്കുറിച്ചെന്നതിനേക്കാൾ കൂടുതൽ സന്തോഷം, അനുതപിക്കുന്ന പാപിയെക്കുറിച്ചു സ്വർഗ്ഗത്തിലുണ്ടാകുമെന്നു ഞാൻ നിങ്ങളോടു പറയുന്നു.'' (ലൂക്കാ. 15:1–7)

മനുഷ്യവർഗ്ഗത്തെ മുഴുവൻ തൻെറ പുതിയ തിരഞ്ഞെടുക്കപ്പെട്ട ജനമായി ഒരുമിച്ചുചേർത്തു് ഒരു വലിയ കുടുംബമാക്കാൻവേണ്ടിയാണു് പിതാവായ ദൈവം ഏകപുത്രനെ ലോകത്തിലേയ്ക്കു അയച്ചതു്. ഈശോവഴി തൻെറ ജനങ്ങളുമായി ഒരു പുതിയ ഉടമ്പടി ഉണ്ടാക്കണം; തൻെറ ജനത്തെ ഒന്നാക്കാൻ ഈശോ തൻെറ ജീവൻ തന്നെ നല്കണം, ഇതാണു പിതാവായ ദൈവം അഭിലഷിച്ചതു്. ''ഞാൻ നല്ല ഇടയനാകുന്നു. എൻെറ പിതാവു് എന്നേയും ഞാൻ

പിതാവിനേയും അറിയുന്നതുപോലെ, ഞാൻ എൻെറ ആടുകളേയും അവ എന്നേയും അറിയുന്നു. എൻെറ ആടുകൾക്കുവേണ്ടി ഞാൻ ജീവനർപ്പിക്കുകയും ചെയ്യുന്നു. ഈ തൊഴുത്തിൽപ്പെടാത്ത വേറെ ആടുകളും എനിക്കുണ്ട്. അവയേയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എൻെറ സ്വരം ശ്രവിക്കും. അങ്ങനെ ഒരജഗണവും ഒരിടയനുമാകും.'' (യോഹ. 10:14–16).

ദൈവത്തിൻെറ രാജ്യം വരാൻ ജനത ആഗ്രഹിച്ചിരുന്നു. അതു് ഇതാ വന്നുചേർന്നിരിക്കുന്നു. ദൈവത്തെ അനുസരിക്കുകയും സേവിക്കുകയും ചെയ്യുന്നവരുടെ രാജ്യമാണതു്. ദൈവമക്കൾ എല്ലാവരും ഉൾപ്പെടുന്ന ഒരു കുടുംബമാകത്തക്കവിധം ലോകമെങ്ങും ആ രാജ്യം വ്യാപിക്കേണ്ടിയിരിക്കുന്നു.

ഭൂമിയിലെ ദൈവത്തിൻെറ രാജ്യത്തിനാണു് ''കത്തോലിക്കസഭ'' എന്നു പറയുന്നതു്. ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ പഠിപ്പിക്കുകയും നയിക്കുകയും വിശുദ്ധരാക്കുകയും ചെയ്യുന്നതു് ഈ സഭയാണു്. ലോകാവസാനത്തിൽ ദൈവരാജ്യം പൂർണ്ണത പ്രാപിച്ചു് എല്ലാ മഹത്വത്തോടുംകൂടെ പ്രത്യക്ഷപ്പെടും.

ഈശോ ലോകത്തിലെ തൻെറ ജോലി മുഴുവനാക്കിയതിനുശേഷം, അതു തുടർന്നുനടത്താനുള്ള ചുമതല അപ്പസ്തോലന്മാരെ ഏല്പിച്ചു. അതിനുവേണ്ടിയാണു് അവിടുന്നു് അപ്പസ്തോലന്മാരെ പരിശീലിപ്പിക്കുകയും തനിക്കുള്ള അധികാരത്തിൻെറ ഒരു ഭാഗം അവർക്കു നല്കുകയും ചെയ്തതു്. ഈശോ അവരോടു പറഞ്ഞു: ''നിങ്ങൾക്കു സമാധാനം! പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. .......നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. ആരുടെ പാപങ്ങൾ മോചിക്കുന്നുവോ, അവ മോചിക്കപ്പെടും; ആരുടെ പാപങ്ങൾ നിങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെടും.'' (യോഹ. 20:21–23)

സ്വർഗ്ഗത്തിലേയ്ക്കു് എഴുന്നള്ളുന്ന സമയമടുത്തപ്പോൾ ഈശോ തൻെറ അപ്പസ്തോലന്മാരോടു പറഞ്ഞു: ''സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വാധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളേയും പഠിപ്പിക്കയും പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുകയുംചെയ്യുവിൻ. ഞാൻ ആജ്ഞാപിച്ചിട്ടുള്ളവയെല്ലാം അനുഷ്ഠിക്കാൻ അവരെ അഭ്യസിപ്പിക്കുവിൻ. ഇതാ, ലോകാവസാനംവരെ എല്ലാ ദിവസവും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. (മത്തായി 28:18–20)

## ഓർമ്മിക്കാൻ

1 എന്തറിയിക്കുവാനാണ് ഈശോ വന്നത്?

2 ദൈവരാജ്യം എന്നാൽ എന്ത്?

3 ദൈവരാജ്യം എവിടെയാകുന്നു?

4 ദൈവരാജ്യം അതിൻെറ എല്ലാ മഹത്വത്തോടുംകൂടെ എന്നാണു പ്രത്യക്ഷപ്പെടുക?

''സകല ജാതികളേ, കർത്താവിനെ സ്തുതിക്കുവിൻ! സകല ജനങ്ങളേ, അവിടുത്തെ പുകഴ്ത്തുവിൻ; എന്തുകൊണ്ടെന്നാൽ നമ്മോടുള്ള അവിടുത്തെ കൃപ സുദൃഢമാകുന്നു. കർത്താവിൻെറ വിശ്വസ്തത എന്നേയ്ക്കുമായി നിലനില്ക്കുന്നു.'' (സങ്കീർത്തനം 116).

## പാടാൻ

രാജ്യശക്തികാം തൻകീഴിലാക്കിയ
രാജരാജനെ വാഴ്ത്തുക നിത്യവും.
ജീവനേകിയും പാലിച്ചുപോരുന്ന
ജീവിതേശനെ വാഴ്ത്തുക നിത്യവും.
എന്നുമുള്ളവ, നുണ്ടായിരുന്നവൻ
എന്നുമെന്നേക്കുമുണ്ടായിരിപ്പവൻ
സർവ്വനന്മയുമൊന്നായിരിപ്പവൻ
സർവ്വനീതിക്കും ഊന്നായിരിപ്പവൻ (രാജ്യശക്തികാം)
താതനായവൻ പുത്രനുമായവൻ
പാവനാത്മാവായെന്നും വസിപ്പവൻ
മൂവരൊന്നായി മേവുന്നവൻ സദാ
ഭൂവിനെന്നല്ല ദ്യോവിനുമീശ്വരൻ. (രാജ്യശക്തികാം)

## പ്രവർത്തിക്കാൻ

ദൈവത്തിൻെറ തിരുവിഷ്ടം അനുസരിച്ചുകൊണ്ടു ഞാൻ ഈശോയെ എൻെറ രാജാവായി അംഗീകരിക്കും.

ദൈവരാജ്യം ലോകത്തിൽ പ്രചരിക്കാൻവേണ്ടി ഞാൻ പ്രാർത്ഥിക്കും.

# 22

## ക്രിസ്തു വലിയ പ്രവാചകൻ

ഈശോ പരസ്യജീവിതം ആരംഭിച്ചയുടനെ കാനായിൽ ഒരു കല്യാണാഘോഷം നടന്നു. കല്യാണത്തിനു് ഈശോയേയും ശിഷ്യന്മാരേയും ക്ഷണിച്ചിട്ടുണ്ടായിരുന്നു. അവിടെ വീഞ്ഞു തികയാതെ വരികയാൽ ഈശോയുടെ അമ്മ ''അവക്കു വീഞ്ഞില്ല'' എന്നു് അവിടുത്തെ അറിയിച്ചു. ഈശോ അമ്മയോടു പറഞ്ഞു, ''അമ്മേ, എനിക്കും അങ്ങേക്കും എന്തു്? എൻെറ സമയം ഇനിയും സമാഗതമായിട്ടില്ല.'' എന്നാൽ മാതാവു് പരിചാരകരോടു്, 'അദ്ദേഹം എന്തു പറയുന്നുവോ അതുപോലെ ചെയ്യുവിൻ' എന്നു നിർദ്ദേശിച്ചു.



വെള്ളം നിറച്ചുവെയ്ക്കാറുള്ള ആറു കല്ഭരണികൾ അവിടെ ഉണ്ടായിരുന്നു. ''ഈ ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ'', ഈശോ കല്പിച്ചു. അവർ ഭരണികളിൽ വെള്ളം നിറച്ചു. അനന്തരം, അവിടുന്നു കല്പിച്ചു: ''ഇനി പകർന്നെടുത്തു കലവറപ്രമാണിയുടെ അടുക്കൽ കൊണ്ടുചെല്ലുവിൻ.'' അവർ അതു് അയാളുടെ അടുക്കൽ കൊണ്ടുചെന്നു. വീഞ്ഞായി രൂപാന്തരപ്പെട്ട വെള്ളം അയാൾ രുചിച്ചുനോക്കി. അതു് എവിടെനിന്നു കിട്ടിയെന്നു് അയാൾക്കു മനസ്സിലായില്ല; വെള്ളം കോരിയ ഭൃത്യന്മാർക്കുമാത്രമേ അറിയാമായിരുന്നുള്ളു. ഉടനെ കലവറപ്രമാണി മണവാളനെ വിളിച്ചുപറ

ഞ്ഞു: ''എല്ലാവരും ആദ്യം നല്ല വീഞ്ഞു വിളമ്പുന്നു. ലഹരിപിടിച്ചതിനുശേഷം മോശമായതു കൊണ്ടുവരുന്നു. എന്നാൽ, താങ്കൾ ഇതുവരെ നല്ല വീഞ്ഞു സൂക്ഷിച്ചുവെച്ചിരുന്നുവല്ലോ!'' അങ്ങനെ, ഗലീലയിലെ കാനായിൽവച്ച് ഈശോ ആദ്യത്തെ അത്ഭുതം പ്രവർത്തിച്ച്, തൻെറ പ്രഭാവം പ്രകടമാക്കി; ശിഷ്യന്മാർ ഈശോയിൽ വിശ്വസിക്കുകയും ചെയ്തു. (യോഹ. 2:3—11)

ദൈവത്തിൽനിന്നു വരുന്നവനാണു താനെന്നു ജനങ്ങളെ ഗ്രഹിപ്പിക്കുവാൻ ഈശോ വളരെ വളരെ അത്ഭുതങ്ങൾ—സുവിശേഷഭാഷയിൽ അടയാളങ്ങൾ—പ്രവർത്തിച്ചു. വാഗ്ദാനംചെയ്യപ്പെട്ട മിശിഹായാണു താനെന്ന് എല്ലാവരും വിശ്വസിക്കണമെന്നായിരുന്നു അവിടുത്തെ ആഗ്രഹം. പ്രവാചകന്മാരും അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. പക്ഷേ, അതു ദൈവനാമത്തിലായിരുന്നു. ക്രിസ്തുവാകട്ടെ, സ്വന്തശക്തികൊണ്ട് അത്ഭുതം പ്രവർത്തിച്ചു. കാരണം, അവിടുന്നു ദൈവത്തിൻെറ പുത്രനും ജീവൻേറയും മരണത്തിൻേറയും ഉടയവനുമാണ്.

''അടുത്തൊരുദിവസം ഈശോ നെയിൻപട്ടണത്തിലേയ്ക്കു പോവുകയായിരുന്നു. ശിഷ്യന്മാരും വലിയൊരു ജനക്കൂട്ടവും അവിടുത്തെ അനുഗമിച്ചിരുന്നു. നഗരവാതിൽക്കലെത്തിയപ്പോൾ ഒരു മൃതശരീരം സംസ്കരിക്കുവാനായി പുറത്തേയ്ക്കു വഹിച്ചുകൊണ്ടുവരുന്നതു കണ്ടു. മരിച്ച യുവാവ് ഒരു വിധവയുടെ ഏകസന്താനമായിരുന്നു. അവളോടുകൂടെ നഗരത്തിൽനിന്ന് ഒരു വലിയസംഘം ജനങ്ങളും ഉണ്ടായിരുന്നു. കർത്താവ് ഇതു കണ്ടപ്പോൾ മനസ്സലിഞ്ഞ് 'നീ കരയേണ്ടാ' എന്നരുൾചെയ്തു. അടുത്തുചെന്നു ശവമഞ്ചത്തിന്മേൽ തൊട്ടുവെച്ചു. മഞ്ചം വഹിച്ചിരുന്നവർ നിശ്ചലരായി നിന്നു. അനന്തരം, അവിടുന്ന് ഇങ്ങനെ കല്പിച്ചു: 'യുവാവേ, ഞാൻ ആജ്ഞാപിക്കുന്നു, നീ എഴുന്നേൽക്കുക.' മരിച്ചവൻ ഉടൻ എഴുന്നേററിരുന്നു സംസാരിക്കാൻ തുടങ്ങി. ഈശോ അവനെ അവൻെറ അമ്മയ്ക്ക് ഏല്പിച്ചുകൊടുത്തു. എല്ലാവരും വിസ്മയഭരിതരായി. അവർ പറഞ്ഞു: ''നമ്മുടെ മദ്ധ്യേ ഇതാ ഒരു പ്രവാചകൻ ആവിർഭവിച്ചിരിക്കുന്നു. ദൈവം തൻെറ ജനത്തെ സന്ദർശിച്ചിരിക്കുന്നു.'' അവർ ദൈവത്തെ പ്രകീർത്തിച്ചു. (ലൂക്കാ 7:11—16)

ക്രിസ്തുവിൻെറ അത്ഭുതങ്ങളെപ്പററിയുള്ള പ്രസിദ്ധി നാടെങ്ങും പ്രചരിച്ചതോടെ വളരെയേറെ ആളുകൾ അവിടുത്തെ പിന്നാലെകൂടിത്തുടങ്ങി.

ക്രിസ്തു ഒരിക്കൽ ജെറിക്കോനഗരത്തെ സമീപിച്ചു. വഴിയരികിൽ ഒരു കുരുടൻ ഭിക്ഷയാചിച്ചുകൊണ്ടിരുന്നു. ജനക്കൂട്ടം കടന്നുപോകുന്ന ആരവംകേട്ട്, അതാരെന്ന് അവൻ അന്വേഷിച്ചു. നസ്രാ

യക്കാരൻ ഈശോ കടന്നുപോവുകയാണെന്നു് അവനോടു ചിലർ പറഞ്ഞപ്പോഠം, അവൻ ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി: ''ദാവീദിൻെറ പുത്രനായ ഈശോയേ, എൻെറ മേൽ കനിവുണ്ടാകണമേ!'' മുൻപിൽ നടന്നിരുന്നവർ അവനോടു മിണ്ടരുതെന്നു ശാസിച്ചു. അവനാകട്ടെ, കൂടുതൽ ഉച്ചത്തിൽ നിലവിളിച്ചതേയുള്ളൂ, ''ദാവീദിൻെറ പുത്രാ, എന്നോടു കരുണയുണ്ടാകണമേ!'' എന്നു്.

ഈശോ അവിടെനിന്നു. കുരുടനെ അടുത്തുകൊണ്ടുവരുവാൻ കല്പിച്ചു. അവൻ വന്നപ്പോഠം അവിടുന്നു ചോദിച്ചു: ''ഞാൻ നിനക്കു് എന്തു ചെയ്യണം?'' അവൻ അപേക്ഷിച്ചു: ''നാഥാ, എനിക്കു കാഴ്ച നല്കണം!'' ''നിനക്കു കാഴ്ചയുണ്ടാവട്ടെ. നിൻെറ വിശ്വാസം നിന്നെ സുഖപ്പെടുത്തിയിരിക്കുന്നു''—അവിടുന്നു് അരുഠം ചെയ്തു. ഉടനെ അവനു കാഴ്ചയുണ്ടായി. ദൈവത്തെ സ്തുതിച്ചുകൊണ്ടു് അവിടുത്തെ അവൻ അനുഗമിച്ചു; ജനസഹസ്രം ഇതുകണ്ടു സർവ്വേശ്വരനെ പുകഴ്ത്തുകയുംചെയ്തു. (ലൂക്കാ 18:35—43)

ജീവനും ആരോഗ്യവും വീണ്ടെടുത്തുകൊടുക്കുവാൻ ശക്തിയുണ്ടായിരുന്നു, ഈശോയ്ക്കു്. രോഗികളെ സ്വസ്ഥരാക്കുക, ആത്മാക്കളെ സുഖപ്പെടുത്തുക, മരിച്ചവരെ പുനർജ്ജീവിപ്പിക്കുക—അവിടുത്തെ ഏററം വലിയ ശക്തിയുടെ അടയാളമായിരുന്നു ഇവ.

ഒരുദിവസം, തളർവാതംപിടിപെട്ടു കിടപ്പിലായിരുന്ന ഒരുവനെ കുറേപ്പേർ അവിടുത്തെ പക്കൽ കൊണ്ടുവന്നു. അവരുടെ വിശ്വാസം കണ്ടു് ഈശോ രോഗിയോടു് അരുഠംചെയ്തു: ''മകനേ, ധൈര്യമായിരിക്കുക; നിൻെറ പാപങ്ങഠം ക്ഷമിച്ചിരിക്കുന്നു.'' ഉപാദ്ധ്യായരിൽ ചിലർ ഇതു കേട്ടു്, 'ഇയാഠം ദൈവദൂഷണം പറയുന്നു' എന്നു് ആത്മഗതംചെയ്തു. അവിടുന്നു് അവരുടെ ചിന്താഗതി മനസ്സിലാക്കി ഇപ്രകാരം ചോദിച്ചു: ''എന്തിനു നിങ്ങഠം ഹൃദയത്തിൽ തിന്മ വിചാരിക്കുന്നു? പറയൂ, ഏതാണെളുപ്പം, നിൻെറ പാപം മോചിച്ചിരിക്കുന്നു എന്നു പറയുന്നതോ, അതോ എഴുന്നേററു നടക്കുക, എന്നാജ്ഞാപിക്കുന്നതോ?'' എന്നാൽ, മനുഷ്യപുത്രനു ഭൂമിയിൽ പാപം മോചിക്കുന്നതിനു് അധികാരമുണ്ടെന്നു് അവരെ ബോധ്യപ്പെടുത്താൻ, ഈശോ രോഗിയുടെ നേരെ തിരിഞ്ഞു കല്പിച്ചു: ''എഴുന്നേററു നിൻെറ കിടക്കയുമെടുത്തു് വീട്ടിലേയ്ക്കു പൊയ്ക്കൊള്ളുക.'' തൽക്ഷണം അവൻ എഴുന്നേററു് വീട്ടിലേയ്ക്കു മടങ്ങി. ജനക്കൂട്ടം ഇതുകണ്ടു് ഭയംപൂണ്ടു വിസ്മയിച്ചു. ഇത്തരം ശക്തി മനുഷ്യനു കൊടുത്ത ദൈവത്തെ പുകഴ്ത്തിസ്തുതിച്ചു.

(മത്തായി 9:2—8)

ജനങ്ങഠംക്കു് ഈശോയോടുള്ള ബഹുമാനം വർദ്ധിച്ചു. അവിടുത്തെ രാജാവാക്കണമെന്നായി അവരുടെ വിചാരം. ഇസ്രായേലി

ൻെറ രാജ്യം ഈശോ പുന:സ്ഥാപിക്കും എന്നു് അവർ ആശിച്ചു. പക്ഷേ, അതിനെക്കാറം വളരെ വലിയ ഒരു രാജ്യമാണു് ഈശോയ്ക്കു സ്ഥാപിക്കുവാനുണ്ടായിരുന്നതു്.

ഒരിക്കൽ, തനിക്കുചുററും വന്നുകൂടിയ ഒരു മഹാപുരുഷാരത്തെ കണ്ടു് ഈശോ പീലിപ്പോസിനോടു ചോദിച്ചു: ''ഇവർക്കെല്ലാം ഭക്ഷിക്കുവാൻ എവിടെനിന്നാണു് നാം അപ്പം വാങ്ങുക?'' അവിടുന്നു് ഇങ്ങനെ ചോദിച്ചതു അയാളെ ഒന്നു പരീക്ഷിപ്പാനായിട്ടാണു്. എന്താണു് ചെയ്യേണ്ടതെന്നു് അവിടുന്നു നേരത്തെ തീരുമാനിച്ചിരുന്നു. ''ഇരുനൂറു ദെനാറയ്ക്കു് അപ്പം വാങ്ങിയാലും ഇവർക്കെല്ലാം ഒട്ടും തികയുകയില്ല'' എന്നു പീലിപ്പോസ് മറുപടി പറഞ്ഞു. അപ്പോറം മറെറാരു ശിഷ്യൻ അറിയിച്ചു: ''ഇവിടെ ഒരു കുട്ടിയുടെ പക്കൽ അഞ്ചു് അപ്പവും രണ്ടു മത്സ്യവും ഉണ്ടു്. ഇത്രയുമധികം പേർക്കു് അതുകൊണ്ടെന്താകാനാണു്?''



അപ്പോറം ഈശോ കല്പിച്ചു: ''ആളുകളെ ഇരുത്തുവിൻ.'' അവിടുന്നു് അപ്പമെടുത്തു സ്തോത്രംചൊല്ലി അവർക്കു ഭാഗിച്ചുകൊടുത്തു. അവർക്കു വേണ്ടുവോളം മത്സ്യവും നല്കി.

എല്ലാവരും തിന്നു തൃപ്തരായപ്പോൾ അവിടുന്നു ശിഷ്യന്മാരോടു നിർദ്ദേശിച്ചു: ''നുറുക്കുകളൊക്കെ പെറുക്കിക്കൂട്ടുവിൻ; ഒന്നുപോലും നഷ്ടപ്പെട്ടുത്തരുതു്.'' അഞ്ചപ്പംകൊണ്ടു് അയ്യായിരം പേർ ഭക്ഷിച്ച തിനുശേഷം ബാക്കിവന്നതു ശേഖരിച്ചു. അതു പന്ത്രണ്ടു കൊട്ട നിറയെ ഉണ്ടായിരുന്നു. ഈശോ പ്രവർത്തിച്ച ഈ അത്ഭുതംകണ്ടു ജനം ഉദ്ഘോഷിച്ചു: ''വരുവാനിരിക്കുന്ന പ്രവാചകൻ ഇദ്ദേഹംതന്നെയാകുന്നു.'' ആ ജനം തന്നെ രാജാവായി വാഴിക്കുവാൻ ആലോചിക്കുന്നുവെന്നറിഞ്ഞു് ഈശോ തനിയെ മലമുകളിലേക്കു പോയി. (യോഹ. 6:5–15)

ജനങ്ങൾക്കു ഭക്ഷണം നല്കാൻ അപ്പവും മീനും വർദ്ധിപ്പിച്ചുകൊണ്ടു് ഈശോ തൻെറ ശക്തിയുടെ മറെറാരു മഹത്തായ അടയാളത്തിനായി അവരെ ഒരുക്കുകയായിരുന്നു. മനുഷ്യരുടെ ആദ്ധ്യാത്മികഭക്ഷണത്തിനായി ക്രിസ്തുവിൻെറ ശരീരരക്തങ്ങൾ നല്കുന്ന വിശുദ്ധ കുർബാനയാണു് ആ മഹത്തായ അടയാളം.

ഈശോയ്ക്കു മനുഷ്യരുടേയും പ്രപഞ്ചശക്തികളുടേയുംമേൽ അധികാരമുണ്ടായിരുന്നു. ഒരു ദിവസം ഈശോയും അവിടുത്തെ അപ്പോസ്തലന്മാരുംകൂടെ ഒരു തടാകം കടക്കുമ്പോൾ വലിയൊരു കൊടുങ്കാററുണ്ടായി. മലപോലെ തിരമാല അലച്ചുയർന്നു. തോണി മുങ്ങാറായി. ഈശോ വള്ളത്തിൻെറ അമരത്തു തലവെച്ചു് ഉറങ്ങുകയായിരുന്നു. അവർ അവിടുത്തെ വിളിച്ചുണർത്തി, 'ഗുരുവേ! ഞങ്ങൾ നശിച്ചുപോകുന്നതിൽ അങ്ങേയ്ക്കു യാതൊരാശങ്കയുമില്ലേ!' എന്നു ചോദിച്ചു. അവിടുന്നു് എഴുന്നേററു കാററിനെ ശാസിക്കുകയും കടലിനോടു 'ശാന്തമായിരിക്കുക' എന്നു കല്പിക്കുകയും ചെയ്തു. കാററു് അടങ്ങി. എല്ലാം ശാന്തമായി. അനന്തരം ഈശോ അവരുടെ നേരെ തിരിഞ്ഞു്, ''നിങ്ങൾ ഇത്ര ഭീരുക്കളായതു് എന്തുകൊണ്ടു്? നിങ്ങൾക്കിനിയും വിശ്വാസം വന്നിട്ടില്ലയോ?'' എന്നു ചോദിച്ചു......... 'എന്തു്, ഇതാരു്, കാററും കടലുംകൂടി ഇദ്ദേഹത്തെ അനുസരിക്കുന്നല്ലോ' എന്നു അവർ തമ്മിൽത്തമ്മിൽ പറഞ്ഞു. (മർക്കോസ് 4:38–40)

വിശുദ്ധമായ ജീവിതവും അത്ഭുതങ്ങളുംവഴിയും, പ്രവചനങ്ങൾ പൂർത്തീകരിച്ചുകൊണ്ടും, താൻ ദൈവപുത്രനാണെന്നു് ഈശോ തെളിയിച്ചു. എങ്കിലും ആ സത്യത്തിനുനേരെ അവിടുത്തെ ശത്രുക്കൾ കണ്ണടച്ചുകളഞ്ഞു. ഫരിസേയരിലും ഉപാദ്ധ്യായരിലും പലർക്കും അവിടുത്തോടു് അടങ്ങാത്ത അമർഷം തോന്നി. അവർക്കു് അവിടുത്തെ അത്ഭുതങ്ങൾ നിഷേധിക്കാനോ, അവിടുത്തെ ജീവിതത്തിൽ പാപമാരോപിക്കാനോ കഴിഞ്ഞില്ല. അതുകൊണ്ടു് അവിടുത്തെ കൊന്നുകളയാനുള്ള വഴിയാലോചിച്ചു.

യഹൂദന്മാർ ചുററുംകൂടി അവിടുത്തോടു് ആവശ്യപ്പെട്ടു: ''അങ്ങു ക്രിസ്തുവാണെങ്കിൽ ഞങ്ങളോടതു തുറന്നുപറയുക.'' ഈശോ

അരുൾചെയ്തു: ''ഞാനതു നിങ്ങളോടു പറഞ്ഞുകഴിഞ്ഞു. എന്നാൽ നിങ്ങളെന്നെ വിശ്വസിക്കുന്നില്ല. എൻെറ പിതാവിൻെറ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എനിക്കു സാക്ഷ്യം നില്ക്കുന്നു. എന്നിട്ടും നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, നിങ്ങൾ എൻെറ ആടുകളല്ല. എൻെറ ആടുകൾ എൻെറ സ്വരം കേൾക്കുന്നു. ഞാൻ അവയെ അറിയുന്നു. അവ എന്നെ അനുഗമിക്കയും ചെയ്യുന്നു. ഞാൻ അവയ്ക്കു നിത്യജീവൻ നല്കുന്നു..... എൻെറ പിതാവും ഞാനും ഒന്നാകുന്നു.'' യഹൂദന്മാർ അപ്പോൾ അവിടുത്തെ എറിയുവാൻ കല്ലെടുത്തു. ഈശോ ചോദിച്ചു: ''എൻെറ പിതാവിൻേറതായി പല നല്ല പ്രവൃത്തികളും ഞാൻ നിങ്ങളുടെ മുൻപിൽ ചെയ്തിട്ടുണ്ടല്ലോ. ഇവയിൽ ഏതിനെപ്രതിയാണു നിങ്ങൾ എന്നെ കല്ലെറിയുന്നതു്?'' ''സൽപ്രവൃത്തികൾനിമിത്തമല്ല, ദൈവദൂഷണംനിമിത്തമാണു് നിന്നെ ഞങ്ങൾ കല്ലെറിയുന്നതു്. എന്തെന്നാൽ, നീ ഒരു മനുഷ്യൻമാത്രമായിരിക്കെ, ദൈവമെന്നു ഭാവിക്കുന്നു.'' (യോഹ. 10: 24–33)

താൻ ദൈവപുത്രനാണെന്നു് ഈശോ പറഞ്ഞപ്പോൾ അവിടുന്നു ദൈവദൂഷണം പറഞ്ഞുവെന്നു ഫരീസ്യർ വിചാരിച്ചു. പക്ഷേ, നമുക്കറിയാം അവിടുന്നു പറഞ്ഞതു സത്യമാണെന്നു്. വിശുദ്ധ പത്രോസിനെപ്പോലെ നമുക്കു പറയാം: ''നാഥാ, എവിടേയ്ക്കാണു ഞങ്ങൾ പോകേണ്ടതു്? അങ്ങയുടെ വചനങ്ങൾ നിത്യജീവൻെറ വചനങ്ങളാണു്. അങ്ങു ദൈവത്തിൻെറ പുത്രനായ മിശിഹാ ആകുന്നുവെന്നു ഞങ്ങൾക്കു ബോധ്യപ്പെട്ടിരിക്കുന്നു. അതു ഞങ്ങൾ വിശ്വസിക്കുന്നു.'' (യോഹ. 6: 69–70)

## ഓർമ്മിക്കാൻ

1 താൻ ദൈവപുത്രനാകുന്നുവെന്നു് ഈശോ തെളിയിച്ചതെങ്ങനെ?

2 ഈശോ രോഗികളെ സുഖപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്തതു് എന്തിനു്?

3 സ്വന്തം വാക്കുകളിൽ ഉത്തരം എഴുതുക:

a പാപങ്ങൾ ക്ഷമിക്കുവാൻ തനിക്കു് അധികാരമുണ്ടെന്നു് ഈശോ തെളിയിച്ചതു് ഏതു് അത്ഭുതകൃത്യം ചെയ്തുകൊണ്ടാണു്?

b ഏതത്ഭുതത്തിനാണു് വിശുദ്ധകുർബാനയുടെ സാദൃശ്യമുള്ളതു്?

c ഈശോ പുനർജ്ജീവൻ നല്കിയ രണ്ടുപേരുടെ പേരു പറയുക.

d ഈശോ പ്രവർത്തിച്ച അത്ഭുതങ്ങളിൽ രണ്ടെണ്ണം പറയുക.

## പാടാൻ

കന്യാതനയാ, കരുണാനിലയാ,
കൈവെടിയരുതേ മിശിഹായേ,
കൈവെടിയരുതേ മിശിഹായേ.

കന്യാ......

കുരുടനു കൈവടി നീയല്ലോ,
കൂരിരുളിൽ തിരി നീയല്ലോ,
കരകാണാത്തോരാ കരുണക്കടലിൽ
കനിവിൻതീരം നീയല്ലോ. (2)

കന്യാ......


പാരിൽ പാപക്കുരിശും പേറി
കാൽവരി കേറിയ നായകനേ
മുൾമുടി ചൂടുമ്പോഴും കരുണാ–
മുരളികയൂതിയ നായകനേ
നിന്നുടെ നിനവൊരു കൈത്തിരിയായ്
മന്നിൻ വഴിയിൽ വാഴേണം. (2)

കന്യാ......

## പ്രവർത്തിക്കാൻ

1. കൂടെക്കൂടെ വിശുദ്ധ കുർബാന സ്വീകരിച്ചുകൊണ്ടു ഞാൻ ആത്മീയമായി കൂടുതൽ ശക്തി പ്രാപിക്കും.

2. ക്രിസ്തുവിലുള്ള എൻെറ വിശ്വാസം ഞാൻ വർദ്ധിപ്പിക്കും. അവിടുത്തെ തിരുവിഷ്ടമനുസരിച്ചേ ഞാൻ പ്രവർത്തിക്കൂ.



## 23

# ക്രിസ്തു പുതിയ ഉടമ്പടിക്കു മുദ്രവയ്ക്കുന്നു

മൂന്നു വർഷത്തെ പരസ്യജീവിതത്തിന്റെ അവസാനഘട്ടമായി. ഈശോ ഒരു കഴുതയുടെ പുറത്തുകയറി ജയാഘോഷങ്ങളോടെ ജെറൂസലം പട്ടണത്തിൽപ്രവേശിച്ചു. പെസഹാതിരുനാൾ അടുത്തിരുന്നതിനാൽ അതാഘോഷിക്കാൻ യഹൂദർ പട്ടണത്തിൽഎത്തിയിരുന്നു. ഈശോ ജെറുസലത്തേക്ക് എഴുന്നള്ളുന്നുവെന്നറിഞ്ഞു് ഒരു വലിയ സംഘം ജനം ഒലിവുകമ്പുകൾ കയ്യിൽ പിടിച്ചും 'ഓശാന! കർത്താവിൻെറ നാമത്തിൽ വരുന്ന ഇസ്രായേലിൻെറ രാജാവു് അനുഗൃഹീതനാകുന്നു!' എന്നാർത്തുവിളിച്ചും അവിടുത്തെ എതിരേല്പാൻ ചെന്നു. (യോഹ. 12: 12, 13)



അങ്ങനെ ഈശോ ദൈവാലയത്തിലേക്കെഴുന്നള്ളി. അവിടെ ക്രയവിക്രയം ചെയ്തുകൊണ്ടിരുന്നവരെ അടിച്ചോടിച്ചു........... അവിടുന്നു പറഞ്ഞു: ''എൻെറ ഭവനം പ്രാർത്ഥനാലയം എന്നു വി

ളിക്കപ്പെടും, എന്നു് എഴുതിയിട്ടുണ്ടു്. നിങ്ങളോ അതു മോഷ്ടാക്കളുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു.'' (മത്താ. 21 : 12, 13)

ഈശോയെ ഇസ്രായേലിൻെറ രാജാവായി ജനം സ്വീകരിക്കുകയും ദൈവാലയത്തിൽ അവിടുന്നു് അധികാരം കാണിക്കുകയും ചെയ്തപ്പോൾ ഫരീസ്യർക്കും പുരോഹിതന്മാർക്കും കലികയറി. മുപ്പതു വെള്ളിക്കാശിനു ഗുരുവിനെ ഒററിക്കൊടുക്കാൻ തയ്യാറായ യൂദാസിൻെറ സഹായം സന്തോഷത്തോടെ അവർ സ്വീകരിച്ചു.

ആ വ്യാഴാഴ്ച ഈശോയും അപ്പസ്തോലന്മാരും പെസഹാവിരുന്നിനു് ഒന്നിച്ചുകൂടി. ഭക്ഷണത്തിനിരിക്കവെ അവരോടു് അവിടുന്നു് അരുളിച്ചെയ്തു: ''ഞാൻ പീഡകൾ സഹിക്കുന്നതിനുമുമ്പു് ഈ പെസഹ നിങ്ങളോടുകൂടെ ഭക്ഷിക്കുവാൻ അത്യധികം ആഗ്രഹിച്ചു. എന്തുകൊണ്ടെന്നാൽ, ദൈവരാജ്യത്തിൽ ഇതു പൂർത്തിയാകുന്നതുവരെ ഇനി ഞാനിതു ഭക്ഷിക്കുകയില്ലെന്നു നിങ്ങളോടു പറയുന്നു: അവൻ പാനപാത്രം എടുത്തു സ്തോത്രംചെയ്തു അരുളിച്ചെയ്തു: ''ഇതുവാങ്ങി നിങ്ങൾതമ്മിൽ ഭാഗിക്കുവിൻ. നിങ്ങളോടു ഞാൻ പറയുന്നു, ദൈവരാജ്യം വരുന്നതുവരെ ദ്രാക്ഷാരസത്തിൽനിന്നു ഞാൻ കുടിക്കുകയില്ല.'' പിന്നെ അവൻ അപ്പം എടുത്തു സ്തോത്രംചെയ്തു മുറിച്ചു് അവർക്കു കൊടുത്തുകൊണ്ടു് അരുളിച്ചെയ്തു: ഇതു നിങ്ങൾക്കായി നല്കപ്പെടുന്ന എൻെറ ശരീരമാകുന്നു. ഇതു് എൻെറ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ.'' അവർ അത്താഴം കഴിച്ചതിനുശേഷം ഇങ്ങനെ തന്നെ, പാനപാത്രത്തെപ്പററിയും അവൻ അരുളിച്ചെയ്തു: ''ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എൻെറ രക്തംകൊണ്ടുള്ള പുതിയനിയമം ആകുന്നു.'' (ലൂക്കാ 22 : 14—20)

ഒടുവിലത്തെ അത്താഴത്തിൽവച്ചാണു് ഈശോ വിശുദ്ധകുർബാന സ്ഥാപിച്ചതു്. അപ്പസ്തോലന്മാരെ പുതിയ ഉടമ്പടിയുടെ വൈദികരാക്കിയതും അവിടെവച്ചുതന്നെ. പുതിയതും നിത്യവുമായ ഈ ഉടമ്പടിക്കു തൻെറ രക്തംകൊണ്ടു് അവിടുന്നു് മുദ്രവച്ചു, അടുത്ത ദിവസം.

അവസാനത്തെ അത്താഴത്തിനുശേഷം അപ്പസ്തോലന്മാരുമൊന്നിച്ചു് ഈശോ ഒലീവുതോട്ടത്തിലേയ്ക്കു പോയി. അവിടെവച്ചു് തൻെറ പീഡാനുഭവം മുഴുവനും ഈശോ മുൻകൂട്ടി കണ്ടു. മനസ്സിലും ശരീരത്തിലും അവിടുന്നു വലിയ വേദന അനുഭവിച്ചു. ശിഷ്യന്മാരോടു് അവിടെവച്ചു് ഈശോ ഉപദേശിച്ചു: ''നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കുവാൻ പ്രാർത്ഥിക്കുവിൻ.'' അവൻ അവരിൽനിന്നു് ഒരു കല്ലേറു് അകലെമാറി മുട്ടുകുത്തി പ്രാർത്ഥിച്ചു: ''പിതാവേ, നിനക്കു് ഇഷ്ടമുണ്ടെങ്കിൽ ഈ പാനപാത്രം എന്നെ കടന്നുപോകട്ടെ. എങ്കിലും എൻെറ ഇഷ്ടമല്ല, നിൻേറതു നിവൃത്തിയാകട്ടെ.'' അ

വിടുത്തെ വിയർപ്പ് രക്തത്തുള്ളികളായി നിലത്തുവീണു. അവിടുന്നു പ്രാർത്ഥനകഴിഞ്ഞു് എഴുന്നേററു് ശിഷ്യന്മാരുടെ അടുക്കൽവന്നു. അവർ ഉറങ്ങുന്നതു കണ്ടിട്ടു്, ''നിങ്ങൾ ഉറങ്ങുന്നതെന്തു്? പരീക്ഷയിൽ ഉൾപ്പെടാതിരിക്കുവാൻ എഴുന്നേററു പ്രാർത്ഥിക്കുവിൻ'' എന്നു് അരുൾചെയ്തു. (ലൂക്കാ 22 : 40–46)

ഫരീസ്യരും ഉപാദ്ധ്യായരും അയച്ച മനുഷ്യർ അപ്പോൾ യൂദാസിൻെറ നേതൃത്വത്തിൽ ഈശോയെ പിടിക്കുവാൻ വന്നു. അവിടുന്നു് അവരോടു പറഞ്ഞു: ''ഒരു കള്ളൻെറനേരെ എന്നതുപോലെ എന്നെ പിടിക്കുവാൻ വാളുകളോടും വടികളോടുംകൂടെ നിങ്ങൾ പുറപ്പെട്ടിരിക്കുന്നുവല്ലോ. ഞാൻ ദൈവാലയത്തിൽ പഠിപ്പിച്ചുകൊണ്ടു് എല്ലാദിവസവും നിങ്ങളുടെ അടുക്കൽ ഉണ്ടായിരുന്നു. എന്നെ നിങ്ങൾ പിടിച്ചില്ല. എന്നാൽ, തിരുവെഴുത്തുകൾ നിവൃത്തിയാകുവാൻ ഇതു സംഭവിച്ചിരിക്കുന്നു.'' (മർക്കോസ് 14 : 48–49)

ഈശോയെ അവർ പ്രധാനപുരോഹിതൻെറ അടുക്കലേക്കു കൊണ്ടുപോയി. അവിടുത്തെപ്പേരിൽ തെററായ കുററങ്ങൾ ആരോപിച്ചു. ഈശോ മൗനം അവലംബിച്ചതേയുള്ളു........മഹാപുരോഹിതൻ ചോദിച്ചു: ''നീ അനുഗ്രഹിക്കപ്പെട്ടവൻെറ പുത്രനായ മിശിഹാ ആകുന്നുവോ?'' അതിനു് ഈശോ, ''ഞാനാകുന്നു; മനുഷ്യപുത്രൻ ശക്തിയുടെ വലത്തുഭാഗത്തു് ഇരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും'' എന്നരുൾചെയ്തു. പ്രധാനാചാര്യൻ തൻെറ കുപ്പായം കീറിക്കൊണ്ടു പറഞ്ഞു: ''ഇനി സാക്ഷികളെക്കൊണ്ടു നമുക്കെന്താവശ്യം? ഇതാ ഇവൻെറ വായിൽനിന്നുതന്നെ ദൈവദൂഷണം നിങ്ങൾ കേട്ടുവല്ലോ. നിങ്ങൾക്കു് എന്തു തോന്നുന്നു?'' ''ഇവൻ മരണത്തിനു് അർഹനാകുന്നു'' എന്നു് അവരെല്ലാവരും വിധിച്ചു. (മർക്കോസ് 14 : 61–64)

ഈശോ മരണത്തിനു വിധിക്കപ്പെട്ടു. താൻ ദൈവപുത്രനാണെന്നു പറഞ്ഞു എന്നതാണു കുററം.

പരിഹാസ്യമായ ഈ വിചാരണയ്ക്കുശേഷം സാൻഹെദ്രിൻനേതാക്കൾ ഈശോയെ റോമൻഗവർണ്ണറുടെ അടുക്കലേക്കു കൊണ്ടുപോയി. താൻ യൂദന്മാരുടെ രാജാവാകുന്നു എന്നു പറഞ്ഞു് ഈശോ റോമൻഗവർണ്ണറെ ധിക്കരിച്ചു എന്നതാണു് അവർ അപ്പോൾ കണ്ടുപിടിച്ച കുററം!

ആകയാൽ, ഗവർണ്ണറായ പീലാത്തോസ്, 'നീ രാജാവാകുന്നുവോ?' എന്നു് ഈശോയോടു ചോദിച്ചു. ഈശോ അവനോടു് 'അതേ, ഞാൻ രാജാവാകുന്നു; ഇതിനായിട്ടു ഞാൻ ജനിച്ചിരിക്കുന്നു; ഇതിനായിട്ടു്—സത്യത്തെപ്പററി സാക്ഷ്യപ്പെടുത്തുവാനായിട്ടു് – ഞാൻ ലോകത്തിൽ വരുകയും ചെയ്തിരിക്കുന്നു; സത്യത്തിൽനിന്നുള്ള ഏവനും എൻെറ സ്വരം കേൾക്കുന്നു' എന്നരുൾചെയ്തു.

പീലാത്തോസ് വീണ്ടും വെളിയിൽവന്നു. അവരോട്, 'ഞാൻ അവന്നു വിരോധമായി ഒരു കുററംപോലും കാണുന്നില്ല എന്നു് നിങ്ങൾ അറിയേണ്ടതിനു് അവനെ വെളിയിൽ നിങ്ങളുടെ അടുക്കൽ ഇതാ കൊണ്ടുവരുന്നു' എന്നു പറഞ്ഞു. (യോഹ. 18 : 37; 19 : 4)

''അവനെ കുരിശിൽ തറയ്ക്കുക'' എന്നു് അവർ വീണ്ടും നിലവിളിച്ചു പറഞ്ഞു. പീലാത്തോസ് അവരോടു ചോദിച്ചു: ''അവൻ എന്തു തിന്മചെയ്തു?'' അവർ കൂടുതലായി നിലവിളിച്ചു് ''അവനെ കുരിശിൽ തറയ്ക്കുക'' എന്നു പറഞ്ഞുകൊണ്ടിരുന്നു. പീലാത്തോസ് ജനക്കൂട്ടത്തിൻെറ ഇഷ്ടം പ്രവർത്തിക്കുവാൻ തീരുമാനിച്ചു. ഈശോയെ ചമ്മട്ടികൊണ്ടു് അടിക്കുവാനും കുരിശിൽ തറയ്ക്കുവാനുമായി അവർക്കു് ഏല്പിക്കുകയും ചെയ്തു. പടയാളികൾ അവിടുത്തെ പ്രത്തോറിൻ എന്ന മണ്ഡപത്തിലേക്കു കൊണ്ടുപോയി. അവർ അവിടുത്തെ ധൂമ്രവസ്ത്രങ്ങൾ ധരിപ്പിക്കയും, മുള്ളുകൾകൊണ്ടുണ്ടാക്കിയ ഒരു കിരീടം ചൂടിക്കയും ചെയ്തു; ''യൂദന്മാരുടെ രാജാവേ, സ്വസ്തി'' എന്നു് അവർ അവിടുത്തോടു പറയുവാനും തുടങ്ങി. അവർ ഞാങ്ങണകൊണ്ടു് അവിടുത്തെ തലയിൽ അടിച്ചു; മുഖത്തു തുപ്പി; മുട്ടുകുത്തി വന്ദിച്ചു. ഇങ്ങനെ പരിഹസിച്ചതിനുശേഷം അവിടുത്തെ ധൂമ്രവസ്ത്രങ്ങൾ ധരിപ്പിച്ചു് കുരിശിൽത്തറയ്ക്കുവാനായി കൊണ്ടുപോയി. (മർക്കോസ് 15 : 13—20)

''അവർ കപാലം എന്നു പറയപ്പെടുന്ന സ്ഥലത്തു വന്നതിനുശേഷം, അവിടുത്തേയും അവിടുത്തോടുകൂടെ രണ്ടു ദുഷ്കർമ്മികളേയും — ഒരുവനെ വലത്തുവശത്തും, അപരനെ ഇടത്തു വശത്തുമായി-അവിടെ കുരിശിൽ തറച്ചു. ഈശോയാകട്ടെ, 'പിതാവേ, തങ്ങൾ ചെയ്യുന്നതെന്തെന്നു് ഇവർ അറിയായ്ക കൊണ്ടു് ഇവരോടു ക്ഷമിക്കണമേ!' എന്നരുളിച്ചെയ്തു. അവർ അവൻെറ വസ്ത്രങ്ങൾ ഭാഗിച്ചെടുക്കുകയും ചെയ്തു.'' (ലൂക്കാ 23:33—34)



മനുഷ്യകുലത്തിൻെറ നന്മയ്ക്കുവേണ്ടി തൻെറ വേദനനിറഞ്ഞ മരണം സ്വർഗ്ഗീയപിതാവിനു സമർപ്പിച്ചുകൊണ്ടു് മൂന്നു മണിക്കൂറോളം ഈശോ കുരിശിന്മേൽ തൂങ്ങിക്കിടന്നു. പുതിയ ഉടമ്പടിയിലെ ഏറ്റവും വലിയ ബലിയാണിതു്. സഭയ്ക്കു്—ദൈവത്തിൻെറ പുതിയ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനു്—ജീവൻ കൊടുക്കാൻ ദൈവത്തിൻെറ കുഞ്ഞാടു് തന്നെത്തന്നെ ബലി സമർപ്പിച്ചു.

ഈശോ മരിച്ചപ്പോൾ പഴയ ഉടമ്പടിയുടെ അടയാളമായ ദൈവാലയത്തിൻെറ തിരശ്ശീല രണ്ടായിക്കീറി. ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചു. സൂര്യൻ കറുത്തിരുണ്ടു. ഈശോ ഉച്ചത്തിൽ നിലവിളിച്ചു: 'പിതാവേ, അങ്ങയുടെ തൃക്കരങ്ങളിൽ എൻെറ ആത്മാവിനെ ഞാൻ ഭരമേല്പിക്കുന്നു.' ഇത്രയും പറഞ്ഞുകൊണ്ടു് അവിടുന്നു മരണമടഞ്ഞു.

നമ്മുടെ രക്ഷയ്ക്കായുള്ള ദൈവത്തിൻെറ പദ്ധതി പരിപൂർണ്ണമായി നിറവേറി. ഈശോ തൻെറ പിതാവിനെ മരണംവരെ എല്ലാററിലും അനുസരിച്ചു. പിതാവായ ദൈവം ഈശോയെ ഉത്ഥാനത്തിൻെറ വിജയംകൊണ്ടു മഹത്വപ്പെടുത്തി. അങ്ങനെ നമ്മുടെ രക്ഷ പൂർത്തീകരിച്ചുകൊണ്ടു് ഞായറാഴ്ച, നമ്മുടെ രക്ഷകൻ മരണത്തിൽനിന്നു് ഉയിർത്തു.

ഈശോ തൻെറ മരണംകൊണ്ടു് പാപത്തിൻെറ ശിക്ഷയായ മരണത്തെ ജയിക്കയും തൻെറ ഉയിർപ്പുവഴി, പാപത്താൽ നഷ്ടപ്പെട്ട പ്രസാദവരജീവൻ തിരികെ നേടിത്തരുകയും ചെയ്തു.

ഈശോയെ അനുഗമിച്ചിരുന്ന ചില വിശുദ്ധസ്ത്രീകൾ ഞായറാഴ്ച രാവിലെ ഈശോയുടെ കല്ലറ സന്ദർശിച്ചു. അവർ അകത്തു പ്രവേശിച്ചപ്പോൾ അവിടെ വലത്തുഭാഗത്തു്, ശുഭ്രവസ്ത്രധാരിയായ ഒരു യുവാവു് ഇരിക്കുന്നതുകണ്ടു് അവർ പരിഭ്രമിച്ചു. ആ യുവാവു് അവരോടു പറഞ്ഞു: ''പരിഭ്രമിക്കേണ്ടാ; ക്രൂശിക്കപ്പെട്ട നസ്രായനായ ഈശോയെ അന്വേഷിച്ചല്ലേ നിങ്ങൾ വന്നിരിക്കുന്നതു്? അവിടുന്നു് ഉയിർത്തെഴുന്നേററു. അവിടുന്നു് ഇവിടെയില്ല. ഇതാ, അവിടുന്നു വയ്ക്കപ്പെട്ടിരുന്ന സ്ഥലം. എന്നാൽ, അവിടുന്നു നിങ്ങൾക്കു മുമ്പായി ഗ്ലീലായിലേക്കു പോകുന്നു......... അവിടെ അവിടുത്തെ നിങ്ങൾ കാണും. നിങ്ങൾ പോയി അവിടുത്തെ ശിഷ്യരോടും കേപ്പയോടും ഈ വിവരം പറയുവിൻ'' (മർക്കോസ് 16: 5–7).

ഉത്ഥാനത്തിൻെറ സദ്വാർത്ത അപ്പസ്തോലന്മാരെ അറിയിക്കുവാൻ സ്ത്രീകൾ ഓടിപ്പോയി. ഉത്ഥാനംചെയ്ത രക്ഷകനെ അപ്പസ്തോലന്മാർ അന്നു വൈകുന്നേരംതന്നെ കണ്ടു.

ഈശോ അവരുടെ മദ്ധ്യേ വന്നുനിന്നു. ''അന്നു ഞായറാഴ്ച വൈകുന്നേരമായപ്പോൾ ശിഷ്യന്മാർ ഇരുന്നിരുന്ന സ്ഥലത്തിൻെറ

കതകുകറം യൂദന്മാരെക്കുറിച്ചുള്ള ഭയംനിമിത്തം അടച്ചിരിക്കെ, ഈശോ വന്നു് അവരുടെയിടയിൽ നിന്നുകൊണ്ടു്, തൻെറ കൈകളും വിലാപ്പുറവും അവരെ കാണിച്ചു. ശിഷ്യന്മാർ കർത്താവിനെ കണ്ടതുകൊണ്ടു സന്തോഷിച്ചു. ഈശോ അവരോടു്, 'നിങ്ങറംക്കു സമാധാനം! എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു' എന്നരുളിച്ചെയ്തു. ഇവ അരുളിച്ചെയ്തിട്ടു് അവൻ അവരുടെമേൽ ഊതി. അവരോടു്, 'നിങ്ങറം പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങറം ആരുടെയെങ്കിലും പാപങ്ങറം മോചിച്ചാൽ അവ മോചിക്കപ്പെട്ടും; എന്നാൽ, ആരുടെയെങ്കിലും പാപങ്ങറംബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും' എന്നരുളിച്ചെയ്തു. (യോഹ. 20:19–23)

നമ്മുടെ രക്ഷകനായ ഈശോമിശിഹാ മനുഷ്യരെ ദൈവികജീവിതത്തിൽ പങ്കാളികളാക്കുന്ന ജോലി സഭയിലൂടെ തുടർന്നുകൊണ്ടിരിക്കുകയാണു്. ദൈവത്തിൻെറ ശക്തിയേയും അവിടുത്തേയ്ക്കു നമ്മോടുള്ള സ്നേഹത്തേയുംപ്രതി നമുക്കു സന്തോഷിക്കാം. നാം ഇപ്പോഴും വിപ്രവാസത്തിലാണു്. പക്ഷേ, നമ്മുടെ തലവനായ ഈശോമിശിഹാ ഉത്ഥാനംചെയ്തിരിക്കുന്നു. വിശ്വസ്തതയോടെ നാം അങ്ങെ പിൻചെല്ലുകയാണെങ്കിൽ, നാമും ഉത്ഥാനംചെയ്തു് എന്നേയ്ക്കുമായി ജീവിയ്ക്കും.

## ഓർമ്മിക്കാൻ

1. പുതിയ ഉടമ്പടിക്കു് ഈശോ ഒപ്പുവച്ചതെങ്ങനെ?
2. ഈശോ തൻെറ ബലി പുതുക്കുന്നതെങ്ങനെ?
3. വിശുദ്ധകുർബാനയുടെ സമയത്തു നാം എന്തു ചെയ്യണം?
4. ക്രിസ്തുവിൻെറ ഉത്ഥാനത്തിൽനിന്നു നാം എന്തു പഠിക്കുന്നു?

## പാടാൻ

ഗാഗുൽത്താമലയിൽനിന്നും
വിലാപത്തിൻ മാററൊലി കേറംപ്പൂ:
''ഏവമെന്നെ ക്രൂശിലേററുവാൻ
അപരാധമെന്തു ഞാൻ ചെയ്തു?

''വനത്തിലൂടാനയിച്ച ഞാൻ
അന്നമായ്‌വിൺമന്ന തന്നില്ലേ?
ഏവമെന്നെ ക്രൂശിലേററുവാൻ
അപരാധമെന്തു ഞാൻ ചെയ്തു?

''മുന്തിരി ഞാൻ നട്ടു നിങ്ങൾക്കായ്
മുന്തിരിച്ചാറൊരുക്കിവച്ചു.
എങ്കിലുമീക്കയ്പുനീരല്ലേ
ദാഹശാന്തിക്കെനിക്കു നല്കി?

''കടലന്നു കരയാക്കി ഞാൻ
ഭയം നിങ്ങൾക്കേററിയില്ലേ?
അതിനെല്ലാം നന്ദിയായ് നിങ്ങൾ
കുരിശല്ലോ നല്കിടുന്നിപ്പോൾ.

''കൊടുങ്കാട്ടിലന്നു നിങ്ങൾക്കായ്
മേഘദീപത്തൂണു തീർത്തു ഞാൻ,
അറിയാത്തോരപരാധങ്ങൾ
ചുമത്തുന്നു നിങ്ങളിന്നെന്നിൽ.

''രാജചെങ്കോലേകി വാഴിച്ചു
നിങ്ങളെ ഞാനെത്ര മാനിച്ചു:
എൻശിരസ്സിൽ മുൾമുടി ചാർത്തി
നിങ്ങളിന്നെൻ ചെന്നിണം തൂകി.

''നിങ്ങളെ ഞാനുയർത്താൻ വന്നു,
ക്രൂശിലെന്നെത്തറച്ചു നിങ്ങൾ!
മോക്ഷവാതിൽ തുറക്കാൻ വന്നു,
ശിക്ഷയായെൻ കൈകൾ ബന്ധിച്ചു!

കുരിശേ, മനോജ്ഞവൃക്ഷമേ,
നിൻ സുമങ്ങളെത്ര മോഹനം!
നിൻ ദലങ്ങളാശവീശുന്നു;
നിൻ ഫലങ്ങൾ ജീവനേകുന്നു.

## പ്രവർത്തിക്കാൻ

എനിക്കു നേരിടുന്ന ക്ലേശങ്ങൾ ഈശോയുടേതിനോടൊപ്പം ലോകരക്ഷയ്ക്കുവേണ്ടി ഞാൻ കാഴ്ചവെയ്ക്കും.


വിട്ടുപോയ വാക്കുകൾ ചേർത്തു പൂരിപ്പിക്കുക:

ഒടുവിലത്തെ അത്താഴത്തിൽ ഈശോ..................സ്ഥാപിക്കുകയും തന്റെ അപ്പോസ്തലന്മാരെ....................ചെയ്തു. അവിടുന്നു പുതിയ ഉടമ്പടിക്ക് ഒപ്പുവെച്ചതു്.................. തന്റെ മരണംകൊണ്ട് ഈശോ..................ജയിച്ചു....... .......അവിടുന്നു...............ജീവൻ നമുക്കു നേടിത്തന്നു.

# 24

## ദൈവരാജ്യം ഭൂമിയിൽ

ഉത്ഥാനത്തിനുശേഷം ഈശോ നാല്പതു ദിവസം തന്റെ അപ്പസ്തോലന്മാരോടുകൂടെ ചെലവഴിച്ചു. തന്റെ പീഡാനുഭവത്തിലും കുരിശുമരണത്തിലും ഉത്ഥാനത്തിലും പ്രവചനങ്ങൾ നിറവേറിയതെങ്ങനെയെന്നു മനസ്സിലാക്കുവാൻ സഹായിച്ചുകൊണ്ട് ഈശോ അവരുടെ വിശ്വാസത്തെ സ്ഥിരീകരിച്ചു; പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാനായി അവിടുന്ന് അവരെ ഒരുക്കുകയും ചെയ്തു.



അവിടുന്ന് അരുൾചെയ്തു: ''മോശയുടെ നിയമത്തിലും പ്രവചനഗ്രന്ഥങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതപ്പെട്ടവയെല്ലാം നിവൃത്തിയാകേണ്ടിയിരിക്കുന്നുവെന്ന് ഞാൻ നിങ്ങളോടുകൂടെ ആയിരുന്നപ്പോൾ പറഞ്ഞിട്ടുള്ളതാണല്ലോ.'' വിശുദ്ധഗ്രന്ഥം മനസ്സിലാക്കുന്നതിനായി അവരുടെ ബുദ്ധിക്ക് അവിടുന്നു പ്രകാശം നല്കി. അവിടുന്നു വീണ്ടും അവരോട് അരുൾചെയ്തു: ''ഇങ്ങനെ മിശിഹാ പീഡകൾ അനുഭവിക്കുകയും മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുമെന്ന് എഴുതപ്പെട്ടിട്ടുണ്ടല്ലോ. അതു നിറവേറേ

ണ്ടിയിരിക്കുന്നു. അവിടുത്തെ നാമത്തിൽ ജെറൂസലത്തുതുടങ്ങി സകല ജാതികളോടും അനുതാപവും പാപമോചനവും പ്രസംഗിക്കപ്പെടണം. ഇവയ്ക്കു നിങ്ങളാണല്ലോ സാക്ഷികൾ. എൻെറ പിതാവു വാഗ്ദാനം ചെയ്തിട്ടുള്ളവനെ ഞാൻ നിങ്ങളുടെമേൽ അയയ്ക്കും. ഉന്നതത്തിൽനിന്നു് ആ ശക്തി ലഭിക്കുന്നതുവരെ നിങ്ങൾ ഈ പട്ടണത്തിൽ തന്നെ വസിക്കുവിൻ.'' (ലൂക്കാ 24:44–49)

ഈശോ ഉത്ഥാനംകഴിഞ്ഞു നാല്പതുദിവസത്തിനുശേഷം സ്വർഗ്ഗത്തിലുള്ള തൻെറ പിതാവിൻെറ അടുക്കലേയ്ക്കു് എഴുന്നള്ളി. ''അനന്തരം അവൻ അവരെ ബഥനിയിലേയ്ക്കു് കൂട്ടിക്കൊണ്ടുപോയി. കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചുകൊണ്ടു നിൽക്കവേ തന്നെ അവരെവിട്ടു സ്വർഗ്ഗത്തിലേയ്ക്കു് ആരോഹണംചെയ്തു. അവർ അവനെ ആരാധിക്കുകയും വലിയസന്തോഷത്തോടുകൂടെ ജെറൂസലത്തേയ്ക്കു മടങ്ങിപ്പോവുകയുംചെയ്തു. പിന്നീടു്, അവർ ദൈവത്തെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്തുകൊണ്ടു ദൈവാലയത്തിൽ തന്നെ കഴിഞ്ഞുകൂടി.'' (ലൂക്കാ. 24:50–53)

പുതിയസഭയ്ക്കു് ജീവനും ഭൂമിയിൽ ദൈവരാജ്യം പ്രചരിപ്പിക്കാൻ വേണ്ട ശക്തിയും കൊടുക്കാനായി പത്തു ദിവസങ്ങൾക്കുശേഷം പിതാവും പുത്രനുംകൂടെ പരിശുദ്ധാത്മാവിനെ അയച്ചു. അന്നു ശിഷ്യന്മാരെല്ലാവരും ഒരിടത്തു ഒരുമിച്ചുകൂടി. ''പെട്ടെന്നു് ആകാശത്തുനിന്നു കൊടുങ്കാററിൻേറതുപോലെ ഒരുശബ്ദം ഉണ്ടായി. അവർ ഇരുന്നിരുന്ന വീടുമുഴുവൻ അതുകൊണ്ടുനിറഞ്ഞു. അഗ്നിജ്വാലപോലെ പിളർന്നിരുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി. പരിശുദ്ധാത്മാവു നല്കിയ വരംനിമിത്തം അവർ വിവിധഭാഷകളിൽ സംസാരിച്ചുതുടങ്ങി.'' (നടപടി 2:1–4)

പരിശുദ്ധാത്മാവിൻെറ ശക്തികൊണ്ടും അനുഗ്രഹംകൊണ്ടും അപ്പസ്തോലന്മാർക്കു വലിയ മാററമുണ്ടായി. അവർ ക്രിസ്തുവിൻെറ സാക്ഷികളായിമാറി. ആ ശബ്ദം കേട്ടിട്ടു് ആ വീട്ടിനുചുററും ജനങ്ങൾ തടിച്ചുകൂടി. ഉടനെ അപ്പസ്തോലന്മാർ അവരോടു പ്രസംഗിക്കുവാൻ തുടങ്ങി. മരണത്തിൽനിന്നുയിർത്ത ക്രൂശിതനായ ഈശോ, അവരുടെ രക്ഷകനും കർത്താവുമാകുന്നുവെന്നു പത്രോസ് ജനങ്ങളോടു പറഞ്ഞു:

''ആകയാൽ ദൈവം, നിങ്ങൾ കുരിശിൽ തറച്ച ഈശോയെ കർത്താവും മിശിഹായുമാക്കിയിരിക്കുന്നു എന്നു് ഇസ്രായേൽഗോത്രം മുഴുവനും നിശ്ചയമായി അറിയട്ടെ.''

അവർ ഇതു കേട്ടപ്പോൾ അനുതപിച്ചു് പത്രോസിനോടും മററു ശ്ലീഹന്മാരോടും ചോദിച്ചു: ''സഹോദരന്മാരേ, ഞങ്ങൾ ഇനി

എന്താണു ചെയ്യേണ്ടതു്?'' പത്രോസു് അവരോടു പറഞ്ഞു: ''നിങ്ങൾ പശ്ചാത്തപിക്കുകയും, പാപങ്ങളുടെ ശാന്തിക്കായി ഈശോമിശിഹായുടെ നാമത്തിൽ മാമ്മോദീസ സ്വീകരിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്കു പരിശുദ്ധാത്മാവിൻെറ ദാനം ലഭിക്കും.'' അദ്ദേഹത്തിൻെറ വാക്കുകൾ കേട്ടവരെല്ലാം മാമ്മോദീസ സ്വീകരിച്ചു. അന്നുതന്നെ മൂവായിരത്തോളം ആളുകൾ അവരോടു കൂടെ ചേൎന്നു. (നടപടി 2:36–41)

ഭൂമിയിൽ ദൈവത്തിൻെറ രാജ്യം അറിയപ്പെടുവാനും വളരുവാനും തുടങ്ങിയതു പന്തക്കുസ്താഞായറാഴ്ചയാണു്.

പരിശുദ്ധാത്മാവിൻെറ സഹായത്താൽ അപ്പസ്തോലന്മാർ രക്ഷയുടെ സദ്വാൎത്ത തുടൎന്നറിയിക്കുകയും ക്രിസ്തുവിൻെറ നാമത്തിൽ പലേ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തു.

''സ്ത്രീകളും പുരുഷന്മാരുമായ ഒരു വലിയ സംഘം ജനങ്ങൾ അവരോടുകൂടെ ചേർന്നു.....രോഗികളെ കട്ടിലുകളിലും മഞ്ചങ്ങളിലും കൊണ്ടുവന്നു തെരുവീഥികളിൽ കിടത്തുക പതിവായി. പത്രോസ് അതിലെ കടന്നുപോകുമ്പോൾ അദ്ദേഹത്തിൻെറ നിഴൽ ചിലരുടെമേലെങ്കിലും വീഴണമെന്നു് അവർ ആശിച്ചു. ജെറുസലത്തിനു ചുററുമുള്ള പട്ടണങ്ങളിൽനിന്നുകൂടി രോഗികളേയും പിശാചുബാധിതരേയും വഹിച്ചുകൊണ്ടു് ആളുകൾ കൂട്ടംകൂട്ടമായി വന്നുതുടങ്ങി. എല്ലാവരും സൗഖ്യം പ്രാപിക്കുകയും ചെയ്തു.

''എന്നാൽ, മഹാപുരോഹിതൻേറയും പാർശ്വവർത്തികളുടേയും അസൂയ വർദ്ധിച്ചുതന്നെവന്നു. അവർ അപ്പസ്തോലന്മാരിൽ ചിലരെ പിടിച്ചു തടവിലിട്ടു. എന്നാൽ രാത്രി കൎത്താവിൻെറ ദൂതൻ വന്നു കാരാഗൃഹത്തിൻെറ വാതിൽ തുറന്നു് അവരെ മോചിപ്പിച്ചതിനുശേഷം കല്പിച്ചു: 'നിങ്ങൾപോയി ദൈവാലയത്തിൽനിന്നുകൊണ്ടു് ആയുസ്സിൻെറ ഈ വചനങ്ങളെല്ലാം ജനങ്ങളോടു പറയുവിൻ.' അതുകേട്ടു് അവർ അതിരാവിലെ ദൈവാലയത്തിൽ ചെന്നു പഠിപ്പിച്ചുതുടങ്ങി.'' (നടപടി 5: 12–21)

അനേകം യഹൂദർ ഈശോയിൽ വിശ്വസിച്ചു. ഇതുകണ്ടു സാൻഹെദ്രിൻഅംഗങ്ങൾക്കു വിരോധമായി. ഈശോയെപ്പററി സംസാരിക്കരുതെന്നു് അപ്പസ്തോലന്മാരെ അവർ വിലക്കി. ദൈവേഷ്ടം എന്തെന്നു് അപ്പസ്തോലന്മാർക്കു് അറിയാമായിരുന്നു. അതിനാൽ അവർ പിന്നെയും പ്രസംഗിച്ചു; പിന്നെയും തടവിലുമായി.

അവരെ ന്യായാധിപസംഘത്തിൻെറ മുമ്പിൽ കൊണ്ടുവന്നു. മഹാപുരോഹിതൻ ചോദിച്ചു: ''ഈ നാമത്തിൽ ആരോടും ഉപദേശിക്കരുതെന്നു ഞങ്ങൾ കർശനമായി നിങ്ങളോടു് കല്പിച്ചിരുന്നി

ല്ലേ? എന്നാൽ, നിങ്ങൾ നിങ്ങളുടെ ഉപദേശംകൊണ്ട് ഇതാ ജെറൂസലം നിറച്ചിരിക്കുന്നു. ആ മനുഷ്യൻെറ—ക്രിസ്തുവിൻെറ—രക്തം ഞങ്ങളുടെമേൽ ചുമത്തുവാൻ നിങ്ങൾ ഇച്ഛിക്കുന്നു.'' അപ്പോൾ പത്രോസും മററ് അപ്പസ്തോലന്മാരും ഇപ്രകാരം മറുപടി നല്കി: ''ഞങ്ങൾ മനുഷ്യരെക്കാൾ അധികമായി ദൈവത്തെ അനുസരിക്കുന്നു. നിങ്ങൾ ക്രൂശുമരത്തിലിട്ടു കൊലചെയ്ത ഈശോയെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു. ഇസ്രായേലിനു പശ്ചാത്താപവും പാപമോചനവും നല്കുവാൻവേണ്ടി ദൈവം തൻെറ വലത്തുകരത്താൽ അവിടുത്തെ രാജാവും രക്ഷകനുമായി ഉയർത്തിയിരിക്കുന്നു. ഇതിനൊക്കെ സാക്ഷികൾ ഞങ്ങൾതന്നെ. അതുപോലെ ദൈവത്തെ അനുസരിക്കുന്നവർക്ക് അവിടുന്നു നല്കുന്ന പരിശുദ്ധാത്മാവും സാക്ഷിയാണ്.'' ഇതു കേട്ടപ്പോൾ അവർ കോപകലുഷിതരായി; അപ്പസ്തോലന്മാരെ കൊല്ലുവാൻ ആലോചിക്കുകയും ചെയ്തു. (നടപടി 5: 27–33)

വളരെ പ്രയാസങ്ങൾ നേരിട്ടിട്ടും പലസ്തീനായിൽ സഭ സ്ഥാപിതമായി. ഇക്കാലമെല്ലാം യൂദയാ, ഗലീല, സമരിയാ എന്നീ പ്രദേശങ്ങളിലൊക്കെയും സഭ ശാന്തിയിൽ വളർന്നു; ദൈവഭയത്തിൽ വ്യാപരിച്ചു; പരിശുദ്ധാത്മാവിൻെറ അനുഗ്രഹത്തിൽ അഭിവൃദ്ധിപ്പെട്ടു. (നടപടി 9:31)

കൂടുതൽ ഉഗ്രമായ മതപീഡനത്തിനു കാലതാമസമുണ്ടായില്ല. ക്രിസ്തുവിൻെറ അനുയായികളിൽ ചിലർ ബന്ധിതരായി; ചിലർ കൊല്ലപ്പെട്ടു. സ്റ്റീഫനാണ് ക്രിസ്തുവിൻെറ ആദ്യത്തെ രക്തസാക്ഷി.

മതപീഡനംമൂലം ചിന്നിച്ചിതറിപ്പോയ ശിഷ്യന്മാർ ഫിനിഷ്യ, സൈപ്രസ്, അന്ത്യോക്യ തുടങ്ങിയ പ്രദേശങ്ങൾവരെയും എത്തി. അവർ യഹൂദന്മാരോടാണ് പ്രധാനമായും ദൈവവചനം പ്രസംഗിച്ചതു്. ചിലർ അന്ത്യോക്യയിലെ ഗ്രീക്കുകാരോട് കർത്താവീശോമിശിഹായെപ്പററി പ്രസംഗിക്കുകയുണ്ടായി.

(നടപടി 11: 19, 20)

ആദ്യം ക്രിസ്ത്യാനികളെ മർദ്ദിച്ചിരുന്ന പൗലോസിനെയാണ് 'പുറജാതിക്കാരുടെ അപ്പസ്തോല'നായി ദൈവം പ്രത്യേകം തിരഞ്ഞെടുത്തതു്. എബ്രായക്കാർ യഹൂദനല്ലാത്തവനെ പുറജാതിക്കാരനായി കരുതിപ്പോന്നു.

പൗലോസ് ക്രിസ്ത്യാനികളെ സംഹരിക്കാൻ പോവുകയായിരുന്നു. അപ്പോഴാണ് കർത്താവ് അദ്ദേഹത്തിന് അത്ഭുതകരമായി പ്രത്യക്ഷപ്പെട്ടതു്. പൗലോസ് മാനസാന്തരപ്പെട്ടു. അദ്ദേഹം പിന്നീട് ഏററവും വലിയ മിഷ്യനറിമാരിൽ ഒരുവനാവുകയും ചെയ്തു.

ഈശോ ഇങ്ങനെ പറയുന്നതായി പൗലോസു കേട്ടു: ''നീ പോവുക, ഞാൻ നിന്നെ പുറജാതികളോടു് പ്രസംഗിക്കുവാൻ വിദൂരസ്ഥലങ്ങളിലേയ്ക്കയയ്ക്കുകയാണു്.'' (നടപടി 22: 21)

ഭൂമിയിൽ ദൈവരാജ്യം എങ്ങും വ്യാപിച്ചു. ക്രിസ്ത്യാനികളെ മർദ്ദിക്കുന്തോറും അവരുടെ എണ്ണവും ഭക്തിയും വർദ്ധിച്ചുകൊണ്ടിരുന്നു. അവർ അന്യോന്യം കൂടുതൽ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തു. ഹൃദയത്തിലും മനസ്സിലും യോജിപ്പോടെ അവർ ഒന്നിച്ചു ദൈവത്തെ ആരാധിച്ചു. അവർ വിശുദ്ധകുർബാന സ്വീകരിക്കുകയും ക്രിസ്തുവിനോടുകൂടെ ഒന്നായിത്തീരുകയും ചെയ്തു.

''അവർ ഏക മനസ്സോടെ ദൈവാലയത്തിൽ വന്നുകൂടുകയും അവരുടെ ഭവനങ്ങളിലെ അപ്പം മുറിക്കൽശുശ്രൂഷയിൽ പങ്കുകൊള്ളുകയും സന്തോഷത്തോടും നിഷ്കപടതയോടുംകൂടെ ഭക്ഷണം കഴിക്കുകയും ദൈവത്തെ സ്തുതിക്കയും ചെയ്തിരുന്നു. രക്ഷപ്പെടാനുള്ളവരെ ദിനംതോറും കർത്താവു സഭയോടു ചേർത്തുകൊണ്ടിരുന്നു.

(നടപടി 2: 46–47)

**ഓർമ്മിക്കാൻ**

1. സഭയ്ക്കു് ആരെ അയച്ചുകൊടുക്കാമെന്നാണു് ഈശോ വാഗ്ദാനം ചെയ്തതു്?
2. പരിശുദ്ധാത്മാവു് ആരാകുന്നു?
3. സഭ പ്രചരിച്ചതെങ്ങനെ?
4. മർദ്ദനത്തിന്റെ ഫലമെന്തായിരുന്നു?
5. വിജാതീയരുടെ അപ്പസ്തോലൻ ആരാണു്?

''ഭൂമി മുഴുവനുമേ, കർത്താവിനെ സ്തുതിക്കുവിൻ. ആഹ്ലാദപൂർവ്വം കർത്താവിനെ ശുശ്രൂഷിക്കുവിൻ. സന്തോഷസമേതം അവിടുത്തെ സന്നിധിയിൽ പ്രവേശിക്കുവിൻ.

കർത്താവാണു ദൈവമെന്നു ഗ്രഹിക്കുവിൻ.
അവിടുന്നു നമ്മെ സൃഷ്ടിച്ചു.
നാം അവിടുത്തെ സ്വന്തമാകുന്നു;
നാം അവിടുത്തെ ജനമാണു്.
അവിടുത്തെ മേച്ചിൽസ്ഥലത്തെ ആടുകൾ. സ്തുതികളോടുകൂടെ അവിടുത്തെ പടിവാതിലുകൾ കടക്കുവിൻ.
കീർത്തനങ്ങളോടെ അവിടുത്തെ അങ്കണത്തിലേയ്ക്കു പ്രവേശിക്കുവിൻ.

അവിടുത്തെ പ്രകീർത്തിക്കുവിൻ.
ആ തിരുനാമം വാഴ്ത്തുവിൻ.
എന്തുകൊണ്ടെന്നാൽ, കർത്താവു നല്ലവനാകുന്നു.
അവിടുത്തെ കാരുണ്യം എന്നേക്കും.
അവിടുത്തെ വിശ്വസ്തത സകലതലമുറകളിലും ഉണ്ടായിരിക്കും.
(സങ്കീർത്തനം 99)

**പാടാൻ**

സമ്മോദവായ്പോടു പാടുന്നു നമ്മൾ
സന്താപമാററുന്ന ശ്രീയേശു നാമം;
നാഥൻെറയാട്ടിൻഗണം നമ്മളെന്നും
നാഥൻ നമുക്കുററ നല്ലോരിടയൻ.
(സമ്മോദ. . . .

സൃഷ്ടിച്ചു നമ്മെപ്പുലർത്തുന്ന നാഥൻ,
രക്ഷിച്ചു നമ്മെ കരേററുന്ന നാഥൻ,
അത്യുന്നതങ്ങളിൽ വാഴുന്നു നിത്യം
സ്തുത്യർഹനാകും പിതാവിൻെറ പക്കൽ.
(സമ്മോദ. . .

വിണ്ണിൻെറ വാതിൽ തുറന്നിങ്ങയച്ചു
മണ്ണിൻവിശുദ്ധിക്കു ദിവ്യകപോതം,
ചെഞ്ചോര ചിന്തിത്തനിക്കായ് മരിക്കാ—
നന്വേഷമേകുന്നു മർത്ത്യർക്കു പാരിൽ.
(സമ്മോദ. . . .

അന്തംഗണിക്കാവതല്ലാത്ത സ്നേഹം
ബന്ധങ്ങളില്ലാതെ മിന്നുന്ന നീതി
എന്തെന്തു കാരുണ്യമെന്നോർത്തു നമ്മൾ
വന്ദിച്ചു പൂജിച്ചു ചൊല്ലുന്നു നന്ദി.
(സമ്മോദ. . . .

**പ്രവർത്തിക്കാൻ**

ഞാൻ ക്രിസ്തുവിൻെറ വിശ്വസ്തനായ സഹപ്രവർത്തകനായിരിക്കും.

# 25

## ക്രിസ്തുവിൽ ദൈവജനം ഒന്നാകുന്നു

ക്രിസ്ത്യാനികളുടെ എണ്ണം വർദ്ധിച്ചു. അപ്പസ്തോലന്മാർ തങ്ങൾ മാനസാന്തരപ്പെടുത്തിയവരെ വിശ്വാസത്തിൽ ഉറപ്പിച്ചു നിറുത്തുന്നതിനായി ഇടയ്ക്കിടയ്ക്ക് വീണ്ടും പോയി കണ്ടുകൊണ്ടിരുന്നു. ചിലപ്പോൾ അപ്പസ്തോലന്മാർ ക്രിസ്ത്യാനികൾക്കു കത്തുകൾ എഴുതാറുണ്ടായിരുന്നു. അവർക്കു പ്രത്യേകമായ ഉപദേശം ആവശ്യമുണ്ടെന്നു തോന്നുന്ന സന്ദർഭങ്ങളിൽ എഴുതിയ ഈ കത്തുകളാണ് വേദപുസ്തകത്തിൽ ''ലേഖനങ്ങൾ'' എന്ന പേരിൽ അറിയപ്പെടുന്നതു്.

വിശുദ്ധപൗലോസ് എഴുതിയ പതിന്നാലു ലേഖനങ്ങൾ പുതിയ നിയമത്തിലുണ്ടു്. വിശുദ്ധ യോഹന്നാൻ മൂന്നും, വിശുദ്ധ പത്രോസ് രണ്ടും, അപ്പസ്തോലന്മാരായ യാക്കോബും യൂദായും ഓരോന്നും ലേഖനങ്ങൾ എഴുതിയിട്ടുണ്ടു്.

വിശുദ്ധപൗലോസ് റോമിലെ ക്രിസ്ത്യാനികൾക്കെഴുതിയ ലേഖനത്തിൽ പറയുന്നുണ്ടു്, ദൈവത്തിനുവേണ്ടി ക്ലേശമനുഭവിച്ചാൽ ക്രിസ്തുവിൽ ഒരിക്കൽ ആനന്ദിക്കുവാൻ സാധിക്കുമെന്നു്. ''നാം ദൈവത്തിൻെറ മക്കളാകുന്നുവെന്നു പരിശുദ്ധാത്മാവുതന്നെ നമ്മുടെ ആത്മാവിനു സാക്ഷ്യം നൽകുന്നു. നാം മക്കളെങ്കിൽ അവകാശികളുമാകുന്നു; അതായതു്, നാം ദൈവത്തിൻെറ അവകാശികളും ഈശോമിശിഹായുടെ കൂട്ടവകാശികളുമാണു്. നാം അവനോടുകൂടെ പീഡയനുഭവിക്കുമെങ്കിൽ അവനോടുകൂടെ മഹത്വം പ്രാപിക്കുകയും ചെയ്യും. ദൈവത്തെ സ്നേഹിക്കുന്നവർക്ക്—തൻെറ നിശ്ചയമനുസരിച്ചു വിളിക്കപ്പെട്ടിരിക്കുന്നവർക്ക്—സമസ്തവും, നന്മയുണ്ടാകത്തക്കവിധം ദൈവം ക്രമപ്പെടുത്തിയിരിക്കുന്നു. ദൈവം നമ്മുടെ പക്ഷത്തുണ്ടെങ്കിൽ, പിന്നെ ആർ നമുക്ക് എതിർനിൽക്കും? തൻെറ പുത്രനെപ്പോലും നമുക്കുവേണ്ടി ദൈവം ഏല്പിച്ചുകൊടുത്ത സ്ഥിതിക്ക് അവിടുത്തോടുകൂടെ സമസ്തവും ദൈവം നമുക്കു തരാതിരിക്കുമോ?''

വിശുദ്ധപൗലോസ് കൊറീന്ത്യരെ ഉപദേശിച്ചു: ''ആത്മാവിലും ശരീരത്തിലും ശുദ്ധരായിരിക്കുവിൻ. പാപത്തിൽനിന്നൊ

ഴിഞ്ഞു ജീവിക്കുവിൻ. പാപം നമ്മിലുള്ള ക്രിസ്തുവിൻെറ ജീവിതത്തെ നശിപ്പിക്കും.'' അദ്ദേഹം തുടർന്നു പറയുന്നു. ''നിങ്ങൾ ദൈവത്തിൻെറ ആലയമാകുന്നുവെന്നും, ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും അറിയുന്നില്ലയോ? ദൈവത്തിൻെറ ആലയം അശുദ്ധമാക്കുന്നവൻ ആരോ അവനെ ദൈവം നശിപ്പിക്കും. എന്തുകൊണ്ടെന്നാൽ, ദൈവത്തിൻെറ ആലയം വിശുദ്ധമാകുന്നു. ആ ആലയം നിങ്ങൾതന്നെ.'' (i കൊറി. 31: 16—17)

ദേശമോ ജാതിയോ കണക്കാക്കാതെ എല്ലാവരും തമ്മിൽത്തമ്മിലും ക്രിസ്തുവിലും ബന്ധപ്പെട്ടവരാണെന്ന് പൗലോസ് കൊറീന്ത്യരെ ഓർമ്മപ്പെടുത്തി. ''ഒരു ശരീരത്തിൽ പല അവയവങ്ങളുണ്ടല്ലോ. അങ്ങനെ, ശരീരത്തിനു വിവിധാവയവങ്ങളുണ്ടായിരുന്നിട്ടും, ശരീരം ഒന്നായിരിക്കുന്നതുപോലെ മിശിഹായും ഒന്നേയുള്ളു. നാം തന്നെയും—യൂദന്മാരാകട്ടെ, പുറജാതികളാകട്ടെ, അടിമകളാകട്ടെ, സ്വതന്ത്രരാകട്ടെ എല്ലാവരും—ഏക ശരീരമാകുമാറ് ഒരേ മാമ്മോദീസ സ്വീകരിച്ചു. നിങ്ങൾ മിശിഹായുടെ ശരീരമാകുന്നു. അവിടുത്തെ അവയവങ്ങളുമാകുന്നു.'' പരിശുദ്ധത്രിത്വം നമ്മിലും നമുക്കുവേണ്ടിയും പ്രവർത്തിക്കുന്നതു് എങ്ങനെയെന്നു് വിശുദ്ധ പൗലോസ് ഗലാത്യക്ക് എഴുതിയ ലേഖനത്തിൽ വിശദീകരിച്ചുകൊടുത്തിരിക്കുന്നു: ''സമയത്തിൻെറ പൂർത്തിവന്നപ്പോൾ ദൈവം തൻെറ പുത്രനെ അയയ്ക്കുകയും അവൻ സ്ത്രീയിൽനിന്നു ജനിക്കുകയും, നിയമത്തിനു കീഴാവുകയും ചെയ്തു. നിങ്ങൾ ദൈവത്തിൻെറ മക്കളായിരിക്കുന്നതുകൊണ്ട്, അവിടുത്തെ ആബാ, പിതാവേ, എന്നു വിളിക്കുന്ന സ്വപുത്രൻെറ ആത്മാവിനെ ദൈവം നിങ്ങളുടെ ഹൃദയങ്ങളിലേക്ക് അയച്ചു.'' (ഗലാ. 4: 4—6)

സുവിശേഷം പ്രസംഗിച്ചതുനിമിത്തം പൗലോസ് ജയിലിൽ അടയ്ക്കപ്പെട്ടിട്ടുണ്ട്. ജയിലിൽവച്ചും ലേഖനങ്ങൾ എഴുതിക്കൊണ്ട് അദ്ദേഹം തൻെറ ജോലി തുടർന്നു: ''നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ദൈവവിളിക്കു യോഗ്യമായ വിധത്തിൽ വിനയം, സൗമ്യത, ദീർഘശാന്തത ഇവയോടുകൂടെ വ്യാപരിക്കണമെന്ന് നമ്മുടെ കർത്താവിൽ തടവുകാരനായിരിക്കുന്ന ഞാൻ അപേക്ഷിക്കുന്നു. സ്നേഹത്തോടുകൂടെ അന്യോന്യം സഹിക്കുവിൻ. സമാധാനത്തിൻെറ ബന്ധത്തിൽ ആത്മാവിൻെറ ഐക്യം കാത്തുകൊള്ളുവാൻ ഉത്സാഹിക്കുവിൻ.'' (എഫേ. 4: 1—3)

വിശുദ്ധ പൗലോസ് കുട്ടികൾക്കായും എഴുതിയിട്ടുണ്ട്:

''കുട്ടികളേ, നിങ്ങൾ നമ്മുടെ കർത്താവിൽ മാതാപിതാക്കളെ അനുസരിക്കുവിൻ. ഇതു നീതിയാകുന്നു. 'നിൻെറ പിതാവിനേയും മാതാവിനേയും ബഹുമാനിക്കണം' എന്നതു പ്രാഥമികകല്പനയാണ്. അതിനോടു ഒരു വാഗ്ദാനം ചേർന്നിരിക്കുന്നു; അതാ

യതു്, അങ്ങനെ ചെയ്താൽ നിനക്കു നന്മയുണ്ടാകും; ഭൂമിയിൽ നീ ദീർഘായുസ്സുള്ളവനുമായിരിക്കും.'.' (എഫേ. 6: 1–3)

ഒന്നാമത്തെ മാർപ്പാപ്പയായ വിശുദ്ധപത്രോസ് പുതുതായി തിരഞ്ഞെടുക്കപ്പെട്ട ദൈവത്തിന്റെ ജനത്തോടു് അവർ സ്വീകരിച്ചിരിക്കുന്ന ദൗത്യത്തിന്റെ മഹത്വത്തെപ്പറ്റി പറഞ്ഞു:



''നിങ്ങളാകട്ടെ അന്ധകാരത്തിൽനിന്നു് അധികമായ പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ മഹത്വങ്ങളെ വിളിച്ചറിയിക്കുവാനായി തിരഞ്ഞെടുക്കപ്പെട്ട വംശവും, വിലയ്ക്കു വാങ്ങപ്പെട്ട ജനതയുമാണു്. മുമ്പു ദൈവത്തിന്റെ ജനമായി കരുതപ്പെടാതിരുന്ന നിങ്ങൾ ഇപ്പോൾ ദൈവത്തിന്റെ ജനങ്ങളായിരിക്കുന്നു.'' (i പത്രോസ് 2: 9–10)

ദൈവത്തിന്റെ പുതിയ തിരഞ്ഞെടുക്കപ്പെട്ട ജനമായതുകൊണ്ടു് മഹനീയമായ വിളിയനുസരിച്ചു ജീവിക്കാൻ കടമയുണ്ടെന്നു് വിശുദ്ധപത്രോസ് ക്രിസ്ത്യാനികളെ ഓപ്പിച്ചു.

''നിങ്ങളെല്ലാവരും ഐക്യത്തോടുകൂടെ പീഡ സഹിക്കുകയും, അന്യോന്യം സ്നേഹിക്കുകയും ചെയ്യണം; കരുണയുള്ളവരും താഴ്മയുള്ളവരുമായിരിക്കണം. നിന്ദയ്ക്കുപകരം നിന്ദിക്കരുതു്. എന്തുകൊണ്ടെന്നാൽ, അനുഗ്രഹം അവകാശപ്പെടുത്താനാണു് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നതു്.'' (i പത്രോസ് 3: 8–9)

പിശാചു് എപ്പോഴും നമ്മെ നശിപ്പിക്കാൻ നോക്കിനടക്കുന്നവനാണു്. സ്വന്തം അനുഭവത്തിൽനിന്നു പത്രോസ് ഇതു മനസ്സിലാക്കിയിട്ടുണ്ടു്. അതിനാൽ, പരീക്ഷകളോടെതിർക്കണമെന്നു് അദ്ദേഹം തന്റെ ജനങ്ങൾക്കു മുന്നറിവുനല്കി:

''നിങ്ങൾ ഉണർന്നിരിക്കുവിൻ; ഓർമ്മയോടുകൂടെയിരിക്കുവിൻ. എന്തുകൊണ്ടെന്നാൽ, നിങ്ങളുടെ ശത്രുവായ സാത്താൻ ആരെ വിഴുങ്ങേണ്ടു എന്നന്വേഷിച്ചു സിംഹത്തെപ്പോലെ അലറിക്കൊണ്ടു ചുററിനടക്കുന്നു. അതിനാൽ, നിങ്ങൾ വിശ്വാസത്തിൽ സ്ഥിരീകൃതരായി അവനോട് എതിർത്തുനില്പിൻ; ലോകത്തിലുള്ള നിങ്ങളുടെ സഹോദരർക്കും ഈ പീഡകൾതന്നെ നേരിടുന്നു എന്ന് അറിയുകയും ചെയ്യുവിൻ. നിങ്ങളെ ഈശോമിശിഹായുടെ മഹത്വത്തിലേയ്ക്കു വിളിച്ച ദയാലുവായ ദൈവം, നിങ്ങൾ അല്പകാലം ദുരിതമനുഭവിച്ചു കഴിയുമ്പോൾ നിങ്ങളെ പരിപൂർണ്ണരാക്കി ശക്തിപ്പെടുത്തും.''

(i പത്രോസ് 5: 8—10)

ഈശോയുടെ ചാർച്ചക്കാരനായ വിശുദ്ധയാക്കോബും ഒരു ലേഖനം എഴുതിയിട്ടുണ്ട്. അതിൽ അദ്ദേഹം പറയുന്നു, നമുക്കു ജീവനുള്ള വിശ്വാസം വേണമെന്നും അതു പ്രകടമാക്കുന്നതു സൽപ്രവൃത്തികളിലൂടെയായിരിക്കണമെന്നും: ''എൻെറ സഹോദരന്മാരേ, ഒരുവൻ, തനിക്കു വിശ്വാസമുണ്ട്, എന്നു പറയുകയും അവനു പ്രവൃത്തികൾ ഇല്ലാതിരിക്കുകയും ചെയ്താൽ എന്തു പ്രയോജനം? അവൻെറ വിശ്വാസത്തിനു് അവനെ രക്ഷിക്കുവാൻ കഴിയുമോ? പ്രാണനില്ലാത്ത ശരീരം എങ്ങനെയോ അങ്ങനെ പ്രവൃത്തികൾകൂടാതെയുള്ള വിശ്വാസവും ചത്തതാകുന്നു.'' (യാക്കോബ് 2: 14, 26)

വിശുദ്ധയോഹന്നാൻ തൻെറ ലേഖനത്തിൽ, നാം അന്യോന്യം സ്നേഹിക്കണം എന്നു നിഷ്കർഷിക്കുന്നു: ''ആദിമുതൽ നിങ്ങൾ കേട്ടിട്ടുള്ള കല്പന, നിങ്ങൾ അന്യോന്യം സ്നേഹിക്കണം എന്നാകുന്നുവല്ലോ.................എൻെറ മക്കളേ, നാം വാക്കുകളാലും നാവിനാലുമല്ല, പ്രവൃത്തികളാലും സത്യത്തിലും അന്യോന്യം സ്നേഹിക്കണം.............നാം ദൈവപുത്രനായ ഈശോമിശിഹായുടെ നാമത്തിൽ വിശ്വസിക്കയും, അവിടുന്നു നമ്മോടു കല്പിച്ചിരിക്കുന്നതുപോലെ അന്യോന്യം സ്നേഹിക്കയും ചെയ്യണം.'' (i യോഹ. 3: 11, 23)

അപ്പസ്തോലന്മാരുടെ പ്രസംഗങ്ങളും ലേഖനങ്ങളുംവഴി ഈശോയുടെ പ്രബോധനങ്ങൾ കൂടുതൽ വ്യക്തമായി വിശദീകരിക്കപ്പെട്ടു. അങ്ങനെ ദൈവത്തിൻെറ ജനം ക്രിസ്തുവിൽ ഒന്നായി യോജിച്ചുനിന്നു. അവർ അവിടുന്നു വെളിപ്പെടുത്തിയ സത്യങ്ങൾ വിശ്വസിക്കുകയും, സഭയുടെ ഒരേതലവനെ അനുസരിക്കുകയും, പുതിയ ഉടമ്പടിയിലെ ബലിയായ വിശുദ്ധകുർബാനയിലൂടെ പിതാവായ ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നു.

### ഓർമ്മിക്കാൻ

താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു സ്വന്തം വാക്കുകളിൽ ഉത്തരം എഴുതുക:

1. പുതിയ നിയമത്തിൽ ആരുടെയെല്ലാം ലേഖനങ്ങളുണ്ട്?

2. ശരീരത്തിലും ആത്മാവിലും ശുദ്ധരായിരിക്കണമെന്നു വിശുദ്ധ പൗലോസ് കൊറീന്ത്യരോടു പറഞ്ഞതു് എന്തുകൊണ്ടു്?

3. അന്യോന്യവും ക്രിസ്തുവിലും ഉള്ള നമ്മുടെ യോജിപ്പിനെ എന്തിനോടാണു് വിശുദ്ധപൗലോസ് താരതമ്യപ്പെടുത്തുന്നതു്?

4. വിശുദ്ധപൗലോസ് കുട്ടികൾക്കെഴുതിയ ഉപദേശം എന്തു്?

5. വിശുദ്ധ യാക്കോബു് വിശ്വാസത്തെപ്പററി എന്തെഴുതിയിരിക്കുന്നു?

## പാടാൻ

തരിശാകുമീ ജീവിത പാതയിൽ
തണലേകിടും തരുവാണു നീ യേശുനായകാ!
നീറിപ്പുകയുമീ ചുടുമണൽക്കാട്ടിൽ നീ
തിരുനിണം തൂകിത്തണുപ്പിച്ചദാരനായ്;
സമരത്തിൻ നടുവിലാണെൻെറയീ ജീവിതം
അമരത്തൊരാളില്ലാതലയുന്ന തോണിയായ്!
(തരിശാ....)

കാൽവരിക്കുന്നിലെ കല്പവൃക്ഷമേ!
കാരുണ്യത്തിൻ കോവിലേ!
പാണികൾ നീട്ടിത്തരേണമേ
പാപത്തിൽ വീഴാതെ
മുന്നേറുവാനീ മുൾപ്പാതയിൽ. (തരിശാ....)


## പ്രവർത്തിക്കാൻ

ഞാൻ എൻെറ ചിന്തകളിലും വാക്കുകളിലും പ്രവൃത്തികളിലും ക്രിസ്തുവിനെ അനുകരിക്കും.

# 26

## പുതിയ ആകാശം, പുതിയ ഭൂമി

ബൈബിളിലെ അവസാനത്തെ പുസ്തകത്തിനു 'വെളിപാടിൻെറ പുസ്തകം' എന്നു പറയുന്നു. ഏ. ഡി. 96–ൽ വിശുദ്ധ യോ



ഹന്നാൻ പാത്മോസ് എന്ന ദ്വീപിലേയ്ക്കു നാടുകടത്തപ്പെട്ടു. അവിടെവച്ച് അദ്ദേഹം എഴുതിയതാണിതു്.

വെളിപാടിൻെറ ഈ പുസ്തകത്തിനു് അപ്പൊക്കാലിപ്സ് എന്നും പറയും. രഹസ്യങ്ങൾ അടങ്ങിയതാണു് ഈ പുസ്തകം. അതേസമയം പ്രതീക്ഷകൾ നിറഞ്ഞതുമാണു്. താൻ ഈശോയെ കണ്ടെന്നും ലോകാവസാനത്തെക്കുറിക്കുന്ന പല കാഴ്ചകൾ തനിക്കുണ്ടായെന്നും ഇതിൽ വിശുദ്ധയോഹന്നാൻ പറയുന്നു: "എൻെറ പിന്നിൽനിന്നു കാഹളധ്വനി മുഴങ്ങുന്നതുപോലെ ഒരു വലിയ ശബ്ദം കേട്ടു: 'നീ ദർശിക്കുന്നതൊക്കെ ഒരു പുസ്തകത്തിൽ എഴുതുക'......എന്നോടു സംസാരിച്ച ഈ സ്വരം എന്തെന്നറിയുവാൻ ഞാൻ പുറകോട്ടു തിരിഞ്ഞുനോക്കി. അപ്പോൾ കണ്ടതു്......മനു

ഷ്യപുത്രനു സദൃശനായ ഒരാളെയാണു്......അദ്ദേഹത്തിൻെറ കണ്ണുകഠം തീജ്ജ്വാലപോലെ തിളങ്ങി....അദ്ദേഹം അരുഠംചെയ്തു: 'ഞാൻ മരിച്ചെങ്കിലും ഇതാ കണ്ടാലും, എന്നേയ്ക്കും ജീവിക്കുന്നു.....നീ ദർശിച്ചവയെല്ലാം എഴുതിയെടുക്കുക; ഇപ്പോഠം ഉള്ളവയും മേലാൽ സംഭവിക്കാനുള്ളവയും.'' (വെളിപാടു് 1: 10–19)

പഴയ നിയമത്തിലെ പ്രവാചകന്മാർ ജനങ്ങളെ ഉദ്ബോധിപ്പിച്ചിരുന്നു, അവർ ദൈവത്തോടു വിശ്വസ്തരായിരിക്കണമെന്നും യഹോവയിൽനിന്നു് അകന്നാൽ ശിക്ഷകിട്ടുമെന്നും. എന്നാൽ, ദൈവസേവനത്തിൽ വിശ്വസ്തരായിരിക്കണമെന്നു് വെളിപാടുവഴി കർത്താവു് നമുക്കു മുന്നറിവുനൽകുന്നു.

വിശുദ്ധ യോഹന്നാൻവഴി ഈശോ മെത്രാന്മാരെ ഉൽബോധിപ്പിച്ചു; നന്നായി ഭരണം നടത്തുന്നതിനവരെ പ്രോത്സാഹിപ്പിച്ചു. വിശ്വസ്തരായിരിക്കുന്നവക്കു് അവിടുന്നു സ്വർഗ്ഗീയസമ്മാനം വാഗ്ദാനം ചെയ്തു. ഈ വാക്കുകഠം നമുക്കും അന്വത്ഥമാണു്.

''നിൻെറ പ്രവത്തനങ്ങളെപ്പററി എനിക്കു ശരിക്കറിയാം—നിൻെറ കഠിനപ്രയത്നം, ക്ഷമ,.....എല്ലാം എനിക്കറിയാം....എന്നിരിക്കലും നിനക്കെതിരായി ഒരാരോപണമുണ്ടു്. ആരംഭത്തിൽ നിനക്കുണ്ടായിരുന്ന സ്നേഹം നീ വെടിഞ്ഞുകളഞ്ഞു. പശ്ചാത്തപിക്കുക. മുൻപു ചെയ്തിരുന്ന വേലകഠം പുനരാരംഭിച്ചു തുടരുക..... ജീവിക്കുന്നവർക്കു ദൈവത്തിൻെറ പറുദീസയിൽ നിൽക്കുന്ന ജീവൻെറ വൃക്ഷത്തിൽനിന്നു ഭക്ഷിക്കാനുള്ള അവസരം ഞാൻ നല്കും.... നിൻെറ ദുരിതങ്ങളും ദാരിദ്ര്യവും എനിക്കറിയാം. എങ്കിലും നീ സമ്പന്നൻതന്നെ......ആസന്നഭാവിയിൽ നീ സഹിക്കേണ്ടിയിരിക്കുന്ന ദുരിതങ്ങളെ ഭയപ്പെടരുതു്......മരണംവരെ വിശ്വസ്തനായിരിക്കുക. ജീവൻെറ കിരീടം നിനക്കു ഞാൻ നല്കും.

''എനിക്കു നിൻെറ പ്രവത്തനങ്ങഠം ഒക്കെയും അറിയാം. 'ഞാൻ സമ്പന്നനാണു്, സമൃദ്ധിയുള്ളവനാണു്, എനിക്കു പോരായ്മ ഒന്നുമില്ല' എന്നു നീ പറയുന്നു. പക്ഷേ, നീ അറിയുന്നില്ല, നീ നഗ്നനും നികൃഷ്ടനും ദയനീയനും ദരിദ്രനും അന്ധനുമായ ഒരുവനാണെന്നു്......ഞാൻ സ്നേഹിക്കുന്നതുകൊണ്ടു ശാസിക്കുന്നു; ശിക്ഷിച്ചു തെററു തിരുത്തുന്നു. അതിനാൽ ഉണവ്വുള്ളവനാകുക; പശ്ചാത്തപിക്കുക. നോക്കു, ഞാൻ വാതില്ക്കൽ മുട്ടുന്നു. എൻെറ സ്വരം കേട്ടു് ആരു വാതിൽ തുറക്കുമോ, ഞാൻ അകത്തുകടന്നു്, അവൻെറ പക്കലേയ്ക്കു ചെല്ലും. അവനോടൊരുമിച്ചു ഞാനും, എന്നോടൊരുമിച്ചു് അവനും ഭക്ഷണം കഴിക്കും.''

(വെളി. 2: 2–10; 3: 15–20)

ആരംഭകാലത്തു നല്ല മാലാഖമാരും പിശാചുക്കളും തമ്മിൽ നടന്ന വലിയ യുദ്ധത്തെപ്പററിയും വെളിപാടിൽ പരാമർശമുണ്ട്:

''പിന്നെ, സ്വർഗ്ഗത്തിൽ ഒരു യുദ്ധമുണ്ടായി. മിഖായേലും അവൻെറ ദൂതന്മാരും സർപ്പത്തോടു യുദ്ധം ചെയ്യുവാൻ വന്നു. സർപ്പവും അവൻെറ ദൂതന്മാരും യുദ്ധംചെയ്തു. ഇവർ ജയിച്ചില്ല; സ്വർഗ്ഗത്തിൽ ഇവരുടെ സ്ഥലം പിന്നീടു കാണപ്പെട്ടുമില്ല. ലോകത്തെ മുഴുവൻ വഴിതെററിക്കുന്ന ഏഷണിക്കാരനെന്നും, സാത്താനെന്നും വിളിക്കപ്പെടുന്ന പഴയ പാമ്പ്—ആ മഹാസർപ്പം—പുറന്തള്ളപ്പെട്ടു.'' (വെളി. 12: 7–9)

ഈ ഭയങ്കര യുദ്ധം ഇപ്പോഴും തുടരുന്നു. സാത്താൻ ദൈവത്തിൻെറ സന്തതികളോടു യുദ്ധംചെയ്യുകയാണ്. നമ്മുടെ ജീവിതകാലംമുഴുവൻ അന്ധകാരത്തിൻെറ ശക്തികളോടു നമുക്കു പൊരുതേണ്ടതായിവരും.

അനുസരണയില്ലാത്ത മാലാഖമാർ നരകത്തിലേയ്ക്കു തള്ളപ്പെട്ടതുപോലെ, ദൈവത്തെ അനുസരിക്കുകയും സ്നേഹിക്കുകയും ചെയ്യുവാൻ കൂട്ടാക്കാത്തവർ നിത്യശിക്ഷ അനുഭവിക്കേണ്ടിവരും.

തൻെറ മറെറാരു ദർശനത്തെപ്പററി വിശുദ്ധയോഹന്നാൻ ഇങ്ങനെ എഴുതിയിരിക്കുന്നു. ''ധനവാന്മാരും ശക്തന്മാരും അടിമകളും സ്വതന്ത്രരും എല്ലാവരും പർവ്വതങ്ങളിലും ഗുഹകളിലും പാറക്കെട്ടുകളിലും അഭയം തേടിയൊളിച്ചു. പർവ്വതങ്ങളോടും പാറക്കെട്ടുകളോടും അവർ വിലപിച്ചു പറയുകയാണ്: 'ഞങ്ങളുടെമേൽ വീഴുക. സിംഹാസനത്തിൽ വാഴുന്നവൻെറ ദൃഷ്ടിയിൽനിന്നും കുഞ്ഞാടിൻെറ ഉഗ്രകോപത്തിൽനിന്നും ഞങ്ങളെ മറയ്ക്കുക. എന്തുകൊണ്ടെന്നാൽ, രോഷത്തിൻെറ മഹാദിനം വന്നുകഴിഞ്ഞു അതിനെ എതിർത്തു നില്ക്കുവാൻ ആർക്കു കഴിയും?'''

അവരവരുടെ പ്രവൃത്തികൾ യോജിച്ചവിധം എല്ലാ മനുഷ്യരേയും വിധിക്കുവാൻ ഈശോമിശിഹാ അന്ത്യദിവസം വരും. അതിനെപ്പററി വിശുദ്ധ യോഹന്നാൻ പറയുന്നു:

''മരിച്ചവരായ വലിയവരും ചെറിയവരും സിംഹാസനസമക്ഷം നില്ക്കുന്നതും ഞാൻ കണ്ടു. പുസ്തകങ്ങൾ തുറക്കപ്പെട്ടു. ആയുസ്സിൻെറ പുസ്തകവും തുറക്കപ്പെട്ടു. ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതനുസരിച്ചു മൃതർ ഓരോരുത്തരും താന്താങ്ങളുടെ പ്രവൎത്തനത്തിനു് അനുസൃതമാംവിധം വിധിക്കപ്പെട്ടു........ആയുസ്സിൻെറ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്തവരൊക്കെ അഗ്നിത്തടാകത്തിലേയ്ക്കു തള്ളപ്പെട്ടു.'' (വെളി. 20:12–15)

സൃഷ്ടിയുടെ അത്ഭുതങ്ങളെപ്പററി വിവരിച്ചുകൊണ്ട്, ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിൻെറ കഥ പറഞ്ഞുകൊണ്ട്, ബൈബിളാരംഭിക്കുന്നു. പുതിയ സൃഷ്ടിയെപ്പററി പറഞ്ഞുകൊണ്ട്, നമ്മുടെ രക്ഷയുടെ ചരിത്രം പൂർത്തിയാക്കിക്കൊണ്ട്, ബൈബിൾ അവസാനിക്കുന്നു.

തൻെറ രാജ്യത്തിൽ പ്രവേശിക്കുവാൻ ദൈവം എല്ലാ ജനങ്ങളേയും ക്ഷണിക്കുന്നു. എല്ലാററിനും ഉപരിയായി ദൈവത്തെ സ്നേഹിക്കണം; ദൈവസ്നേഹത്തെപ്രതി അന്യോന്യവും സ്നേഹിക്കണം.

വിശ്വസ്തതയോടെ ക്രിസ്തുവിനെ അനുകരിക്കുന്നവർക്ക് അവിടുത്തോടൊന്നിച്ചു സന്തോഷിക്കാം. ദൈവത്തിൻെറ വിശുദ്ധനഗരത്തിൽ, പുതിയ ജെറൂസലത്തു ചെന്ന് അവർക്ക് എന്നെന്നും ആനന്ദിക്കാം.

''ഞാനൊരു പുതിയ ആകാശവും പുതിയ ഭൂമിയും ദർശിച്ചു. ആദ്യത്തെ ഭൂമിയും ആകാശവും കടന്നുപോയി. സമുദ്രം ഇല്ലാതായി. സ്വർഗ്ഗത്തിൽനിന്നു വിശുദ്ധനഗരം, അതേ, പുതിയ ജെറൂസലം, ഇറങ്ങി വരുന്നതു ഞാൻ നോക്കിനിന്നു. സിംഹാസനത്തിങ്കൽനിന്ന് ഉറക്കെ ഇങ്ങനെ അരുൾചെയ്യുന്നതു കേട്ടു: ''ഇതാ, കാണുക; മനുഷ്യരുടെ മദ്ധ്യേ ദൈവത്തിൻെറ ഭവനം. ദൈവം അവരോടുകൂടെ വസിക്കും. അവർ തൻെറ ജനമായിത്തീരും. അവിടുന്ന് അവരുടെ കണ്ണുകളിൽനിന്നു കണ്ണുനീരു തുടച്ചു മാററും. മേലാൽ മരണമുണ്ടാകയില്ല. ദുഃഖമോ വിലാപമോ വേദനയോ ഉണ്ടാവുകയില്ല. എന്തുകൊണ്ടെന്നാൽ ആദ്യത്തെ കാര്യങ്ങൾ കടന്നുപോയി.'' അപ്പോൾ സിംഹാസനാരൂഢൻ കല്പിച്ചു: ''നോക്കൂ! ഇതാ ഞാൻ സർവ്വവും വീണ്ടും സൃഷ്ടിക്കും!.........സർവ്വവും നിറവേറി......വിജയിക്കുന്നവനു് ഇവയൊക്കെ സ്വായത്തമാകും. ഞാൻ അവൻെറ ദൈവവും അവൻ എൻെറ പുത്രനുമായിരിക്കും.'' (വെളി. 21:1–7)

നമ്മെച്ചൊല്ലി ദൈവത്തിനുള്ള ഉദ്ദേശ്യം പരിപൂർണ്ണമായി നിറവേറും. ദൈവത്തിൻെറ മക്കൾ, അവിടുത്തെ പുതിയ തിരഞ്ഞെടുക്കപ്പെട്ട ജനം, ക്രിസ്തുവിനോടൊന്നിച്ചു വിജയിക്കും.

വെളിപാടിൻെറ അവസാനാദ്ധ്യായത്തിൽ നമ്മുടെ രക്ഷകനും കർത്താവുമായ ക്രിസ്തു പറയുന്നു: ''കണ്ടുകൊൾക, ഞാൻ ശീഘ്രം വരും. തങ്ങളുടെ പ്രവൃത്തിക്കു യോജിച്ചവിധം ഓരോരുത്തർക്കും നല്കുവാനുള്ള പ്രതിസമ്മാനം എൻെറ കൈവശമുണ്ട്. ഞാനാണ് ആരംഭവും അന്ത്യവും. ആയുസ്സിൻെറ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാനും, വാതിലിലൂടെ നഗരത്തിലേയ്ക്കു പ്രവേശിക്കുവാനും യോഗ്യമാംവിധം തങ്ങളുടെ ഉടയാട കഴുകി ശുഭ്രമാക്കുന്നവർ അനു

ഗൃഹീതരാണ്.....നിശ്ചയമായും ഞാൻ ശീഘ്രം വരും; ആമ്മേൻ.'' കർത്താവായ ഈശോയേ, വരുക. (വെളി. 22:12–20)

### ഓർമ്മിക്കാൻ

1. ലോകാവസാനത്തിൽ എന്തു സംഭവിക്കും?
2. ഒടുവിലത്തെ വിധിക്കുശേഷം എന്തു സംഭവിക്കും?
3. നമ്മെച്ചൊല്ലി ദൈവത്തിനുള്ള ഉദ്ദേശ്യം എന്നാണ്, പരിപൂർണ്ണമായി നിറവേറുക?

### പാടാൻ

സൂര്യനും ചന്ദ്രനും താരകാജാലവും
നേരിൽ ചമച്ചോരു ദിവ്യശില്പി,
പുത്തനാകാശവും ഭൂമിയും നിർമ്മിച്ച
മർത്ത്യക്കു നൽകുന്ന ദേവദേവൻ,
വാനമേഘങ്ങളിലായുഗ സന്ധ്യയ്ക്കു
മാനവത്രാണത്തിനെത്തും നാഥൻ.
അത്യുന്നതനാം മഹേശനു സാദരം
നിത്യമാരാധന സ്തോത്രമേകാം.
പാപക്കറനീക്കി മർത്ത്യരെ സ്വർഗ്ഗീയ
സോപാനമേററിയ ദിവ്യമേഷം
മൂവേക ദൈവകുമാരനെയാഹ്ലാദ
ഭാവതരളിതരായ് വണങ്ങാം.
നന്മകൾ വർഷിച്ചു ഭൂവിൽ ചരിച്ചോനെ
കല്മഷമററ കൃപാലയനെ
നന്ദിനിറഞ്ഞ കരളാൽ, കരങ്ങളാൽ,
സംഗീതഘോഷത്താൽ വാഴ്ത്തുക നാം.

### പ്രവർത്തിക്കാൻ

1. ''അങ്ങയുടെ രാജ്യം വരണമേ'' എന്നു ഞാൻ പലപ്പോഴും പ്രാർത്ഥിക്കും.

2. ഭൂമിയിൽ ദൈവരാജ്യത്തിന്റെ പ്രചാരണത്തിനുവേണ്ടി ഞാൻ ഉത്സാഹത്തോടെ ജോലി ചെയ്യും.



പലസ്തീനാ
ക്രിസ്തുവിൻെറ
കാലത്ത്
MILES
0 5 10 15 20 25
റോമാഭരണത്തിൽ
ഹേറോദേസിൻെറ ഭരണത്തിൽ
ഫിലിപ്പിൻെറ ഭരണത്തിൽ
ഡെക്കാപ്പോളീസ്
സിറിയാ
മെഡിററേനിയൻ
സമുദ്രം
ഫിനീഷ്യാ
ഗലീലി
സമേരിയാ
യൂദെയാ
പേറിയാ
ഡെക്കാപ്പോളീസ്
ഇത്തൂരിയാ
ബത്താനെയാ
അവ്റാനിതിസ്
ചാവുകടൽ
സീദോൻ
ലെബനോൻ
ഡമാസ്കസ്
ഹെർമ്മോൺ
ചെസാറേയാ
ഫീലിപ്പി
ടയർ
ചെസാറേയാ
യോപ്പെ
എൻഗാന്നീം
സമേരിയ
ഹേബൽമല
സിക്കെം
ഗാരീസിംമല
സിക്കാർ
യാക്കോബിൻെറ
കിണർ
അരിമത്തേയാ
സീലോ
എപ്രേം
ബേതേൽ
കാരൻെറൽമല
ജെറീക്കോ
ബഥനി
കാൽവരി
എമ്മാവുസ്
ജറുസലേം
ഒലിവുമല
ബേത്ഫേജ്
ബഥനി
എയിൻകാരിം
ബേസ്‌ലഹം
എനോൺ
അസ്കാലോൺ
ആർനോൺനദി
ഫിലാദെൽഫിയാ
ഗെരേസാ
പെല്ലാ
ജോർദ്ദാൻനദി
33°
32°
31°
30'
35°
36°

# This is to certify that

---------------------------


has faithfully completed the

# Sixth Year of Religion

Signed ---------------------------

TEACHER

പിതാവിൻ പക്കലേക്ക് – 6



P.O.C. PUBLICATIONS_10